# മുദ്രാരാക്ഷസം

...ഡ എസ്സ്. കൃഷ്ണവാരിയർ

032,2
N7

MUL
288063

# മുദ്രാരാക്ഷസം

Mudrarakshasam

By . Kannampuzha .

കണ്ണമ്പുഴ എസ്സ്. കൃഷ്ണവാരിയർ
സംസ്കൃത വിദ്വാൻ

ഏ. വി. പബ്ളിഷിംഗ് ഹൗസ്
തിരുവനന്തപുരം

University Grants Commission

അച്ചടി:—

എസ്സ്. ബി. പ്രസ്സ്,
തിരുവനന്തപുരം.

MADRAS UNIVERSITY LIBRARY
8 MAR 2003
CHENNAI 600 005
288063
032
032,2
N7

Rs. 2.50

# സമർപ്പണം

(മഞ്ജരി)

ദ്യോവിങ്കൽ ദ്യോതിക്കും മാർത്താണ്ഡബിംബത്തെ-
പ്പൂവിതളൊന്നെടുത്തർച്ചിച്ചെന്നാൽ
ലോകൈകവന്ദ്യനായീടുമദ്ദേവനെ-
ന്താകുന്നു മെച്ചം വിശേഷമായി?
എന്നാലുമാ മലരർച്ചിക്കും ഭക്തനു
തന്നുള്ളിൽ സന്തൃപ്തിയങ്കുരിപ്പൂ!
ഒട്ടൊട്ടിത്താരിനെബ്ഭാനുമാൻ കൈകളാൽ
തൊട്ടുതലോടിലുമില്ലെല്ലുമാം,
എങ്കിലും, 'താനൊരു പൂവിതൾ ഗോപതി-
തങ്കലർപ്പിച്ചു തിരിച്ചുപോന്നു'
എന്ന സങ്കല്പമബ്ഭക്തനെയാനന്ദ-
സ്യന്ദത്തിൽ മേല്ക്കുമേൽ നീന്തിക്കുന്നു;
ആയതുപോലസ്മൽഭാഷാനഭസ്സിങ്കൽ
ആദിത്യനായിവിളങ്ങുന്നോവേ!
'ഉള്ളൂരെ'ന്നുള്ളൊരു പേർകൊണ്ടു പാരാകെ
വെള്ളപ്പുകളൊളി ചാർത്തിച്ചാർത്തി
കാവ്യകലയോടു രാജ്യമീമാംസതൻ-
ജീവസ്സുമൊന്നിക്കുമങ്ങയ്ക്കായി,
ഇജ്ജനം തന്നുടെ യത്നഫലമാമി-
ത്തർജ്ജമ സാദരമർപ്പിക്കുന്നേൻ.

ഗ്രന്ഥകർത്താ.

# അവതാരിക

സംസ്കൃതനാട്യസാഹിത്യത്തിൽ മുദ്രാരാക്ഷസം അദ്വിതീയമായ ഒരു സ്ഥാനം വഹിക്കുന്നു. അതിന്നു് ശാകുന്തളത്തിന്നുള്ള ശബ്ദമാധുരിയോ അഭിവ്യക്താൎത്ഥപ്രചുരിമയോ ഘടനാഭംഗിയൊ, ഉത്തരരാമചരിതത്തിന്നുള്ള ഭാവഗാംഭീൎയ്യമോ ഇല്ലെങ്കിലും അഭിനയയോഗ്യത എന്ന അംശത്തിലും സൎവ്വോപരി രാജ്യമീമാംസയിലും അതു് ആ രണ്ടു നാട്യതല്ലജങ്ങളേയും അതിശയിക്കുന്നു.

വിപുലവും ഗംഭീരവുമായ മനുഷ്യജീവിതത്തിന്റെ യഥാൎത്ഥചരിതം എന്ന നിലയിൽ നാടകത്തിനു് കവിതത്തിനു പുറമേ ചില വിശിഷ്ടഗുണങ്ങൾകൂടി ഉണ്ടായിരിക്കേണ്ടതാണു്. ഒന്നാമതായി അതിനു് വിഷയീഭൂതമായ കഥയുടെ വിവിധ ഘടനകൾ ഘാതപ്രതിഘാതരൂപത്തിലും എന്നാൽ ഏകകേന്ദ്രാഭിമുഖമായും വികസിക്കണം. പഞ്ചസന്ധികളെ വല്ല വിധത്തിലും ഒപ്പിച്ചതുകൊണ്ടു് ഈ ഗുണം ഉണ്ടാവുന്നതല്ല. രണ്ടാമതായി ഘാതപ്രതിഘാതരൂപത്തിൽ ഇങ്ങനെ വളൎന്നുവരുന്ന കഥയുടെ ഗതിയെ അനുകൂലമായോ പ്രതികൂലമായോ സ്പൎശിക്കാത്ത അവാന്തരസംഭവങ്ങൾക്കൊന്നിനും നാടകത്തിൽ പ്രവേശമേ കൊടുത്തുകൂടാത്തതാണു്. മൂന്നാമതായി കഥാപാത്രങ്ങൾ സജീവങ്ങളായിരിക്കണം. മനുഷ്യജീവിതമെന്നു പറയുന്നതു് വിവിധഘടനാപരമ്പരകളുടെ സമവായമാ

ണല്ലോ. അതുകൊണ്ടു് നാട്യകാരൻ മനുഷ്യഹൃദയത്തിലുണ്ടാവുന്ന സുഖദുഃഖാദിദ്വന്ദ്വഭാവങ്ങൾക്കു തമ്മിലുള്ള സമായോധനത്തെ വിശദീകരിക്കത്തക്കവണ്ണമാണു് പാത്രങ്ങളുടെ സ്വഭാവം ചിത്രണം ചെയ്യേണ്ടതു്. അല്ലെങ്കിൽ അവ നിർജ്ജീവങ്ങളായിപ്പോകുന്നു. മനുഷ്യഹൃദയാന്തർഭാഗം പരമാർത്ഥത്തിൽ ഒരു സമരാങ്കണമാണു്. ആ നിരന്തരസമരത്തിന്റെ ഒരു അനുവ്യാഖ്യാനമാണു് അയാളുടെ യഥാർത്ഥ ജീവചരിത്രം. അന്തർല്ലോകത്തിൽ നടക്കുന്ന ഈ സമരത്തെ വിശദമായി ചിത്രണം ചെയ്തിട്ടുള്ളതുകൊണ്ടാണു് ഷേക്സ്പീയർ മഹാകവിയുടെ നാടകങ്ങൾ അദ്വിതീയങ്ങളായിത്തീർന്നിരിക്കുന്നതു്. ഹൈന്ദവനാട്യകാരന്മാരിൽ കാളിദാസൻ, ഭവഭൂതി തുടങ്ങിയ കവിപുംഗവന്മാർ വിശാലമായ മനുഷ്യഹൃദയജ്ഞാനമുള്ളവരും വശ്യവചസ്സുകളും ആയിരുന്നെങ്കിലും ഈ വിഷയത്തിൽമാത്രം ആ ആംഗലകവിസാർവ്വഭൗമനെ നമിഷ്ക്കണ്ടിയിരിക്കുന്നു. ശാകുന്തളത്തിലും ഉത്തരരാമചരിതത്തിലും മനസ്സിന്റെ സ്വാഭാവികമായ പ്രവണതയും ധർമ്മബോധവും തമ്മിലുള്ള മത്സരത്തെ ഒന്നു രണ്ടു സ്ഥലങ്ങളിൽ മങ്ങിയ വർണ്ണങ്ങൾകൊണ്ടു ചിത്രണം ചെയ്തിട്ടുണ്ടെന്നുള്ള സംഗതി ഇവിടെ വിസ്മരിക്കുന്നില്ല. സർവ്വോപരി നാടകങ്ങൾ എല്ലാം യത്നപൂർണ്ണങ്ങൾ ആയിരിക്കണം. അല്ലെങ്കിൽ അഭിനയത്തിനു വഴിയൊന്നുമില്ല. ഈ അംശത്തിലും ഭവഭൂതിയുടെ നാടകങ്ങൾ ന്യൂനങ്ങളാണു്. എന്നാൽ ഇപ്പറഞ്ഞ എല്ലാ അംശങ്ങളിലും മുദ്രാരാക്ഷസം മികച്ചു നില്ക്കുന്നുണ്ടെന്നു് ഒരൊറ്റ വായനകൊണ്ടു് വായനക്കാർക്കു് മനസ്സിലാക്കാൻ കഴിയും.

അതിന്റെ ഇതിവൃത്തം കേവലം കല്പിതമോ പുരാണ പ്രസിദ്ധമോ അല്ല. ചരിത്രപ്രഥിതനായ ചന്ദ്രഗുപ്തമൌൎയ്യനേയും അദ്ദേഹത്തിന്റെ മന്ത്രിസത്തമനും കൌടല്യാപര നാമാവുമായ ചാണക്യനേയും സംബന്ധിച്ചു ഭാരതഖണ്ഡത്തിൽ പ്രചുരപ്രചാരമായിരുന്ന ഐതിഹ്യങ്ങളെ അവലംബിച്ചും, എന്നാൽ ഇടയ്ക്കിടെ കല്പിതാംശങ്ങൾ കലൎത്തിയും നിൎമ്മിക്കപ്പെട്ടിട്ടുള്ള ഈ നാടകം പ്രാധാന്യേന രാജ്യവ്യവഹാരത്തേയും സാമപ്രയോഗത്തേയും വിഷയീകരിക്കുന്നു. ശൃംഗാരസ്പൎശരാഹിത്യമാണു പ്രസ്തുത നാടകത്തിൻെറ മറ്റൊരു വിശിഷ്ടഗുണം. ചരമാങ്കത്തിൽ ചന്ദനദാസന്റെ പത്നിയെ അവതരിപ്പിക്കുന്നുണ്ടെങ്കിലും ശൃംഗാരരസോദ്ദീപകമായ ഒരു വാക്കും കവി അവളേക്കൊണ്ടു പറയിക്കുന്നില്ല. ഇങ്ങിനെ മൃദുലമായ മനോഭാവങ്ങളെ തീരെ വൎജ്ജിച്ചു് രചിച്ചിട്ടുള്ള ഒരു കൃതിയാകയാൽ അതിൽ സൗകുമാൎയ്യത്തേക്കാൾ പ്രൌഢി എന്ന ഗുണമാണു് മികച്ചു നില്ക്കുന്നതു്. വിഷയാനുഗുണമായ പ്രതിപാദനരീതിയാലും പാത്രരചനാവൈശിഷ്ട്യത്താലും മുദ്രാരാക്ഷസം സഹൃദയ ഹൃദയാവൎജ്ജകമായിരിക്കുന്നു എന്നു നിസ്സംശയം പറയാം.

ഈ നാടകത്തിൻെറ കൎത്താവായ വിശാഖദത്തനെപ്പറ്റിയൊ അദ്ദേഹം ജീവിച്ചിരുന്ന കാലത്തെപ്പററിയൊ, നമുക്കു പറയത്തക്ക ഒരു വിവരവും ഇതേവരെ ലഭിച്ചിട്ടില്ല. "അദ്യതചായാ സാമന്തവടേശചരദത്തപൌത്രസ്യ മഹാരാജ ഭാസ്കരദത്തസൂനോഃ കവേൎവ്വിശാഖദത്തസ്യ കൃതിരഭിനവം മുദ്രാരാക്ഷസം നാമ നാടകം നാടയിതവ്യം"

എന്നു കവി തന്നെ പ്രസ്താവനയിൽ പറഞ്ഞിട്ടുള്ളതു കൊണ്ടു് അദ്ദേഹം വടേശ്വരൻ എന്ന സാമന്തരാജാവിൻെറ പൌത്രനും ഭാസ്കരദത്തൻെറ പുത്രനും ആയിരുന്നു എന്നു നമുക്കു് അറിയാം. എന്നാൽ ഇവിടേയും ഒരു വലിയ ദുർഘടമുണ്ടു്. 'ഭാസ്കരദത്ത' എന്നതിനു പകരം ചിലഗ്രന്ഥങ്ങളിൽ 'പദഭാക്പൃഥു' എന്നാണു് കാണുന്നതു്. ഈ വംഗദേശീയപാഠത്തെ ആധാരമാക്കി അദ്ദേഹം ആജ്മീർ രാജാവായിരുന്ന പൃഥുരാജൻെറ പുത്രനായിരുന്നിരിക്കണം എന്നു് 'വിൽസൺ സായിപ്പു്' ഊഹിക്കുകയും ചെയ്യുന്നുണ്ടു്. അതുപോലെതന്നെ 'മ്ലേച്ഛൈരുദ്വിജ്യമാനാ' എന്നും മററുമുള്ള പ്രയോഗം കണ്ടിട്ടു്, പ്രകൃതകൃതി മ്ലേച്ഛന്മാരെന്നു് പണ്ടു പരിഗണിക്കപ്പെട്ടിരുന്ന മഹമ്മദീയരുടെ ആക്രമണത്തിനുശേഷം ഉണ്ടായതാണെന്നും അദ്ദേഹം ഊഹിക്കുന്നു. മുദ്രാരാക്ഷസത്തിൻെറ കാലനിർണ്ണയത്തിന്നു് സഹായിക്കുന്ന പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണു്.

1. ദശരൂപകം എന്ന ഗ്രന്ഥത്തിൽ ഒന്നു രണ്ടു സ്ഥലത്തു് മുദ്രാരാക്ഷസത്തെ സൂചിപ്പിച്ചിട്ടുണ്ടു്. ആ ഗ്രന്ഥത്തിൻെറ കാലം പത്താം ശതകത്തിലാണെന്നും ഏറെക്കുറെ നിർണ്ണയിച്ചുകഴിഞ്ഞിരിക്കുന്നു.

2. ഈ നാടകത്തിൻെറ ചില കൈയെഴുത്തു പ്രതികളിൽ ചന്ദ്രഗുപ്തൻ എന്നതിനുപകരം അവന്തിവർമ്മൻ എന്നു കാണുന്നു. അതുകൊണ്ടു് വിശാഖദത്തൻ ഏഴാം ശതകത്തിനടുത്തു് ജീവിച്ചിരുന്ന അവന്തിവർമ്മൻ എന്ന

രാജാവിൻെറ സമകാലികനായിരുന്നിരിക്കാൻ ഇടയുണ്ടെന്നാണു് ചിലരുടെ ഊഹം.

3. ക്രിസ്താബ്ദം 756-ാമാണ്ടു് ഇന്ത്യയെ സന്ദർശിച്ച 'കാൻയുവൻ' എന്ന ചീനദേശീയൻ ഇന്ത്യയെപ്പററി വിവരിക്കുന്നിടത്തു് ഇങ്ങിനെ പ്രസ്താവിച്ചിരുന്നു. "ഈ ആണ്ടു് അവസാനത്തിൽ ഗംഗാതീരം ഇടിഞ്ഞു നഷ്ടപ്പെട്ടു." ഇവിടെ പാടലീപുത്ര നഗരത്തിൻെറ നാശത്തെയാണു സൂചിപ്പിച്ചിരിക്കുന്നതെന്നും അതിനാൽ ആ സംഭവത്തിനു മുമ്പായിരിക്കണം പ്രസ്തുതകൃതിയുടെ ആവിർഭാവമെന്നും ഊഹിക്കാൻ വഴിയുണ്ടു്.

4. ചന്ദനദാസൻെറ ത്യാഗം ബുദ്ധന്മാരുടെ ത്യാഗത്തേയും അതിശയിക്കുന്നു. അതുകൊണ്ടു് മുദ്രാരാക്ഷസത്തിൻെറ നിർമ്മിതി ബുദ്ധമതത്തിൻെറ അധഃപതനത്തിനു മുമ്പായിരിക്കാൻ ഇടയുണ്ടു്.

ഈ ലക്ഷ്യങ്ങളെ ആധാരമാക്കി വിശാഖദത്തൻെറ കാലം എട്ടും ഒൻപതും ശതകങ്ങൾക്കു മദ്ധ്യേയാണെന്നു നമുക്കു് ഊഹിക്കാം.

ഈ നാടകത്തിലെ പ്രധാനപാത്രങ്ങൾ ചന്ദ്രഗുപ്തൻ, ചാണക്യൻ, രാക്ഷസൻ ഇവരാകുന്നു. ചന്ദ്രഗുപ്തനെ നല്ല സ്വഭാവസ്ഥൈര്യവും മന്ത്രിയായ ചാണക്യനോടു് അതിരററ സ്നേഹബഹുമാനങ്ങളും ഉള്ള ഒരു മഹാനുഭാവനായി കവി ചിത്രണം ചെയ്തിരിക്കുന്നു. മലയകേതുവാകട്ടെ, വേണ്ടുന്നവരോടു അവിശ്വാസവും, വേണ്ടാത്തവരോടു് വിശ്വാസവും പ്രദർശിപ്പിക്കുന്ന വിചാരഹീനനും ഓജസ്വിത കണികാണ്മാൻപോലും ഇല്ലാത്തവനും കേവലം

ബാലിശപ്രകൃതിയും ആയ ഒരു രാജാവാണ്. ഒരു നിലയിൽ നോക്കിയാൽ ഈ നാടകത്തിലെ ഏറ്റവും പ്രധാനപാത്രം ചാണക്യനാണ്. അദ്ദേഹം വിശദമതിയും ദൃഢപ്രതിജ്ഞനും ആത്മവിശ്വാസിയും കൂടപ്രയോഗചതുരനും രാജ്യവ്യവഹാരങ്ങളിൽ അത്യന്തം നിഷ്ഠൂരനും ആയി കാണപ്പെടുന്നു. 'മാക്കിയാവല്ലി' യെപ്പോലെ കാര്യസിദ്ധിക്കുവേണ്ടി ഏതു തന്ത്രവും പ്രയോഗിക്കുവാൻ അദ്ദേഹത്തിനു മടിയില്ല. കാര്യലാഭം തദുപായത്തെ സാധൂകരിക്കുന്നു എന്നാണ് അദ്ദേഹത്തിന്റേയും സിദ്ധാന്തം. രാക്ഷസൻ ധീരനായ ഒരു യോദ്ധാവാണെങ്കിലും രാജ്യമീമാംസകൻ എന്ന നിലയിൽ അനവധാനനും മൃദുലഹൃദയനും ആണ്. സ്വാമിഭക്തിക്കു വശംവദനായിട്ട് അദ്ദേഹം ചന്ദ്രഗുപ്തനേയും ചാണക്യനേയും ശിക്ഷിക്കാൻ കഴിയുന്നത്ര ശ്രമം ചെയ്തുനോക്കുന്നു. എന്നാൽ ഒടുവിൽ പ്രതിദ്വന്ദ്വികളുടെ കുടിലതന്ത്രങ്ങളാൽ ഖണ്ഡിതനായിട്ട് അതിൽനിന്നു സ്വയമേവ പിൻവലിയുന്നു. ഈ രണ്ടു പാത്രങ്ങളേയും രാജപുരുഷന്മാരെന്ന നിലയിലല്ലാതെ, കേവലം മനുഷ്യരെന്ന നിലയിൽ നാം ഒരിടത്തും കാണുന്നില്ല.

മുദ്രാരാക്ഷസത്തിനു ഒന്നുരണ്ടു ഭാഷാവിവർത്തനങ്ങൾ ഇതിനുമുമ്പുതന്നെ ഉണ്ടായിട്ടുണ്ടെങ്കിലും, ആധുനികരുചിക്കു യോജിച്ചവിധത്തിൽ ഗദ്യരൂപേണ അതിനെ ഇദംപ്രഥമമായി ഭാഷാന്തരം ചെയ്തതു് എൻെറ മാന്യസുഹൃത്തും സഹായാദ്ധ്യാപകനുമായ വിദ്വാൻ കണ്ണമ്പുഴ കൃഷ്ണവാര്യരാകുന്നു. 'പുഷ്പമാലാ'ദി വിശിഷ്ട കാവ്യതല്ലജ

ങ്ങൾ രചിച്ച് കേരളീയരുടെ പ്രീതിബഹുമാനങ്ങൾക്കു പാത്രമായിത്തീൎന്നിട്ടുള്ള ഈ യുവകവിയെ വായനക്കാൎക്കു പ്രത്യേകം പരിചയപ്പെടുത്തിക്കൊടുക്കേണ്ട ആവശ്യമൊന്നുമില്ല. അദ്ദേഹം ഭാഷാസാഹിത്യനഭോമണ്ഡലത്തിൽ ഉദിച്ചുയൎന്നുവരുന്ന ഒരു യുവകവിതാരമാണെന്നു പറയുന്നതിൽ എനിക്കു ലേശംപോലും അധൈൎയ്യമില്ല. സദാപി ഗ്രന്ഥപാരായണത്തിലും ലേഖനവൃത്തിയിലും ഏൎപ്പെട്ട് മറ്റൊരു ചിന്തയില്ലാതെ ജീവിക്കുന്ന മി: വാൎയ്യരിൽനിന്ന് കൈരളിക്ക് അമൂല്യങ്ങളായ പല സാഹിതീരത്നങ്ങൾ ലഭിക്കാൻ ഇടയുണ്ട്. ഗാനാത്മകങ്ങളായ ഖണ്ഡകാവ്യങ്ങൾ ചമയ്ക്കുന്നവൎക്ക് അവശ്യം ഉണ്ടായിരിക്കേണ്ടതു ആത്മാൎത്ഥതയാണ്. കവിയുടെ അനുഭവം ഒരു വഴിക്കും വാക്ക് മറ്റൊരുവഴിക്കും ആകുമ്പോഴാണ് ഈ ആത്മാൎത്ഥതയ്ക്കു വിലോപം സംഭവിക്കുന്നതു്. ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന മിക്ക ഗീതികാവ്യങ്ങൾക്കും ഈ ന്യൂനത കണ്ടുവരുന്നു. മഹാകാവ്യങ്ങളിലാകട്ടേ കവിക്ക് ഇത്രത്തോളം അന്തൎമുഖത ആവശ്യമില്ലാത്തതിനാൽ, പ്രസ്തുതദോഷം അധികം സംഭവിക്കാറില്ല. മി: വാൎയ്യരുടെ ഖണ്ഡകൃതികളിലെല്ലാം 'ആത്മാൎത്ഥത' എന്ന വിശിഷ്ടഗുണം സവിശേഷം കാണപ്പെടുന്നുണ്ടെന്ന് പറവാൻ എനിക്ക് അനല്പമായ സന്തോഷമുണ്ട്. ഗദ്യരചനയിലും അദ്ദേഹത്തിനു വേണ്ട പാടവമുണ്ടെന്ന് ഈ ഗ്രന്ഥം വിളിച്ചുപറയുന്നു. മുദ്രാരാക്ഷസത്തിൻെറ ഈ ഭാഷാനുവാദം കുട്ടികൾക്കുപോലും വായിച്ചു രസിക്കത്തക്കവണ്ണം സരളമായിട്ടുണ്ടെന്നുമാത്രമല്ല; അൎത്ഥത്തിനു ഹാനിവരുത്താതിരിക്കുന്ന

വിഷയത്തിൽ ഗ്രന്ഥകൎത്താവു് കഴിയുന്നത്ര നിഷ്കൎഷിച്ചിട്ടുമുണ്ടു്. മററു സംസ്കൃതനാടകങ്ങളെക്കൂടി ഇതുപോലെ ഗദ്യരൂപത്തിൽ ഭാഷാന്തരം ചെയ്യുന്നപക്ഷം മലയാളികൾക്കു വലിയ ഉപകാരമായിത്തീരുന്നതാണു്. ഗ്രന്ഥകാരന്റെ സാഹിത്യവ്യവസായം ശ്രേയ ഉന്മുഖമായിത്തീരുന്നതിനു ജഗദീശ്വരൻ കടാക്ഷിക്കട്ടെ.

തിരുവനന്തപുരം
106 ചിങ്ങം 15

ആർ. നാരായണപ്പണിക്കർ,
ബി. ഏ., എൽ. ററി.

# മുഖവുര

അനനുഭൂതപൂൎവ്വമല്ലാത്ത ഒരു കഠിനസന്താപത്താൽ ഏതാനും മാസങ്ങൾക്കുമുമ്പ് എന്റെ ഹൃദയം ശകലിതമായിത്തീൎന്നു. ആ തീവ്രവേദന എന്നെ നിരന്തരമായ പ്രവൃത്തിയിലേയ്ക്കു നയിക്കയാണു ചെയ്തതു്. മസ്തിഷ്കസിരകളെ ആനന്ദസ്പന്ദിതങ്ങളാക്കുന്ന ഒരു കൎമ്മപഥത്തെയാണു് ഉടൻ തുടരേണ്ടതെന്നു് എനിക്കു തോന്നി. കരുണത്തേപ്പോലും സന്തോഷപരിപൂൎണ്ണമായിക്കാണിക്കുന്ന സാഹിത്യത്തെപ്പോലെ സുന്ദരമായ ഒരു മാൎഗ്ഗം വേറെയില്ലെന്നാണു് എന്റെ വിശ്വാസം. സ്വാഭാവികമായ അപാടവം ആ വഴിയിലും പല വിഷമങ്ങളുണ്ടാക്കുമെന്നു് എനിക്കറിയാമായിരുന്നു; എങ്കിലും ഇതര കൎമ്മങ്ങളാകുന്ന ഉപ്പുവെള്ളംകുടിച്ചു ശ്വാസംമുട്ടുന്നതേക്കാൾ, സാഹിത്യാമൃതം ഒരു തുള്ളിയെങ്കിലും പാനം ചെയ്വാൻ തരമാവുമെങ്കിൽ അതുമതിയെന്നാണു് എനിക്കൊരു സമാധാനമുണ്ടായതു്. ഏതായാലും ആ കാലംമുതൽ ഞാൻ ചെയ്തുതീൎത്തുവന്ന കൎമ്മങ്ങളുടെ ഫലങ്ങളിൽ ഒന്നാണു് പ്രസ്തുത ഗ്രന്ഥമെന്നു് ആദ്യമായി ഇവിടെ പറഞ്ഞുകൊള്ളുന്നു.

മുദ്രാരാക്ഷസത്തിന്റെ ഒന്നുരണ്ടു തൎജ്ജമകൾ മുമ്പു തന്നെ ഉണ്ടായിട്ടുണ്ടെന്നു് ഈയിടയിൽമാത്രം എനിക്കറിവാൻ സംഗതിയായി. അവയിൽ 1066-ാമാണ്ടത്തെ 'രസികരഞ്ജിനി'യിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു

പരിഭാഷ അന്വേഷണഫലമായി ഇപ്പോൾ കാണ്മാനും കഴിഞ്ഞു. അതിൽനിന്ന് വളരെ വിഭിന്നമായ ഒരു രീതിയിലാണ് പ്രസ്തുതഗ്രന്ഥമെന്ന് രണ്ടുംകൂടി ഒത്തുനോക്കിയാൽ പെട്ടെന്ന് ആക്കും മനസ്സിലാക്കാം. മററുള്ളവയുടെ സ്വരൂപങ്ങളെന്താണെന്ന് എനിക്ക് നിശ്ചയവുമില്ല. അഥവാ, ഒരേജീവൻ വിഭിന്നദേഹങ്ങളെ അവലംബിക്കുന്നതു് അപലപനീയമല്ലല്ലോ.

വിശിഷ്യ, രാജ്യതന്ത്രവിഷയത്തിൽ ചാണക്യൻെറ ബുദ്ധിക്കുള്ള വിശാലതയും സൌക്ഷ്മ്യവും അന്നും ഇന്നും മററാരിലും അത്രമേൽ ഗാഢമായി പകന്നിട്ടുള്ളതായി അറിയപ്പെടുന്നില്ല. നിശിതമതികളായ അനേകം സചിവന്മാർ നിറഞ്ഞ ഒരു നിമന്ത്രണമണ്ഡപത്തിൽനിന്നു നിർഗ്ഗമിക്കുന്ന അഭിപ്രായത്തെക്കാറം അന്തസ്സാരങ്ങളും അഗാധങ്ങളുമാണ് അദ്ദേഹത്തിൻെറ അഭ്യൂഹനിഷ്പന്നങ്ങളായ ഹൃദയവിലാസങ്ങളെന്ന് ആരും സമ്മതിക്കാതിരിക്കയില്ല. ആ രാജ്യമീമാംസാവിദഗ്ദ്ധൻെറ നിഗ്രഹാനുഗ്രഹങ്ങളാകുന്ന ആയുധങ്ങറം ലോകകൌടില്യത്തെ മുഴവനമത്തി, ഉത്തമനാകുന്നപക്ഷം കഠിനശത്രുവിനെപ്പോലും ബന്ധുവാക്കുവാൻ സമത്ഥങ്ങളായിരുന്നു. ചാണക്യൻെറ അവഗാഢമതിയിൽനിന്ന് പുറപ്പെടുന്ന യാതൊരു വിചാരവും വിഫലമായോ അസ്ഥാനസ്ഥമായോ തീർന്നിട്ടില്ല. അദ്ദേഹത്തിൻെറ സകലകർമ്മങ്ങളും ഫലാന്തങ്ങളും സഹസ്രമുഖങ്ങളുമത്രേ. ലോകക്ഷേമത്തിന് അത്രമേൽ അനുയുക്തവും പ്രകൃഷ്ടവുമായ ഒരു മനശ്ശക്തിയുടെ തന്ത്രങ്ങളെ ആലോചനാമൃതമായ സാഹിത്യരസത്തിൽ കല

ത്തി, ആസ്വാദയോഗ്യമാക്കി തരുന്നപക്ഷം, ആ കാവ്യത്തിനുള്ള ഒരു വൈശിഷ്ട്യം വാചാമഗോചരമാണല്ലോ. ലോകത്തെ സാത്വികമയമാക്കിക്കാണിച്ച് ദിവ്യരസത്തെ പ്രദാനം ചെയ്യുന്ന ശാകുന്തളം; ജനമോദത്തിനുവേണ്ടി ജനകാത്മജയെപ്പോലും വെടിഞ്ഞു് അപാരമായ കരുണാബ്ധിയിൽ അനുവാചകന്മാരെ (പ്രേക്ഷകരെ) അമഴ്ത്തി രാജസത്തിൻെറ വിദഗ്ദ്ധഭാവത്തെ കാണിക്കുന്ന ഉത്തരരാമചരിതം; എന്നീ നാടകങ്ങളെക്കാരം, നഷ്ടമായ സ്വാതന്ത്ര്യത്തെ വീണ്ടെടുത്തു് അതിനെ പ്രതിഷ്ഠിക്കുന്നതിനായി തരംപോലെ നിഗ്രഹവും അനുഗ്രഹവും ഉപയോഗിക്കുന്ന സുധീരന്മാരായ—ആത്മാഭിമാനികളായ—വിജയൈകലക്ഷ്യന്മാരായ—രാജാവിൻേറയും മന്ത്രിയുടേയും വിശിഷ്ടതന്ത്രങ്ങളെ സുവ്യക്തമാക്കുന്ന മുദ്രാരാക്ഷസത്തിന്നു് കൂടുതൽ ബഹുമതി ഇന്നത്തെ ലോകം നല്കാതിരിക്കുകയില്ല. അങ്ങനെയുള്ള ഒരു മഹാഗ്രന്ഥത്തെ ആരെത്ര പരിഭാഷപ്പെടുത്തിയാലും അധികമാവില്ലല്ലോ.

മുദ്രാരാക്ഷസം ഏതദ്രൂപത്തിലാക്കി കഴിഞ്ഞ മിഥുനമാസത്തിൽ രാജശ്രീ ആർ. നാരായണപ്പണിക്കരവർകരം (ബി. ഏ., എൽ. ററി.)യുടെ കൈവശം കൊടുത്തു അദ്ദേഹം ഒരു പ്രിയസഹോദരനിൽമാത്രം കാണപ്പെടാവുന്ന ഗാഢവും നിർവ്യാജവുമായസ്നേഹത്തോടുകൂടിഇതു് മുഴുവൻ വായിച്ചു് വേണ്ട ഉപദേശങ്ങരം ചെയ്തു് സരസവും സാരഗർഭവുമായ ഒരു അവതാരിക എഴുതിത്തന്നു് അചിരേണ എന്നെ അനുഗ്രഹിച്ചു. അനുജൻെറ അഭ്യുദയത്തിനുവേണ്ടി ജ്യേഷ്ഠൻ ചെയ്യുന്ന സഹായങ്ങളെ ആസ്പദ

മാക്കി അദ്ദേഹത്തോട്ട് ഒരു കൃതജ്ഞത പറയുവാനുള്ള ആ സ്വൎഗ്ഗീയഭാഷ ഏതാണെന്ന് എനിക്ക് വശമാകാത്തതിനാൽ ഞാനതിന് ഒരുങ്ങുന്നില്ല.

പ്രസ്തുതഗ്രന്ഥം പദാനുപദമായ ഒരു പരിഭാഷയല്ല. മൂലഗ്രന്ഥവുമായി ഒത്തുനോക്കുന്നവൎക്ക് ഇതിൽ പല മാറ്റങ്ങളും വരുത്തിയിട്ടുള്ളതായി കാണ്മാൻ കഴിയും. എങ്കിലും നല്ലനല്ല ആശയങ്ങളെ വിട്ടുകളയാതിരിപ്പാൻ പ്രത്യേകം മനസ്സിരുത്തിയിട്ടുണ്ട്. ഇതു് പ്രായേണ ഗദ്യാനുവാദമാണെങ്കിലും സന്ദർഭാനുസരണമായി തോന്നിയ ചില പദ്യങ്ങളും ഗീതങ്ങളുംകൂടി ചേൎത്തിട്ടുണ്ട്. അവയുടെയെല്ലാം ഔചിത്യചൎച്ചാധികാരം മാന്യസഹൃദയന്മാരിൽ സമൎപ്പിച്ചുകൊള്ളുന്നു. ഇതെഴുതുന്നകാലത്തു് കൃത്യാന്തരപരതന്ത്രതയ്ക്കിടയിൽക്കൂടി ഇടയ്ക്കിടെവന്ന് എന്റെ ഉദ്ദേശങ്ങൾക്കനുസരണം ഇതിനെ രൂപപ്പെടുത്തുവാൻ കഴിയുംവിധം സഹായിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്ത സരസകവിയും രസികഗായകനുമായ മാന്യസ്നേഹിതൻ ശ്രീമാൻ എം. ആർ. വാരിയർ അവർകളോട്ട് (എം. ഏ. ആണേഴ്സ്) അദ്ദേഹത്തിന്റെ ദൃഢതമമായ ജന്മസൌഹൃദത്തെ ഞാൻ വീണ്ടും പ്രാൎത്ഥിക്കുന്നു.

തിരുവനന്തപുരം
1106 കന്നി 27

ഗ്രന്ഥകൎത്താ

# മുദ്രാരാക്ഷസം

## ഒന്നാമങ്കം

(നാന്ദികഴിഞ്ഞു് സൂത്രധാരൻ പ്രവേശിക്കുന്നു)

സൂത്രധാരൻ:—സദസ്സിന്നും മാന്യമഹാജനങ്ങൾക്കും നമസ്കാരം. ശ്രീ വിശാഖദത്തമഹാകവി സംസ്കൃതഭാഷയിൽ നിർമ്മിച്ച 'മുദ്രാരാക്ഷസം' എന്ന വിശിഷ്ടനാടകത്തെ മലയാളഗദ്യാനുവാദരൂപത്തിൽ ഞങ്ങളിവിടെ അഭിനയിക്കുവാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു. പണ്ഡിതന്മാർ നിറഞ്ഞ ഈ സദസ്സിൽവെച്ചു് ഇതു പ്രദർശിപ്പിക്കുവാൻ സൌകര്യംലഭിച്ച ഞങ്ങളുടെ ഭാഗ്യമാണു് ഭാഗ്യം. എന്തെന്നാൽ,

"വളമേറിന കണ്ടത്തിൽവിതച്ചാൽ—വിളവൊരുപത്തിന്നു സംശയമില്ല.
വളമില്ലാത്ത പറമ്പിൽവിതച്ചാൽ—അളവേ വിത്തുംകിട്ടുകയില്ല.
കണ്ടത്തിന്റെ ഗുണംകൊണ്ടേവിള—വുണ്ടാവുള്ളു വിതച്ചതിലധികം
കൊണ്ടിഹചെന്നുവിതയ്ക്കുന്നവനെ—ക്കൊണ്ടൊരുകാര്യം വരുവാനില്ല,
നല്ലകൃഷിക്കാരൻതാൻ വിത്തൊരു—കല്ലിൽവിതച്ചാൽ കരികേയുള്ളു.
നല്ലൊരുവയലിലതുഴുതുവിതച്ചാൽ—നെല്ലൊരുനാഴിക്കൊരുപറകിട്ടും."

ഞാൻ വേഗം ഭവനത്തിൽചെന്നു് ഭാര്യയോടുകൂടി കുറച്ചുനേരം സദിരു നടത്തട്ടെ. (ചുററിനടന്നു നോക്കിക്കൊണ്ടു്) ഇതാണു് നമ്മുടെ വസതി. അകത്തേയ്ക്കു കയറി നോക്കട്ടെ. (അകത്തുചെന്നതായിനടിച്ചു നോക്കിക്കൊണ്ടു്) അയ്യയ്യാ! ഇവിടെ ഇന്നു് എന്തോ ഒരു 'വിശേഷ'മുള്ളതുപോലെ തോന്നുന്നല്ലോ. അതാ വേലക്കാരികളെല്ലാം ഓരോ പ്രവൃത്തിയിൽ വളരെ ഉത്സാഹത്തോടുകൂടി ഏർപ്പെ

ട്ടിരിക്കുന്നു. ഒരുവൾ വെള്ളംകോരുന്നു; വേറെയൊരുവൾ ചന്ദനമരയ്ക്കുന്നു; മററൊരുവൾ വിശേഷപ്പെട്ട മാല കെട്ടുന്നു; മററൊരുത്തി അരിയിടിക്കുമ്പോൾ ഹ്ഠാകാരം മുഴക്കുന്നു; ആകക്കൂടി വലിയ തിരക്കുതന്നെ. ആകട്ടേ, ഭാൎയ്യയെ വിളിച്ചുചോദിച്ച് കാൎയ്യം മനസ്സിലാക്കാം. (അണിയറയിലേയ്ക്കു തിരിഞ്ഞുനോക്കിക്കൊണ്ട്)

ഗാനം

നാരിമാർമൌലിയിൽ മിന്നീട്ടും വെണ്മണിയേ,
വാ—വാ—കണ്മണിയേ!
സദ്മത്തിൻനീതിയായ് സൽഗുണഭൂമിയായ്
സാരസ്യംപോൽ പ്രകാശിപ്പവൾ
ഗാർഹ്യസുഖദാത്രി നേത്രാമൃതമൂൎത്തി
കാൎയ്യങ്ങളെല്ലാം നിൎദ്ദേശിപ്പവൾ,
നാരിമാർമൌലിയിൽ മിന്നീട്ടും വെണ്മണിയേ,
വാ—വാ—കണ്മണിയേ!!

(നടിപ്രവേശിക്കുന്നു.)

നടി:—വന്നു. എന്താണാവോ വേണ്ടതു്?

സൂത്ര:—പ്രിയേ, വേണ്ടതൊക്കെ പിന്നെപ്പറയാം. ഭവതി ഇന്നു് ബ്രാഹ്മണരെ ക്ഷണിച്ചുവരുത്തി അനുഗ്രഹം വാങ്ങാൻ ശ്രമിക്കുകയോ, അതിഥികൾ വല്ലവരും വരികയോ ഉണ്ടായിട്ടുണ്ടോ? വലിയ 'ദേഹണ്ണ'ങ്ങളും മററും കാണുന്നുവല്ലോ.

നടി:—ബ്രാഹ്മണരെ ക്ഷണിച്ചുവരുത്തിയതാണു്.

സൂത്ര:—പ്രത്യേകം വല്ല കാരണവുമുണ്ടോ?

നടി:—ഇന്നു് ചന്ദ്രഗ്രഹണമാണത്രേ.

സൂത്ര:—പ്രിയേ ആരാണിതു് പറഞ്ഞതു്?

നടി:—നാട്ടുകാരൊക്കെ അങ്ങിനെ പറയുന്നു.

സൂത്ര:—ആൎയ്യേ, ജ്യോതിശ്ശാസ്ത്രം ഒരുമാതിരിയൊക്കെ ഞാനും പഠിച്ചിട്ടുണ്ട്. ഏതായാലും ബ്രാഹ്മണൎക്കു ഭക്ഷണദാനംചെയ്യാൻ തുടങ്ങിയതു് ഭംഗിയായി കഴിയട്ടെ. പക്ഷെ, ചന്ദ്രഗ്രഹണത്തെപ്പററി പറഞ്ഞതു് ആരുടേയൊ ചതിയാണു്; കേൾക്കൂ: ഉദിച്ചുയരുന്ന ചന്ദ്രനെ ക്രൂരഗ്രഹമായ ആ കേതു ഗ്രസിപ്പാൻ ബലപൂൎവ്വം ആശിക്കുന്നുണ്ടു്.—

(അണിയറയിൽ)

ഈ ഞാനിരിക്കുമ്പോൾ ആരാണു്——

സൂത്ര:—പക്ഷെ, ബുധനവിടെചെന്നു കൂടുകയാൽ ഗ്രഹണമുണ്ടാകുന്നില്ല.

നടി:—ഇതാ നോക്കൂ; ആരാണു് ഭൂമിയിലിരുന്നുംകൊണ്ടു് ഗ്രഹപീഡയിൽനിന്നു് ചന്ദ്രനെ രക്ഷിപ്പാൻ പുറപ്പെടുന്നതു്? ഇതു നല്ലരസം!

സൂത്ര:—പ്രിയേ, ഞാനത്ര മനസ്സിരുത്തിയില്ലല്ലോ. ആട്ടെ, ഒന്നുകൂടി പറഞ്ഞതുതന്നെ പറയാം. അപ്പോൾ സ്വരംകേട്ടു് ആളെ മനസ്സിലാക്കുകയും ചെയ്യാമല്ലോ.

(ഉദിച്ചുയരുന്ന—ഇത്യാദിവാചകം വീണ്ടും പറയുന്നു.)

(അണിയറയിൽ)

ആഃ! ഈ ഞാനിരിക്കുമ്പോൾ ആരാണു് ചന്ദ്രഗുപ്തനെ എതിൎക്കാൻ തുനിയുന്നതു്?

സൂത്ര:—(കേട്ടതായി നടിച്ചു്) ഓ! ഹോ! മനസ്സിലായി. ചാണക്യനാണതു്. (നടി പേടിച്ചുവിറയ്ക്കുന്നു)

സൂത്ര:—നന്ദവംശത്തെ കോപാഗ്നിയിൽ ചുട്ടെരിച്ച കപടപടുവായ കൌടില്യനാണതു്. ചന്ദ്രനെ ഗ്രസിക്കുമെന്നു നാം പറഞ്ഞപ്പോൾ ശബ്ദസാമ്യംകൊണ്ടു്, 'ചന്ദ്രഗുപ്തനെ ശത്രുക്കൾ ആക്രമിക്കു'മെന്ന അത്ഥത്തിൽ അയാൾക്കു തെറ്റിദ്ധാരണയുണ്ടായി. നമുക്കു് അകത്തേയ്ക്കു കയറി ഒളിക്കാം. (പോയി)

(അനന്തരം അഴിഞ്ഞുകിടക്കുന്ന തലമുടി തലോടിക്കൊണ്ടു് ചാണക്യൻ പ്രവേശിക്കുന്നു.)

ചാണക്യൻ:—പറയുക; ഒന്നുകൂടിപറയുക. ആരാണു് ഞാൻ ജീവിച്ചിരിക്കുമ്പോൾ ചന്ദ്രഗുപ്തനെ എതിക്കാനാശിക്കുന്നതു്? അതു പറവുമോ?

മദിച്ചു കൊലകൊമ്പനാനയുടെ മസ്തകം തച്ചുട-
ച്ചൊലിച്ച ചുടുചോരയാൽ തുടുതുടുത്തതാംദംഷ്ട്രയെ,
ഉദിച്ചുയരുമമ്പിളിക്കല കണക്കകണ്ഠാഹര!--
പ്രവീരനെയെതിർത്തടുത്തപഹരിപ്പതിന്നാരെടോ?

കേൾക്കട്ടെ. നന്ദവംശത്തിന്നു് കാളസർപ്പവും, കോപാഗ്നിയുടെ കറുത്തിരുണ്ട പുകയുമായ ഈ തലമുടി ഇനിയും ബന്ധിക്കുവാൻ സമ്മതിക്കാത്ത ആ പാപി ആരായാലും ഉടൻ എന്നാൽ വദ്ധ്യനാണു്. എൻെറ അരിശത്തീയിൽ ഇനി പതിക്കാനെത്തുന്ന ശലഭം ഏതാണു്? ശാർങ്ഗരവാ, ശാർങ്ഗരവാ,—

(ഒരു ശിഷ്യൻ പ്രവേശിക്കുന്നു.)

ശിഷ്യൻ:—കല്പിക്കാമല്ലോ.

ചാണക്യൻ:—ഒന്നിരുന്നാൽ വേണ്ടില്ല.

ശിഷ്യൻ:—അതാ പീഠം ഇട്ടിരിക്കുന്നു. അവിടേയ്ക്കു് അതിൽ ഇരിക്കാമല്ലോ.

ചാണക്യൻ:—ഗുരുക്കന്മാൎക്കു ശിഷ്യരോടു സാധാരണയായുണ്ടാകാറുള്ള ദുസ്സ്വഭാവത്താലല്ല, വിചാരവ്യാകുലത കൊണ്ടാണു് ഞാനിതൊന്നുമറിയാത്തതു്. (ഇരുന്നു് വിചാരം) ആ കാൎയ്യം ഇത്ര പരസ്യമായതു് എങ്ങനെയാണു്? നന്ദവംശം മുഴുവൻ വധിക്കപ്പെട്ടതുകൊണ്ടു് ക്രുദ്ധനായ രാക്ഷസൻ, പിതൃവധത്താൽ അമൎഷിതനും, നന്ദരാജ്യമത്രയും ലഭിക്കുമെന്ന ആശയാൽ ഉദ്യുക്തനും, പൎവ്വതകരാജാവിന്റെ പുത്രനുമായ മലയകേതുവിനോടുകൂടി സഖ്യം ചെയ്തു് വമ്പിച്ച മ്ലേച്ഛസൈന്യവുമായി വന്നു് ചന്ദ്രഗുപ്തനെ പോരിനുവിളിപ്പാൻ ഭാവമുണ്ടത്രെ! (ആലോചന നടിച്ചു്) അല്ലെങ്കിൽ 'നന്ദവംശത്തെ സമൂലച്ഛേദം ചെയ്യു'മെന്നു് എല്ലാവരും കേൾക്കെച്ചെയ്ത ആ ദുസ്തരമായ പ്രതിജ്ഞാസമുദ്രത്തെ നിഷ്പ്രയാസം തരണംചെയ്വാൻ സാധിച്ച എനിക്കുണ്ടോ ഈ നിസ്സാരമായ കിംവദന്തിയെ അകറ്റുവാൻ പ്രയാസം? നന്ദവംശത്തെ മുഴുവനോടുകൂടി ദഹിപ്പിച്ച കോപാഗ്നി തക്കതായ വിറകില്ലായ്കകൊണ്ടു മാത്രമാണു് ശാന്തമായിരിക്കുന്നതു്; അതൊരിക്കലും കെട്ടുപോകയില്ല. അഗ്രാസനത്തിൽ ഭക്ഷണത്തിനായിരുന്ന എന്നെ ഗളഹസ്തംചെയ്തു തള്ളിമാററിയ നീചപ്രവൃത്തി, രാജഭയംനിമിത്തം ഒന്നും മിണ്ടുവാൻ ശക്തരാകാതെ തലതാഴ്ത്തി വ്യസനപരവശരായി കണ്ടുനിന്നവർ ആരൊക്കെയാണോ, അവരൊക്കെ, സിംഹാസനത്തിൽനിന്നു താഴെയിട്ടു് എന്നാൽ വധിക്കപ്പെട്ട നന്ദവംശത്തെ ദൎശിച്ചുകൊണ്ടിരിക്കുന്നു. ഞാനിപ്പോൾ കൃതാൎത്ഥനായെങ്കിലും ചന്ദ്രഗുപ്തന്റെ അപേക്ഷകൊണ്ടുമാത്രമാണു് ആയുധം ധരിച്ചിരിക്കുന്നതു്. ഞാൻ നവനന്ദന്മാരെ നിഗ്രഹിക്കുകയും,

ചന്ദ്രഗുപ്തനെ സിംഹാസനത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്തു. എൻെറ കോപത്തിൻെറയും പ്രീതിയുടേയും പ്രവൃത്തികൾ ഇങ്ങനെയാണു്. പക്ഷെ, രാക്ഷസനെ സ്വാധീനമാക്കാതിരിക്കുന്നിടത്തോളം കാലം നന്ദവംശത്തെ നശിപ്പിച്ചുകഴിഞ്ഞുവെന്നോ, ചന്ദ്രഗുപ്തനിൽ രാജ്യലക്ഷ്മിയെ അചഞ്ചലയാക്കിയെന്നോ നിർണ്ണയിക്കുവാനവകാശമില്ല. (ആലോചന നടിച്ചു്) രാക്ഷസനു നന്ദവംശത്തോടുള്ള ഭക്തി എത്ര അതിശയമായിരിക്കുന്നു. ആ വംശത്തിൽ ഒരു കുഞ്ഞെങ്കിലും ജീവിച്ചിരിപ്പുണ്ടെങ്കിൽ രാക്ഷസനെ മൌര്യൻെറ മന്ത്രിയാക്കാൻ സാധിക്കയില്ലെന്നതു് നിശ്ചയമാണു്. അതിനായി പരിശ്രമിക്കേണ്ടആവശ്യമേയുണ്ടാവില്ല. തപസ്സിനുവേണ്ടിപ്പോയ സ്വാൎത്ഥസിദ്ധിയെപ്പോലും ഞാൻ നിഗ്രഹിപ്പിച്ചതു് ഈ ഉദ്ദേശത്താലാണു്. രാക്ഷസൻ മലയകേതുവിനോടുകൂടി ഞങ്ങളെ നശിപ്പിക്കാൻ 'പഠിച്ചപണി പതിനെട്ടും' നോക്കുമെന്നതു് നിസ്സംശയമാണു്. (മേല്പോട്ടുനോക്കി ആലോചന നടിച്ചു്) നല്ലതു് രാക്ഷസ, നല്ലതു്. ദേവാചാൎയ്യനു് സദൃശനും വൈദികോത്തംസവുമായ അങ്ങയ്ക്കു് നമസ്കാരം. ഈ ലോകം സമ്പത്താകുന്ന ദേവതയെ മാത്രമേ ആരാധിക്കുന്നുള്ളു. സമ്പന്നനായ തൻെറ സ്വാമി താല്ക്കാലികമായ ഒരു വിപത്തിൽപ്പെട്ടാലും അപൂൎവ്വം ചിലർ അദ്ദേഹത്തെ അനുഗമിച്ചേക്കാം. എന്നാലതു് യജമാനൻെറ പുനഃപ്രതിഷ്ഠയെ ആശിച്ചുമാത്രമായിരിക്കും. തൻെറ സ്വാമി നശിച്ചുപോയതിനുശേഷവും നിഷ്കാമമായ ഭക്തിയോടുകൂടി അദ്ദേഹത്തിൻെറ കാൎയ്യങ്ങളെ നടത്തുവാൻ തന്നെ ജീവിക്കുന്ന അങ്ങയെപ്പോലുള്ള മന്ത്രിസത്തമന്മാർ

ഇല്ലേയില്ല. അതുകൊണ്ടുതന്നെയാണ് മൌര്യന്റെ സചിവനായി അങ്ങയെ ലഭിക്കുവാൻ ഞാൻ പ്രയത്നിക്കുന്നതും. ഒരുത്തന് ഭക്തിഗുണം നല്ലവണ്ണമുണ്ട്; എന്നാൽ അവൻ മന്ദബുദ്ധിയും ഭീരുവുമാണെങ്കിൽ എന്താണ് പ്രയോജനം? ബുദ്ധിയും പരാക്രമവും ഉള്ള ഒരുവന്ന് ഭക്തിയില്ലെന്നുവന്നാലും അവനെക്കൊണ്ട് ഫലമൊന്നുമില്ല. പ്രജ്ഞ, പരാക്രമം, ഭക്തി എന്നീ ത്രിഗുണങ്ങളും തികഞ്ഞ മാന്യനാണ് രാജ്യരക്ഷാപടുവായ യഥാൎത്ഥമന്ത്രി. അങ്ങിനെയൊരു സചിവോത്തംസം ഇന്ന് ജീവിച്ചിരിപ്പുണ്ടെങ്കിൽ രാക്ഷസൻ മാത്രമാണ്. അതുകൊണ്ട് നല്ലവണ്ണമൊന്ന് പരിശ്രമിച്ച് രാക്ഷസനെ സ്വാധീനപ്പെടുത്തിയേ കഴിയൂ. അതിനുള്ള പ്രാരംഭങ്ങളെല്ലാം ഞാൻ ചെയ്തുകഴിഞ്ഞുമിരിക്കുന്നു. 'ചന്ദ്രഗുപ്തനേയോ പൎവ്വതകനേയോ വധിക്കുന്നപക്ഷം ചാണക്യനോട് അപകാരം ചെയ്യുന്നതിന് സന്ദൎഭമാകും എന്ന ഉദ്ദേശത്തിന്മേൽ രാക്ഷസൻ വിഷകന്യാപ്രയോഗംകൊണ്ട് ചാണക്യന്റെ അത്യന്തമിത്രവും പരമയോഗ്യനുമായ പൎവ്വതകനെ നിഗ്രഹിച്ചിരിക്കുന്നു.' എന്നൊരു അപവാദം പരത്തിയതാണ് ഒന്നാമത്തെ ഉപായം. അത് ലോകവിശ്വാസത്തിന്നായി മാത്രമാണ്; അതേ സമയത്തുതന്നെ വളരെ സ്വകാൎയ്യമായി "ഭവാന്റെ പിതാവിനെ ചാണക്യൻ ഹനിച്ചിരിക്കുന്നു" എന്നു പറഞ്ഞു് ഭയപ്പെടുത്തി ഭാഗുരായണൻ മലയകേതുവിനെ ഓടിച്ചും കഴിഞ്ഞിരിക്കുന്നു. ഇപ്പോഴോ മലയകേതു രാക്ഷസന്റെ നോട്ടത്താൽ സുരക്ഷിതനാണെങ്കിലും അവനെ നിഗ്രഹിക്കുകയെന്നതു് എന്റെ പ്രജ്ഞയ്ക്കു് സുസാധമാണ്. എന്നാൽ അങ്ങിനെ ചെയ്തുകൂടാ.

പർവ്വതകവധം നിമിത്തം രാക്ഷസനെപ്പറ്റി പടൎന്നിരിക്കുന്ന ദുഷ്കീൎത്തിക്ക് അത്തു തടസ്ഥമായി നിന്നേയ്ക്കാം. പിന്നെ, ശത്രുമിത്രങ്ങളെ തിരിച്ചറിയുന്നതിന്നായി പല പല വേഷഭാഷാചാരങ്ങളോടുകൂടി അനേകം ചാരന്മാരെ നിയോഗിച്ചതാണ് രണ്ടാമത്തെ ഉപായം. അവർ പട്ടണത്തിലും പുരമറിയിലും ഒന്നുപോലെ സഞ്ചരിച്ച് സചകൃത്യങ്ങളെ സശ്രദ്ധം നിർവ്വഹിക്കുന്നു. ചന്ദ്രനോടൊപ്പം കളിച്ചുവളൎന്നവരും ഞാൻ പരീക്ഷിച്ചറിഞ്ഞ രാജഭക്തി തികഞ്ഞവരുമായ പ്രധാനസേവകന്മാർ തങ്ങളുടെ ചുമതലയിൽ തീരെ മടി കാട്ടുന്നില്ല. കലാകുശലനും എന്റെ സതീൎത്ഥ്യനുമായ ഇന്ദുശൎമ്മയുടെ സന്ന്യാസിവേഷമാണ് ഇതിലൊക്കെ വിശേഷമായി തോന്നുന്നതു്. അയാളിപ്പോൾ രാക്ഷസന്റെ ആത്മസ്നേഹിതനാണ്. ഇനി പലതും അയാളെക്കൊണ്ടു സാധിക്കേണ്ടതായുമുണ്ടു്. അതിനാൽ ഞാനുദ്ദേശിച്ചകാൎയ്യങ്ങൾ നിൎവ്വിഘ്നം നിർവ്വഹിക്കപ്പെടും. മൌൎയ്യൻമാത്രം ഭാരം മുഴവൻ ഞങ്ങളിലേറ്റി സ്വസ്ഥനായിരിക്കുന്നു. അല്ലെങ്കിൽ, 'ഭരണസംബന്ധമായ സകല കാൎയ്യങ്ങളും തനിയേ നോക്കേണ്ടിവരിക'യെന്നനിലവിട്ടു കിട്ടിയാൽ മാത്രമാണല്ലൊ രാജ്യം സുഖപ്രദമാവുക. അരചനും ആനയും എത്രതന്നെ ശക്തന്മാരായാലും സ്വയമേവ നേടി അനുഭവിക്കേണ്ടുന്നനില വന്നാൽ മിക്കവാറും തളൎന്നു പോവുകതന്നെ ചെയ്യും.

(അനന്തരം നരകത്തിന്റെ പടവുംകൊണ്ടു്
ഒരു ചാരൻ പ്രവേശിക്കുന്നു.)

**ചാരൻ** —കാലന്റെ കാലിണ കുപ്പുവിൻ കുപ്പുവിൻ !
കാലനെത്തന്നെ ഭജിക്കുവിൻ കൂട്ടരേ !

അന്യദൈവങ്ങളെക്കൊണ്ടൊരുകാര്യവും
മന്നിലില്ലെന്നറിഞ്ഞീടുവിൻ മാന്യരേ!
മറേറതു ദൈവത്തെ വന്ദിച്ചിരിക്കിലും
ചെററെന്നു കാലൻ കഴുത്തിൽ കയററിടും.
ആകയാൽ കാലൻെറ കാലിണക്കുപ്പുവിൻ
മാഴ്കാതിരിക്കുവിൻ മന്ദരായ് മന്ദിരേ.
ഭക്തിയാൽ കാലനെ സന്തോഷം വളർത്തുകിൽ
സുസ്ഥിരം ജീവിതം നേടിടാം നിശ്ചയം.
അതു കൊല്ലുന്നിതെല്ലാരെയുമദ്ദേവ-
നാരാദ്ധ്യനെന്നുടെ ജീവനമായകൻ.

ഈ വീട്ടിൽ കയറി യമപടം കാണിച്ചു് പാട്ടുപാടാം.
(ചുററി നടക്കുന്നു)

ശിഷ്യൻ:—(കണ്ടതായി നടിച്ചു്) ആരതു്? പടിക്കകത്തു കയററരുതു്.

ചാരൻ:—ഓ! ഇതാരുടെ ഭവനമാണു്?

ശിഷ്യൻ:— ഞങ്ങളുടെ ഗുരുപാദങ്ങളും സുപ്രസിദ്ധനുമായ ആര്യചാണക്യൻെറ ഗൃഹമാണിതു്.

ചാരൻ:—(ചിരിച്ചുകൊണ്ടു്) ബ്രാഹ്മണാ, എന്നാലെൻെറ സ്വന്തം സഹോദരൻേറതാണല്ലോ. അതുകൊണ്ടെനിക്കു പ്രവേശനാനുവാദം തരിക. യമപടം കാണിച്ചു് അങ്ങയുടെ ആചാര്യനു് ഞാൻ ധർമ്മോപദേശം ചെയ്യാം.

ശിഷ്യൻ:—(കോപം നടിച്ചു്) എടാ മഠയാ! നീ എൻെറ ഗുരുപാദങ്ങളെക്കാൾ ധർമ്മം അറിയുന്നവനാണോ?

ചാരൻ:—ശുദ്ധബ്രാഹ്മണാ, ദേഷ്യപ്പെടാതിരിക്കൂ. സർവ്വജ്ഞനായിട്ടു് ആരുമില്ലല്ലോ. ചിലതെല്ലാം അങ്ങയുടെ ഗുരുനാഥനറിയാം; ചിലതൊക്കെ എനിക്കുമറിയാം.

ശിഷ്യൻ:—മരമണ്ടാ, എൻെറ ഗുരുനാഥൻെറ സർവ്വജ്ഞത്വത്തെ നീ അപഹരിക്കുവാൻ തുനിയുന്നുവോ?

ചാരൻ:—അങ്ങയുടെ ആചാര്യൻ സർവ്വജ്ഞനാണെങ്കിൽ ഞാനൊരു ചോദ്യം ചോദിക്കാം; ഉത്തരം പറയട്ടെ. ചന്ദ്രനെ ഇഷ്ടമില്ലാത്തതാക്കാണു്?

ശിഷ്യൻ:—നീ ശുദ്ധ വിഡ്ഢിതന്നെ. ഇതറിഞ്ഞിട്ടും അറിയാതിരുന്നിട്ടും നിനക്കെന്തുവേണം?

ചാരൻ:—ഇതറിഞ്ഞതുകൊണ്ടുള്ള ഫലമെന്താണെന്നു് അങ്ങയുടെ ഗുരുനാഥനറിയാം. താമരയ്ക്കു് ചന്ദ്രൻ അപ്രിയനാണെന്നു് മാത്രം അങ്ങയ്ക്കു് അറിയാമായിരിക്കാം.

എന്നാൽ അതുതന്നെയല്ല; കേൾക്കുക:—

താമരയ്ക്കു തന്റെ രമ്യമെങ്കിലും
ലീലമായതിന്റെ നേർവിരുദ്ധമാം;
പൂർണ്ണമണ്ഡലമെഴുന്ന ചന്ദ്രനെ-
ക്കാൺകിലായവയടച്ചിടും മിഴി.

ചാണക്യൻ:—(കേട്ടതായിനടിച്ചുവിചാരം) 'ചന്ദ്രഗുപ്തന്റെ വിരോധികളെ തനിക്കറിയാ'മെന്നാണല്ലോ ഇതിനാൽ സൂചിക്കപ്പെട്ടതു്.

ശിഷ്യൻ:—എടാ, നീ എന്തൊരസംബന്ധമാണീ പുലമ്പുന്നതു്?

ചാരൻ:—ഞാൻ പറഞ്ഞതു് സുസംബന്ധംതന്നെയാകും.

ശിഷ്യൻ:—അങ്ങനെയായാലെന്താ കിട്ടുക?

ചാരൻ:—അറിയുന്നവനെ കേൾക്കാൻകിട്ടും; അതുതന്നെ.

ചാണക്യൻ:—(ഉച്ചത്തിൽ) എടാ തടസ്സമൊന്നുമില്ല; ഇങ്ങോട്ടു വരാം. കേൾപ്പാനും അറിവാനും നിനക്കു് ആളെ കിട്ടും.

(ചാരൻ ചാണക്യന്റെ സമീപത്തിൽചെന്നു് അഭിവാദ്യംചെയ്തു് നില്ക്കുന്നു. ചാണക്യൻ ആളെ മനസ്സിലാവാതെ ആലോചന നടിക്കുന്നു)

ചാണക്യൻ:—(വിചാരം) ശത്രുമിത്രങ്ങളെ അറിഞ്ഞുവരുവാനായി അയയ്ക്കപ്പെട്ടിരുന്ന നിപുണകൻ തന്നെയല്ലേ ഇവൻ ? (സ്പഷ്ടം) ശ്രീമൻ, സ്വാഗതം : ഇരിക്കൂ.

(ചാരൻ നിലത്തിരിക്കുന്നു)

ചാണക്യൻ:—നിന്നെ ഏല്പിച്ച കാര്യങ്ങളുടെ സ്വഭാവമെല്ലാം വിസ്തരിച്ചു് പറയുക. പൌരന്മാർ ചന്ദ്രഗുപ്തനോട്ട് സഹകരിക്കുന്നവർ തന്നെയാണല്ലോ.

ചാരൻ:—അതേ; അവിടുന്നു് പ്രജകളുടെ അഹിതങ്ങളറിഞ്ഞു് അവയ്ക്കു് പരിഹാരം ചെയ്തുകൊണ്ടിരിക്കുകയാണല്ലോ. അതു നിമിത്തം അവർ ചന്ദ്രഗുപ്തമഹാരാജാവിനോട്ടു് വളരെ ഭക്തിയും പ്രീതിയുമുള്ളവരായിത്തന്നെ കാണപ്പെടുന്നു. എന്നാൽ എന്റെ അന്വേഷണത്തിൽ, പണ്ടേതന്നെ അമാത്യരാക്ഷസനുമായി അത്യന്തസഖ്യം സമ്പാദിച്ചിരിക്കുന്ന മൂന്നുപേർ ഈ നഗരത്തിൽത്തന്നെ താമസിക്കുന്നതായി അറിയുന്നുണ്ടു്. അവർ മഹാരാജാവിൻെറ ഐശ്വര്യം കണ്ടു് വലിയ 'കണ്ണുകടി' യോടുകൂടിയിരിക്കുന്നു.

ചാണക്യൻ:—(കോപത്തോടെ) അവക്കു് 'കണ്ണുകടി' അല്ല ഉള്ളതു്. ജീവിതഭാരം വഹിക്കുവാൻതക്ക കരുത്തില്ലെന്നു് പറയുക. അവരുടെ പേരറിയാമോ ?

ചാരൻ:—പേരറിയാത്തവരെപ്പറ്റി ഞാനിവിടെ മുമ്പിൽ വന്നു് പറയുമോ?

ചാണക്യൻ:—ശരി; എന്നാൽ പറയൂ; കേൾക്കാൻ വൈകി.

ചാരൻ:—ശത്രുപക്ഷപാതികളിൽ ഒന്നാമൻ ജീവസിദ്ധിയെന്ന ഒരു ബുദ്ധസന്യാസിയാണു്.

ചാണക്യൻ:—(വിചാരിച്ചു് സന്തോഷിക്കുന്നു) അതേ ; അതേ ; എൻെറ ശത്രുവിൽ വലിയ പക്ഷപാതിതന്നെ യാണു് ജീവസിദ്ധി.

ചാരൻ:—അവനാണു് രാക്ഷസൻെറ നിർദ്ദേശമനുസരിച്ചു് മഹാനായ പൎവ്വതകരാജാവിനെ വിഷകന്യാപ്രയോഗത്താൽ നിഗ്രഹിച്ചതു്.

ചാണക്യൻ:—(വിചാരം) ഇന്ദുശൎമ്മ സമൎത്ഥനാണു്. (സ്പഷ്ടം) പിന്നെ ആരാണു്?

ചാരൻ:—അമാത്യരാക്ഷസന്റെ പ്രിയസ്നേഹിതനും, കൊട്ടാരത്തിലെ കണക്കെഴുത്തുപിള്ളയുമായ ശകടദാസനാണു് രണ്ടാമൻ.

ചാണക്യൻ:—(പരിഹാസഭാവത്തിൽ വിചാരം) കണക്കെഴുത്തുപിള്ളയോ ? നിസ്സാരം !! തുച്ഛനാണെങ്കിലും ശത്രുവാകകൊണ്ടു് തള്ളിക്കളവാൻ പാടില്ല. ഒരു ചങ്ങാതിയുടെ മട്ടിൽ സിദ്ധാൎത്ഥകനെ അവൻെറ അടുക്കൽ ഞാൻ പാൎപ്പിച്ചിട്ടുണ്ടല്ലോ. തല്ക്കാലം അതു് മതി. (സ്പഷ്ടം) ഇനിയത്തെ ആൾ ആരാണു് ?

ചാരൻ:—കുസുമപുരത്തിലെ വലിയൊരു രത്നവ്യാപാരിയായ ചന്ദനദാസനാണു് മൂന്നാമൻ. അയാൾ രാക്ഷസന്റെ രണ്ടാമത്തെ ഹൃദയമാണെന്നുതന്നെ പറയാം. അമാത്യൻ നഗരംവിട്ടു് പോയപ്പോൾ അയാളുടെ ഗൃഹത്തിലാണു് ഭാൎയ്യയേയും കുട്ടികളേയും താമസിപ്പിച്ചതു്.

ചാണക്യൻ:—(വിചാരം) ചന്ദനദാസൻ രാക്ഷസൻെറ പ്രിയസ്നേഹിതൻ തന്നെയാണു്. സംശയമില്ല. ആത്മസദൃശനല്ലാത്ത ഒരുവന്റെ ഭവനത്തിൽ രാക്ഷ

സൻ തൻെറ ഭാൎയ്യയേയും കുട്ടികളേയും പാർപ്പിക്കു യില്ല. (സ്പഷ്ടം) ചന്ദനദാസൻെറ ഗൃഹത്തിൽ രാക്ഷസൻ സകുടുംബിനിയെ താമസിപ്പിച്ചിരിക്കു യാണെന്നു് നിനക്കു് എങ്ങിനെ മനസ്സിലായി?

ചാരൻ:—അതിനു് തെളിവു് ഈ മുദ്രമോതിരമാണു്. (ചാരൻ മുദ്രാമോതിരം കൊടുക്കുന്നു. ചാണക്യൻ വാങ്ങി സൂക്ഷിച്ചു നോക്കുന്നു)

ചാണക്യൻ:—('രാക്ഷസൻ' എന്നതിലെഴുതിയിരുന്നതു് വായിച്ചു് സന്തോഷത്തോടുകൂടി വിചാരം) രാക്ഷസൻ തന്നെ നമ്മുടെ വിരലിനടിയിൽപെട്ടുവെന്നിനി പറയാം. (സ്പഷ്ടം) മോതിരം കിട്ടിയ കഥ വിസ്തരിച്ചു് പറയുക.

ചാരൻ:—പറയാം; നാട്ടുകാരുടെ നടപടികൾ സൂക്ഷ്മമായി തിരഞ്ഞറിഞ്ഞു വരുവാൻ അവിടുന്നെന്നെ നിയോഗിച്ചയച്ചല്ലോ. ഞാനുടൻതന്നെ ആൎക്കും ഒരു സംശയവും തോന്നാത്തവിധം ഈ വേഷമെടുത്തു് ഓരോ വീട്ടിലും കയറിച്ചെന്നു് യമപടംകാണിച്ചു് പാട്ടുപാടി കിട്ടുന്നതുവാങ്ങി ഉപജീവനം നടത്തിപ്പോന്നു. ആ രീതിയിലൊരുദിവസം ചന്ദനദാസൻെറ ഭവനത്തിലും കയറിച്ചെന്നു. അവിടെയും ഈ പടം നിവൎത്തിവെച്ചു് പാടാൻ തുടങ്ങി— (ചാണക്യൻെറ മുഖത്തയ്ക്കു നോക്കുന്നു)

ചാണക്യൻ:—ശരി; മനസ്സിലായി; എന്നിട്ടു്—

ചാരൻ:—അപ്പോൾ കണ്ടാലഞ്ചു വയസ്സു തോന്നിക്കുന്ന സുകുമാരനായ ഒരു കുട്ടി മാളികമുകളിലെ ജനാലയിൽ കയറിനിന്നു് അഴികളുടെ ഇടയിൽക്കൂടെ

കാല്പ് പുറത്തേയ്ക്കിട്ട് ബാലസ്വഭാവത്തിൽ കളിക്കാൻ തുടങ്ങി. തൽക്ഷണം 'അയ്യോ! എന്റെ കുട്ടി പുറത്തേയ്ക്കു പോയല്ലോ' എന്നുറക്കെവിളിക്കുന്ന ശബ്ദം അതിനകത്തുനിന്ന് കേട്ടു. പെട്ടെന്ന് ഒരു സ്ത്രീ വന്ന് കൈരണ്ടും അഴികൾക്കിടയിൽക്കൂടെ പുറത്തേയ്ക്ക് കടത്തി കുട്ടിയെ പിടിച്ച്, സാവധാനത്തിലെടുത്തു മാററി. ആ തിരക്കിനിടയിൽ, പുരുഷന്റെ വിരലിന്നനുസരിച്ചുണ്ടാക്കപ്പെട്ടതാകകൊണ്ടു് അയവായി കിടന്നിരുന്ന ഈ മോതിരം തന്റെ വിരലിൽനിന്നു വീണുപോയതു് അവൾ അറിഞ്ഞിരിക്കയില്ല. മോതിരം താഴെ പതിച്ച് ഉരുണ്ടു് എന്റെ കാല്ക്കൽ നമസ്കാരവ്യാജേന ഒരു കുലവനിതയെപ്പോലെ നിശ്ചലമായി കിടന്നു. അമാത്യരാക്ഷസന്റെ പേരിതിൽ തെളിഞ്ഞു കാണുകയാൽ ഞാനിതു് വേഗമെടുത്ത് കൊണ്ടുവന്ന് അവിടേയ്ക്കു സമർപ്പിക്കയും ചെയ്തു.

ചാണക്യൻ:—ശരി; മനസ്സിലായി. ഇനി നീ ചെന്നിരുന്ന് ക്ഷീണം തീർക്കുക. നിന്റെ പരിശ്രമത്തിനു ചിതമായ സമ്മാനം നിനക്ക് ഉടൻ ലഭിക്കുന്നതാണു്.

ചാരൻ:—കല്പനപോലെ. (താഴ്ത്തു പോകുന്നു)

ചാണക്യൻ:—ശാർങ്ഗരവാ!

ശിഷ്യൻ:—(പ്രവേശിച്ച്) എന്താണാവോ.

ചാണക്യൻ:—മഷിക്കുപ്പിയും കടലാസും തൂവലുംകൊണ്ടുവരൂ.

(ശിഷ്യൻ പോയിവന്നു് അവയെല്ലാം അടുക്കൽവെച്ച് മാറിനില്ക്കുന്നു)

ചാണക്യൻ:—(കടലാസു് മുമ്പിൽവെച്ചു് പേന കയ്യിലെടുത്തുകൊണ്ടു് വിചാരം) ഇതിലെന്താണു് എഴുതേണ്ടതു്? ഈ എഴുത്തു കൊണ്ടു് രാക്ഷസൻ ജയിക്കപ്പെടണം.

(ഒരു തവണക്കാരി പെട്ടെന്നു് പ്രവേശിക്കുന്നു)

തവ:—ആര്യൻ ജയിച്ചാലും!

ചാണക്യൻ:—(സന്തോഷിച്ചു് സ്വഗതം) നിമിത്തം നന്നായി; ജയശബ്ദമാണല്ലോ ആദ്യമായി കേട്ടതു്. (സ്പഷ്ടം) ശോണോത്തരേ, എന്താണു് വന്നതു്?

തവ:—മഹാരാജാവുതിരുമനസ്സുകൊണ്ടു് അഞ്ജലിപൂർവ്വം ആര്യനോടു ഇങ്ങനെ അരുളിച്ചെയ്യുന്നു. "ആര്യചാണക്യന്റെ അനുവാദം ലഭിക്കുന്നപക്ഷം മരിച്ചുപോയ പർവ്വതകരാജാവിനെ ഉദ്ദേശിച്ചു് ചില കർമ്മങ്ങൾ ചെയ്വാനാഗ്രഹിക്കുന്നു. അദ്ദേഹം അണിഞ്ഞിരുന്ന ആഭരണങ്ങളെല്ലാം ബ്രാഹ്മണർക്കു് ദാനം ചെയ്കയും വേണം." എന്നു്.

ചാണക്യൻ:—(സന്തോഷത്തോടുകൂടി വിചാരം) എന്റെ മനോഗതിക്കനുഗുണമായ ഒരു സന്ദേശംതന്നെയാണിതു്. (സ്പഷ്ടം) ശോണോത്തരേ, നീ ചെന്നു് വൃഷലനോടു് ഇങ്ങനെ പറയുക. "അങ്ങയ്ക്കു് ലോകമര്യാദ നല്ലവണ്ണം അറിയാം. അതുകൊണ്ടു് അഭിപ്രായാനുസരണം ചെയ്വാൻ സംശയിക്കേണ്ട. പർവ്വതകൻ ധരിച്ചിരുന്ന നല്ല നല്ല ആഭരണങ്ങൾ ഉത്തമന്മാർക്കേ ദാനം ചെയ്യാവൂ. അതിനു് യോഗ്യതയുള്ളവരെ ഞാൻ തന്നെ തിരഞ്ഞെടുത്തയയ്ക്കാം."

(തവണക്കാരി തൊഴുതു പോകുന്നു)

ചാണക്യൻ:—ശാർങ്ഗരവാ, വിശ്വാവസുവിനോടും അവ ന്റെ രണ്ടു സഹോദരന്മാരോടും, 'ചന്ദ്രഗുപ്തന്റെ അടുക്കൽ ചെന്നു് പ്രതിഗ്രഹം വാങ്ങിയശേഷം എന്നെ വന്നു് കാണണം.' എന്നു ഞാൻ നിർദ്ദേ ശിച്ചതായി ഇപ്പോൾ തന്നെ ചെന്നു പറയൂ.

(ശിഷ്യൻ തൊഴുതു് പോകുന്നു)

ചാണക്യൻ:—ഈ പ്രധാനകാര്യം രണ്ടാമതേ എഴുതു വാൻ പാടുള്ളൂ. ആദ്യം എന്താണു് വേണ്ടതു്. (ആലോചനനടിച്ചു്) ശരി ശരി; മനസ്സിലായി. മ്ലേച്ഛ രാജാവിന്റെ സൈന്യത്തിലുള്ള പ്രമാണികളായ അഞ്ചു രാജാക്കന്മാർ അതിസ്നേഹാദരങ്ങളോടുകൂടി രാക്ഷസനെ അനുവർത്തിക്കുന്നുണ്ടെന്നു് ചാരന്മാർ പറഞ്ഞറിഞ്ഞിട്ടുണ്ടല്ലോ. കുലൂതരാജാവായ ചിത്ര വർമ്മൻ, മലയാധിപനായ സിംഹനാദൻ, കാശ്മീര നാഥനായ പുഷ്കരാക്ഷൻ, സിന്ധുപാലനായ സിന്ധു ഷേണൻ, പാരസികാധീപനായ മേഘനാദൻ ഇ ങ്ങനെ ആ അഞ്ചു നാമങ്ങൾതന്നെ ഇതിലെഴുതി യാലോ? (ആലോചിച്ചു്) അതു പാടില്ല. ആദ്യമെഴ തുന്നതു് തീരെ അസ്പഷ്ടമായിത്തന്നെ ഇരിക്കണം. (എഴുതി വീണ്ടും വായിച്ചു്) ശാർങ്ഗരവാ,

(ശിഷ്യൻ അടുത്തുവന്നു് നില്ക്കുന്നു)

ചാണക്യൻ:—ശ്രോത്രിയന്മാരായ ഞങ്ങൾ എത്ര മനസ്സി രുത്തിയെഴുതിയാലും അക്ഷരവ്യക്തി വരില്ല. അതു കൊണ്ടു് ഇതു് സിദ്ധാർത്ഥകന്റെ കയ്യിൽകൊടുത്തു് അവനോടു ഇങ്ങനെ പറയണം. "ആക്കും വായി

ക്കാൻതക്കവണ്ണം വ്യക്തമായി ഈ എഴുത്ത് ശകടദാസനെക്കൊണ്ട് എഴുതിച്ച് അതുംകൊണ്ട് വേഗം ഇവിടെ വരണം. മേൽവിലാസം എഴുതിക്കേണ്ട. എൻെറ ആവശ്യത്തിനുള്ളതാണെന്ന് ശകടദാസനോട് പറകയുമരുത്." വേഗം പോക്കൂ. (ശിഷ്യൻ കത്തു വാങ്ങി പോകുന്നു)

ചാണക്യൻ:—(വിചാരം) ആവൂ! മലയകേതുവിനെ ജയിച്ചു.

(എഴുത്തുംകൊണ്ട് സിദ്ധാർത്ഥകൻ പ്രവേശിക്കുന്നു)

സിദ്ധാ:—ആര്യൻ ജയിച്ചാലും. ഇതാ ശകടദാസനെക്കൊണ്ട എഴുതിച്ച എഴുത്ത്.

ചാണക്യൻ:—(എഴുത്തുവാങ്ങിനോക്കിക്കൊണ്ട്) കൈപ്പട വളരെ രമണീയമായിരിക്കുന്നു. (വായിച്ചു നോക്കിയിട്ട്) എഴുത്ത് കൂട്ടിലിട്ട് പശവെച്ച് ഈ മുദ്രയടിക്കൂ.

(സിദ്ധാർത്ഥകൻ അതുപ്രകാരമൊക്കെ ചെയ്യുന്നു)

സിദ്ധാ:—എല്ലാം ശരിയാക്കി. ഇനി എന്താണാവോ ചെയ്യേണ്ടത്?

ചാണക്യൻ:—ആത്മസ്നേഹിതനാൽ മാത്രം നടത്തപ്പെടേണ്ടുന്ന ഒരു വലിയ കാര്യത്തിൽ നിന്നെ ഏല്പ്പെടുത്തുവാൻ വിചാരിക്കയാണു്.

സിദ്ധാ:—(സന്തോഷം നടിച്ച്) ഞാൻ അനുഗൃഹീതനായി. കല്പിക്കേണ്ട താമസമേയുള്ളൂ.

ചാണക്യൻ:—നീ വേഗം തൂക്കപ്പറമ്പിൽച്ചെന്ന് ഘാതകന്മാരെ, കോപം നടിച്ച് വലതുകണ്ണ് ചുളുക്കിക്കാണിക്കണം. അവർ കാര്യം മനസ്സിലാക്കി ഭയം ഭാവിച്ച് അങ്ങുമിങ്ങും ഓടിപ്പോകുന്ന തരത്തിൽ തൂക്കപ്പറമ്പിൽനിന്ന് നീ ശകടദാസനേയുംകൊണ്ട്

രാക്ഷസന്റെ സമീപം ചെല്ലണം. ബന്ധുവിന്റെ ജീവനെ രക്ഷിച്ചതുമൂലം സന്തുഷ്ടനായ രാക്ഷസൻ നിനക്ക് ചില സമ്മാനങ്ങളെല്ലാം തരാതിരിക്കയില്ല. നീ അവ സന്തോഷപൂൎവ്വം വാങ്ങി കുറച്ചു കാലം രാക്ഷസന്റെ അടുക്കൽത്തന്നേ പാൎക്കണം. പിന്നെ തക്കതായ അവസരത്തിൽ ഇതുപോലെയൊക്കെ പ്രവൎത്തിക്കയും വേണം.

(ചെവിയിൽ സ്വകാൎയ്യമായി പറയുന്നു)

സിദ്ധാ:—അതുപോലെയൊക്കെ ചെയ്യാം.

ചാണക്യൻ:—ശാൎങ്ഗരവാ,

(ശിഷ്യൻ വിളികേട്ട് അടുത്തുവന്ന് നില്ക്കുന്നു)

ചാണക്യൻ:—"ജീവസിദ്ധിയെന്ന് പേരുള്ള ബുദ്ധസന്ന്യാസി രാക്ഷസന്റെ പ്രേരണനിമിത്തം വിഷകന്യയെ പ്രയോഗിച്ച് പൎവ്വതകരാജാവിനെ നിഗ്രഹിക്കുകയാൽ അതേ കുററം ചുമത്തി അവനെ പട്ടണത്തിൽ നിന്ന് പുറത്താക്കണം" എന്നു മൌൎയ്യൻ കല്പിച്ചതായി കാലപാശികനോടും ദണ്ഡപാശികനോടും വേഗം പറഞ്ഞുകൊണ്ടു വരൂ.

(ശിഷ്യൻ പോകാൻ ഭാവിക്കുന്നു)

ചാണക്യൻ:—കുട്ടീ, പോകാൻ വരട്ടെ. ഒരു കാൎയ്യവും കൂടി പറയാനുണ്ട്. ആ കണക്കെഴുത്തുപിള്ള ശകടദാസനെന്നൊരുത്തനുണ്ടല്ലോ. അവൻ നമ്മെ ദ്രോഹിക്കുവാൻ മാത്രം തരം പാൎത്തിരിക്കുകയാണ്. അതുകൊണ്ടവനെ രാജദ്രോഹക്കുറ്റം ചുമത്തി ശൂലത്തിൽ കയറ്റാനും പറയുക. അവന്റെ വീട്ടിലുള്ളവരെ പിടിച്ച് ജയിലിലും വെയ്ക്കട്ടെ.

(ശിഷ്യൻ തൊഴുതു പോകുന്നു)

ചാണക്യൻ:—(വിചാരത്തോടുകൂടി സ്വാഗതം) ആ സിദ്ധാന്തിയായ രാക്ഷസനെ പിടി കിട്ടുകയില്ലേ ?

സിദ്ധാ:—ആര്യ്യ, കിട്ടി—

ചാണക്യൻ: —(സന്തോഷം നടിച്ചു വിചാരം) രാക്ഷസനെപിടി കിട്ടിയത്തുതന്നെ. (സ്പഷ്ടം) സിദ്ധാൎത്ഥക, എന്താണു് കിട്ടിയത്തു്?

സിദ്ധാ:—അവിടുത്തെ സന്ദേശം. അതുകൊണ്ടു് കാൎയ്യസാദ്ധ്യത്തിനായി ഇനി പോകാമല്ലോ.

ചാണക്യൻ:—(കത്തും മോതിരവും കൊടുത്തു്) ഇനി പോവുക. സകലസിദ്ധിയും നിനക്കു് ലഭിക്കട്ടെ!

(സിദ്ധാൎത്ഥകൻ തൊഴുതു് പോകുന്നു)

(ശിഷ്യൻ പ്രവേശിക്കുന്നു)

ശിഷ്യൻ:—'മഹാരാജാവിന്റെ കല്പനപ്രകാരം അടിയങ്ങളുടൻ പ്രവൎത്തിച്ചുകൊള്ളാം' എന്നു് കാലപാശികനും ദണ്ഡപാശികനും പറഞ്ഞു.

ചാണക്യൻ:—ശരി, നന്നായി. ഇനി രത്നവ്യാപാരിയായ ആ ചന്ദനദാസനെ കൂട്ടിക്കൊണ്ടുവരിക.

(ശിഷ്യൻ പോയി ചന്ദനദാസനോടുകൂടി പ്രവേശിക്കുന്നു)

ചന്ദന:—(വിചാരം) ചാണക്യൻ ഒരു വല്ലാത്ത നിൎദ്ദയനാണു്. വിചാരിച്ചിരിക്കാത്ത സന്ദൎഭത്തിലാണു് അയാളെന്നെ വിളിച്ചത്തും. കുററമൊന്നും ചെയ്യാത്തവനുപോലും ഈ 'തരുണത്തിൽ' ഉള്ളിലൊരു ഭയം തോന്നിപ്പോകും. അപരാധിയായ എന്റെ കാൎയ്യം പിന്നെ പറയാനുണ്ടോ ? 'അമാത്യരാക്ഷസന്റെ കളത്രത്തെ ശ്രദ്ധമായി സംരക്ഷിക്കുന്ന വിഷയത്തിൽ യാതൊരു അബദ്ധവും പറ്റിപ്പോകരുതെ'ന്നു്

ധനസേനനോടും മററും ഞാൻ പ്രത്യേകം നിഷ്കർഷ ചെയ്തിരിക്കുന്നതു് ഇതേവിചാരംകൊണ്ടു മാത്രമാണു്. എന്തെന്നാൽ കപടപടുവായ ദുഷ്ടചാണക്യൻ എപ്പോഴെങ്കിലും ചാടിക്കയറിവന്നു് ഗൃഹപരിശോധന ചെയ്യാമല്ലോ? എനിക്കു് ഏതാപത്തെങ്കിലും വന്നുകൊള്ളട്ടെ; അതിനെസ്സംബന്ധിച്ചു് യാതൊരു ഭയവുമില്ല.

ശിഷ്യൻ:—പ്രഭോ! ഇതിലേ വരു.

ചന്ദന:—ഇതാവരുന്നു.

(രണ്ടുപേരും ചുററിനടന്നു് ചാണക്യൻെറ അടുക്കൽ ചെല്ലുന്നു)

ശിഷ്യൻ:—ചന്ദനദാസപ്രഭു ഇതാ വന്നു നില്ക്കുന്നു.

ചന്ദന:—അവിടേയ്ക്കു് നമസ്കാരം.

ചാണക്യൻ:—(ഗൗരവത്തോടുകൂടി നോക്കിക്കൊണ്ടു്) പ്രഭുവിനു് ഞാൻ സ്വാഗതം പറയുന്നു. ആ പീഠത്തിലിരിക്കു.

ചന്ദന:—(നമസ്കരിച്ചു്) യോഗ്യതാനുസരണമല്ലാത്ത ഉപചാരം പരിഭവത്തേക്കാളധികം വ്യസനത്തിനു കാരണമാണെന്നതു് നീതിജ്ഞനായ അവിടേയ്ക്കു്തന്നെ അറിയാമല്ലോ. അതുകൊണ്ടു് അയോഗ്യനായ ഞാൻ ഈ വെറും നിലത്തുതന്നെ ഇരുന്നുകൊള്ളാം.

ചാണക്യൻ:—പ്രഭോ, അരുതരുതു്. ഇതു ഞാൻ അവശ്യം അനുഷ്ഠിക്കേണ്ട അതിഥിസല്ക്കാരമാണു്. അതുകൊണ്ടു് ആ പീഠത്തിൽത്തന്നെ ഇരുന്നേ മതിയാവൂ.

ചന്ദന:—(വിചാരം) ദുഷ്ടനായ ഇവൻ ഏതോ ഒന്നു് കരുതിവെച്ചിരിക്കുന്നു. (സ്പഷ്ടം) അവിടുത്തെ ഇഷ്ടം പോലെ.

(പീഠത്തിൽ ഇരിക്കുന്നു)

ചാണക്യൻ:—പ്രഭോ, വ്യാപാരത്തിന്ന് അഭിവൃദ്ധിയും തന്മൂലം നല്ല ആദായവും ഉണ്ടല്ലോ.

ചന്ദന:—(വിചാരം) അതിർകവിഞ്ഞ ആദരം ആപല്ക്കരമാണ്. (സ്പഷ്ടം) ഉണ്ട്; അങ്ങയുടേയും മററും അനുഗ്രഹംകൊണ്ട് വ്യാപാരത്തിന്നു തരക്കേടൊന്നുമില്ല.

ചാണക്യൻ:-നാട്ടുനീങ്ങിയ രാജാക്കന്മാരെത്തന്നെവീണ്ടും വീണ്ടും സ്മരിപ്പിക്കത്തക്കവണ്ണം ചന്ദ്രഗുപ്തന്റെ ഭരണദൂഷ്യം ദുസ്സഹമായിത്തീൎന്നിട്ടില്ലല്ലൊ.

ചന്ദന:—(ചെവിരണ്ടും അടച്ചുപിടിച്ചുകൊണ്ട്)ശാന്തം പാപം. ശരൽക്കാലത്തെ പൂൎണ്ണചന്ദ്രൻെറ പൂനിലാവിനെപ്പോലെ മഹാരാജാവിൻെറ ഐശ്വൎയ്യാഭിവൃദ്ധിയെ പ്രജകരം സകൌതുകം നിരീക്ഷണം ചെയ്യുന്നു.

ചാണക്യൻ:—ഇങ്ങനെയാണെങ്കിൽ എല്ലാ രാജാക്കന്മാരും സന്തുഷ്ടരായ പ്രജകളിൽനിന്ന് ഒരു പ്രത്യപകാരത്തെ ആശിക്കാറുണ്ടല്ലൊ.

ചന്ദന:—എന്ത് എത്രമാത്രമാണ് വേണ്ടതെന്ന് കല്പിക്കേണ്ട താമസം മാത്രമേയുള്ളൂ.

ചാണക്യൻ:—ചെട്ടിയാരെ, ആനന്ദന്റെ കാലം കഴിഞ്ഞുപോയി; ചന്ദ്രഗുപ്തനാണ് ഇപ്പോഴത്തെ നാടുവാഴി; താൻ ഇതറിഞ്ഞില്ലെന്നുണ്ടോ? 'പണമേ ദൈവം' എന്ന് വിചാരിച്ച് അതിന്നുവേണ്ടി എന്തും ചെയ്വാൻ മടിക്കാത്ത നന്ദന് മാത്രമേ പണക്കിഴി വേണ്ടൂ; ചന്ദ്രഗുപ്തൻെറ ആവശ്യം നിങ്ങളുടെ സുഖസ്ഥിതിയാണ്.

ചന്ദന:—(സന്തോഷം നടിച്ച്) ഞാൻ അനുഗൃഹീതനായി.

ചാണക്യൻ:—ആ സുഖവാസം എങ്ങിനെയാണുണ്ടാവുകയെന്ന് ചെട്ടിയാരെന്താ ചോദിക്കാത്തതു് ?

ചന്ദന:—പറഞ്ഞുതരുവാനപേക്ഷ.

ചാണക്യൻ:—രാജാവിന്നു് അഹിതമായി ഒന്നും തന്നെ ചെയ്യാതിരിക്കുകയാണു് മുഖ്യമായി വേണ്ടതു്.

ചന്ദന:—പൊന്നുതമ്പുരാൻ തിരുമനസ്സിലേയ്ക്കു് വിപരീതം പ്രവൎത്തിക്കുന്ന ആ നിൎഭാഗ്യവാൻ ആരാണാവോ?

ചാണക്യൻ:—അതിൽ തലവൻ താൻതന്നെയാണു്.

ചന്ദന:—(ചെവി പൊത്തിക്കൊണ്ടു്) ശാന്തം പാപം. ശാന്തം പാപം. ഉണക്കപ്പുല്ലു് തീയിനോടു് പിണങ്ങി നില്ക്കുകയോ?

ചാണക്യൻ:—ഇതു് അക്കൂട്ടത്തിലൊന്നാണു്. രാജാവിന്നു് വിരുദ്ധമായി സൎവ്വദാ പ്രവൎത്തിക്കുന്ന അമാത്യരാക്ഷസന്റെ കളത്രത്തെ നീ ഇപ്പോഴുംകൂട്ടി നിന്റെ വീട്ടിൽ ഒളിപ്പിച്ചിരിക്കുന്നതെന്താണു്?

ചന്ദന:—ഇതു് വെറും വ്യാജപ്രസ്താവമാണു്. ഒന്നുമറിയാൻ വയ്യാത്ത ഏതോ ഒരു മണ്ടൻ വന്നു് എന്തോ പറഞ്ഞു് അങ്ങയെ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നു.

ചാണക്യൻ:—ചെട്ടിയാരേ, സംശയിക്കേണ്ടാ. ഇതൊരസാധാരണമായ രീതിയും മറവുമല്ല. ശത്രുഭീതന്മാരായി നാടുവിട്ടുപോവാനൊരുങ്ങിയ പല രാജാക്കന്മാരും ഇങ്ങിനെ ചെയ്തിട്ടുള്ളതായി കേട്ടിട്ടുണ്ടു്. പക്ഷെ, അധികൃതന്മാരുടെ അടുക്കൽ അക്കാൎയ്യം മറച്ചുവെയ്ക്കുന്നതു് പില്ക്കാലത്തിൽ ആപല്ക്കരമായി പരിണമിക്കും.

ചന്ദന:—ഇതിങ്ങനെയൊന്നുമല്ല. അന്നു് കുറച്ചു ദിവസമോ മറ്റോ അവരെന്റെ വീട്ടിൽ പാൎത്തിരുന്നു.

ചാണക്യൻ:—ഇല്ല—ഉണ്ടായിരുന്നു—എന്നിങ്ങനെ പരസ്പരവിരുദ്ധമായി ചെട്ടിയാർ സംസാരിക്കുന്നുവല്ലൊ.

ചന്ദന:—അതെൻെറ ഓൎമ്മക്കേടുകൊണ്ടു് പറ്റിപ്പോയതാണു്. അവിടുന്നു് ക്ഷമിക്കണം.

ചാണക്യൻ:—എടോ ചെട്ടിയാരേ, ചന്ദ്രഗുപ്തൻെറ രാജ്യത്തിൽ കളവിനും വഞ്ചനയ്ക്കും ആയുസ്സില്ലെന്നു് മനസ്സിലാക്കിക്കൊൾക. താൻ സത്യസന്ധനാകണമെങ്കിൽ രാക്ഷസന്റെ കളത്രത്തെ ഉടൻ സമൎപ്പിക്കണം.

ചന്ദന:—യജമാനനേ, അക്കാലത്തു് അവരെൻെറ ഗൃഹത്തിലുണ്ടായിരുന്നുവെന്ന പരമാൎത്ഥം ഞാൻ ബോധിപ്പിച്ചുവല്ലോ.

ചാണക്യൻ:—എന്നാൽ ഇപ്പോഴെവിടെപ്പോയി?

ചന്ദന:—എന്തോ! എനിക്കറിഞ്ഞുകൂടാ.

ചാണക്യൻ:—(ചിരിച്ചുകൊണ്ടു്) അറിഞ്ഞുകൂടാ അല്ലേ? ചെട്ടിയാരേ, ആപത്തു് തന്റെ തലയിലും, അതിന്റെ പ്രതിവിധി വളരെ അകലത്തുമാണു്. നല്ലവണ്ണം ഓൎമ്മിച്ചുകൊൾക.

ചന്ദന:—(വിചാരം) മഴക്കാറു് മണ്ടയ്ക്കു് നേരേ മുകളിൽ തിങ്ങിക്കൂടിക്കഴിഞ്ഞു. പ്രിയതമയോ, വളരെ ദൂരസ്ഥലത്തു് താമസിക്കുന്നു. എന്തു ചെയ്യും?

ചാണക്യൻ:—ഇനിയൊരു കാൎയ്യംകൂടി പറഞ്ഞേയ്ക്കാം. നന്ദവംശത്തെ ഈ വിഷ്ണുഗുപ്തൻ (ലജ്ജാപൂൎവ്വം മുഖം കുനിച്ചു്) നിശ്ശേഷം നശിപ്പിച്ചതുപോലെ, ചന്ദ്രഗുപ്തനെ രാക്ഷസൻ നിഗ്രഹിക്കുമെന്നു് സ്വപ്നത്തിൽപോലും വിചാരിക്കേണ്ടാ. നന്ദൻ വാണിരുന്ന കാലത്തു് നയകോവിദന്മാരും പരാക്രമശാലികളുമായ വക്രനാസൻ തുടങ്ങിയ മന്ത്രീശ്വരന്മാർ വളരെയൊ

ക്കെ കിണഞ്ഞു പണിഞ്ഞിട്ടും കേവലം അസ്ഥിരയായ രാജലക്ഷ്മി ഇതാ ഇപ്പോൾ ചന്ദ്രഗുപ്തനിൽ സ്ഥിരപ്രതിഷ്ഠിതയായിരിക്കുന്നു. ഇനി അതിനൊരു ഇളക്കമുണ്ടാക്കാമെന്നു് വിചാരിക്കാൻപോലും ആൎക്കാണു് കഴിയുക? എത്ര ചിന്തിച്ചാലും അതുപോലെ പ്രവൎത്തിക്കാനൊരുത്തനാലും സാദ്ധ്യമല്ല.

കേൾക്കുക:—

(മദിച്ച കൊലകൊമ്പനാന—ഇത്യാദി പദ്യം ചൊല്ലുന്നു)

ചന്ദനദാ:—(വിചാരം) ഇവന്റെ ആത്മപ്രശംസ ഫലത്തോടു് സംയുക്തമായിരിക്കുന്നു.

(അണിയറയിൽ 'കളകള' ശബ്ദം കേൾക്കുന്നു)

ചാണക്യൻ:—ശാൎങ്ഗരവാ, പട്ടണത്തിൽനിന്നു് എന്താ ഒരു ലഹള കേൾക്കുന്നതു്? പോയി അറിഞ്ഞുവരൂ.

(ശിഷ്യൻ പോയി തിരിയെ പ്രവേശിക്കുന്നു)

ശിഷ്യൻ:—രാജദ്വേഷിയായ ജീവസിദ്ധിയെ മഹാരാജാവു് തിരുമനസ്സിലെ കല്പനപ്രകാരം പട്ടണത്തിൽനിന്നു പുറത്താക്കുന്നതിനെസ്സംബന്ധിച്ച ലഹളയാണിതു്.

ചാണക്യൻ:—ക്ഷപണകാ, കഷ്ടം കഷ്ടം! അല്ലെങ്കിൽ ഞാനെന്തിനു വ്യസനിക്കുന്നു? രാജദ്രോഹത്തിനായി തുനിഞ്ഞതിന്റെ ഫലം അവനു കിട്ടി. ചെട്ടിയാരേ, വിരോധികളെ ചന്ദ്രഗുപ്തൻ ശിക്ഷിക്കുന്ന രീതി ഇതാണു്; അതുകൊണ്ടു് ഞാൻ സ്നേഹപൂൎവ്വം പറയുന്നതുപോലെ ചെയ്യുകയാണുത്തമം. രാക്ഷസന്റെ കളത്രത്തെ സമൎപ്പിച്ചു് രാജാവിന്റെ വിശിഷ്ടമായ അനുഗ്രഹം വാങ്ങി സുഖമായിരിക്കുക.

ചന്ദനദാ:—എന്റെ ഗൃഹത്തിൽ രാക്ഷസകളത്രം പാൎക്കുന്നില്ല.

(വീണ്ടും അണിയറയിൽനിന്നു് കളകളശബ്ദം കേൾക്കുന്നു)

ചാണക്യൻ:—ശാർങ്ഗരവാ, പിന്നെയും കേരംക്കുന്നല്ലോ. അറിഞ്ഞുവരൂ. (ശിഷ്യൻ പോയി തിരിയെ പ്രവേശിക്കുന്നു)

ശിഷ്യൻ:—രാജദ്രോഹിയായ കണക്കെഴുത്തു് ശകടദാസനെ ശൂലത്തിൽ കയററുവാൻ കൊണ്ടുപോകുമ്പോഴത്തെ കോലാഹലമാണിതു്.

ചാണക്യൻ.—അവനും സ്വന്തം പ്രവൃത്തിയുടെ ഫലം അനുഭവിക്കട്ടെ. ചെട്ടിയാരേ, താനിതും കേട്ടല്ലൊ. ഇങ്ങനെയൊക്കെയാണു് ചന്ദ്രഗുപ്തൻെറ ദണ്ഡനീതിക്രമം. തെററു് ആരുതന്നെ ചെയ്താലും അദ്ദേഹം അവനെ കഠിനമായി ശിക്ഷിക്കും. രാക്ഷസകളത്രത്തെ താൻ മറച്ചു പാർപ്പിച്ചിരിക്കുന്ന മഹാപരാധം ഒരിക്കലും ക്ഷമിക്കത്തക്കതല്ല. അതിനാൽ പരകളത്രത്തെ സമർപ്പിച്ചു് സ്വകളത്രത്തേയും പ്രാണനേയും രക്ഷിച്ചുകൊരംക.

ചന്ദന:—അവിടുന്നു് എന്നേ പേടിപ്പിക്കുന്നുവല്ലോ; അമാത്യരാക്ഷസൻെറ സഹധർമ്മിണി എന്റെ ഗൃഹത്തിലുണ്ടെങ്കിൽ തന്നെയും ഞാനിവിടെ കൊണ്ടുവരുവാൻ വിചാരിക്കയില്ല. ഇല്ലാഞ്ഞാൽ പിന്നെ പറയേണ്ടതില്ലല്ലോ.

ചാണക്യൻ:—ചന്ദനദാസ, ഇതു നിശ്ചയമാണോ ?

ചന്ദന:—അതേ; ഇതുറച്ച കാര്യമാണു്.

ചാണക്യൻ:—(വിചാരം) ശുദ്ധാത്മാവായ ചന്ദനദാസാ, നിൻെറ നിശ്ചയം എത്ര മഹത്തരം! അന്യൻെറ മുതൽ സമർപ്പിക്കുന്നാപക്ഷം വലിയ ധനലാഭം ഉണ്ടാകുമെന്നിരിക്കേ, അതുപേക്ഷിച്ചു്, ആത്മരക്ഷയെ നിസ്സാരമാക്കി തള്ളി ശിബിചക്രവത്തിയെപ്പോലെ, ഈ കലിമൂത്ത കാലത്തു് ഒരു കച്ചവട

ക്കാരൻ പ്രവൎത്തിക്കയോ? അത്ഭുതം തന്നെ. (സ്പഷ്ടം) നല്ലവണ്ണം ആലോചിച്ചു് മറുപടി പറയൂ. ഇതു തന്നെയാണോ തന്റെ ദൃഢനിശ്ചയം ?

ചന്ദന:—അതേ; സംശയമില്ല.

ചാണക്യൻ:—(കോപം നടിച്ചു്) എടാ കള്ളച്ചെട്ടിയാരേ, ദുഷ്ട ! രാജശിക്ഷ അനുഭവിക്കുവാൻ നീ തയാറായിക്കൊൾക.

ചന്ദന:—ഞാനതിന്നു് തയാറായിത്തന്നെയാണു് വന്നിരിക്കുന്നതു്. നിങ്ങൾ നിങ്ങളുടെ അധികാരം പോലെയൊക്ക പ്രവൎത്തിച്ചുകൊള്ളൂ.

ചാണക്യൻ:—ശാൎങ്ഗരവാ, ഈ ദുഷ്ടനെപ്പിടിച്ചു് ഉടൻ വെട്ടിക്കൊല്ലുവാനായി കാലപാശികനോടും ദണ്ഡപാശികനോടും പറഞ്ഞുവരു. അല്ലെങ്കിൽ വേണ്ട. ഇവനെ കുടുംബത്തോടുകൂടി വിലങ്ങുവെച്ചു് തടവിലിടുവാനും, ഇവൻെറ മുതലെല്ലാം സൎക്കാരിലേയ്ക്കു കണ്ടുകെട്ടുവാനും ദുൎഗ്ഗപാലകനോടും വിജയപാലകനോടും പറയുക. ഇവന്നു് മരണശിക്ഷ വൃഷലൻതന്നെ വിധിക്കട്ടെ.

ശിഷ്യൻ:—അങ്ങനെ പറയാം. ചെട്ടിയാരേ, ഇതിലേ വരിക.

ചന്ദന:—ഇതാ ഞാൻ വരുന്നു. (വിചാരം) ഞാൻ മരിക്കുന്നതു് എന്റെ ദോഷംകൊണ്ടല്ല; ഒരു ഉത്തമബന്ധുവിന്നുവേണ്ടിയാണു്. ഞാൻ ഭാഗ്യവാൻതന്നെ.

(ശിഷ്യനും ചന്ദനദാസനും പോകുന്നു)

ചാണക്യൻ:— (സന്തോഷം നടിച്ചു്) ആവൂ !! രാക്ഷസൻ കയ്യിൽപെട്ടു. എന്തെന്നാൽ,

രാക്ഷസൻെറ കൊട്ടതാംവിപത്തിലി-
ട്ടാസനാത്മ ബലിചെയ്ത പോലവേ,
തദപിനാശമശ കണ്ടുകൊണ്ടിരു-
ന്നീടുകില്ലവനമീങ്ങു നിശ്ചയം.

(അണിയറയിൽ കളകളശബ്ദം കേൾക്കുന്നു)

ചാണക്യൻ:-ശാർങ്ഗരവാ, ഏന്താണീലഹളയ്ക്കു കാരണം?

ശിഷ്യൻ:—(ഓടിവന്നു സ്മരണ നടിച്ച്) ശകടദാസനെ ശൂല ത്തിൽ കയറ്റാൻ തുടങ്ങിയ സമയം സിദ്ധാൎത്ഥകൻ പെട്ടെന്നു ചെന്ന് രക്ഷപ്പെടുത്തി അവനോടുകൂടി ഓടിക്കളഞ്ഞു. അപ്പോൾ ജനങ്ങളുണ്ടാക്കിയലഹള യാണിത്.

ചാണക്യൻ:—(വിചാരം) ഏന്നേ മിട്ടക്കാ, നീ പ്രവൃത്തിയി ലേർപ്പെട്ടു കഴിഞ്ഞുവല്ലോ. (സ്പഷ്ടം) ഏന്ത്? ബലാ ല്ക്കാരേണ ഓടിക്കളഞ്ഞുവോ ? (കോപംനടിച്ച്) ഭാഗു രായണനോട് വേഗംചെന്ന് അവനെ പിടിച്ചു കൊണ്ടുവരുവാൻ പറയൂ.

(പോയി തിരിയെ പ്രവേശിച്ച്)

ശിഷ്യൻ:—(വിഷാദം നടിച്ച്) ഹാ ! കഷ്ടം ! ഭാഗുരായണനും ഓടിക്കളഞ്ഞു.

ചാണക്യൻ:-(വിചാരം) കാൎയ്യസാദ്ധ്യത്തിനായി പോകട്ടെ. (സ്പഷ്ടം, കോപം നടിച്ച്) ഏന്നാൽ, ഭദ്രഭടൻ പുരു ഷദത്തൻ, ഡിങ്ഗരാതൻ, ബലഗുപ്തൻ, രാജസേ നൻ, ലോഹിതാക്ഷൻ, വിജയവൎമ്മൻ ഏന്നിവ രോടെല്ലാം ഒത്തുകൂടി ഓടിച്ചെന്ന് ദുഷ്ടനായ ആ ഭാഗുരായണനെ പിടിച്ച് ബന്ധനത്തിലാക്കാൻ പറയൂ.

(പോയി തിരിയെ പ്രവേശിച്ച് വിഷാദത്തോടുകൂടി)

ശിഷ്യൻ:—അയ്യോ! കഷ്ടം! നമ്മുടെ തന്ത്രമൊക്കെ തെറ്റിപ്പോയല്ലോ. അവരെല്ലാം ഇന്നുദിക്കുന്നതിനുമുമ്പേ തന്നെ നാട്ടുവിട്ടു് പോയത്രെ.

ചാണക്യൻ:-(വിചാരം) എല്ലാം മംഗളമായിവരട്ടേ. (സ്പഷ്ടം) കുഞ്ഞേ, നീ എന്തിനാണു് വ്യസനിക്കുന്നതു്? അവരൊക്കെ ഉള്ളിലേതോ ചതി കരുതി വെച്ചിട്ടുള്ളവരാണു്. അതാണു് നേരത്തേക്കൂട്ടി ചാടിക്കളഞ്ഞതു്. ഇനിയുള്ളവരും പോകാൻ ആഗ്രഹമുള്ളവരാണെങ്കിൽ തോന്നുംപടി പൊയ്ക്കൊള്ളട്ടേ. എനിക്കു അതുകൊണ്ടൊന്നും യാതൊരു കുലുക്കവും ഇല്ല. നന്ദനെ ഉന്മൂലനാശം ചെയ്യതുകൊണ്ടുതന്നെ മാററും മഹിമയും പ്രസിദ്ധമായിട്ടുള്ള എന്റെ ബുദ്ധി എങ്ങും പോകാതിരിക്കുന്നപക്ഷം ഞാൻ സകല കാര്യങ്ങളും നിർവഹിച്ചുകൊള്ളാം. അനവധി സൈന്യങ്ങളെക്കാളധികം ശക്തി അതിനുണ്ടെന്നെനിക്കു് ദൃഢനിശ്ചയം വന്നിരിക്കുന്നു. (എഴുന്നേററു മേല്പോട്ടു നോക്കിക്കൊണ്ടു്) ഞാൻ ദുഷ്ടന്മാരായ ഭദ്രഭടാദികളെ പിടിക്കുന്നുണ്ടു്. (വിചാരം) രാക്ഷസ, ഇനി അങ്ങു് എവിടെപ്പോകും? ഞാനുടൻ അങ്ങയെ,

ഒററയ്ക്കിഷ്ടപ്പടിക്കൽക്കടതരവിഗള-
ദ്ദാനനീർചാടി വല്ലാ-
തുത്സേകോദ്ഭ്രന്മദം പൂണ്ടലറിനടമിട്ടു-
ന്നൊരുകാട്ടാനയെപ്പോൽ
എങ്ങും ഭംഗം പെടാതുള്ളൊരുമമ മതിയാൽ
കെട്ടിനിത്തിക്ഷണത്തിൽ
ചന്ദ്രശ്രീക്കുള്ള മന്ത്രീശപരപദമമലം
സൽഗുണാധാരമാക്കും.

(എല്ലാവരും പോയി)

# രണ്ടാമങ്കം

(ഒരു പാമ്പാട്ടി പ്രവേശിക്കുന്നു)

പാമ്പാട്ടി:—(പാടുന്നു)

ആടുപാമ്പേ പണം തേടുപാമ്പേ
സുമധുരവാർത്തചൊന്നാടുപാമ്പേ!
തൊന്തരവോർത്താലിപ്പാമ്പിനേയും
ചന്തത്തിൽ സേവിപ്പാനരചനേയും. (ആടുപാമ്പേ!)
മന്തിരം കാക്കണം തന്തരം വേണം
മണ്ഡലം കാക്കണം വിത്യകരം വേണം. (ആടുപാമ്പേ!)

(ആരോ ചോദിച്ചതായി നടിച്ചു് മേൽപ്പോട്ടു് നോക്കിക്കൊണ്ടു്)

ഏമാന്നേ, അങ്ങുന്നെന്താണു് ചോദിച്ചേ? "നീ ആരാ" ന്നോ? ഏമാന്നേ, അട്ഏനൊരു പാമ്പാട്ട്യാ. ജിന്ന വിശൻ എന്നാ അടിയത്തിന്റെ പേരു്. അങ്ങുന്നെന്താ പറേണെ? "പാമ്പിന്റെ കളികാണാൻ കൊതിക്ക്ണു" ന്നോ? അങ്ങുന്നാരാ? എന്താ പറഞ്ഞേ? "കോലോത്തെ ഇട്ഠനാ"ന്നോ? ഓ. എന്നാ അങ്ങുന്നു് സ്ലി കളിപ്പിക്കുലോ! മന്ത്രോം മരുന്നും മനച്ചിലാവാത്ത പാമ്പാട്ടീം, മതിച്ചു ആനേന്റെ പുറത്തിരിക്കുന്നോനും, അതികാരംകിട്ടിയോനും പെരും കൊതിയേനുമായ കോലോത്തെ ഇട്ഠനും ഒക്കേം തൊലഞ്ഞു പാതിരിക്കുലാ. എന്നോ! ഓൻ കണ്ടൂട്ടമ്പം തന്നൊ ഓടീലേലാ. (മേല്പോട്ടു് നോക്കിക്കൊണ്ടു്) അയ്യയ്യ!! ദാരെ ശമാൻ. (ചെവിയോർത്തു) ഏമാൻ എന്താ ചോതിച്ചേ? "ഈ കൂടേലെന്തരു്" ന്നോ? അങ്ങുന്നേ വയറുപിഴപ്പിനുള്ള പാമ്പാ. "കളികാണണ"ന്നോ പിന്നേം പറയ്ണേ? മോ കോംണ്ടെങ്കീ ആ കാണുന്ന വീട്ടിലേയ്ക്കുംവാ. എന്ത്രു്?

ഇതു് അമാത്തരാച്ചതൻെറ വീടാ. ഞങ്ങക്കു് വരാംപാട്ട ലെ”ന്നോ? എന്നാ ഏമാൻ ഏമാന്റെ പാടിനു്പൊക്കൊ. പിച്ചയ്ക്കു് എവിടേം കേറാം. ഓന്നും ഓടീലോ. (വിചാരം) ചാണക്യൻെറ തീക്ഷ്ണബുദ്ധിയാൽ സുരക്ഷിതനായിരിക്കുന്നിടത്തോളംകാലം ചന്ദ്രഗുപ്തനെ ഉദ്ദേശിച്ചു് അമാത്യരാക്ഷസൻ ചെയ്യുന്ന തന്ത്രങ്ങളൊക്കെ നിഷ്പ്രയോജനങ്ങളാണെന്നു് തോന്നിപ്പോകുന്നു. അതുപോലെതന്നെ, രാക്ഷസബുദ്ധിയാൽ പരിരക്ഷിതനായ മലയകേതുവിനെ സ്മരിക്കുമ്പോൾ ചന്ദ്രഗുപ്തൻെറ പദവി ചഞ്ചലമായിട്ടും കാണപ്പെടുന്നു. ആശ്ചര്യംതന്നെ. ഈ രണ്ടു മഹത്പ്രകൃതികളുടെ ആഘാതപ്രത്യാഘാതങ്ങളുടെ അന്തരാളത്തിൽപ്പെടുകയാൽ നന്ദൈശ്വര്യത്തിന്റെ പ്രതിഷ്ഠ സംശയാസ്പദമാണു്. ഐശ്വര്യദേവത ഈ വിപരീതശക്തികളുടെ ഇടയിൽകിടന്നു് കഷ്ടപ്പെടുന്നു. ഏതായാലും അമാത്യരാക്ഷസനെ കാണാം.

(ചുററിനടന്നു പാമ്പിനെകളിപ്പിച്ചുകൊണ്ടു ഒരിടത്തിരിക്കുന്നു)
(അനന്തരം ചിന്താധീനനായ രാക്ഷസൻ ഒരു ശിഷ്യനോടുകൂടി ആസനസ്ഥനായി പ്രവേശിക്കുന്നു)

രാക്ഷസൻ:—(കണ്ണുനീർ വാർത്തു്) കഷ്ടം കഷ്ടം! ആ ഉൽകൃഷ്ടരാജരത്നങ്ങൾ അകാലസമുദ്രത്തിൽ താഴ്ത്തപ്പെട്ടല്ലൊ. യാദവതുല്യന്മാരായ ആ പുരുഷകേസരികൾ, പ്രശസ്തമായ നീതി, അധൃഷ്യമായ പരാക്രമം എന്നീഗുണങ്ങൾകൊണ്ടു് മാത്രമാണു് ശത്രുസംഹാരം ചെയ്തു് വന്നിരുന്നതു്. കഷ്ടം! നിർദ്ദയനായ ദുഷ്ടദൈവം അവരിലൊരു കുഞ്ഞുപോലും ജീവിച്ചിരിക്കാത്തവിധം നശിപ്പിച്ചല്ലോ. ഞാനിതാ രാപ്പകൽചിന്താസന്തപ്ത

നായിവാഴുന്നു. തന്മൂലം എന്റെപ്രവൃത്തികളെല്ലാം ചുമരില്ലാതെ ചിത്രമെഴുതുന്ന മട്ടിലായി. (ആലോചന നടിച്ചു്) അല്ലെങ്കിൽ, എന്റെ സ്വാമിഭക്തിക്കുറവുകൊണ്ടോ സുഖാനുഭവേച്ഛയാലോ വന്നുകൂടിയ കഷ്ടാവസ്ഥയല്ലല്ലോ ഇതു്. മരണത്തെപ്പറ്റി പേടിയോ, ആത്മപ്രതിഷ്ഠയിൽ ആശയോ എനിക്കു ലേശംപോലുമില്ല. ഞാനിതാ ഇപ്പോൾ പരദാസ്യത്തില്പെട്ടു് നീതികൾ ആരായുന്നു. ഇതു് ശത്രുവധം ചെയ്തു് സ്വർഗ്ഗസ്ഥരായ എന്റെ തമ്പുരാക്കന്മാരെ സംതൃപ്തരാക്കണമെന്ന ഒരേ ഒരു വിചാരത്താൽ മാത്രം ചെയ്യപ്പെടുന്നതാണു്. (മേല്പോട്ടുനോക്കി കണ്ണീർ വാർത്തു്) അല്ലയോ ലക്ഷ്മീദേവി, നീ നന്മതിന്മകളെ തിരിച്ചറിവാൻ വശമില്ലാത്ത ഒരു മൂഢയായിത്തീൎന്നല്ലോ. ആനന്ദമൂൎത്തിയായ നന്ദരാജാവിനെ ഉപേക്ഷിച്ചു്, നീ അദ്ദേഹത്തിന്റെ ശത്രുവായ ചന്ദ്രഗുപ്തനെ അല്ലേ ഇപ്പോൾ വരിച്ചിരിക്കുന്നതു്? മദമത്തനായ ഗജം മരിച്ചുവീഴുമ്പോൾ മദജലവും നശിക്കുന്നതുപോലെ, മഹാരാജാവു് തീൎപ്പെട്ടതോടുകൂടിത്തന്നെ നിനക്കും നശിക്കാമായിരുന്നില്ലേ? എന്നാൽ ഇതിലും എത്ര ഭേദമായിരുന്നു. അല്ലെങ്കിൽ നിന്നെ കുറ്റം പറഞ്ഞിട്ടു് ഒരു പ്രയോജനവുമില്ല. "അട്ടയ്ക്കുപെട്ടതു പൊട്ടക്കുളം." ഹീനയായ നീ നീചവംശത്തിൽ പിറന്ന അവനെ വരിച്ചു. ശ്രേഷ്ഠന്മാരായ രാജാക്കന്മാർ വളരെ ഉണ്ടായിരുന്നിട്ടും നിനക്കിങ്ങനെ ചെയ്വാൻ തോന്നിയതു് നിന്റെ നീചത്വം കൊണ്ടാണല്ലോ. വിശേഷിച്ചും, കാശപ്പൂവിന്റെ അററം

പോലെ ചപലമായ സ്ത്രീഹൃദയത്തിന്നു് പുരുഷഗു ണങ്ങളെ വിവേചിച്ചറിയുവാനുള്ള പാടവം ലേശ വും ഇല്ലതന്നെ. എന്നാലും, കേവലം ഗർവ്വിഷ്ഠയായ നിന്നെ നിന്റെ രക്ഷിതാവിനോടുകൂടി ഞാനുടൻ നശിപ്പിക്കുകതന്നെ ചെയ്യും. (ആലോചന നടിച്ചു്) നഗരംവിട്ടു പോരുമ്പോൾ ആത്മസ്നേഹിതനായ ചന്ദനദാസൻെറ ഭവനത്തിൽ പ്രിയയെ പാർപ്പി ച്ചതു് ഇപ്പോൾ വളരെ ഉചിതമായി തോന്നുന്നു. 'പുഷ്പപുരത്തെ ആക്രമിക്കുന്ന കാര്യത്തിൽ രാക്ഷ സൻ അല്പവും ഉദാസീനനല്ല' എന്നൊരു ധാരണ ഈ പ്രവൃത്തിമൂലം, സഹകരിച്ചു് പ്രവർത്തിക്കേണ്ടു വരായ നന്ദഭൃത്യന്മാൎക്കുണ്ടാകാതിരിക്കുകയില്ല. ചന്ദ്ര ഗുപ്തനെ അപായപ്പെടുത്തുവാനായി അയയ്ക്കപ്പെട്ട വരെ വേണ്ടവിധം സന്നദ്ധരാക്കുന്നതിനും, ശത്രുക്ക ളുടെ തന്ത്രങ്ങൾ സൂക്ഷിച്ചറിയുന്നതിനും, ആയി അനവധി പണം കൊടുത്തു് ശകടദാസനെ അവി ടെത്തന്നെ താമസിപ്പിക്കയും ചെയ്തിരിക്കുന്നു. ശത്രു കൃത്യങ്ങൾ അപ്പൊഴപ്പൊഴറിവിക്കുന്നതിനും, അവ രുടെ സംഘടനകളെ തട്ടിയുടയ്ക്കുന്നതിനുമായിജീവ സിദ്ധി തുടങ്ങിയ പ്രിയസ്നേഹിതന്മാരെ നിയോഗി ച്ചിട്ടുമുണ്ടു്. എന്തിനതൊക്കെ വിസ്തരിക്കുന്നു? പുത്ര ന്മാരിൽ അത്യന്തം പ്രിയത്തോടുകൂടിയിരുന്ന എന്റെ മഹാരാജാവു്, ഏതൊരു കടുവാക്കുട്ടിയെ വളർത്തിയ തുകൊണ്ടാണോ സമൂലനാശം പ്രാപിച്ചതു്, ആ ദുഷ്ടജന്തുവിൻെറ മർമ്മങ്ങളെ എന്റെ ബുദ്ധിയാകുന്ന ക്രൂരമ്പുകൊണ്ടു്, അദൃഷ്ടമായ ദൈവശക്തി തടസ്സ

പ്പെട്ടത്താത്തപക്ഷം, കുത്തിപ്പിളക്കുമെന്നു് ഞാനി
താ പ്രതിജ്ഞചെയ്യുന്നു.

(ഒരു കഞ്ചുകി പ്രവേശിക്കുന്നു)

കഞ്ചുകി:—അമ്പ! കാലത്തിൻെറ ഒരു മാറ്റം! വയസ്സ
നൊന്നും വയ്യേ അാ ചാണക്യന്റെ തന്ത്രം നന്ദമഹാ
രാജാവിനെ നശിപ്പിച്ചതുപോലെ ജര കയറിവന്നു.
എൻെറ സകല കാമത്തേയും കട്ടെടുത്തു കഴിഞ്ഞു.
ഇപ്പോഴത്തെ നോട്ടം മൌര്യന്നു് നാട്ടിൽ നേട്ടംകിട്ടി
യതുപോലെ ധമ്മത്തിലേയ്ക്കാണു്. ആതു് പിന്നെ
പ്പിന്നെ കൂടിവരുന്നു. എന്നാലതിനുമുണ്ടു് ഒരു
കുഴപ്പം. അമാത്യരാക്ഷസൻ ചന്ദ്രഗുപ്തനെ ജയി
പ്പാൻ തുടങ്ങിയതു സാധിക്കാതെ കുഴങ്ങിയിരിക്ക
യാണല്ലോ, അപ്പോലെ ഇഷ്ടസേവാലാഭം ആ ധമ്മ
ത്തോടു മല്ലാടി നോക്കുകയാണു്. എന്താ നിവൃത്തി?
(ചുററി നടന്നിട്ടു്) ഇതാണു് അമാത്യരാക്ഷസൻെറ
ഭവനം. അങ്ങോട്ടു് ചെല്ലാം. (രാക്ഷസൻെറ അടുക്കൽ
ചെന്നു്) അവിടേയ്ക്കു് നമസ്കാരം!

രാക്ഷസൻ:—ജാജലേ! സ്വാഗതം. പ്രിയംവദകാ, പീഠം
കൊണ്ടുവരു.

(പ്രിയംവദകൻ പീഠംകൊണ്ടുവന്നു് കഞ്ചുകിയെ ഇരുത്തുന്നു)

കഞ്ചുകി:—അമാത്യാ, മലയകേതുരാജാവുതിരുമനസ്സ
കൊണ്ടു് അവിടുത്തെ ഇങ്ങനെ അറിവിക്കുന്നു:—
"വളരെക്കാലമായിട്ടു് ആര്യൻ ഉചിതമായ സംസ്കാ
രങ്ങളൊന്നും ചെയ്തുകാണാത്തതു് എനിക്കു് വലിയ
വ്യസനത്തിനു കാരണമായിരിക്കുന്നു. നാടുനീങ്ങിയ
രാജാക്കന്മാരുടെ അപദാനങ്ങളെ സ്മരിക്കുകനിമി
ത്തം ഉണ്ടാവുന്ന ആ വ്യസനം പെട്ടെന്നു മാഞ്ഞു

പോകാത്തതുതന്നെയാണെങ്കിലും, അവിട്ടന്നു് ഇതു സ്വീകരിക്കണം." (ആഭരണങ്ങൾകൊടുത്തു്) രാജകുമാരൻ അണിഞ്ഞിരുന്നതുതന്നെ അഴിച്ചു തരികയാണു ചെയ്തതു്. അതുകൊണ്ടു് അവിട്ടന്നിവ സ്വീകരിച്ചു ധരിക്കണം.

രാക്ഷസൻ:—ജാജലേ, കുമാരനോടു് ഇങ്ങനെ പറയുക:- "ഭവാന്റെ ഗുണങ്ങളോടു എനിക്കുള്ള സ്നേഹാതിശയംകൊണ്ടു് ഞാനിപ്പോൾ നന്ദമഹാരാജാവിന്റെ ഗുണങ്ങളെ മറന്നമട്ടിലായിരിക്കുന്നു. എന്നാൽ ശത്രുക്കളെ നിശ്ശേഷം നശിപ്പിച്ചു് സുഗാങ്ഗപ്രാസാദത്തിൽ അങ്ങയുടെ സിംഹാസനത്തെ പ്രതിഷ്ഠിക്കുന്നതുവരെ, ശക്തികുറഞ്ഞു് പരാക്രമണംകൊണ്ടു് പരവശങ്ങളായ ഈ അംഗങ്ങളിൽ യാതൊരു സംസ്കാരവും ചെയ്യാനെനിക്കാഗ്രഹമില്ല." എന്നു്.

കഞ്ചുകി:—അവിട്ടന്നു് നായകനായിരിക്കുന്ന കാലത്തു് കുമാരനിതു് അത്ര പ്രയാസമുള്ള കാര്യമല്ല. അതുകൊണ്ടു് കുമാരന്റെ പ്രഥമസ്നേഹലക്ഷ്യത്തെ അവിട്ടന്നു് ബഹുമാനിക്കണം.

രാക്ഷസൻ:—കുമാരനെപ്പോലെ തന്നെ നിങ്ങളും പറയുന്നല്ലോ. അതു് തള്ളിക്കളയാൻ എനിക്കു വയ്യ. ആട്ടെ, അങ്ങനെ ചെയ്യാം.

(കഞ്ചുകി അലങ്കാരങ്ങൾ രാക്ഷസന്റെ ദേഹത്തിൽ അണിയിച്ചു്)

അവിടേയ്ക്കു മംഗളം. ഞാനിപ്പോൾ പോകട്ടെ.

രാക്ഷസൻ:—എന്നാൽ പിന്നെക്കാണാം.

(കഞ്ചുകി പോകുന്നു)

രാക്ഷസൻ:—പ്രിയംവദകാ, എന്നെക്കാണ്മാൻ ആരെങ്കിലും പടിക്കൽ വന്നുനില്ക്കുന്നുണ്ടോ എന്നു നോക്കിവരൂ.

പ്രിയം:—(ചുററിനടന്നു പാമ്പാട്ടിയെക്കണ്ടു്) താനാരാണു്?

പാമ്പാട്ടി:—അടിയൻ ഒരു പാമ്പാട്ടിയാ. ജീർണ്ണവിശൻ എന്നു് നമ്മേ വിളിക്കും. ഇവിടെ ഒരു കളി കളിപ്പിക്കാൻ തരമാണ്ടോ?

പ്രിയം:—അവിടെ നില്ക്കു്. അമാത്യനോടു് ചോദിച്ചുവരട്ടെ. (രാക്ഷസൻെറ അടുത്തുചെന്നു്) ഒരു പാമ്പാട്ടി വന്നു നില്ക്കുന്നു. അവനു് ഒരു കളിക്കു് അനുവാദം കിട്ടണമത്രേ.

രാക്ഷസൻ:— (ഇടതുകണ്ണു് ഇളകുന്നതായി നടിച്ചു് വിചാരം) എന്തു്; കണികാണുന്നതുതന്നെ പാമ്പിനേയോ? (സ്പഷ്ടം) പ്രിയംവദകാ, പാമ്പിൻെറ കളികാണ്മാൻ എനിക്കിഷ്ടമില്ല. അവനവല്ലതും കൊടുത്തു് സന്തോഷിപ്പിച്ചയയ്ക്കുക.

പ്രിയം:—(പാമ്പാട്ടിയുടെ അടുക്കൽ ചെന്നു്) പാമ്പിന്റെ കളി കാണാതെ തന്നെ അമാത്യൻ നിനക്കു സമ്മാനിച്ചിരിക്കുന്നു. ഇതു വാങ്ങി വേഗം പൊയ്ക്കോളൂ.

പാമ്പാട്ടി:—ആട്ടേ, അമാത്യനോടുചെന്നു പറയൂ; ഞാൻ കേവലം ഒരു പാമ്പാട്ടിയല്ല; പ്രകൃതിഗായകനായ ഒരു കവി കൂടിയാണു്. ഇതു പറഞ്ഞിട്ടും എന്നെ കാണ്മാൻ അദ്ദേഹത്തിനിഷ്ടമില്ലെങ്കിൽ ഈ പത്രം കൊടുക്കുക.

(പ്രിയംവദകൻ പത്രം വാങ്ങി രാക്ഷസൻെറ അടുക്കൽചെന്നു് പാമ്പാട്ടി പറഞ്ഞതുപോലെ പറഞ്ഞു് പത്രം കൊടുക്കുന്നു)

രാക്ഷസൻ:—(പത്രംവാങ്ങി വായിക്കുന്നു)

“കുസുമരസത്തെയശേഷം
കുതുകഭരത്താൽ കുടിച്ചൊരീ ഭ്രമരം
മുരളുവതന്യക്കല്ലോ
കരളിൽ പുരുസൌഖ്യദമകനം.”

(വിചാരം) ‘കുസുമപുരവൎത്തമാനങ്ങൾ അറിഞ്ഞു വരുന്ന അങ്ങയുടെ ചാരനാണു് ഞാൻ’ എന്നാണല്ലോ ഇതിന്റെ അൎത്ഥം. കാൎയ്യവ്യാകുലതകൊണ്ടും ചാരന്മാരധികമാകയാലും ഞാൻ ഒക്കെ മറന്നുപോയി. ഇപ്പോഴോൎമ്മ വന്നു. പാമ്പാട്ടിയുടെ വേഷത്തിൽവന്ന ഇവൻ വിരാധഗുപ്തൻതന്നെ ആയിരിക്കണം. (സ്പഷ്ടം) പ്രിയംവദകാ, അവനെ കൂട്ടിക്കൊണ്ടു വരൂ. അവന്റെ സുഭാഷിതങ്ങൾ കേൾക്കേണ്ടവതന്നെയാണെന്നു് തോന്നുന്നു.

(പ്രിയംവദകൻ പോയി പാമ്പാട്ടിയെ കൂട്ടിക്കൊണ്ടുവരുന്നു)

പാമ്പാട്ടി:—(രാക്ഷസനെക്കണ്ടു് വിചാരം) ഇതാ അമാത്യൻ. ഇദ്ദേഹത്തിന്റെ പരിശ്രമങ്ങൾ വിസ്മയനീയങ്ങൾ തന്നെ. രാജ്യലക്ഷ്മി തന്റെ ഇടതുകൈ മൌൎയ്യന്റെ കഴുത്തിൽ മന്ദംമന്ദം ചേൎത്തു് മുഖം തിരിച്ചു് വലതുകൈ ബലമായി തോളിൽവെയ്ക്കാൻ തുടങ്ങുന്നു; എങ്കിലും ആ കൈ അമാത്യരാക്ഷസന്റെ സമുദ്യമങ്ങളെ പറ്റിയുണ്ടാവുന്ന പേടിമൂലം വീണ്ടുംവീണ്ടും മടിയിലേയ്ക്കു് തന്നെ വീണുപോവുകയാണു്. തന്നിമിത്തം ഗാഢാലിംഗനജന്യമായ സുഖാനുഭൂതി അവൾക്കിനിയും തരപ്പെട്ടിട്ടില്ല. (സ്പഷ്ടം) അവിടേയ്ക്കു നമസ്കാരം.

രാക്ഷസൻ:—(കണ്ടു്) ഓഹോ: വിരാധ (ഇടയ്ക്കു നിറുത്തി) അല്ലാ, വിരൂപമായി മുഖരോമം വളൎത്തിയിരിക്കു

നല്ലോ. പ്രിയംവദകാ, പാമ്പിൻെറ കളികാണാം. തല്ക്കാലം പരിജനങ്ങളൊക്കെ അല്പം വിശ്രമിക്കട്ടെ. നീ നിൻെറ ജോലിയിലും ശ്രദ്ധവെച്ചിരിക്കുക.

(പ്രിയംവദകൻ പരിവാരങ്ങളോടുകൂടി പോകുന്നു)

രാക്ഷസൻ:—സ്നേഹിതാ, ആ പീഠത്തിലിരിക്കൂ.

(വിരാധഗുപ്തൻ ഇരിക്കുന്നു)

രാക്ഷസൻ :— (വിരാധഗുപ്തനെ ആപാദചൂഡം നോക്കിക്കൊണ്ടു്) കഷ്ടം ! മഹാരാജാവിൻെറ ആശ്രിതന്മാക്കു് ഈ ശോച്യാവസ്ഥ വന്നുകൂടിയല്ലോ. (കരയുന്നു)

വിരാധ:—അവിടുന്നു് വ്യസനിക്കരുതു്. വളരെ താമസിയാതെ തന്നെ അങ്ങു് ഞങ്ങളെയെല്ലാം പഴയനിലയിലാക്കും.

രാക്ഷസൻ:—സ്നേഹിതാ, കുസുമപുരത്തിലെ വിശേഷങ്ങളെന്തൊക്കെയാണു് ? എല്ലാം വിസ്തരിച്ചു് പറയൂ.

വിരാധ:—അമാത്യാ, അതു് വളരെ നീണ്ട ഒരു കഥയാണു് ; എവിടംമുതലാണു് പറയേണ്ടതു് ?

രാക്ഷസൻ:—ചന്ദ്രഗുപ്തൻെറ പട്ടണപ്രവേശംതൊട്ടു് എൻ്റെ ചാരന്മാർ ചെയ്ത പ്രവൃത്തികളെല്ലാമറിയണം.

വിരാധ:—പറയാമല്ലോ. ചാണക്യൻ്റെ തന്ത്രത്തില്പെട്ടു്, ശകൻ, യവനൻ, കിരാതൻ, കാംബോജൻ, ബാൽഹീകൻ മുതലായ ചന്ദ്രഗുപ്തസൈന്യങ്ങളും പർവതകസേനകളും കുസുമപുരം മുഴവൻ വളഞ്ഞുകൂടി—

രാക്ഷസൻ: — (വേഗത്തിൽ വാളൂരിപ്പിടിച്ചു് പരിഭ്രമത്തോടുകൂടി) ഞാൻ—രാക്ഷസൻ—ജീവനോടിരിക്കുമ്പോഠം കുസുമപുരത്തെ ആക്രമിക്കാൻ തുനിഞ്ഞവനാരാണു് ?

പ്രവീരകാ, പ്രവീരകാ, ഉടൻതന്നെ ചാപഹസ്തരായ വീരഭടന്മാർ പോയി കോട്ടചുറ്റി അണിനിരക്കാൻ കല്പനകൊടുക്കുക. ഗോപുരങ്ങളിലെല്ലാം പരഗജങ്ങളെ ചിന്നം വിളിപ്പിക്കാൻ വിരുതുള്ള മത്താഹസ്തികളെ നിരത്തി നിറുത്തട്ടെ. നശ്വരമായ ശരീരാഭിമാനത്തെ ത്യജിച്ച് കീർത്തികാമന്മാരായ വീരപുരുഷന്മാരെല്ലാം തോളോടുതോൾ ചേർന്ന് ശത്രുസംഹാരത്തിനായി ഉടൻ പുറപ്പെടട്ടെ.

വിരാധ:—അമാത്യാ, പരിഭ്രമിക്കരുത്; കഴിഞ്ഞകഥയാണിത്.

രാക്ഷസൻ:—(നെടുവീർപ്പിട്ട്) ഹാ! അങ്ങിനേയോ? ആ കാലമാണിതെന്ന് ഞാൻ വിചാരിച്ചുപോയി. (വാളുറയിലിട്ട്) ഹാ! നന്ദമഹാരാജാവേ! അവിടേയ്ക്കു ഈയുള്ളവനിലുണ്ടായിരുന്ന പ്രസാദാതിശയത്തെ ഞാനിപ്പോഴും നല്ലവണ്ണം ഓർക്കുന്നു. അന്നൊക്കെ ഒരു യുദ്ധമുണ്ടായാൽ, ഗജസൈന്യങ്ങളുള്ള ദിക്കിൽ രാക്ഷസൻ തന്നെ ചെന്നാ അങ്ങയ്ക്ക് തൃപ്തിയാവൂ. പാടിയോടി വരുന്ന അശ്വസൈന്യത്തെ തടഞ്ഞു നിറുത്താനും രാക്ഷസൻതന്നെ വേണം. പദാതികളെ പരേതരാക്കുവാനും രാക്ഷസനാണ് ചുമതല. ചുരുക്കത്തിൽ, സ്നേഹാതിശയംമൂലം അന്ന് അവിടേയും എപ്പോഴും രാക്ഷസനെത്തന്നെയായിരുന്നു അങ്ങ് കണ്ടത്.

വിരാധ:—ശത്രുക്കളാൽ ചുറ്റപ്പെട്ട കുസുമപുരത്തിലെ ഭയങ്കരാവസ്ഥയേയും, പൌരന്മാരുടെ ദയനീയസ്ഥിതിയേയും കണ്ടു സഹിപ്പാൻ വയ്യാതായെങ്കിലും അവി

ടെത്തന്നെ പാൎത്തിരുന്ന സൎവ്വാൎത്ഥസിദ്ധിമഹാരാജാവു്, പ്രജകളുടെ നിർബന്ധപൂൎവ്വമായ അപേക്ഷനിമിത്തം കൃത്രിമമാൎഗ്ഗമായി തപോവനത്തിലേയ്ക്കു പോയി. നായകൻെറ വേർപാടുമൂലം നമ്മുടെ സൈന്യങ്ങളുടെ പ്രയത്നങ്ങളെല്ലാം മാത്രനേരംകൊണ്ടു ശിഥിലപ്രായങ്ങളായിത്തീൎന്നു. പട്ടണത്തിനകത്തുള്ളവർ ശത്രുക്കളുടെ വിവിധമായ സാഹസങ്ങളേയും ജയഘോഷങ്ങളേയും കേട്ടസമയം അവരുടെ വലയിൽ തങ്ങരം അകപ്പെട്ടതായി വിചാരിക്കയാൽ, സഹായികളെ സമ്പാദിച്ചു് ഏതുവിധവും നന്ദമഹാരാജാവിൻെറ രാജ്യം വീണ്ടെടുക്കണമെന്നു നിശ്ചയിച്ചു ഗുഹാമാർഗ്ഗമായി പുറമേ കടന്നു. ആ തരത്തിൽ ചന്ദ്രഗുപ്തനെ നിഗ്രഹിക്കുവാനായി അങ്ങയച്ചിരുന്ന വിഷകന്യ എങ്ങിനേയോ പൎവ്വതകരാജാവിന്നു് മാരകമായി കലാശിച്ചു.

രാക്ഷസൻ:—സ്നേഹിതാ! അത്ഭുതം തന്നെയാണിതു്. പണ്ടു് ഭാരതയുദ്ധത്തിൽ കൎണ്ണൻ അർജ്ജുനവധത്തിനായി, പ്രയോഗിച്ചാൽ ഒരാളിൽ മാത്രം ഫലപ്പെടുന്ന ശക്തിയെ അയച്ചു; അതു് ശ്രീകൃഷ്ണനാൽ വദ്ധ്യനായ ഘടോല്ക്കചനിൽ പതിച്ചു് അവനെ നിഗ്രഹിക്കുകയാണുണ്ടായതു്. തന്മൂലം ശ്രീകൃഷ്ണനു് ശ്രേയസ്സും അൎജ്ജുനനു് അനപായാവസ്ഥയും സിദ്ധമായി. ഈ സംഭവം അതിനോടു് സദൃശമായിത്തന്നെയിരിക്കുന്നാല്ലോ.

വിരാധ:—അമാത്യ, ദൈവനിശ്ചയം അങ്ങനെയാണു്; പിന്നെ നമുക്കതിലെന്തു ചെയ്വാനാണു് കഴിയുക ?

രാക്ഷസൻ:—മുഴുവനും പറയൂ.

വിരാധ:—പിന്നീട്ട് പിതാവിൻെറ അകാലമരണം നിമിത്തം ഭയതാപപരവശനായ മലയകേതു എവിടേയോ പൊയ്ക്കളഞ്ഞു. തത്സമയം ചാണക്യൻ പൎവ്വതകസഹോദരനായ വൈരോചകനെ രാജാവായി പട്ടംകെട്ടുന്നതാണെന്നു പറഞ്ഞു് വിശ്വസിപ്പിക്കുകയും ചെയ്തു. അപ്പോൾത്തന്നെ ചന്ദ്രഗുപ്തൻെറ നന്ദഭവനപ്രവേശവും പ്രസിദ്ധമായി. അതിനുശേഷം, ആ ദുഷ്ടചാണക്യൻ, കുസുമപുരത്തിലുള്ള എല്ലാശില്പികളേയും വിളിച്ചു് "ജ്യോത്സ്യന്മാരുടെ നിർദ്ദേശപ്രകാരം, ഇന്നുരാത്രി പന്ത്രണ്ടുമണി സമയത്താണു ചന്ദ്രഗുപ്തൻ പട്ടണപ്രവേശം ചെയ്യാൻ തീർച്ചപ്പെട്ടുത്തിയിരിക്കുന്നതു്; വേണ്ടപ്പെട്ട അലങ്കരണങ്ങൾക്കെല്ലാം ഉടൻതന്നെ തുനിയുവിൻ" എന്നു കല്പിച്ചു. ശില്പികളപ്പോൾ പറഞ്ഞ മറുപടി ഇതായിരുന്നു:—ചന്ദ്രഗുപ്തമഹാരാജാവു് കൊട്ടാരത്തിലേയ്ക്കെഴുന്നെള്ളുന്ന സന്തോഷ വർത്തമാനം സുപ്രസിദ്ധമായിരുന്നതിനാൽ അടിയങ്ങളുടെ നായകനായ ദാരുവൎമ്മൻ കനകതോരണാദ്യലംകരണങ്ങളെല്ലാം കാലേതന്നെ തയാർചെയ്തു കഴിഞ്ഞിട്ടുണ്ടു്. അടിയങ്ങൾക്കിനി വിശേഷമായി പള്ളിയറയിൽ ചില സംസ്കാരങ്ങൾമാത്രമേ ചെയ്യേണ്ടതായുള്ളു." താൻ പറയാതെതന്നെ കൊട്ടാരം മുഴുവൻ അലങ്കരിച്ചതിനെപ്പററി പ്രശംസിക്കുന്ന മാതിരി ചാണക്യൻ ദാരുവൎമ്മനെ വിളിച്ചു്, "നിൻെറ ബുദ്ധിപൂൎവ്വമായ പ്രവൃത്തിക്കു് അനുസരണമായ ഫലം ഉടൻ നിനക്കു സമ്പാദിക്കാം" എന്നു സന്തോഷഭാവത്തിൽ പറഞ്ഞു.

രാക്ഷസൻ:—(വെമ്പലോടുകൂടി) സ്നേഹിതാ, ആ ദുഷ്ടൻ. സന്തോഷിച്ചുവെന്നോ പറഞ്ഞതു്? ദാരുവൎമ്മന്റെ പരിശ്രമത്തിന്നു് ഫലമില്ലാതായി വരുമോ? അതോ ആപല്ക്കരമായിത്തീരുമോ എന്നേ എനിക്കു സംശയമുള്ളു. അവൻ ബുദ്ധിമോശംകൊണ്ടോ രാജഭക്തിപ്രകൎഷംകൊണ്ടോ, നിൎദ്ദിഷ്ടമായ കാലത്തെ പ്രതീക്ഷിച്ചിരിക്കാതെ പ്രവൎത്തിച്ചു് ചാണക്യനു വലിയ സന്ദേഹമുണ്ടാക്കിവെച്ചുവെന്നതു് നിശ്ചയമാണു്. പിന്നെ:—

വിരാധ:—പിന്നീടു് ചാണക്യൻ, "മുഹൂൎത്തം വിശിഷ്ടമാകയാൽ അൎദ്ധരാത്രിയിൽത്തന്നെ ചന്ദ്രഗുപ്തൻ നന്ദഭവനത്തിൽ പ്രവേശിക്കുന്നതാണെ"ന്നു് ശില്പികളേയും പൗരന്മാരേയും ധരിപ്പിച്ചയുടൻതന്നെ പൎവ്വതകരാജാവിന്റെ സഹോദരനായ വൈരോചകനെ ചന്ദ്രഗുപ്തനോടുകൂടി ഒരേ സുവൎണ്ണപീഠത്തിലിരുത്തി രണ്ടുപേൎക്കും തുല്യമായി രാജ്യം പകുത്തു.

രാക്ഷസൻ:—അവൻ പൂൎവ്വപ്രതിജ്ഞയ്ക്കനുസരണമായി വൈരോചകനു പകുതിരാജ്യം കൊടുത്തുവോ? ഇതു് നിശ്ചയമാണോ?

വിരാധ:—കൊടുത്തു—നിശ്ചയമാണു്.

രാക്ഷസൻ:—(വിചാരം)പൎവ്വതകന്റെ അപമൃത്യുനിമിത്തം തന്നെസംബന്ധിച്ചു പരന്നിട്ടുള്ള ദുഷ്കീൎത്തിമറയ്ക്കുവാനായി മാത്രം ചാണക്യൻചെയ്ത ഒരു പ്രവൃത്തിയാണിതു്; കപടപടുവായ കൗടില്യൻ പാവപ്പെട്ട വൈരോചകനെ എങ്ങനെയെങ്കിലും വധിക്കാതിരിക്കയില്ല. (സ്പഷ്ടം) എന്നിട്ടു്—

വിരാധ:-പിന്നെ വൈരോചകൻ വിലപിടിച്ച അനവധി മുത്തുകൾ പതിച്ചതും സുദൃഢവുമായ മാർച്ചട്ടയിട്ടു മുറുക്കി, രത്നാലംകൃതമായ സാമ്രാജ്യകിരീടം തലയിൽ ചൂടി, സുഗന്ധപുഷ്പങ്ങൾ കൊണ്ടു് വിചിത്രമായി കെട്ടിയുണ്ടാക്കിയ ഹാരങ്ങളണിഞ്ഞു്, നിത്യവും അടുത്തുപരിചയിച്ചവൎക്കപോലും അറിവാൻ വയ്യാത്തവിധം വേഷവിധാനങ്ങൾ ചെയ്തു്, ചന്ദ്രഗുപ്തൻ കയറാറുള്ള 'ചന്ദ്രലേഖ'യെന്ന കരിണിയുടെപുറത്തു ചാണക്യന്റെ നിയോഗപ്രകാരം കയറി, മൌൎയ്യന്റെ അനുചരന്മാരായ രാജാക്കന്മാരുടെ അകമ്പടിയോടുകൂടി നന്ദമഹാരാജാവിൻെറ കൊട്ടാരത്തിലേയ്ക്കു പ്രവേശിക്കുവാൻ പുറപ്പെട്ട സമയം ചന്ദ്രഗുപ്തനാണെന്നു വിചാരിച്ചു് അദ്ദേഹത്തിന്റെ തലയിൽ വീഴുന്നതിനുവേണ്ടി ദാരുവൎമ്മൻ യന്ത്രതോരണത്തെ ശ്രദ്ധമായി തയാറാക്കി. അകമ്പടിക്കാരായ രാജാക്കന്മാരെയെല്ലാം ഗോപുരത്തിനു പുറമേനിറുത്തി ആദ്യമായി വൈരോചകൻ പ്രവേശിക്കുവാനായി തുടങ്ങി. അപ്പോൾ അങ്ങയുടെ ചാരനും, ചന്ദ്രലേഖയുടെ പാപ്പാനുമായ വൎവ്വരകൻ സുവൎണ്ണദണ്ഡത്തിലിറക്കിക്കരുതിയിരുന്ന വാൾ വലിച്ചെടുക്കുവാനായി ചങ്ങലയിന്മേൽ കൈവെച്ചു —

രാക്ഷസൻ: —രണ്ടുപേരുടേയും പ്രയത്നം അസ്ഥാനത്തിലാണു്—

വിരാധ:—വാൾവലിച്ചെടുക്കുന്നസംരംഭത്തിൽ വൎവ്വരകന്റെ ദേഹം ഇളകുകയാൽ അതു നടക്കുവാനുള്ള പ്രേരണയാണെന്നു ധരിച്ചു് ആന മുമ്പോട്ടു ത്വരിതഗതി ചെയ്തു. അപ്രതീക്ഷിതമായ ആ യാത്രാവേഗം

നിമിത്തം, ചന്ദ്രഗുപ്തനാണെന്ന തെററിദ്ധാരണ യോടുകൂടി വൈരോചകനെ വധിക്കുവാനായി വാറം പിടിച്ചുവലിച്ചുകൊണ്ടിരുന്ന അതേ ഇരുപ്പിൽ ത്തന്നെ സാധുവായ വവ്വരകൻെറ തലയിൽ ലാക്കു തെറ്റിതോരണംവീണു് അവൻ മൃതനായി. യന്ത്രതോരണം വീണാൽ താനുടൻ വദ്ധ്യനാകുമെന്നു കരുതി കാലേതന്നെ മുകളിലെത്തട്ടിൽ ഒളിച്ചിരുന്ന ദാരുവമ്മൻ ലക്ഷ്യഭ്രംശം കണ്ടക്ഷണം യന്ത്രത്തോടുകൂടി ഘടിപ്പിച്ചിരുന്ന ഇരിമ്പുലയ്ക്കുയെടുത്തു ചന്ദ്രഗുപ്തനാണെന്ന തെററിദ്ധാരണയാൽ വൈരോചകനെ അടിച്ചുകൊന്നു.

രാക്ഷസൻ:—കഷ്ടം കഷ്ടം! രണ്ടു് അനത്ഥമാണിപ്പോറം വന്നുകൂടിയതു്. ചന്ദ്രഗുപ്തനെ വധിക്കുവാൻ കഴിഞ്ഞില്ല; വവ്വരകനും വൈരോചകനും കൊല്ലപ്പെടുകയും ചെയ്തു. പിന്നെ ദാരുവമ്മൻെറ നിലഎന്തായി?

വിരാധ:—വൈരോചകൻെറ മുമ്പേ നടന്നിരുന്ന പട്ടാളങ്ങറം അടിച്ചുകൊന്നു.

രാക്ഷസൻ:— (കണ്ണീർവാത്തു്) ഹാ! ദൈവമേ, പ്രിയസ്നേഹിതനായ ദാരുവമ്മനെ പിരിഞ്ഞു് എനിക്കു് ജീവിക്കേണ്ടതായി വന്നല്ലോ. അവിടെ താമസിപ്പിച്ചിരുന്ന വൈദ്യനായ അഭയദത്തൻെറ പ്രവൃത്തികറം എങ്ങനെയൊക്കെയാണു്?

വിരാധ:—അദ്ദേഹം വേണ്ടതെല്ലാം ശ്രദ്ധാപൂവ്വം ചെയ്തു.

രാക്ഷസൻ:—(സന്തോഷംനടിച്ചു്) ദുഷ്ടനായ ചന്ദ്രഗുപ്തനെ വധിച്ചുവോ?

വിരാധ:—അമാത്യാ, നമ്മുടെ കാലപ്പിഴകൊണ്ടു് അതു മാത്രം സാദ്ധ്യമായില്ല.

രാക്ഷസൻ :—(വ്യസനത്തോടുകൂടി) എന്നാൽ പിന്നെയെന്താണ് നീ എല്ലാം ചെയ്തുവെന്നു പറഞ്ഞതു്?

വിരാധ:—അമാത്യാ, ചന്ദ്രഗുപ്തനെ കൊടുക്കുവാനായി അഭയദത്തൻ വിഷസമ്മിശ്രമായ മരുന്നുണ്ടാക്കി ഭക്ഷ്യസാധനത്തിൽ കലർത്തിവെച്ചു. ചന്ദ്രഗുപ്തൻ അതെടുത്തു ഭക്ഷിപ്പാൻ തയാറാവുകയും ചെയ്തു. അപ്പൊഴവിടെനിന്നോ ചാണക്യൻ അവിടെ എത്തുകയും, പാത്രത്തിന്റെ നിറംമാറ്റംകണ്ടു ചന്ദ്രഗുപ്തനോടു്, "ഇതു വിഷംചേർന്നതാണു്; ഭക്ഷിക്കരുതു്" എന്നു പറഞ്ഞു് വിലക്കുകയും ചെയ്തു.

രാക്ഷസൻ:—അവനൊരു മഹാ കപടശാലി തന്നെ. വൈദ്യനോ?

വിരാധ:—ആ ഔഷധംതന്നെ കുടിപ്പിക്കയാൽ മൃതനായി.

രാക്ഷസൻ:—(വ്യസനത്തിൽ) കഷ്ടം കഷ്ടം! ഒരു വലിയ വിജ്ഞാനി നമുക്കു നഷ്ടപ്പെട്ടു. ഇനി, ചന്ദ്രഗുപ്തന്റെ പള്ളിയറസൂക്ഷിപ്പുകാരനായി പാർപ്പിച്ചിട്ടുള്ള പ്രമോദകന്റെ പ്രവൃത്തികൾ ആണു കേൾക്കേണ്ടതു്.

വിരാധ:—മററുള്ളവരുടേതുപോലെതന്നെ.

രാക്ഷസൻ:—(പരിഭ്രമത്തിൽ) എങ്ങിനെ? തെളിച്ചുപറയൂ.

വിരാധ:—അവനൊരു മഹാമൂഢനാണു്. അങ്ങു് കണക്കില്ലാതെ കൊടുത്തിരുന്നപണം വാരിക്കോരിച്ചെലവിട്ടു് അവൻ ധൂർത്തടിച്ചുനടന്നു. അതുകണ്ടു് ഒരിക്കൽ ചാണക്യൻ, "നിനക്കു് ഇത്രയൊക്കെ ചെലവിടാൻമാത്രം പണം എങ്ങനെ കിട്ടുന്നു" എന്നു ചോദിച്ചപ്പോൾ പേടിച്ചുവിറച്ചു് പൂർവാപരവിരുദ്ധമായി സംസാരിക്കാൻ തുടങ്ങി. 'ചെമ്പുതെളിഞ്ഞ' സമയം ചാണക്യനവനെ ആരുമറിയാതെ കൊന്നുകളഞ്ഞു.

രാക്ഷസൻ:—കഷ്ടം! ദൈവം അവിടേയും നമുക്കു വിരോധിയായി. മൌര്യൻ ഉറങ്ങുമ്പോൾ അപായപ്പെടുത്തുവാനായി പള്ളിയറയ്ക്കകത്തു ഭിത്തിയുടെ ഉൾവശമുള്ള ഗുഹയിൽ പാർപ്പിച്ചിരുന്ന ബീഭത്സകാദിയോ?

വിരാധ:—അവരുടെ ചരിത്രം വളരെ ഭയങ്കരമാണു്.

രാക്ഷസൻ:—(ആവേഗത്തിൽ) എന്തു് ഭയങ്കരമോ? അവരവിടെ ഇരിക്കുന്ന വിവരം ചാണക്യൻ അറിഞ്ഞിട്ടില്ലല്ലോ?

വിരാധ:—അമാത്യാ, അറിഞ്ഞു. ചന്ദ്രഗുപ്തൻ കൊട്ടാരത്തിൽ പ്രവേശിക്കുന്നതിനു മുമ്പേതന്നെ ചാണക്യൻ പള്ളിയറമുഴുവനും സൂക്ഷ്മമായി പരിശോധിക്കുകയുണ്ടായി. അപ്പോൾ ചുമരിൻെറ ഒരു വിള്ളലിൽ നിന്നു് അന്നശകലങ്ങളെടുത്തു വരിവരിയായിവരുന്ന എറുമ്പുകളെക്കണ്ടു്, 'ഇതിനുള്ളിൽ ആൾപ്പാർപ്പുണ്ടു'ന്നു നിശ്ചയിച്ചു് ആ അറ തീവെച്ചു ചുട്ടുപൊട്ടിച്ചു. തൽക്ഷണം പുറപ്പെട്ട പുകകൊണ്ടു് കണ്ണുമൂടി, ആദ്യം അടയ്ക്കപ്പെട്ട ഗുഹാദ്വാരം അറിയാതെ അവരവിടെത്തന്നെ കിടന്നു ദയനീയമാംവണ്ണം മരിച്ചുപോയി.

രാക്ഷസൻ:— (കണ്ണുനീർതൂകി) ഹാ! കഷ്ടം! സ്നേഹിതാ, നോക്കുക ദുഷ്ടനായ ആ ചന്ദ്രഗുപ്തൻെറ ഭാഗ്യാതിശയം? അവൻെറ നേക്കു നാമയച്ച വിഷകന്യകൊണ്ടു ശുദ്ധനായ പർവ്വതകനാണു മൃതനായതു്. ആ ദുഷ്ടൻെറ അർദ്ധരാജ്യത്തിന്നു് അവകാശിയായ വൈരോചകനും അതേവിധംതന്നെ കൊല്ലപ്പെട്ടു. ശസ്ത്രപ്രയോഗംകൊണ്ടും, രാസപ്രയോഗത്താലും അവനെ നിഗ്രഹിക്കാൻ ഞാനാരെയൊക്കെനിയോഗിച്ചുവോ,

അത്ര ആയുധങ്ങൾകൊണ്ടു് അവർതന്നെ മൃതന്മാരായിത്തീൎന്നു. ഇതിൽപരമെന്താണൊരത്ഭുതം?

വിരാധ:—അമാത്യാ, ഇങ്ങനെയൊക്കെയാണെങ്കിലും തുടങ്ങിയ കാൎയ്യത്തിൽ നിന്നു് അങ്ങു പിൻമാററരുതു്. എന്തെന്നാൽ,

നീചൻ തുനിഞ്ഞിടുകയില്ല തടസ്സമോൎത്തു,
മാൎഗ്ഗത്തിലിട്ടുകളയുന്നിതിടത്തരക്കാർ,
വിഘ്നം മുററയ്ക്കുയരുമെങ്കിലുമുത്തമന്മാർ
പിൻവാങ്ങുകില്ലൊരടിപോലുമിറങ്ങിയെന്നാൽ.

എന്നല്ല, തുടങ്ങിയകാര്യത്തെ പൂൎണ്ണമായി കരസ്ഥമാക്കുകതന്നെ വേണം. അതാണു് യോഗ്യത. അനന്തനു് താങ്ങുവാൻവയ്യാത്ത ഒരു ചുമടാണു് ഭൂമിയെങ്കിലും, അദ്ദേഹം അതിനെ താഴെയിടുന്നില്ല. ആദിത്യൻെറ പരിശ്രമം നിസ്സാരമാണോ? ഒരു നിമിഷമെങ്കിലും ഒരിടത്തിരുന്നു് അദ്ദേഹം തൻെറ ക്ഷീണംതീൎക്കുവാൻ വിചാരിക്കാറില്ലല്ലോ? സ്വീകരിച്ചതിനെ കൃപണനെപോലെ പരിത്യജിക്കുന്നതു് ലജ്ജാവഹമാണു്. ആദരിച്ച കാൎയ്യത്തെ നിർവഹിക്കുകയാണു് സജ്ജനങ്ങളുടെ ദൃഢവ്രതം.

രാക്ഷസൻ:—സ്നേഹിതാ, ഞാനുദ്ദേശിച്ചിറങ്ങിയ കാൎയ്യം ഒരിക്കലും കളയത്തക്കതല്ലെന്നു് നിങ്ങൾക്കൊക്കെ നല്ലവണ്ണം അറിയാവുന്നതാണല്ലോ. ശേഷംകൂടി പറയൂ.

വിരാധ:—ഈ സംഭവങ്ങളെല്ലാം കഴിഞ്ഞതിനു് ശേഷം ചന്ദ്രഗുപ്തൻെറ രക്ഷാവിഷയത്തിൽ ചാണക്യൻ കുറെയധികം മനസ്സിരുത്താറുണ്ടു്. അതിനാൽ ഓരോരുത്തരേയും ശ്രദ്ധാപൂർവം പരിശോധിച്ചു് ഇന്നവനിൽനിന്നു് ഇന്ന ആപത്തു് ഇന്നതരത്തിൽ വരാനിടയുണ്ടെന്നു് കണ്ടുപിടിച്ചു് അങ്ങയുടെ ചാരന്മാരേയും ആപ്തന്മാരേയും അവൻ ക്രമേണ നിഗ്രഹിച്ചു.

രാക്ഷസൻ:—(പരിഭ്രമത്തിൽ) പറയൂ. പറയൂ. ആരെയൊക്കെയാണു്?

വിരാധ:—ആദ്യംതന്നെ ബുദ്ധസന്യാസിയായ ജീവസിദ്ധിയെ വലിയ കുറ്റംചുമത്തി പട്ടണത്തിനു പുറത്താക്കി.

രാക്ഷസൻ:— (വിചാരം) ഇതു് സഹിക്കാവുന്നതാണു്. എന്തെന്നാൽ പ്രത്യേകം ഒരാവശ്യമോ ബന്ധമോ ഇല്ലാത്തവൎക്കു് സ്ഥാനഭ്രംശം വിഷാദകാരണമാകയില്ല. (സ്പഷ്ടം) അയാൾ ചെയ്ത കുററം എന്താണെന്നാണു കേട്ടതു്?

വിരാധ:—അങ്ങയുടേ പ്രേരണ നിമിത്തം അയാളാണു പോലും പർവതേശ്വരനെ വധിച്ചതു്.

രാക്ഷസൻ:—(വിചാരം)കൊള്ളാം; കൗടില്യാ കൊള്ളാം. നിൻെറ കുടിലമായ നീതിക്കു, ഒരു വിത്തേയുള്ളുവെങ്കിലും അതിന്റെ ഫലം വിവിധവും അസംഖ്യവുമാകുന്നു. നീ സ്വന്തംദ്വേഷിയെമറച്ചു്, അതെന്നിൽ ആരോപിച്ചു. അൎദ്ധരാജ്യാവകാശി വധിക്കപ്പെടുകയും ചെയ്തു. പോരേ സാമൎത്ഥ്യം? (സ്പഷ്ടം)പിന്നെയോ?

വിരാധ:—ചന്ദ്രഗുപ്തനെ ദ്രോഹിപ്പാനായി ദാരുവൎമ്മപ്രഭൃതികളെ പ്രേരിപ്പിച്ചുവെന്ന കുററം ചുമത്തി ശകടദാസനെ ശൂലത്തിന്മേൽ തറച്ചു. അതാണു് പിന്നത്തെ കഠിനകൃത്യം.

രാക്ഷസൻ:— (കണ്ണീർവാൎത്തു്) അയ്യോ! സ്നേഹിതാ, ശകടദാസാ, ഭവാനിതെങ്ങനെ സംഭവിച്ചു? അല്ലെങ്കിൽ സ്വാമിക്കുവേണ്ടി ശരീരംവെടിഞ്ഞ അങ്ങു് ശോച്യനല്ലതന്നെ. നന്ദവംശം വേരററുപോയ സന്ദൎഭത്തിൽ പോലും ജീവിതം ചുമക്കുവാനാഗ്രഹിക്കുന്ന ഈ രാക്ഷസനാണു് ശോച്യൻ.

വിരാധ:—അമാത്യാ, അങ്ങയുടെ ജീവിതാശ സ്വാമികാൎയ്യ നിർവ്വഹണത്തിന്ന് മാത്രമായിരിക്കെ ഇങ്ങനെ വ്യസനിച്ചാലോ?

രാക്ഷസൻ:—സ്നേഹിതാ, എന്റെ ജീവിതത്തിന്റെ ഉദ്ദേശം അതുമാത്രമാണു്. ജീവിതേച്ഛ എനിക്കു് ലേശമില്ല. എന്നല്ല, സ്വർഗ്ഗസ്ഥനായ ദേവനെ അനുഗമിക്കുകയെന്നതു് കൃതഘ്നന്മാൎക്കു് സാദ്ധ്യമായ സംഗതിയല്ല. അതിനാൽ ഞാനിപ്പോൾ മരിച്ചതുകൊണ്ടും ഫലമില്ലാതെയായിട്ടാണു് വന്നിരിക്കുന്നതു്. പറയൂ; ദുഃഖംകേട്ടു തഴമ്പിച്ച എൻെറ ചെവി ഇനിയും കേട്ടുകൊള്ളും; പറയൂ.

വിരാധ:—ഇതെല്ലാമറിഞ്ഞ ചന്ദനദാസൻ അങ്ങയുടെ കളത്രത്തെ ഒളിച്ചുതാമസിപ്പിച്ചു.

രാക്ഷസൻ:—ക്രൂരനായ ചാണക്യന്നു് വിപരീതവും അയുക്തവുമാണല്ലോ ആ പ്രവൃത്തി.

വിരാധ:—അമാത്യാ ബന്ധുദ്രോഹം യുക്തമാണോ?

രാക്ഷസൻ:—മുഴുവൻ പറയൂ.

വിരാധ:—വളരെയൊക്കെ ചോദിച്ചിട്ടും അങ്ങയുടെ കളത്രത്തെ സമൎപ്പിക്കായ്കയാൽ അതികുപിതനായ ചാണക്യൻ ചന്ദനദാസനെ—

രാക്ഷസൻ:—വധിച്ചില്ലല്ലോ?

വിരാധ:—ഇല്ല; മുതലെല്ലാം സൎക്കാരിലേയ്ക്കു ചേൎത്തു് കുടുംബസഹിതം ജയിലിലിട്ടുകളഞ്ഞു.

രാക്ഷസൻ:—എന്നിട്ടാണോ നീ "രാക്ഷസന്റെ കളത്രത്തെ ഒളിച്ചു് താമസിപ്പിച്ചു"വെന്നു് സന്തുഷ്ടൻെറ നിലയിൽ പറഞ്ഞതു്? പുത്രനോടും ഭാൎയ്യയോടുംകൂടി രാക്ഷസനെ കെട്ടിയിട്ടുവെന്നാണല്ലോ ഇപ്പോൾ പറയേണ്ടതു്. (ദ്വാരപാലകൻ പ്രവേശിക്കുന്നു)

ദ്വാര: —അവിടേയ്ക്കു് നമസ്കാരം. ഇതാ ശകടദാസൻ വാതിൽക്കൽവന്നു് നില്ക്കുന്നു.

രാക്ഷസൻ:—എടാ സത്യമാണോ?

ദ്വാര:—അവിട്ടത്തെ മുമ്പിൽ കള്ളം പറയുകയോ?

രാക്ഷസൻ:—(വിരാധഗുപ്തനെനോക്കി) സ്നേഹിതാ, ഇതെങ്ങനെ?

വിരാധ:—അമാത്യാ, അതങ്ങനെവരാം. ഭവിതവ്യത ഭവിഷ്യത്തെ പരിപാലിക്കുമല്ലോ.

രാക്ഷസൻ:—പ്രിയംവദകാ, എന്നാൽ പിന്നെയെന്താണു് താമസിക്കുന്നതു്? വേഗം കൂട്ടിക്കൊണ്ടുവരു.

(പ്രിയംവദകൻ പോകുന്നു. അനന്തരം സിദ്ധാർത്ഥകനും ശകടദാസനും പ്രവേശിക്കുന്നു.)

ശകടദാസൻ:—(വിചാരം) മൌര്യനെ രാജ്യത്തിൽ പ്രതിഷ്ഠിച്ചതുപോലെയാണു് ഭൂമിയിൽതാഴ്ത്തിനിറുത്തിയ ശൂലത്തെ ഞാൻ കണ്ടതു്. എന്റെ തലയിലും കഴുത്തിലും ബന്ധിച്ചിരുന്നകൊലമാലയെ ചന്ദ്രഗുപ്തന്റെ ഐശ്വര്യലക്ഷ്മിക്കു് തുല്യമായിഞാൻ വിചാരിക്കുന്നു. ആ സമയത്തു്കേട്ട പെരുമ്പറയൊച്ച നന്ദമഹാരാജാവിന്റെ ചരമവാർത്തയെക്കാൾ ഒട്ടുംകഠിനമായിരുന്നില്ല. ഇത്രയൊക്കെ വിഷമാവസ്ഥയിൽപെട്ടിട്ടും എന്റെഹൃദയം പിളൎന്നുപോകാതിരുന്നതു് ദുഃഖങ്ങളനുഭവിച്ചു് തഴകിയുണ്ടായ കഠിനതകൊണ്ടാകാനേ തരമുള്ളു. (കുറെ അടുത്തുചെന്നു് രാക്ഷസനെനോക്കി സന്തോഷത്തോടെ) അമാത്യരാക്ഷസൻ അതാ ഇരിക്കുന്നു. നന്ദമഹാരാജാവു് നാടുനീങ്ങിയിട്ടു് നാളേറെയായെങ്കിലും നിഷ്കളങ്കഭക്തിയോടുകൂടി അദ്ദേഹത്തിന്റെ കാര്യങ്ങളെ സാധിപ്പിക്കാനായിതന്നെ നിരന്തരം പരിശ്രമിക്കുന്ന ഈ മഹാനുഭാവൻ സ്വാമിഭക്തന്മാ

രിൽ അഗ്രേസരനാണെന്നതു് നിസ്സംശയമാകുന്നു. (അടു ത്തു് ചെന്നു്) അമാത്യനെ ദാസനിതാ നമസ്കരിക്കുന്നു.

രാക്ഷസൻ:—(ശകടദാസനെക്കണ്ടു് സന്തോഷിച്ചു്) സ്നേഹിതാ, കൗടല്യന്റെ കയ്യിൽപെട്ട ഭവാനെ കാണ്മാൻ കഴി ഞ്ഞതു ഭാഗ്യംതന്നെ. എന്നെ ഒന്നാലിംഗനം ചെയ്യൂ.

(ശകടദാസൻ രാക്ഷസനെ ആലിംഗനംചെയ്തു മാറിനിൽക്കുന്നു.)

രാക്ഷസൻ:—ആ പീഠത്തിലിരിക്കൂ. (ശകടദാസൻ ഇരിക്കുന്നു)

രാക്ഷസൻ:—സ്നേഹിതാ, എനിക്കു് ഇപ്പോൾ ഇത്ര വലിയ ഒരു ആനന്ദം അനുഭവിക്കുന്നതിനു് ഇടവരുത്തിയ കാരണമെന്താണു്? വേഗം പറയൂ.

ശകടദാസൻ:— (സിദ്ധാൎത്ഥകനെ ചൂണ്ടിക്കാണിച്ചു്) ആത്മസ്നേ ഹിതനായ ഈ സിദ്ധാൎത്ഥകൻ ഘാതകന്മാരെ ഓടി ച്ചു് മൃത്യുമുഖത്തിൽനിന്നു് എന്നെ രക്ഷപ്പെടുത്തി.

രാക്ഷസൻ:—(സന്തോഷത്തോടെ) സിദ്ധാൎത്ഥകാ, ഭവാന്റെ ഈ ജീവരക്ഷാകൃത്യത്തിനു് ഇതേതും പൎയ്യാപ്തമല്ല; എങ്കിലും ഇതു സ്വീകരിക്കുവാൻ ഞാനപേക്ഷിക്കുന്നു.

(രാക്ഷസൻ തന്റെ ശരീരത്തിലണിഞ്ഞിരുന്ന ആഭരണങ്ങള ഴിച്ചു് സിദ്ധാൎത്ഥകന്റെ നേരെ നീട്ടുന്നു. സിദ്ധാൎത്ഥകൻ കുറെ മടികാണിച്ചു് അതു് വാങ്ങി കാൽക്കൽ വീഴുന്നു)

സിദ്ധാൎത്ഥകൻ:—(വിചാരം) ആൎയ്യചാണക്യന്റെ നിരീക്ഷ ണം എത്ര ശരിപ്പെട്ടിരിക്കുന്നു. (സ്പഷ്ടം) അമാത്യാ ഞാനീനാട്ടിൽ നടാടെ വന്നവനാകയാൽ ഇവിടെ യെങ്ങും ഒരു മുഖപരിചയവുമില്ല. അതുകൊണ്ടു് ഈ മുദ്ര വെച്ചിതു് അവിടുന്നു കുറച്ചു ദിവസത്തേയ്ക്കു് സൂക്ഷിച്ചുതരുവാനപേക്ഷിക്കുന്നു. നാട്ടിലേയ്ക്കു പോ കുമ്പോൾ മറക്കാതെവാങ്ങിക്കൊണ്ടുപൊയ്ക്കൊള്ളാം.

രാക്ഷസൻ:—അതത്ര പ്രയാസമുള്ള കാൎയ്യമല്ലല്ലോ. ശകട ദാസാ, സിദ്ധാൎത്ഥകന്റെ അഭിപ്രായംപോലെ ചെയ്തേക്കൂ.

ശകടദാസൻ:— (മുദ്രനോക്കി രാക്ഷസനോടു സ്വഗതമായി) അമാത്യാ, ഇതിൽ അവിടുത്തെ പേരാണല്ലോ കാണപ്പെടുന്നതു്.

രാക്ഷസൻ:—(മുദ്രനോക്കിവിചാരം) നഗരംവിട്ടുപോന്നപ്പോൾ പ്രിയയുടെ സമാധാനത്തിനായി നിർബ്ബന്ധപൂർവം ചോദിക്കയാൽ കൊടുത്ത അംഗുലീയം എങ്ങനെ ഇവൻെറ കൈവശം വന്നു? (സ്പഷ്ടം) സിദ്ധാത്ഥകാ നിനക്കിതു് എവിടെനിന്നാണു് കിട്ടിയതു്?

സിദ്ധാത്ഥകൻ:—കുസുമപുരത്തിലെ വലിയ രത്നവ്യാപാരിയായ ചന്ദനദാസപ്രഭുവിൻെറ പടിക്കൽകിടന്നു് കിട്ടിയതാണെനിക്കിതു്.

രാക്ഷസൻ: —അതിന്നു് യുക്തിയുണ്ടു്.

സിദ്ധാത്ഥകൻ:—അമാത്യാ എന്താണതിൽ യുക്തിയുണ്ടെന്നു് പറഞ്ഞതു്?

രാക്ഷസൻ:—വലിയ പ്രഭുക്കളുടെ ഗൃഹങ്ങളിൽനിന്നു് ഇങ്ങനെ പലതും കളഞ്ഞുകിട്ടാവുന്നതാണല്ലോ; അതുതന്നെ·

ശകടദാസൻ:—പ്രിയസ്നേഹിതാ, അമാത്യൻെറ പേർ കൊത്തിയ മുദ്രയാണിതു്; അമാത്യൻ അമിതമായ ധനം തന്നു് അങ്ങയെ തൃപ്തിപ്പെടുത്തും; എന്നാലിതു് അദ്ദേഹത്തിന്നു് കൊടുത്തേക്കാമോ?

സിദ്ധാത്ഥകൻ:—എന്താ 'കൊടുത്തേക്കാമോ' എന്നു്? ഞാനിതൊരു വലിയ അനുഗ്രഹമായി വിചാരിക്കുകയാണു്.

(മുദ്ര രാക്ഷസൻെറ കയ്യിൽ കൊടുക്കുന്നു)

രാക്ഷസൻ:—ശകടദാസാ, ഈ മുദ്രവെച്ചു് വേണം ഇനി നിൻെറ ജോലികൾ നടത്തുവാൻ.

ശകടദാസൻ:—അങ്ങനെതന്നെ ചെയ്യാം.

സിദ്ധാൎത്ഥകൻ:—അമാത്യാ, ഒരപേക്ഷയുണ്ടു്—

രാക്ഷസൻ:—എന്തിനു് സംശയിക്കുന്നു? തുറന്നു പറയാമല്ലോ.

സിദ്ധാൎത്ഥകൻ:—ചാണക്യനു് അഹിതം ചെയ്തുംകൊണ്ടു് പാടലിപുത്രത്തിൽ കിടന്നു് പൊറുക്കാൻ സാധിക്കുന്നതല്ലെന്നു് അവിടേയ്ക്കും അറിയാമല്ലോ. അതുകൊണ്ടു് അവിടത്തെ ശിശ്രൂഷിച്ചുതന്നെ ഇനിയുള്ള കാലം കഴിക്കണമെന്നു് എനിക്കു് വലിയ ആശയുണ്ടു്.

രാക്ഷസൻ:—എന്റെ ആഗ്രഹംതന്നെയാണു് നീ ഇപ്പോൾ പറഞ്ഞതു്, ഞാനങ്ങോട്ടു് ചാടിക്കയറിപ്പറയുന്നതു് നിനക്കു് അലൌകികമായാലോ എന്നു് കരുതി ഇതുവരെ നേരം മിണ്ടാതിരുന്നു. ഇനി തീരെ സംശയമില്ല. അങ്ങിനെതന്നെയാവട്ടെ.

സിദ്ധാൎത്ഥകൻ:—ആവൂ! അവിടുന്നെന്നെ അനുഗ്രഹിച്ചു.

രാക്ഷസൻ:—ശകടദാസാ, സിദ്ധാൎത്ഥകനെ കൂട്ടിക്കൊണ്ടു പോയി അവന്റെ യാത്രാക്ഷീണം തീൎക്കൂ.

ശകടദാസൻ:—അങ്ങിനെയാവാം.

(സിദ്ധാൎത്ഥകനും ശകടദാസനും പോകുന്നു)

രാക്ഷസൻ:—വിരാധഗുപ്താ, ശേഷംകൂടി പറയൂ. എന്റെ ഉപജാപങ്ങൾ വല്ലതും പ്രജകളാൽ ഫലിക്കുന്നുണ്ടോ?

വിരാധ:—ഉണ്ടു്. മലയകേതുകുമാരനെ ഓടിച്ചതുകൊണ്ടു് ചാണക്യൻ ഒരു വലിയ കൃതഘ്നനാണെന്നു് ഭദ്രഭടാദികൾ പൂൎണ്ണമായി വിശ്വസിച്ചിരിക്കയാണു്. അതു പരസ്യമായ കാൎയ്യമാണല്ലോ.

രാക്ഷസൻ:—പരസ്യമായതെങ്ങനേ?

വിരാധ:—അതോ ? പറയാം. മലയകേതുകുമാരൻ ഓടി പ്പോയതുമുതൽ ചാണക്യനോട്ട് ചന്ദ്രഗുപ്തൻ പിണങ്ങിയിരിക്കയാണു്. തന്മൂലം ചാണക്യനും ചന്ദ്രഗുപ്തനെ വെറുത്തു് ഓരോ കല്പനകളേയും വകവെയ്ക്കാതെ കഴിയുന്നതു മനോവ്യഥ അദ്ദേഹത്തിന്നു് ഉണ്ടാക്കാൻ ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. ഇതെല്ലാം ഞാൻ കണ്ടറിഞ്ഞ സംഗതികളാണു്.

രാക്ഷസൻ:—(സന്തോഷത്തോടെ) സ്നേഹിതാ, അങ്ങ് ഇതേ വേഷത്തിൽത്തന്നെ ഇനിയും കുസുമപുരത്തിലേക്കു് പോകണം; അവിടെ എൻെറ പ്രിയസ്നേഹിതനായ സ്തനകലശൻ വൈതാളിക വേഷത്തിൽ എൻെറ നിർദ്ദേശപ്രകാരം താമസിക്കുന്നുണ്ടു്. അങ്ങ് അവനോട്ട് "കല്പനാഭംഗമായി ചാണക്യൻ പ്രവൎത്തിക്കുമ്പോഴൊക്കെ, ചന്ദ്രഗുപ്തനു് ക്രോധം വളരത്തക്ക ഗാനങ്ങളെപ്പാടണം" എന്നു് ഞാൻ പറഞ്ഞതായി പറയണം. വസ്തുസ്ഥിതികളപ്പൊഴപ്പോൾത്തന്നെ കരഭകൻ വഴിയായി എന്നെ ധരിപ്പിക്കണമെന്നും കൂടി പറയാൻ മറക്കരുതു്.

വിരാധ:—അവിടുത്തെ ഇഷ്ടാനുസരണം എല്ലാം ചെയ്യാം.

(വിരാധഗുപ്തൻ തൊഴുതു പോകുന്നു)

(ദ്വാരപാലകൻ പ്രവേശിച്ചു്)

ദ്വാര:—അമാത്യാ "വ്യാപാരികൾ വില്ക്കുവാനായി മൂന്നാഭരണം കൊണ്ടുവന്നിരിക്കുന്നു; അമാത്യൻ അതൊന്നു പരിശോധിച്ചാൽ വേണ്ടില്ല." എന്നു് പറഞ്ഞു് ശകടദാസൻ ഇതു് തന്നയച്ചു. (ആഭരണങ്ങൾ രാക്ഷസൻെറ കയ്യിൽ കൊടുക്കുന്നു)

**രാക്ഷസൻ:**–(നല്ലവണ്ണം പരിശോധിച്ചു സംതൃപ്തനായി) ആശ്ചര്യം! ഇവ വിലപിടിച്ചവതന്നെയാണു്. എടാ; ശകടദാസനോടു്, കച്ചവടക്കാരെ തൃപ്തിപ്പെടുത്തി ഇവ വാങ്ങുവാൻ പറയുക.

(പ്രാരപാലകൻ ആഭരണങ്ങൾ വാങ്ങി തിരിയെ പോകുന്നു)

**രാക്ഷസൻ:**—ഇനി കുസുമപുരത്തിലേയ്ക്കു് കരഭകനെ അയച്ചേ മതിയാവൂ. (എഴുന്നേറ്റു്) ആ ദുഷ്ടനായ ചാണക്യന്റെ അധീനത്തിൽനിന്നു് ചന്ദ്രഗുപ്തൻ അകലുകയില്ലേ? (ആലോചിച്ചു്) ഞാനെന്തിനു് സംശയിക്കുന്നു? എന്റെ കാര്യം സാധിതപ്രായംതന്നെ. എന്തെന്നാൽ "പ്രതാപത്തിന്റെ മാഹാത്മ്യം നോക്കുമ്പോൾ മററു സകല രാജാക്കന്മാരിലും വെച്ചു് താൻ തന്നെയാണു് അഗ്രേസരൻ" എന്നു് ചന്ദ്രഗുപ്തൻ അഭിമാനിക്കുന്നു; അതേസമയംതന്നെ ചാണക്യൻ, "എന്റെ ബുദ്ധിശക്തികൊണ്ടു മാത്രമാണു് ഇവൻ രാജാവായതു്" എന്നു് ദൃഢമായി വിചാരിച്ചു് അഹങ്കരിക്കുകയും ചെയ്യുന്നു. ഒന്നു് രാജ്യലാഭംകൊണ്ടും മറേറതു് പ്രതിജ്ഞാസമുദ്രതരണത്താലും കൃതാൎത്ഥതയെ നടിക്കുന്നു. പഴുതുണ്ടാവുമ്പോൾ ധാർഷ്ട്യജാതമായി കാണുന്ന ഈ കൃതാൎത്ഥതതന്നെ അവരെ സ്നേഹബന്ധത്തിൽനിന്നു് വേർപെടുത്തുമെന്നതു് നിസ്സംശയമായ സംഗതിയാകുന്നു.

(എല്ലാവരും പോയി)

---

## മൂന്നാമങ്കം

(ഒരു കഞ്ചുകി പ്രവേശിക്കുന്നു)

കഞ്ചുകി:—(വിരക്തിയോടുകൂടി) അമ്പമ്പ! തൃഷ്ണയുടെ ഒരു ശക്തി! അതിന്റെ അഭേദ്യമായ പ്രേരണ നിമിത്തം എൻെറ ചോരത്തിളപ്പു് കാലത്തിൽ ചക്ഷുരാദീന്ദ്രിയങ്ങൾ എത്രയൊക്കെ പ്രവൃത്തികളാണു് ഇടവിടാതെ ചെയ്തിരുന്നതു്? ഇപ്പോഴോ? അവകൂടി ഒന്നും തിരിയാതെ കിടന്നുഴലുകയാണു്. തൃഷ്ണാധീനങ്ങളാകയാൽ എൻെറ അംഗങ്ങൾക്കു പോലും ഇന്നൊരു ശക്തിയുമില്ലാതായി. അത്രമാത്രമോ, ജര അതിൻെറ തലയിൽ കാലുവെച്ചും കഴിഞ്ഞു. ഇങ്ങനെയൊക്കെയായിട്ടും തൃഷ്ണ ഇപ്പോഴും വ്യസനിക്കയാണു്. നോക്കുക അതിൻെറ ഒരു സാമർത്ഥ്യം. (ചുററി നടന്നു മേല്പോട്ടു നോക്കിക്കൊണ്ടു്) സുഗാങ്ഗപ്രാസാദത്തിൽ പാറാവു നില്ക്കുന്നവരാരെങ്കിലും അവിടെയുണ്ടോ? (വിളികേട്ടതായി നടിച്ചു്) എന്നാൽ "ഇപ്പോഴാരംഭിച്ച ശാരദോത്സവം സംബന്ധിച്ചു് പ്രത്യേകം അലംകൃതമായ കുസുമപുരം മുഴുവൻ ചുറ്റിക്കാണ്മാൻ നാം വിചാരിക്കുന്നു; അതുകൊണ്ടു് പ്രാസാദത്തിൻെറ മുകളിലും വേണ്ട സജ്ജീകരണങ്ങളെല്ലാം ഉണ്ടായിരിക്കണം." എന്നു് മഹാരാജാവു് തിരുമനസ്സുകൊണ്ടു് കല്പിച്ചിരിക്കുന്നു. (ചെവിയോർത്തു) നിങ്ങൾ എന്താണു് പറഞ്ഞതു്? "ശാരദോത്സവം വേണ്ടെന്നുവെച്ചതു് താങ്കളറിഞ്ഞില്ലേ" എന്നോ? അയ്യോ! പാപികളേ, തലപോകുന്ന വാക്കു് എന്തിനാണു് പുലമ്പുന്നതു്? നിങ്ങൾ വേഗം തൂണുകളിൽ സുഗ

ന്ധമാലകൾ കെട്ടുകയും, വെൺചാമരങ്ങളുടെ പൂനിലാവു പോലുള്ള രശ്മികൾ പ്രതിഫലിപ്പിക്കയും ചെയ്യുവിൻ ! മഹാരാജാവിൻെറ പ്രവേശംകൊണ്ടു് മൂർച്ഛിതയായ ഭൂമിയെ സുഗന്ധപുഷ്പങ്ങളിട്ടു് ചന്ദനവെള്ളമൊഴിച്ചു് കുളിർപ്പിക്കുവിൻ. താമസിക്കരുതു്, (ചെവിയോർത്തു്) നിങ്ങളെന്തു പറയുന്നു? "തിരുമനസ്സിലെ കല്പനപോലെ ഉടൻ പ്രവൎത്തിക്കാം" എന്നോ? ആ; അതാണു് നല്ലതു്. അതാ തിരുമനസ്സുകൊണ്ടു് എഴുന്നെള്ളിക്കഴിഞ്ഞു. ദുർഘടങ്ങളായ മാർഗ്ഗങ്ങളിൽപോലും സുദൃഢങ്ങളായ അംഗങ്ങളുടെ സാഹായ്യംകൊണ്ടു് യാതൊരു കുററവും കുറവും വരാത്തവിധം അച്ഛൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് വളരെക്കാലം വഹിച്ചിരുന്ന ദുർഭരമായ ഭാരത്തെ ഈ ഇളംപ്രായത്തിൽ തന്നെ കയ്യേല്ക്കുവാനുദ്യമിക്കുന്ന ഈ മഹാനുഭാവൻ പ്രൗഢത പരിപൂർണ്ണമാകാത്തതുകൊണ്ടു് കുറച്ചൊക്കെ കുഴങ്ങുന്നുണ്ടെങ്കിലും, സ്വാഭാവികമായ മനഃസ്ഥിരത നിമിത്തം കാണിപോലും കൂസുന്നില്ല. അത്ഭുതം തന്നെ.

(കഞ്ചുകി പോകുന്നു)

(അനന്തരം ചന്ദ്രഗുപ്തനും പ്രതീഹാരിയും പിറകേ കഞ്ചുകിയും പ്രവേശിക്കുന്നു)

രാജാവു്:—(വിചാരം) സ്വധൎമ്മങ്ങളെ വേണ്ടുംവിധം അനുഷ്ഠിക്കുന്ന രാജാവിനു് രാജ്യം വലിയ വിഷമങ്ങൾക്കെല്ലാം കാരണമായിത്തീരുന്നു. എന്തെന്നാൽ, തൻകാര്യത്തിലുള്ള തള്ളിച്ചകൊണ്ടു് മററുള്ളവരുടെ കാര്യങ്ങളിൽ ഒരു വൈമുഖ്യം ഉണ്ടാകാം. പക്ഷേ, പ്രജാപാലകനായ രാജാവിൻെറ ധർമ്മം അതല്ലയല്ലോ. സ്വാൎത്ഥം തീരെ ഉപേക്ഷിക്കാമെന്നു

വെച്ചാൽ അയാൾ നിശ്ചയമായും ഒരു രാജാവാക യില്ല. സ്വാൎത്ഥത്തെക്കാൾ അധികമായി പരാൎത്ഥത്തെക്കരുതുന്ന പക്ഷം രാജാവു് പരതന്ത്രനായിപ്പോകുന്നു. കേവലം അന്യാധീനനായ ഒരാൾ എങ്ങനെയാണു് ജീവിതാനന്ദം അനുഭവിക്കുക? ഇനി വേറൊരു കുഴപ്പം കൂടിയുണ്ടു്; രാജലക്ഷ്മിയെ യഥാവിധി പരിചരിക്കയെന്നതു് മനസ്സംയമം സിദ്ധിച്ചവൎക്കുപോലും സാധിക്കാത്ത സംഗതിയാണു്:—

നിന്ദിക്കുന്നിതു തീക്ഷ്ണനേ, ലളിതനിൽ
പാർക്കില്ലയന്യാക്രമം
ചിന്തി; ച്ചൂരംപകനാണു മൂർഖനി; ലട്ടു-
ത്തീടില്ല വിജ്ഞങ്കലും,
പേടിക്കുന്നിതു ശൂരരെ, പ്പരിഹസി-
ച്ചീടുന്നു ഭീരുക്കളെ-
പ്പാർത്താൽ പ്രൌഢതപൂണ്ട വേശവനിത-
യ്ക്കൊക്കുന്നു വിഭുത്വശ്രീ.

ഇപ്പോഴിതാ ഒരു അധൎമ്മവുംകൂടി ചെയ്യേണ്ടതായി വന്നിരിക്കുന്നു. 'നാം ആൎയ്യചാണക്യനോടു് കലഹിച്ചിരിക്കയാണു്' എന്നൊരു വ്യാജപ്രസ്താവമുണ്ടാക്കി കുറച്ചുകാലത്തേയ്ക്കു ഏകനായിരാജ്യകാൎയ്യങ്ങളന്വേഷിക്കണമത്രേ. നമുക്കതിൽ തീരെ തൃപ്തിയില്ലെങ്കിലും ഗുരൂപദേശത്തെ അവഗണിക്കുന്നതു് അയുക്തമാണെന്നു കരുതി ആ അഭിപ്രായത്തെ അംഗീകരിക്കേണ്ടതായി വന്നു. എന്തുചെയ്യാം? (ആലോചന നടിച്ചു്) അല്ലെങ്കിൽ, ഗുരൂപദേശം നിരന്തരമായി സിദ്ധിക്കുകകൊണ്ടു് ക്രമേണ പ്രവൃദ്ധമാനമായ ഹൃദയസംസ്കാരത്തോടുകൂടിയ നാമിപ്പോൾതന്നെ സ്വതന്ത്രനാണല്ലോ. എന്തെന്നാൽ നമ്മുടെ പ്രവൃത്തി നേൎവ്വഴി

ക്കാണെന്നറിഞ്ഞാൽ ആചാര്യൻ ശാസിക്കാറില്ല. നാമെപ്പോഠം വ്യതിചലിക്കുന്നതായി തോന്നുന്നുവോ അപ്പോഠം അദ്ദേഹം നമ്മെ തടഞ്ഞുനിൎത്തുന്നു. നാം ഗുരൂപദേശത്തിൽ ബദ്ധശ്രദ്ധനായിരിക്കുകയാൽ നമുക്കു് ഒന്നിലും യാതൊരു കുഴപ്പവും ഉണ്ടായിട്ടില്ല. ഇന്നുള്ളതിലധികമൊരു സ്വാതന്ത്ര്യം വേണമെന്നു നമുക്കു് മോഹവുമില്ല. (സ്പഷ്ടം) വൈഹീനരേ, സുഗാങ്ഗപ്രാസാദത്തിലേയ്ക്കു പോകാം.

പ്രതീ:—എഴുന്നെള്ളാമല്ലോ. (രണ്ടുപേരും ചുററി നടന്നു്)

പ്രതീ:—ഇതാ കോണിവാതൽ തുറന്നു; ഇതിലെ എഴുന്നെള്ളാം.

(രാജാവും പിറകേ കഞ്ചുകിയും പ്രതീഹാരിയും മുകളിലേയ്ക്കു കയറുന്നതായി നടിക്കുന്നു)

രാജാ:—(വരാന്തയിൽനിന്നു് ആകാശംനോക്കുന്ന ഭാവത്തിൽ) ആശ്ചൎയ്യംതന്നെ. ശരല്കാലത്തിന്റെ ഭംഗി എത്ര കേമമായിരിക്കുന്നു. ഇതാ നദികളും ദിക്കുകളും ഇപ്പോഠം ഒരേവിധം പരിശോഭിക്കുന്നു. ക്രമേണ ജലനം കുറഞ്ഞും വെണ്മ തിരണ്ടും നിൎമ്മലമായും ആണു് രണ്ടും കാണപ്പെടുന്നതു്. കളഗീതികളതിൎത്തുംകൊണ്ടു് സാരസപ്പക്ഷികഠം സഞ്ചരിക്കുന്നു. വിചിത്രതരങ്ങളും വികസിതങ്ങളുമായ ആമ്പൽപൂക്കളും നക്ഷത്രങ്ങളും അന്തിയുടെ പുറപ്പാടോടുകൂടി വിലസുന്നതു കാണ്മാൻ നല്ല കൌതുകമുണ്ടായിരിക്കും. ഉദ്ധതന്മാരോടു മൎയ്യാദയെ ഉപദേശിച്ചും, ഉൽകൃഷ്ടമായ ഫലം ലബ്ധമാകുന്ന കാലത്തു് അവനതിയെ അവലംബിക്കേണ്ടതാണെന്നു് നെല്ലുകഠം വഴിയായി പ്രത്യക്ഷ

032/N7

പ്പെടുത്തിയും, മയിലുകളുടെ വിഷസദൃശമായ മദത്തെ അപഹരിച്ചും ശരല്ക്കാലം സകലലോകത്തിന്നും സദാചാരാഭ്യാസം കൊടുക്കുകയാണോ എന്നു് തോന്നിപ്പോകുന്നു. പ്രണയകലഹത്താൽ ക്ഷുഭിതയായ തരുണിയെ വാക്ക്പടുവായ ഒരു ദൂതി ഭർത്തൃസമീപത്തിലേയ്ക്കു് കൊണ്ടുപോകുന്നപോലെ, വർഷകാലത്തിൽ കലങ്ങിമറിഞ്ഞു് കിടന്നിരുന്ന നദിയെ ശരത്തു് മന്ദം മന്ദം സമുദ്രത്തിലേയ്ക്കു് നയിക്കുന്നു. ആകക്കൂടി ശരത്തിന്റെ അകൃത്രിമമായ ഒരു രാമണീയകം ആരുടേയും ഹൃദയത്തെ ആകർഷിക്കുമെന്നതു് നിസ്സംശയമാകുന്നു. (പുറമേ നോക്കുന്നതായി നടിച്ചു്) അല്ലാ; ഇവിടെയെങ്ങും ശാരദോത്സവത്തെ സംബന്ധിച്ചു് യാതൊരു അലങ്കാരവും ചെയ്തുകാണുന്നില്ലല്ലോ. വൈഹീനരേ, നാം വിളംബരം ചെയ്തിട്ടും പൌരന്മാർ കൌമുദീമഹോത്സവം കൊണ്ടാടാൻ തുനിയാതിരുന്നതെന്താണു്?

(കഞ്ചുകി ഒന്നും മിണ്ടാതെ നില്ക്കുന്നു)

**രാജാ:**—(കോപം നടിച്ചു്) നമ്മുടെ ആജ്ഞയെ നഗരവാസികൾ നിഷേധിക്കയാണോ ചെയ്തതു്?

**കഞ്ചുകി:**—(ചെവി പൊത്തിക്കൊണ്ടു്) ലോകത്തിലെവിടേയും തിരുമനസ്സിലെ കല്പന അപ്രതിഹതമായി പ്രചരിക്കുമ്പോൾ ഈ പട്ടണവാസികൾതന്നെ അതിനെ നിഷേധിക്കുകയോ? ശാന്തം പാപം!

**രാജാ:**—എന്നാൽ പിന്നെയെന്താണു് ഇനിയും ഇവിടെ യാതൊ[illegible] ചെയ്തുകാണാത്തതു്? ദമ്പതിമാർ 'ഹ[illegible]ത്തസുഖം ഗ്രഹിച്ചും'

UNIVERSITY LIBRARY MAR 2003 CHENNAI 600 005
MUL
288063

കൊണ്ടു് സമുത്സാഹഭരിതരായി ഈ തെരുവുകളിൽ പതിവുപോലെ ഉലാത്തുന്നില്ലല്ലോ. ഒരു ഒററത്തരുണിയെങ്കിലും ഈ ശാരദമഹോത്സവം കൊണ്ടാടുന്നതായി എനിക്കു തോന്നുന്നില്ല.

കഞ്ചുകി:—റാൻ; അതു് ശരിയാണു്.

രാജാ:—ഏതു്?

കഞ്ചുകി:—ഇതുതന്നെ.

രാജാ:—ഏതു്? തെളിച്ചുപറയൂ.

കഞ്ചുകി:—ശാരദോത്സവം നിറുത്തൽ ചെയ്യപ്പെട്ടിരിക്കുന്നു.

രാജാ:—(കോപത്തോടെ) എന്തു പറഞ്ഞു? നിറുത്തിയോ? ആരു് നിറുത്തി?

കഞ്ചുകി:—(ഭയം നടിച്ചു്) മഹാരാജാവേ, ഇതിലധികം വെളിവായി തിരുമുമ്പിൽ ബോധിപ്പിക്കുവാൻ അടിയനു് ശേഷിയില്ല.

രാജാ:—ആര്യചാണക്യനല്ലല്ലോ കണ്ണിനുത്സവം തരുന്ന ഈ മഹോത്സവം നിറുത്തിയതു്?

കഞ്ചുകി:—മഹാരാജാവേ, ജീവനിൽ കൊതിയുള്ള മറ്റൊരാരും ഇങ്ങനെ തിരുവുള്ളക്കേടുണ്ടാക്കുമോ?

രാജാ:—ശോണോത്തരേ! നമുക്കു് ഒന്നു് ഇരിക്കണം.

പ്രതീ:—മഹാരാജാവേ, സിംഹാസനം ഇതാ.

രാജാ:—(ഇരുന്നു്) വൈഹീനരേ, ആര്യചാണക്യനെ കൂട്ടിക്കൊണ്ടുവരിക.

കഞ്ചുകി:—കല്പനപോലെ— (പോകുന്നു)

(രംഗം ചാണക്യഭവനം. കോപിഷ്ഠനും ചിന്താധീനനുമായ ചാണക്യൻ ഇരിക്കുന്ന നിലയിൽ പ്രവേശിക്കുന്നു)

ചാണക്യൻ:—ചാണക്യനോട്ട് രാക്ഷസൻ മത്സരിക്കയോ? അയാളുടെ ദുരാഗ്രഹം കൊള്ളാം. "ചാണക്യൻ നന്ദന്മാരെ നിഗ്രഹിച്ച് മൌര്യനെ പട്ടംകെട്ടിയതുപോലെ, ഞാൻ ചന്ദ്രഗുപ്തനെ വധിച്ച് മലയകേതുവിനെ വാഴിക്കും." ഇതാണയാളുടെ അതിമോഹം. എൻെറ തന്ത്രം മുഴുവൻ അയാൾ തട്ടിത്തകക്കമത്രേ. (മേല്പോട്ടു നോക്കിക്കൊണ്ട്) രാക്ഷസാ, രാക്ഷസാ, കഷ്ടം! അങ്ങു വെറുതെ കൂലികിട്ടാത്ത വേലയെടുക്കുന്നല്ലോ. ഇക്കണ്ടതുകൊണ്ടൊന്നും മതിയായില്ലാ അല്ലേ? ഈ വൃഥാശ്രമത്തിൽനിന്ന് ഇനിയെങ്കിലും ഒഴിയുന്നതാണു യോഗ്യത. ദുഷ്ടമന്ത്രികളെക്കൊണ്ട് രാജ്യഭാരം നടത്തിയിരുന്ന നന്ദനല്ല. ഇപ്പോഴത്തെ രാജാവ്; ധീരശൂരപരാക്രമിയായ ചന്ദ്രഗുപ്തനാണ്. അങ്ങ് ചാണക്യനുമല്ലല്ലോ. വിചാരംകൊണ്ടുള്ള സ്വപ്നദശ്നസാദൃശ്യം മാത്രമേ അങ്ങയ്ക്കെന്നോടുള്ളൂ. (ആലോചനനടിച്ച്)അല്ലെങ്കിൽ, ഞാനെന്തിനാണ് അതിനെപ്പററി വെറുതേ ചിന്തിച്ച് എൻെറ മനം പുണ്ണാക്കുന്നത്? എൻെറ ഭൃത്യന്മാർ മലയകേതുവിനെ പാട്ടിലാക്കിക്കഴിഞ്ഞിരിക്കുന്നു. സിദ്ധാത്ഥകൻ മുതലായ ചാരന്മാർ അവരവരുടെ കൃത്യങ്ങൾ മുറയ്ക്ക് നടത്തിത്തുടങ്ങുകയും ചെയ്തിട്ടുണ്ട്. ഇനി ഇപ്പോൾ ചന്ദ്രഗുപ്തനുമായി ഒന്നു തെററിയമട്ട് കാണിച്ച്, മലയകേതുവിൻെറ അടുക്കൽനിന്ന് രാക്ഷസനെ അകററണം.

കഞ്ചുകി:—(പ്രവേശിച്ച് വിചാരം) ദാസവൃത്തി മഹാദുരിതം തന്നെ. ഒരു ദാസന് എത്രപേരെ പേടിച്ചുവേണം ഒരു ദിവസം കഴിക്കാൻ? തൻെറ സ്വാമിയെമാത്രം പേടിച്ചാൽ മതിയെങ്കിൽ എത്രഭേദം? ഇതതുമ

തിയോ? സ്വാമിയുടെ സ്നേഹിതന്മാർ, അദ്ദേഹത്തിൻെറ അനുഗ്രഹം എങ്ങിനെയെങ്കിലും തരത്തിലാക്കി വെറുതേ നിന്നുതാമസിക്കുന്ന ഒരുകൂട്ടർ, ഇവരുടെ ഒക്കെയും ഭാവം നോക്കിവേണം ഒരു ദാസന്നു് വയറുപിഴയ്ക്കാൻ. വാസ്തവത്തിൽ ദാസ്യവും, പട്ടിയുടെ നിലയും തമ്മിൽ ഒരന്തരവുമില്ല. ദൈവമേ, ഇങ്ങനേയും ചിലരുടെ തലയിൽ വരച്ചല്ലോ. (പടിക്കകത്തു് പ്രവേശിച്ചതായി നടിച്ചു്) മഹാരാജാവുതിരുമനസ്സിലെ പ്രധാനമന്ത്രിയുടെ ഐശ്വര്യസമൃദ്ധി കേമംതന്നെ. (ചുററും നോക്കിക്കൊണ്ടു്) ഉണങ്ങിയ ചാണകം (വരളി) തല്ലിപ്പൊട്ടിക്കാനുള്ള കല്ലിൻെറ ഒരു മുറി അതാ കിടക്കുന്നു. ബ്രഹ്മചാരികളായ ശിഷ്യന്മാർ വെട്ടി ചുമന്നു കൊണ്ടുവന്ന ചമതക്കമ്പുകളാണല്ലോ ഉണക്കുവാനവിടെ ഇട്ടിരിക്കുന്നതു്. അതാ ചുമരുകൾ പഴക്കംകൊണ്ടു് മുക്കാലും ഇടിഞ്ഞു വീണു കിടക്കുന്നു. ആര്യചാണക്യൻ മഹാരാജാവു് തിരുമനസ്സിനെ വെറും 'വൃഷലൻ' എന്നു് വിളിക്കുന്നതു് കാര്യമില്ലാഞ്ഞിട്ടല്ല. സത്യവാദികൾപോലും തങ്ങളുടെ അന്നദാതാവിനെ വലിയ വാഗ്മികളുടെ നിലയിൽ ഇല്ലാത്ത ഗുണങ്ങളെല്ലാം പറഞ്ഞു് പുകഴ്ത്തുന്നു; അതു് കേവലം ധനതൃഷ്ണയുടെ ശക്തിമത്തായ പ്രേരണകൊണ്ടാണു്; നിഷ്കാമന്മാർക്കാകട്ടെ, തങ്ങളുടെ സ്വാമി തൃണസദൃശമാകുന്നു. (ചാണക്യനെകണ്ടു് ഭയം നടിച്ചു്) ആര്യചാണക്യൻ അതാ വിചാരമഗ്നനായി ഇരിക്കുന്നു. നന്ദരാജാവിനും, മഹാരാജാവു തിരുമനസ്സിലേയ്ക്കും അസ്തമനവും അഭ്യുദയവും ഏകകാലത്തിൽതന്നെ പ്രദാനംചെയ്തു ജനങ്ങളെ വ്യാമോഹി

പ്പിച്ച് സന്താപവും സന്തോഷവും അവരിൽ ക്രമേണ വളത്തി സൂര്യന്റെ പ്രതാപത്തെപ്പോലും ഇദ്ദേഹം ധിക്കരിച്ചിരിക്കുന്നു. (ചാണക്യന്റെ സമീപത്തു ചെന്നു് കാല്ക്കൽ വീണുകൊണ്ടു്) അവിടുത്തേയ്ക്കു വിജയം ഭവിക്കട്ടേ. (എഴുന്നേല്ക്കുന്നു)

ചാണക്യൻ:—വൈഹീനരെ, എന്താണു് വന്നതു് ?

കഞ്ചുകി:—"മററു കാര്യങ്ങളിൽ ബദ്ധപ്പാടൊന്നുമില്ലാത്ത പക്ഷം ആര്യചാണക്യനെ ഒന്നു കണ്ടാൽ വേണ്ടില്ല" എന്നു് മഹാരാജാവുതിരുമനസ്സുകൊണ്ടു് കല്പിച്ചയച്ചിരിക്കുന്നു.

ചാണക്യൻ:—വൃഷലനു് എന്നെ കാണണം അല്ലേ ? വൈഹീനരെ, ശാരദോത്സവത്തെ ഞാൻ നിറുത്തൽ ചെയ്തകാര്യം വൃഷലൻ അറിഞ്ഞിട്ടില്ലല്ലോ ?

കഞ്ചുകി:—തിരുവുള്ള ത്തിലായി.

ചാണക്യൻ:—(കോപത്തോടുകൂടി) ആരാണു് പറഞ്ഞതു് ?

കഞ്ചുകി:—(ഭയം നടിച്ചു്) അവിടുന്നു് അനുഗ്രഹിക്കണം. സുഗാങ്ഗപ്രാസാദത്തിലേയ്ക്കെഴുന്നള്ളിയപ്പോൾ തിരുമനസ്സുകൊണ്ടു് തൃക്കൺപാത്തു് ബോധിച്ചതാണു്.

ചാണക്യൻ:—അതേ, അതേ. എനിക്കെല്ലാം മനസ്സിലായി. പിന്നെ നിങ്ങളെല്ലാം കൂട്ടികൊളുത്തി ത്തുണ്ടിപിടിപ്പിച്ചു ; അല്ലേ ?

(കഞ്ചുകി പേടിച്ചുവിറച്ചു് മുഖം താഴ്ത്തി ഒന്നും മിണ്ടാതെ നില്ക്കുന്നു)

ചാണക്യൻ:–ചന്ദ്രഗുപ്തന്റെ ഭൃത്യന്മാൎക്കുപോലും എന്നോടു ഇത്ര വലിയ വിരോധമായല്ലോ ? ആശ്ചര്യം തന്നെ. ആട്ടേ : വൃഷലൻ എവിടെയാണിപ്പോൾ ?

കഞ്ചുകി:–സുഗാങ്ഗപ്രാസാദത്തിലെഴുന്നെള്ളിയിരുന്നാണു് എന്നെ ഇങ്ങോട്ടു കല്പിച്ചയച്ചതു്.

ചാണക്യൻ:—(എഴുന്നേററ്) അങ്ങോട്ടുതന്നെ പോകാം. മുമ്പേ നടക്കൂ.

കഞ്ചുകി:— ഇതിലേ പോകാം. (രണ്ടുപേരും പോകുന്നു)

(രംഗം സുഗാങ്ഗപ്രാസാദം)

ചാണക്യൻ:—(മുകളിലേയ്ക്കു കയറുന്നതായി നടിച്ച് ചുററുംനോക്കി ക്കൊണ്ട്) വൃഷലൻ സിംഹാസനത്തിൽ അതാ ഇരിക്കുന്നു. നന്ദകുലമാകുന്ന കരിങ്കാർനിരയെ പറത്തി, ചന്ദ്രനാൽ അലംകൃതമായ ഈ സിംഹാസനം 'ഉചിതനായ രാജാവിനോടു ചേൻ്റ് വെന്ന് ഇപ്പോൾ നിസ്സംശയം പറയാം. ഏതാദൃശങ്ങളായ പ്രവൃത്തികൾകൊണ്ട് ഞാൻ അത്യന്തം കൃതാത്ഥനായിരിക്കുന്നു. (അടുത്തുചെന്ന്) വൃഷലന് വിജയം ഭവിക്കട്ടെ!!

രാജാ:—(പെട്ടെന്നെഴുന്നേററ്) ആര്യ, ചന്ദ്രഗുപ്തൻ ഇതാ നമസ്കരിക്കുന്നു. (കാല്ക്കൽ വീഴാൻ ഭാവിക്കുംമ്പോഴേയ്ക്കും ചാണക്യൻ തടയുന്നു)

ചാണക്യൻ:—കുഞ്ഞേ, മതി മതി. ലോകത്തിലുള്ള സകല രാജാക്കന്മാരുടേയും കിരീടം ഭവാൻെറ പാദങ്ങളെ നിരന്തരം സ്പശിക്കുമാറാകട്ടെ !! (അനുഗ്രഹിക്കുന്നു)

(യോഗ്യതാനുസരണം രണ്ടുപേരും ഇരിക്കുന്നു)

ചാണക്യൻ:—വൃഷലൻ എന്നെ എന്തിനാണ് അന്വേഷിച്ചതു്?

രാജാ:—അവിടുത്തേക്കണ്ടു് കണ്ണു് കുളിപ്പിക്കുകയാണ് പ്രധാനാവശ്യം.

ചാണക്യൻ:—(മന്ദസ്മിതം ചെയ്തു്) ഇത്ര വലിയ വിനയം കാണിച്ചാലോ ? ഏതെങ്കിലും ഒരു ഉദ്ദേശം കൂടാതെ പ്രഭുക്കൾ സാധാരണമായി തങ്ങളുടെ കീഴിലുള്ള ജീവനക്കാരെ വിളിച്ച് വരുത്തുകയില്ലല്ലോ.

രാ:—ഒരുദ്ദേശവും ഇല്ലായ്കയില്ല; അങ്ങ് ശാരദോത്സവം നിറുത്തൽചെയ്തതു് പ്രത്യേകം വല്ല കാരണത്തേയും അടിസ്ഥാനമാക്കിയാണോ?

ചാ:—(മന്ദഹാസത്തിൽ) വഴക്കുപറയാനായിട്ടാണ് എന്നെ വിളിച്ചതു്; അല്ലേ?

രാ:—ശാന്തം പാപം! അതല്ല; കാൎയ്യം ചോദിച്ചറിവാൻ മാത്രമാണ്.

ചാ:—അതു് പറയപ്പെടുന്നവരുടെ ആവശ്യമനുസരിച്ചല്ലേ? ശിഷ്യന്മാർ സ്വതന്ത്രന്മാരായ ഗുരുക്കളോടു് ഒരു കാൎയ്യത്തിലും ശാഠ്യം പിടിക്കരുതു്.

രാ:—അങ്ങനെതന്നെയാണ് വേണ്ടതു്, സംശയമില്ല; അവിടുത്തെ പ്രവൃത്തികൾ ഉദ്ദേശരഹിതങ്ങളായിരിക്കുമെന്നു് ഞാൻ സംശയിക്കപോലും പതിവില്ല. വളരെ ആലോചിച്ചിട്ടും കൌമുദീമഹോത്സവം നിറുത്തപ്പെട്ടതിന്റെ കാരണം എനിക്കു് മനസ്സിലായില്ല. അതാണിപ്പോൾ ചോദിച്ചതു്.

ചാ:—വൃഷലാ, ഫലമൊന്നുമില്ലാത്ത പ്രവൃത്തി ചാണക്യൻ ചെയ്കയില്ലെന്നു് അങ്ങേയ്ക്കു് നല്ലവണ്ണമറിയാമല്ലോ. പിന്നെ എന്തിനാണ് ചോദിക്കുന്നതും സംശയിക്കുന്നതും?

രാ:—ചോദിക്കയും, അറിയുകയും ചെയ്യേണ്ട ചുമതല എനിക്കും കൂടിയുണ്ടല്ലോ.

ചാ:—അങ്ങനെയാണെങ്കിൽ പറയാം. ലോകത്തിൽ ധനതത്വശാസ്ത്രകാരന്മാരുടെ അഭിപ്രായപ്രകാരം രാജാക്കന്മാരെ മൂന്നുതരക്കാരായി വിഭാഗിക്കാം. സ്വപ്രയത്നംകൊണ്ടു് രാജ്യവും പദവിയും നേടുന്നവർ; തന്റേയും മന്ത്രിയുടേയും യത്നത്താൽ പ്രതിഷ്ഠസിദ്ധി

ച്ചവർ; കേവലം മന്ത്രിയുടെ സഹായംകൊണ്ടു് ഉത്തിഷ്ഠന്മാരായവർ എന്നിങ്ങനെ ഉത്തമമദ്ധ്യമാധമന്മാരായി അവർ കണക്കാക്കപ്പെട്ടിരിക്കുന്നു. ഇവരിൽ അങ്ങയുടെ നില മൂന്നാമത്തേതാണു്. അതുകൊണ്ടു് സചിവായത്തസിദ്ധിയായ അങ്ങയ്ക്കു് സചിവനാൽ ചെയ്യപ്പെടുന്ന കാര്യങ്ങളുടെയെല്ലാം ഉദ്ദേശങ്ങളെ തിരക്കേണ്ടുന്ന ആവശ്യമേയില്ല. എന്റെ ആജ്ഞയുടെ ഉദ്ദേശം എനിക്കു നല്ലവണ്ണമറിയാം.

(രാജാവു് കോപത്തോടുകൂടി മുഖംതിരിക്കുന്നു)

(അണിയറയിൽ സ്തുതിപാഠകന്മാർ പാടുന്നു)

(ഈരണ്ടുപേരായി രണ്ടു സംഘക്കാർ പാടിക്കൊള്ളണം)

ഒന്നാമൻ:—

(‘സാമ്യമകന്നോരുദ്യാനം’—എന്ന മട്ടു്)

1 നല്ലശരത്തു നീക്കേണം ഈശശരീര-
തുല്യം നിങ്ങൾക്കു പരിതാപം
ഫുല്ലകാശപുഷ്പാഭയെ, വെല്ലും വെണ്ണീറിനാലെ
വെള്ളനിറംപൂശുന്നവല്ലോ വിഹായസ്സിലി— (നല്ല
കൊണ്ടൽമാലിന്യം കലരും കംഭീചർമ്മവും
കുന്നമാകുന്നിന്ദുകാന്ത്യാ
കണ്ടാലും നിലാവൊളികൊണ്ടുകാപാലീമാല
പൂണ്ടും മരാള ഹാസ്യമാണ്ടും പരിലസിപ്പൂ— (നല്ല

(“കല്യാണീ കളവാണീ”—എന്ന മട്ടു്)

2 ആദിത്യനുദിച്ചെത്തും നേരത്തുണന്നുവേഗ-
മാദിശേഷനാംമെത്തവിട്ടെണീല്ക്കാൻ
ആശിച്ചു മിഴിക്കവേ, ചെമ്മണിപ്പ്രഭ തട്ടി-
പ്പേശലമായ് വളഞ്ഞു കൈകളാലെ
മെല്ലവേ തിരുമ്മി നീറ്ററിയൊന്നുമേകാണാ-
നൊല്ലാതെ ചുമന്നേറെയുജ്ജ്വലമായ്
മീനുമച്ചിൽപുമാന്റെ ചെന്തിരുമിഴിയിണ-
യെന്നുമമന്ദാനന്ദമേകിടട്ടേ!!

രണ്ടാമൻ:—

("കലിതലാഹരി"—എന്ന മട്ടു്)

അധിരാജൻ തവസമനൊരുവനു-
മനന്തസരണ സഹിയാ നൃപതിവര (അധി
അഭിമാനം പെരുകിന മൃഗപതി
നിജരാഷ്ട്രാഭംഗം പൊറുത്തിടുമോ? (അധി
സതതോൽകർഷാതി പൂൎണ്ണരായ് കൃതരവരിഹ
വിധിനാ (നൃപതിവര)
മദലോല-ഗജവരവിജയിക-
ളനുപമനിജമഹസാരിപുശമനർ- (അധി
ഭക്ഷാദ്യുപഭോഗഭുക്ഷിതൻ പ്രഭുവൊരു പ്രഭുവല്ലാ-
അപരാനവമതശാസനനാം തവ സമനേ
പ്രഭുവാം- (നൃപതിവര)

ചാണക്യൻ:—(വിചാരം) ആദ്യത്തെ ഗാനം ശരല്ക്കാലത്തിന്റെ അപദാനങ്ങളെ കീൎത്തിക്കുന്നതും ദേവതാസ്തുതിരൂപത്തിലുള്ളതുമാണു്. പിന്നെ രണ്ടാമത്തൊന്നു കേട്ടതെന്താണു്? (ആലോചനനടിച്ചു്) ആങ്ഹാ! മനസ്സിലായി. രാക്ഷസന്റെ തന്ത്രമാണിതു്. ദുരാത്മാവായ രാക്ഷസാ, ചാണക്യൻ ഉണൎന്നിരിക്കയാണെന്നു് അറിഞ്ഞിട്ടില്ലെന്നുണ്ടോ?

രാജാ:—വൈഹീനരേ, ആ വൈതാളികന്മാൎക്കു് ആയിരം പണം വീതം സമ്മാനം കൊടുക്കുക.

കഞ്ചുകി:—കല്പനപോലെ—(പോകാൻ തുടങ്ങുന്നു)

ചാണക്യൻ:—(കോപത്തോടെ) എടോ! താനെവിടെപ്പോകുന്നു? നില്ക്കുക വൃഷലാ, ഇത്ര വലിയ സംഖ്യ അനാവശ്യമായി ചിലവഴിക്കുന്നതിന്റെ ഉദ്ദേശമെന്താണു്?

രാജാ:—(കോപംനടിച്ച്) ഇങ്ങനെ സർവ്വത്ര തടഞ്ഞു് അനങ്ങുവാൻപോലും വയ്യാതാക്കുകകൊണ്ടു് രാജ്യം ഒരു ജയിൽപോലെ എനിക്കു് തോന്നുന്നു.

ചാണക്യൻ:—വൃഷലാ, സ്വതന്ത്രമായി ഒന്നും ചെയ്യാൻ കൊള്ളരുതാത്ത രാജാക്കന്മാക്കു് ഈ വക വിഷമാനുഭവങ്ങൾ കൂടാതെ കഴികയില്ല. എൻെറ അഭിപ്രായങ്ങൾ രുചിക്കുന്നില്ലെങ്കിൽ തോന്നിയപോലെ ചെയ്തുകൊൾക.

രാജാ:—നാം നമ്മുടെ കാര്യം തന്നിയേ നോക്കിക്കൊള്ളാം.

ചാണക്യൻ:—അങ്ങിനെയോ? എനിക്കു് പണ്ടേ സമ്മതമാണതു്. എനിക്കും എൻെറ കാര്യം നോക്കി സ്വസ്ഥമായിരിക്കാമല്ലോ.

രാജാ:—എന്നാൽ, ശാരദോത്സവം നിറുത്തിയതിൻെറ ഉദ്ദേശം ഇപ്പോൾ പറയണം.

ചാണക്യൻ:—വൃഷലാ, അതു് നടത്തുന്നതിൻ്റെ പ്രയോജനമെന്താണെന്നു് ഞാനാദ്യമായി അങ്ങോട്ടു ചോദിക്കുന്നു.

രാജാ:—നമ്മുടെ കല്പനയെ നിഷേധിച്ചതുകൊണ്ടുണ്ടായ മനസ്താപമാണു് പ്രഥമപ്രയോജനമായി ഇപ്പോൾ വന്നുകൂടിയതു്.

ചാണക്യൻ:—വൃഷലാ, എൻെറ ഉദ്ദേശവും അതുതന്നെയാണു്. സകല രാജാക്കന്മാരും അങ്ങയുടെ കല്പന 'വാടാമലർമാല' പോലെ നമ്രമായ ശിരസ്സിൽ അലങ്കരിച്ചിരിക്കയാണല്ലോ. എൻ്റെ അനുഗ്രഹം കൊണ്ടും, തന്ത്രനിപുണതകൊണ്ടും മാത്രമാണു് അങ്ങയ്ക്കു് ഈ വിശിഷ്ടപദവി ലബ്ധമായതു്. ആകയാൽ അങ്ങയുടെ അഭേദ്യമായ ആജ്ഞ ഞാൻമൂല

മായിമാത്രം നിഷ്ഫലമാകുന്നുവെങ്കിൽ, അങ്ങയുടെ പ്രഭുത്വം വിനയവിഭൂഷിതമാണെന്നുള്ളതിലേയ്ക്ക് മറ്റൊരു തെളിവും ആവശ്യമില്ലതന്നെ. ഇനി വേറെ വല്ല ഉദ്ദേശവുംകൂടി കേൾപ്പാനാശിക്കുന്നുണ്ടെങ്കിൽ അതും പറയാം.

രാജാ:—പറയൂ, കേൾക്കണം.

ചാണക്യൻ:—(കഞ്ചുകിയോട്) വൈഹീനരേ, രായസം അചലന്റെ അടുക്കൽചെന്ന്, "ഇവിടെ താമസിക്കുവാൻ തൃപ്തിയില്ലാതെ ഒളിച്ചോടി മലയകേതുവിനെ ആശ്രയിച്ചു പാൎക്കുന്ന ഭദ്രഭടപ്രഭൃതികളുടെ വിജ്ഞാപനപത്രം തരുവാൻ" പറയൂ.

(കഞ്ചുകി പോയി പത്രത്തോടുകൂടി തിരിയെ പ്രവേശിക്കുന്നു)

കഞ്ചുകി:—ഇതാ ആ പത്രം.

ചാണക്യൻ:—(പത്രം വാങ്ങി) വൃഷലാ, ഇതു് വായിച്ചുനോക്കൂ.

രാജാ:—(പത്രം വാങ്ങി നിശ്ശബ്ദമായി വായിക്കുന്നു) " സ്വസ്തി, മഹാമഹിമശ്രീ ചന്ദ്രഗുപ്തമഹാരാജാവു് തിരുമനസ്സിലെ സഹചാരികളായ പ്രധാന സേവകന്മാർ ഇവിടെനിന്നു് ഓടിപ്പോയി മലയകേതുവിനെ ആശ്രയിച്ചതിനെപ്പറ്റിയുള്ള പ്രമാണപത്രമാണിതു്. ഗജപരിരക്ഷണവകുപ്പിലെ നേതാവായ ഭദ്രഭടൻ, ലായം സൂക്ഷിച്ചു് പാൎത്ത പുരുഷദത്തനും ഡിംഗരാതനും, മഹാരാജാവു് തിരുമനസ്സുമായി ബന്ധുത്വമുള്ള രാജശ്രീ ബലദേവഗുപ്തൻ, അവിടുത്തെ ബാല്യസ്നേഹിതനായ രാജസേനൻ, സേനാധിപനായ സിംഹബലന്റെ കനിഷ്ഠസോദരനായ ഭാഗുരാ

യണൻ, മാളവരാജാവിന്റെ പുത്രനായ ലോഹിതാക്ഷൻ, ക്ഷത്രിയപ്രമാണിയായ വിജയവർമ്മൻ ഇങ്ങിനെ എട്ടുപേരാണു് പോന്നിരിക്കുന്നതു്. ഞങ്ങളെല്ലാം അവിടുത്തെ കാര്യത്തിൽ എപ്പോഴും ബദ്ധശ്രദ്ധന്മാരാണെന്നു തിരുമനസ്സറിവിച്ചുകൊള്ളുന്നു." (സ്പഷ്ടം) എഴുത്തുകൊണ്ടു് മുഴുവനും വ്യക്തമാകുന്നില്ലല്ലോ. ഇവൎക്കു് നീരസം വരാനുള്ള കാരണമെന്താണെന്നും പറഞ്ഞറിയേണ്ടതായിത്തന്നെയിരിക്കുന്നു.

ചാണക്യൻ:—എല്ലാം പറയാം. ഭദ്രഭടനും പുരുഷദത്തനും വ്യഭിചാരം മദ്യപാനം ജന്തുഹിംസ തുടങ്ങിയ ദുൎന്നടപ്പുകൾകൊണ്ടു് തങ്ങളുടെ കൃത്യങ്ങളിൽ തീരെ ശ്രദ്ധയില്ലാത്തവരാകയാൽ അവരെ ജോലിയിൽനിന്നു പിരിച്ചുവിട്ടു് ചിലവിനുള്ളവകമാത്രം കൊടുത്തുവരികയായിരുന്നു. അതവൎക്കു് രസമാകാത്തതുകൊണ്ടു് നമ്മെ വിട്ടു് നമ്മുടെ ശത്രുവിനെ ആശ്രയിക്കാൻ പൊയ്ക്കളഞ്ഞു. ഡിംഗരാതനും ബലഗുപ്തനും ഇവിടത്തേക്കാൾ കൂടുതൽ ശമ്പളം അവിടെ കിട്ടുമെന്നു മോഹിച്ചു് പോയവരാണു്. രാജസേനനാകട്ടെ, അങ്ങു് കൊടുത്ത പണം കണക്കില്ലാതെ വൎദ്ധിക്കയാൽ, ഇനിയതു് തിരിയെ ചോദിച്ചെങ്കിലോ എന്നു് പേടിച്ചു് മണ്ടിയതാകുന്നു. പൎവ്വതകനുമായി പണ്ടേതന്നെ ദൃഢസ്നേഹത്തിലിരുന്ന ഭാഗുരായണൻ, "അങ്ങയുടെ പിതാവിനെ ചാണക്യനാണു് വധിച്ചതു്" എന്നു് പറഞ്ഞുണ്ടാക്കി മലയകേതുവിനെ സൂത്രത്തിൽ എങ്ങോ കൊണ്ടുപോയി ഒളിപ്പിച്ചുകളഞ്ഞു; പിന്നീടു് അങ്ങയുടെ വിരോധികളെയെല്ലാം തിരഞ്ഞു് പിടിച്ചു നിഗ്രഹിക്കുന്ന

തായി കേട്ടതുമൂലം "ഇനി ഇങ്ങോട്ടു വന്നാൽ പന്തിയല്ലെ"ന്ന് കരുതി മലയകേതുവിൻെറ അടുക്കൽ തന്നെ താവളമുറപ്പിച്ചു. 'എന്റെ ജീവനെ രക്ഷിച്ചവനാണല്ലോ' എന്ന കൃതജ്ഞതയോടുകൂടി മലയകേതു ഉടൻതന്നെ അവനെ മന്ത്രിപദത്തിൽ കയററുകയും ചെയ്തു. ലോഹിതാക്ഷനും വിജയവർമ്മനും ദുരഭിമാനംകൊണ്ടും, സ്വന്തമാളുകൾക്ക് അങ്ങ് പണം വാരിക്കോരിക്കൊടുക്കുന്നതു് കണ്ടു് കണ്ടു് സഹിയ്ക്കായ്കകൊണ്ടും തിരിഞ്ഞു മാറിയതാണു്.

രാ:—കാരണങ്ങളെല്ലാം അറിഞ്ഞിരുന്നിട്ടും അവരുടെ അതൃപ്തിക്ക് പരിഹാരമുണ്ടാക്കുവാൻ അങ്ങ് നോക്കാതിരുന്നതെന്താണു്?

ചാ:—വൃഷലാ, പ്രതിവിധിചെയ്യാൻ എനിക്കപ്പോൾ സാധിച്ചില്ല.

രാ:—അതു് സാമർത്ഥ്യക്കുറവുകൊണ്ടോ? അതോ മററുവല്ല പ്രയോജനവും കരുതിയോ?

ചാ:—സാമർത്ഥ്യമില്ലായ്മ സംഭാവ്യമല്ല; തക്കതായ ഫലം ഉദ്ദേശിച്ചു് തന്നെയാണു്.

രാ:—എന്നാൽ ആ ഉദ്ദേശമൊന്നുകേട്ടാൽ കൊള്ളാം.

ചാ:—ശരി: കേട്ടോളൂ. പിണങ്ങിയ കൂട്ടർക്ക്, അനുഗ്രഹം നിഗ്രഹം എന്നു് രണ്ടുവിധത്തിലാണല്ലോ പ്രതിക്രിയ വേണ്ടതു്. ഒന്നാമത്തെ പക്ഷം സ്വീകരിക്കുന്നതായാൽ, അധികാരത്തിൽനിന്നു് ഭ്രഷ്ടന്മാരാക്കപ്പെട്ട ഭദ്രഭടനും പുരുഷദത്തനും വീണ്ടും അതു് കൊടുക്കേണ്ടിവരുന്നു. അകററപ്പെട്ടവരെ പിന്നെയും അടുപ്പിച്ചാൽ അതുകൊണ്ടു വന്നുകൂടുന്ന അനർത്ഥം അനല്പമായിരിക്കും. എന്നല്ലാ രാജ്യത്തിന്റെ അടിസ്ഥാനമായ ആനകുതിരകളുടെ നിലയും വളരെ ശോചനീ

യമായിപ്പോകും. 'അത്യാൎത്തിപിടിച്ച' ഡിംഗരാതനും ബലഗുപ്തനും നാട്ടുമുഴുവൻ കൊടുത്താലും തൃപ്തിവരാത്ത സ്ഥിതിക്ക് അവരെ എങ്ങനെയാണ് അനുഗ്രഹിക്കുക? നേടിയപണം പോയെങ്കിലോ എന്ന് പേടിച്ച് ഓടിയ രാജസേനനേയും മരണഭീതിയാൽ പലായിതനായ ഭാഗുരായണനേയും അനുഗ്രഹിപ്പാൻ ഒരു വഴിയുമില്ല. ദുരഭിമാനം മുഴുത്ത ലോഹിതാക്ഷനും വിജയവൎമ്മനും പ്രീതിയുണ്ടാക്കാനുള്ള മാൎഗ്ഗം ഏതാണ്? ഈ വക കാരണങ്ങളാൽ അനുഗ്രഹിക്കയെന്ന ഭാഗം നോക്കുകയേ വേണ്ടല്ലോ. ഇനി രണ്ടാം പക്ഷമെടുക്കാം. നമുക്ക് രാജ്യം കൈവശമായിട്ട് കുറച്ചുദിവസമേ ആയിട്ടുള്ളൂ. നാം പെട്ടെന്ന് നിഗ്രഹതന്ത്രമെടുക്കുന്നതായാൽ നന്ദഭക്തരായ പ്രജകൾക്ക് നമ്മിൽ അവിശ്വാസവും വിരോധവും ഉണ്ടാകാതിരിക്കയില്ല. അത് നമ്മുടെ പ്രതിഷ്ഠയ്ക്ക് ഒരു വലിയ തടസ്സമായിത്തീരുകയും ചെയ്യും. അതുകൊണ്ട് രണ്ടാമത്തെ മാൎഗ്ഗവും സ്വീകാൎയ്യമല്ലതന്നെ. ഇതാ ഇപ്പോൾ, നമ്മുടെ ആൾക്കാരോടും രാക്ഷസന്റെ ഉപദേശത്തോടുകൂടി മലയകേതു വലിയൊരു മ്ലേച്ഛസൈന്യത്തെ സജ്ജീകരിച്ച് നമ്മളോടെതിൎക്കാനിറങ്ങിക്കഴിഞ്ഞിരിക്കുന്നു. അതിനാൽ, കോട്ടയുറപ്പിക്കുവാൻ നോക്കേണ്ട ഇക്കാലത്ത് ഉത്സവം ആടിനടന്നാൽ മതിയോ? കൌമുദീമഹോത്സവം മുടക്കിയതിന്റെ ഉദ്ദേശം ഇപ്പോൾമനസ്സിലായോ?

രാജാ:—എനിക്കിതിനെപ്പറ്റി ഇനിയും ചോദിക്കാനുണ്ട്.

ചാണക്യൻ:—ചോദിക്കൂ. എല്ലാം തുറന്നു ചോദിക്കൂ. എനിക്ക് വളരെ പറയാനുമുണ്ട്.

രാജാ:—ഞാൻ ചോദിക്കാം.

ചാണക്യൻ:—ഞാൻ പറയാം.

രാജാ:—ഈ കുഴപ്പങ്ങൾക്കെല്ലാം കാരണഭൂതനായ ആ മലയകേതു ഓടിപ്പോയ സമയം അവനെ വെറുതെ വിട്ടതെന്താണ്? കേൾക്കട്ടെ.

ചാണക്യൻ:—പറയാം. ഓടിപ്പോയ മലയകേതുവിനെ പിടിക്കുന്നപക്ഷം അവനെ സന്തോഷിപ്പിക്കുകയോ, നിഗ്രഹിക്കുകയോ ചെയ്യാതെ തരമില്ലല്ലോ. പ്രതിജ്ഞയ്ക്കനുസരണമായി പകുതിരാജ്യം കൊടുക്കുകയാണ് അനുഗ്രഹം. അങ്ങനെ ചെയ്താൽ പൎവ്വതകനെ വധിച്ചതു് കേവലം കൃതഘ്നതാഫലകമാകുമല്ലൊ. നിഗ്രഹിക്കുന്നതായാൽ നാം തന്നെയാണ് പൎവ്വതകനേയും വധിച്ചതെന്നു് വെളിവാകും. പേടിച്ചോടിയ മലയകേതുവിനെ ഒന്നും ചെയ്യാതെ വിട്ടതുകൊണ്ടു് അതു് രണ്ടും കൂടാതെ കഴിഞ്ഞു.

രാജാ:—അതങ്ങിനെയായി! ഇനി ഇവിടെത്തന്നെ പാൎത്തിരുന്ന രാക്ഷസനെ പിടിച്ചു് ബന്ധനസ്ഥനാക്കാതെയിരുന്നതിനെപ്പററി അങ്ങേയ്ക്കു് എന്തു് സമാധാനമാണ് പറയുവാനുള്ളതു്?

ചാണക്യൻ:—സ്വാമിഭക്തരിൽ അഗ്രഗണ്യനായ രാക്ഷസൻ വളരെക്കാലമായി ഈ കുസുമപുരത്തിൽത്തന്നെ പാൎത്തിരുന്നതുകൊണ്ടു് അദ്ദേഹത്തിൻെറ സ്വഭാവത്തെപ്പറ്റി നല്ല ബഹുമാനവും വിശ്വാസവും നന്ദസ്നേഹനിധികളായ പ്രജകളിൽ രൂഢമൂലമായിട്ടുണ്ടു്. സ്വതവേ രാക്ഷസൻ പൌരുഷവും പ്രതിഭയുംതികഞ്ഞ ഒരു മാന്യപുരുഷനാണ്. വലിയ ധനസ്ഥിതിയും ജനസ്വാധീനവും ഉള്ള അയാൾ ഈ

പട്ടണത്തിനകത്തു് താമസിക്കുകയാണെങ്കിൽ ചില അന്തഃച്ഛിദ്രങ്ങളെല്ലാം ഉണ്ടാകാതിരിക്കുകയില്ല. അകററിയാൽ പുറമേ നിന്നു് പുരികം ചുളിച്ചു് കാട്ടുമെന്നേയുള്ളൂ; ഏതുവിധമെങ്കിലും അയാളെ നമുക്കു് അധീനപ്പെടുത്താമെന്നതു് നിശ്ചയവുമാണു്.

രാജാ:—ബലാൽക്കാരമായി തടഞ്ഞുനിറുത്തി പിടിക്കാമായിരുന്നല്ലോ.

ചാണക്യൻ:—വൃഷലാ, രാക്ഷസനാണദ്ദേഹം. നല്ലവണ്ണം ഓൎക്കണം. അദ്ദേഹത്തോടെതിൎക്കുന്നപക്ഷം, നമ്മുടെ സൈന്യങ്ങൾ അനവധി നശിപ്പിക്കപ്പെടുകയോ, അദ്ദേഹം തന്നിയേമൃത്യുവശനാവുകയോ ആകുംഫലം. നാമെതിൎക്കുകയാൽ അദ്ദേഹം നശിക്കുന്ന പക്ഷം, അമൂല്യവും അനോപമവുമായ ഒരു ദിവ്യരത്നം ലോകത്തിൽനിന്നു് നിഷ്ഫലമായി മറഞ്ഞു പൊയ്പോകും. നമ്മുടെ സൈന്യങ്ങളാണു് നശിക്കപ്പെടുന്നതെങ്കിൽ അതും അത്ര സമീചീനമല്ലല്ലൊ. അതുകൊണ്ടു് അദ്ദേഹത്തെ വന്യഗജത്തെപ്പോലെ തന്ത്രത്തിൽ മാത്രമേ സ്വാധീനപ്പെടുത്താൻ പററൂ.

രാജാ:—അങ്ങയോടു പറഞ്ഞുനില്ക്കാൻ നമുക്കു് പ്രയാസമാണു്. എങ്ങിനെ നോക്കിയാലും അങ്ങയെക്കാൾ പരമവിശിഷ്ടനാണു് അമാത്യരാക്ഷസനെന്നതു് നിസ്സംശയമാകുന്നു.

ചാണക്യൻ:—(കോപംനടിച്ചു്) വൃഷലാ, എന്തിനാണു് വളച്ചുകെട്ടിപ്പറയുന്നതു്? "അങ്ങല്ല" എന്നുതന്നെ തെളിച്ചു പറഞ്ഞേക്കൂ.

രാ:—നാം ശക്തിയായാക്രമിച്ചു് കുസുമപുരം വളഞ്ഞസമയം നമ്മോടു് അഭയം അപേക്ഷിക്കുന്നമട്ടിൽ പട്ടണ

മെല്ലാം നമുക്കധീനമാക്കിത്തരുവാനായി നമ്മുടെ സൈന്യങ്ങൾക്കു് സുഗമമായ പ്രവേശം അദ്ദേഹം കൊടുത്തു. പുരം അധീനമായ സമയം നാം വിജയപ്പെരുമ്പറ മുഴക്കുവാൻ തുടങ്ങിയെങ്കിലും, പുറമേ നിന്നിരുന്ന ശക്തന്മാരായ നമ്മെ തീരെ വകവെയ്ക്കാതെ നമ്മുടെ സൈന്യത്തെ മിക്കവാറും പരാജയപ്പെടുത്തി സ്വകാര്യസിദ്ധിക്കായി വിഷകന്യയെ പ്രയോഗിക്കുക, കപടതോരണം നിർമ്മിക്കുക, ശയനഗൃഹം പണിയിക്കുക മുതലായ ഗൂഢപ്രവൃത്തികളോടുകൂടി നഗരാന്തർഭാഗത്തിൽത്തന്നെ അദ്ദേഹം കുറെക്കാലം സ്വച്ഛന്ദം വിഹരിച്ചിട്ടുണ്ടു്. പിന്നെയും നമ്മെയെല്ലാം കബളിപ്പിച്ചു് ഗുഹാമാർഗ്ഗമായി സർവാർത്ഥസിദ്ധിയോടുകൂടി പുറമേ കടന്നു് സംഘബലമുണ്ടാക്കി ഇപ്പോൾ നമ്മോടെതിരിടാനും ഒരുങ്ങിക്കഴിഞ്ഞു. ഇതിനൊക്കെ പുറമേ ആ മഹാനുഭാവൻ തന്റെ നയവിശേഷംകൊണ്ടു്, നമ്മെ വ്യാമോഹിപ്പിക്കുകയാൽ നാം നമ്മുടെ വിശ്വസ്ഥന്മാരായവരിൽക്കൂടി ശങ്കിതന്മാരായിത്തീൎന്നു. നോക്കുക അദ്ദേഹത്തിന്റെ ഒരു മനശ്ശക്തി!!

ചാണക്യൻ:—(പരിഹാസമായി ചിരിച്ചുകൊണ്ടു്) ഇതാണല്ലേ രാക്ഷസൻെറ യോഗ്യത? ഞാൻ വിചാരിച്ചതു് അങ്ങനെയല്ല; നന്ദനെ നിഗ്രഹിച്ചു് ഭവാനെ ഞാൻ പ്രതിഷ്ഠിച്ചതുപോലെ രാക്ഷസൻ അങ്ങയെ വധിച്ചു് മലയകേതുവിനെ വാഴിച്ചുവെന്നാണു്.

രാ:—നമ്മെ പ്രതിഷ്ഠിച്ചതു് വേറെ ആളാണു്; അങ്ങയ്ക്കതിൽ യാതൊരു ബാദ്ധ്യതയുമില്ല.

ചാണ:—എന്നോ മത്സരക്കാരാ, പ്രവൃദ്ധമായ കോപത്താൽ കമ്പിതമായ കൈവിരൽകൊണ്ടു് തലമുടിക്കെട്ടഴിച്ചിട്ടു, സകല ശത്രുക്കളേയും 'കിലുകില' വിറപ്പിക്കുന്ന ഘോരഘോരമായ പ്രതിജ്ഞയെ ബഹുജനങ്ങളുടെ സമക്ഷത്തിൽ ചെയ്തു്, കോടീശ്വരന്മാരും അഹംകാരമത്തരുമായ നന്ദന്മാരെ രാക്ഷസന്റെ കണ്ണിന്നു് മുമ്പിൽവെച്ചു് വാഴത്തടംപോലെ വെട്ടിയരിഞ്ഞു് തള്ളിയവൻ ഈ ചാണക്യനല്ലാതെ മറ്റാരാണു്? പറയൂ! കേൾക്കട്ടെ. അതു് മാത്രമോ? ആ ദുഷ്ടപ്രഭുക്കളെ ചുട്ടെരിച്ച ചുടലത്തീയ് ഇതാ ഇപ്പോഴും കത്തിജ്വലിച്ചുകൊണ്ടിരിക്കയുമാണു്.

രാ:—ഇതെല്ലാം മറ്റൊരു ശക്തിയുടെ പ്രവൃത്തികളാണു്.

ചാ:—ആ: ഹാ. ആരുടെ ശക്തി? എന്തു് ശക്തി?

രാ:—നന്ദവംശവിരോധിയായ ദൈവത്തിന്റെ തന്നെ.

ചാ:—(കോപം നടിച്ചു്) വൃഷലാ, നമ്മെ ഒരു ദാസനാക്കാൻ തുനിയുന്നുവോ? കെട്ടിയ തലമുടി അഴിച്ചിടാനെന്റെ കൈകളിതാ പൊങ്ങുന്നു. (വലതുകാൽ പൊക്കി നിലത്തു ഉറക്കെ ചവിട്ടിക്കൊണ്ടു്) ഈ കാലിതാ വീണ്ടും ശപഥപഥത്തിലേയ്ക്കു് ത്വരിക്കുന്നു. നന്ദവിനാശത്തിനു ശേഷം മന്ദീഭവിച്ചിരുന്ന എന്റെ കോപാഗ്നിയെ കത്തിജ്വലിപ്പിക്കാൻ തുടങ്ങുകയാണല്ലേ?

രാജാ:—(പരിഭ്രമത്തോടുകൂടി, വിചാരം) ഗുരുപാദർ വാസ്തവത്തിൽ കോപിച്ചപോലെതന്നെ തോന്നുന്നല്ലോ. അതാ കോപാവേശംകൊണ്ടിളകുന്ന കൺപീലികളുടെ ഇടയിൽക്കൂടെ അനർഗ്ഗളമായി നിർഗ്ഗളിക്കുന്ന ബാഷ്പപൂരത്താൽ പരിപൂരിതമായ കനല്ക്കണ്ണുകളുടെ കാന്തിനികരം, പുരികക്കൊടികളുടെ നിര

ന്തരമായ ചലനമാകുന്ന ധൂമജാലത്തോടുകൂടി എരിയുന്ന തീ പോലെ കാണപ്പെട്ടുന്നു. താണ്ഡവാവസരങ്ങളിൽ രൌദ്രരസമഭിനയിക്കുന്ന നടരാജപ്പെരുമാളുടെ പാദഘാതത്തെ അനുഭവിച്ച് തഴക്കം വന്നിട്ടില്ലായിരുന്നുവെങ്കിൽ ഭൂമിദേവി നിശ്ചയമായും ഇപ്പോൾ പാതാളത്തിലേയ്ക്ക് ആണ്ടുപോയേനേ.

ചാണക്യൻ:—(കൃത്രിമകോപം ശാന്തമാക്കി) വൃഷലാ, എന്തിനു വെറുതെ വാഗ്വാദം ചെയ്യുന്നു? എന്നെക്കാൾ കേമൻ രാക്ഷസൻ ആണെങ്കിൽ ഇതാ ഈ ആയുധം അയാൾക്ക് കൊടുത്തേക്കൂ. (ആയുധം രാജാവിന്റെ മുമ്പിലേയ്ക്കിട്ടു മേല്പോട്ടു നോക്കിക്കൊണ്ടു് വിചാരം) രാക്ഷസാ, രാക്ഷസാ, ഇതു് കൌടല്യന്റെ ബുദ്ധിയെ ജയിപ്പാനാഗ്രഹിക്കുന്ന അങ്ങയുടെ ഒരു ബുദ്ധിവിശേഷമാണു്. 'ചാണക്യനുമായി അകന്നു് കിട്ടിയാൽ മൌര്യനെ നിഷ്പ്രയാസം ജയിക്കാം' എന്ന ദുരാശയോടുകൂടി അങ്ങു് എന്തൊക്കെ പ്രവൎത്തിച്ചുവോ അതെല്ലാം അങ്ങേയ്ക്കുതന്നെ അപായകരമായി തീൎന്നേ കഴിയൂ.

(ഒന്നും മിണ്ടാതെ ഇറങ്ങിപ്പോകുന്നു)

രാജാ:—വൈഹീനരേ, 'ഈ നിമിഷംമുതൽ ചാണക്യനെ അകററി നാം സ്വതന്ത്രമായി രാജ്യകാൎയ്യങ്ങൾ അന്വേഷിക്കുവാൻ തീൎച്ചപ്പെടുത്തിയിരിക്കുന്നു' എന്നു് എല്ലായിടത്തും വേഗം വിളംബരം ചെയ്യൂ.

കഞ്ചുകി:—(വിചാരം) ബഹുമാനത്തെക്കുറിക്കുന്ന ഉപപദം കൂടി ചേൎക്കാതെ 'ചാണക്യൻ' എന്നാണല്ലോ തിരുമനസ്സുകൊണ്ടു് കല്പിച്ചരുളിയതു്. അധികാരം

വീണ്ടെടുത്തു; സംശയമില്ല. തിരുമനസ്സിലെ പേരിൽ ഇതിനെ സംബന്ധിച്ചു് ഒരു തെററും പറയുവാനില്ല. ആന ദുഷ്ടനാവുന്നതു് പാപ്പാന്റെ ദോഷം കൊണ്ടത്രേ. രാജാവു് തിന്മയായി വല്ലതും പ്രവത്തിച്ചുപോയാൽ അപ്പോഠ നിശ്ചയിക്കാം മന്ത്രി "കാശിനു് കൊള്ളാത്തവ"നാണെന്നു്.

രാജാ:—നീ എന്താണു് സംശയിച്ചു നില്ക്കുന്നതു്?

കഞ്ചുകി:—മഹാരാജാവേ ഒന്നുമില്ല; ഭാഗ്യാതിരേകം കൊണ്ടു് അവിടുന്നു് ഇപ്പോഠ സ്വതന്ത്രനായി. (തൊഴുതു പോകുന്നു)

രാജാ:—(വിചാരം) ഈ വിചാരം എല്ലാവരിലും ഉദിക്കട്ടെ. ഗുരുപാദർ ഉദ്ദേശിച്ച കാൎയ്യങ്ങളെല്ലാം തന്മൂലം മംഗളമായിത്തീരുകയും ചെയ്യട്ടേ. (സ്പഷ്ടം) ശോണോത്തരേ, വെറുതെ സംസാരിക്കയാൽ എന്നെ തലവേദന ബാധിച്ചിരിക്കുന്നു. അകത്തേയ്ക്കു് വഴി കാണിക്കൂ.

പ്രതീ:—മഹാരാജാവു് ഇതിലെ ഇതിലെ.

രാജാ:—(വിചാരം) ഗുരുപാദരുടെ നിർദ്ദേശപ്രകാരമാണെങ്കിലും, അദ്ദേഹത്തിൻെറ ഗൌരവത്തെ ഗൌനിക്കാതെ പറഞ്ഞതുകൊണ്ടു് എൻെറ ഹൃദയം പിളരുന്നപോലെ തോന്നുന്നു. ആ സ്ഥിതിക്കു് ഗുരുപദേശത്തെ സ്വമേധയാ ലംഘിക്കുന്നവരുടെ അവസ്ഥ ആലോചിച്ചുനോക്കുവാൻ പോലും പ്രയാസമായിരിക്കുന്നു.

(എല്ലാവരും പോയി)

---

# നാലാമങ്കം

(രംഗം—രാക്ഷസൻെറ പടിപ്പുര)

(ഒരു വഴിപോക്കൻ പ്രവേശിക്കുന്നു)

വഴിപോക്കൻ:—ആശ്ചര്യംതന്നെ. രാജകല്പനയുടെ ഒരു ശക്തി! അമ്പ!! വിചാരിക്കുവാൻകൂടി വയ്യ!!! ഏതു് നട്ടപ്പാതിരയിലും ആർക്കും എവിടേയും ഇപ്പോൾ സുഖമായി നടക്കാം. രാജാവിന്റെ നോട്ടം ശരിക്കില്ലാത്തപക്ഷം ഉണ്ടോ അതു പററുന്നു? (ആലോചിച്ചു്) അമാത്യരാക്ഷസനെ ഒന്നു് കാണണമല്ലോ. (ക്ഷീണിച്ചവനെപ്പോലെ ചുററി നടന്നു് പടിക്കൽ ചെന്നു്) ഓഹോയ്, ഇവിടെ ആരാ ഉള്ളതു്? കുസുമപുരത്തിൽ നിന്നു് അമാത്യന്റെ സ്വന്തം ആളായ കരഭകൻ, കാണാൻ വന്നിരിക്കുന്നുവെന്നു് വേഗം ചെന്നു് പറയണമല്ലോ.

ദ്വാരപാലകൻ:—(പ്രവേശിച്ചു്) ഹേ! ആരാതു്? കുറച്ചു പതുക്കെപ്പറയൂ. രാത്രി എന്തൊക്കെയോ ആലോചിച്ചു് മിഴിക്കൂട്ടാനുംകൂടി തരപ്പെടാത്തതുകൊണ്ടു് അമാത്യൻ തലനൊന്തു് കിടക്കുകയാണു്. കിടന്നിടത്തു നിന്നു് എഴുന്നേററിട്ടുപോലുമില്ല. കുറച്ചുവിടെ നില്ക്കൂ. സമയം നോക്കി താൻ വന്ന കാര്യം അറിവിക്കാം.

കരഭകൻ:—ഓഹോ! അനുമതി.

(രംഗം—രാക്ഷസൻെറ ശയനഗൃഹം)

(രാക്ഷസൻ തലയ്ക്കു കൈകൊടുത്തു് വിചാരാകുലനായി ഇരിക്കുന്നു. ശകടദാസൻ ശിശ്രൂഷകൾ ചെയ്തു് അടുത്തു നില്ക്കുന്നു)

രാക്ഷസൻ:—(വിചാരം) ഞാൻ തുനിഞ്ഞിറങ്ങുന്ന കാൎയ്യത്തിലൊക്കെ ദൈവം പ്രതികൂലിയാണ്. കൌടല്യന്റെ ബുദ്ധികൌടില്യവും സഹിക്കാവുന്നതല്ല. ഞാൻ ശത്രുമാരണത്തിനായി പ്രയോഗിച്ച ഒളിയമ്പുകളെല്ലാം ലാക്കിൽനിന്ന് തെറ്റിയെന്നു മാത്രമല്ല, എന്നെത്തന്നെ പീഡിപ്പിക്കുകയും ചെയ്യുവരുന്നു. ഈ നിലയ്ക്ക് സ്വാമി കാൎയ്യങ്ങൾ എങ്ങിനെയാണ് നിൎവ്വഹിക്കപ്പെടുക? രാത്രി ഉറക്കംപോലും വരാതെ ഞാനിപ്പോൾ വല്ലാതെ വിഷമിക്കുന്നു. (ആലോചന നടിച്ച്) മന്ത്രിയുടെ കൃത്യം സുകരമല്ല. ഒരു കാൎയ്യസാദ്ധ്യത്തെ ദൃഢമായുദ്ദേശിച്ചിറങ്ങുന്ന മന്ത്രി, ആദ്യം ചില ചില്ലറ പ്രവൃത്തികളെല്ലാം ചെയ്ത് അതിനെ ക്രമേണ വിപുലമാക്കുന്നതിനുവേണ്ടി, ഉള്ളിലങ്ങുമിങ്ങുമായി മങ്ങിമയങ്ങിക്കിടക്കുന്ന ലക്ഷ്യത്തെ നിഗ്രഢമായന്വേഷിച്ച് നല്ലപോലെ വിമൎശനം ചെയ്തശേഷം ചിന്നിച്ചിതറിക്കാണാവുന്ന പ്രവൃത്തിമുഖങ്ങളെ ഏകീകരിച്ച് ഉദ്ദേശം നേടേണ്ടതായിരിക്കുന്നു. അത് ലഘുപ്രയത്നങ്ങളെക്കൊണ്ടൊന്നും സാദ്ധ്യമല്ലല്ലോ. അതുകൊണ്ടു ദുഷ്ടനായ ആ ചാണക്യൻ——

ദ്വാര:—(പെട്ടെന്നു പ്രവേശിച്ച്) ജയിച്ചാലും—

രാക്ഷസൻ:—ജയിക്കപ്പെടുവാൻ കഴിയുമോ?

ദ്വാര:—അമാത്യൻ.

(ഇടത്തുകണ്ണ് തുടിക്കുന്നതായി നടിച്ച്)

രാക്ഷസൻ:—(വിചാരം) "ദുഷ്ടനായ ആൎയ്യചാണക്യൻ ജയിച്ചാലും! അമാത്യൻ ജയിക്കപ്പെടുവാൻ കഴിയും." വാമാക്ഷിസ്പന്ദനം ഇതാ ഈവിധം വാച്യമായിത്തന്നെ പറഞ്ഞു. എന്നാലും ഞാനെന്റെ പരിശ്ര

മത്തിൽനിന്നു് പിൻമാറാൻ ഭാവമില്ല. (സ്പഷ്ടം) എന്താണു് നീ വന്നതു്?

ദ്വാരപാലകൻ:—കരഭകൻ വന്നു് പടിക്കൽ നില്ക്കുന്നു.

രാക്ഷസൻ:—വേഗം കൂട്ടിക്കൊണ്ടു വരിക.

(ദ്വാരപാലകൻ പോകുന്നു; കരഭകൻ പ്രവേശിക്കുന്നു)

കരഭകൻ:—അമാത്യന്നു് നമസ്കാരം!!

രാക്ഷസൻ:—ഇരിക്കൂ.

(കരഭകൻ നിലത്തിരിക്കുന്നു)

രാക്ഷസൻ:—(വിചാരം) എന്തു് പറഞ്ഞാണു് ഇവനെ അയച്ചിരുന്നതു്? കൃത്യബാഹുല്യംനിമിത്തം വളരെ ആലോചിച്ചിട്ടും ഓർമ്മിക്കുന്നില്ലല്ലൊ.

(ആലോചന നടിക്കുന്നു)

(പിരമ്പോട്ടുകൂടി ഒരു പുരുഷൻ പ്രവേശിച്ചു്)

പുരുഷൻ:-ഓടിൻ ഓടിൻ! മാറിൻ മാറിൻ! എഴുന്നെള്ളത്തായി. ഒരിച്ചപോലും വഴിയിലെങ്ങും നിന്നുപോകരുതു്. അതാ കണ്ടില്ലേ? ഭാഗ്യംകെട്ടവൎക്കു് ഒരു കണ്ണു കാണാൻപോലും കിട്ടാത്ത ദേഹവും ദേവതുല്യനമായ സാക്ഷാൽ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടു് എഴുന്നെള്ളിക്കഴിഞ്ഞു. (മേല്പോട്ടു നോക്കിക്കൊണ്ടു്) താനെന്താണു ചോദിക്കുന്നേ? 'ജനങ്ങളെ ന്തെിന്നാണു് വഴിമാററുന്നതു്' എന്നോ? പറഞ്ഞപ്പോൾ ചെവി എവിടെപ്പോയി? അമാത്യരാക്ഷസന്നു് തലവേദന കലശലാണെന്നു കേട്ടതുകൊണ്ടു് അദ്ദേഹത്തെ കാണുവാനായി മലയകേതുകുമാരൻ ഇങ്ങോട്ടുതന്നെ എഴുന്നെള്ളുന്നു. അതിന്നാണു് വഴി ഒഴിക്കുന്നതു്. ഇപ്പോൾ കേട്ടോ?

(ശീഘ്രായി പോകുന്നു)

(മലയകേതുവും പിറകേ ഭാഗുരായണനും കഞ്ചുകിയും പ്രവേശിക്കുന്നു)

കഞ്ചുകി:—കല്പനപോലെ. (ചുററിനടന്നു മേല്പോട്ടു നോക്കിക്കൊണ്ടു്) മാന്യരാജാക്കന്മാരെ, ഭവാന്മാരോടു് മഹാരാജാവു് തിരുമനസ്സുകൊണ്ടു് ഇങ്ങനെ കല്പിച്ചിരിക്കുന്നു. "അമാത്യരാക്ഷസന്റെ അടുക്കലേയ്ക്കു നിങ്ങളാരും വരേണ്ട" എന്നു്. (മുമ്പോട്ടുനോക്കി സന്തോഷം നടിച്ചു്) രാജകുമാരന്റെ കല്പന കേൾക്കേണ്ട താമസം. അതാ നോക്കൂ. എല്ലാവരും തിരിഞ്ഞു് നടന്നുകഴിഞ്ഞു. (രാജാവിൻെറ അരികെചെന്നു്) അവരിലൊരാൾക്കെങ്കിലും അങ്ങയുടെ ആജ്ഞ തെററി നടക്കണമെന്ന കരുതൽ പോലുമില്ല.

മലയ:—ജാജലേ, അങ്ങും പരിജനങ്ങളേയും കൊണ്ടു് പൊയ്ക്കോളൂ. ഭാഗുരായണൻ മാത്രം എൻെറ കൂടെ പോന്നാൽ മതി.

(കഞ്ചുകി പരിജനസഹിതം പോകുന്നു)

മലയ:—സ്നേഹിതാ, ഭദ്രഭടൻ മുതലായവർ എന്റെ അടുക്കൽവന്നു് താമസമാക്കിയതിനുശേഷം ഒരിക്കൽ ഏതോ ഒരു പ്രസ്താവത്തിന്നിടയിൽ ഇങ്ങനെകൂടി പറയുകയുണ്ടായി. "ഞങ്ങൾ അമാത്യരാക്ഷസനെ സേവപിടിച്ചല്ല അവിടത്തെ ആശ്രയണീയനായി സേവിക്കുന്നതു്; അങ്ങയുടെ സേനാനായകനായ ശിഖരകൻെറ സഹായത്തോടുകൂടിയാണു് ആ ദുഷ്ട ചാണക്യൻെറ കുരുക്കിൽപ്പെട്ടു കിടക്കുന്ന ചന്ദ്രഗുപ്തനെവിട്ടു് സർവ്വഗുണസമ്പൂർണ്ണനായ അങ്ങയെ ആശ്രയിച്ചതു്" എന്നു്. വളരെ ഒക്കെ ആലോചിച്ചിട്ടും ഈ വാക്യങ്ങളുടെ താല്പര്യം എനിക്കു് തീരെ മനസ്സിലായില്ല.

ഭാഗുരാ:—കുമാരാ, അതിന്റെ സാരം അത്ര ദുർഗ്രഹമൊന്നുമല്ലല്ലോ. വിജയേച്ഛുവും ആത്മഗുണസമ്പന്നനുമായ പ്രഭുവിനെ സ്നേഹിതന്മാരുടെ ഇഷ്ടാനുസരണമായി ആശ്രയിക്കുക സാധാരണമല്ലേ?

മലയ:—സ്നേഹിതാ, അമാത്യരാക്ഷസൻ നമുക്കു് പ്രിയതമനും ഹിതതരനുമല്ലേ ?

ഭാഗുരാ:—അതങ്ങിനെതന്നേ. അമാത്യന്നു് ചാണക്യനോടാണു് പരമവിരോധം; ചന്ദ്രനോട്ടു് പ്രത്യേകം യാതൊരു ശത്രുതയുമില്ല. ദുരഭിമാനിയായ ചാണക്യന്റെ പെരുമാറ്റം എന്നെങ്കിലും തീരെ സഹിക്കാതെയാവുമ്പോൾ ചന്ദ്രഗുപ്തൻ അയാളെ മന്ത്രിപദത്തിൽനിന്നകററുകയും, ആ സ്ഥാനം അമാത്യരാക്ഷസനോട്ടു് സ്വീകരിപ്പാനപേക്ഷിക്കുകയും ചെയ്യുന്നപക്ഷം, നന്ദകുലത്തോട്ടുള്ള കറതീൎന്ന ഭക്തികൊണ്ടും ചന്ദ്രഗുപ്തൻ നന്ദന്റെ രക്തബന്ധിയാണെന്ന കരുതൽകൊണ്ടും ആ അപേക്ഷയെ അദ്ദേഹം സ്വീകരിച്ചേക്കാനിടയുണ്ടു്; പിതൃസഖ്യംനിമിത്തം ചന്ദ്രഗുപ്തൻ അദ്ദേഹത്തെ ക്രമത്തിലധികം ബഹുമാനിക്കാതിരിക്കയുമില്ല. അങ്ങനെ വരുമ്പോൾ കുമാരൻ ഞങ്ങളെക്കൂടി അവിശ്വസിച്ചേക്കാനിടയുണ്ടു്. ഇതാണു് അവരുടെ വാക്യത്തിൻെറ ആന്തരാൎത്ഥമെന്നു് എൻെറ എളിയ ബുദ്ധിയിൽ എനിക്കു് തോന്നുന്നു.

മലയ:—ശരി: അങ്ങനെ വിചാരിക്കാൻ വഴിയുണ്ടു്. ആകട്ടെ: അമാത്യഗൃഹത്തിലേയ്ക്കു് നടക്കൂ.

(രണ്ടുപേരും ചുററിനടക്കുന്നു)

ഭാഗുരാ:—ഇതാ ഇതിലെ കയറാം.

(മലയകേതുവും ഭാഗുരായണനും പതുക്കെ പടി കയറിയതായിനടിച്ചു നില്ക്കുന്നു)

രാക്ഷസൻ:—(വിചാരം) ഓഹോ! ഓർമ്മവന്നു. (സ്പഷ്ടം) എടോ! താൻ കുസുമപുരത്തിൽ സ്തനകലശനെ കണ്ടുവോ?

കര:—കണ്ടു—

മലയ:—കുസുമപുരത്തിലെ കാര്യമെന്തോ പറയുകയാണെന്നു് തോന്നുന്നു. അതുകൊണ്ടിപ്പോഴവിടെ കയറിച്ചെല്ലുന്നതു് മയ്യാദയല്ല. ഇവിടെത്തന്നെ മറഞ്ഞു് നിന്നു് സംസാരം കേൾക്കാം. മന്ത്രികൾ ചില പ്രത്യേക കരുതലുകൾ നിമിത്തം ചിലതൊക്കെ രാജാക്കന്മാരോടു പറയാതെ മറച്ചുവെയ്ക്കുകയും, സൈ്വരസംഭാഷണാവസരങ്ങളിൽ തുറന്നു് പറയുകയും പതിവാണല്ലോ.

ഭാഗുരാ:—കുമാരന്റെ ഇഷ്ടംപോലെയാവാം.

(മറഞ്ഞു നില്ക്കുന്നു)

രാക്ഷസൻ:—എടോ, ആ കാര്യം സാധിച്ചുവോ?

കര:—അമാത്യന്റെ അനുഗ്രഹംകൊണ്ടു ഒരുവിധം ഒപ്പിച്ചു.

മലയ:—സ്നേഹിതാ, ആ കാര്യ്യം ഏതായിരിക്കും?

ഭാഗുരാ:—കുമാരാ, മന്ത്രികളുടെ കാര്യ്യങ്ങളെല്ലാം അതിനിഗൂഢങ്ങളാണു്. ഇത്രയും കേട്ടതുകൊണ്ടുമാത്രം ഇന്നതു് എന്നു് നിർണ്ണയിപ്പാൻ തരമില്ല. മുഴുവൻ ശ്രദ്ധിച്ചു കേൾക്കു.

രാക്ഷസൻ:—എല്ലാം വിസ്തരിച്ചു പറയൂ! കേൾക്കട്ടെ.

കര:—അമാത്യൻ എന്നോടു്, "കരഭകാ, നീ കുസുമപുരത്തിലേയ്ക്കു പോവുക; അവിടെചെന്നു് സ്തനകലശനോടു്, 'ചാണക്യൻ ഓരോ കാര്യ്യത്തിലും കല്പനയ്ക്കു വിപരീതമായി പ്രവൎത്തിക്കുമ്പോഴൊക്കെ ചന്ദ്രഗുപ്തന്നു് കോപം വൎദ്ധിക്കത്തക്ക ഗാനങ്ങൾ

പാടിക്കൊള്ളണം' എന്നു് പറവാനായി" പറഞ്ഞു് അയച്ചല്ലോ.

രാക്ഷസൻ:—എന്നിട്ടെന്തായി ?

കര:—ഞാൻ പിന്നെ വേഗം കുസുമപുരത്തിൽ ചെന്നു് ഒരക്ഷരവും വിടാതെ അതുപോലെയൊക്കെ സ്തനകലശനോടു് പറഞ്ഞു; അക്കാലത്തു്, നന്ദമഹാരാജാക്കന്മാർ തീപ്പെട്ടതിനെപ്പറ്റി വ്യസനിച്ചിരുന്ന നാട്ടുകാരെ സന്തോഷിപ്പിക്കുവാൻവേണ്ടി ശാരദോത്സവം കൊണ്ടാടാമെന്നു് ചന്ദ്രഗുപ്തൻ നിശ്ചയിക്കുകയുണ്ടായി. വളരെക്കാലമായി നാടുവിട്ടുപോയിരുന്ന ഇഷ്ടജനത്തിന്റെ സമാഗമത്തെപ്പോലെ നാട്ടുകാരതിനെ ആഹ്ലാദപൂർവ്വം കാത്തിരുന്നു.

രാക്ഷസൻ:—(കണ്ണീർവാർത്തു്) ഹാ! കഷ്ടം! നന്ദമഹാരാജാവേ, കുമുദാനന്ദദായിയായ ചന്ദ്രനുണ്ടെങ്കിലും, ലോകാനന്ദകാരകനായ അവിടുന്നു് ദിവംഗതനായ ഈ കാലത്തു് കൌമുദിയുടെ നില എത്ര ശോച്യമായിരിക്കും ?

കര:—എല്ലാവരും ബഹുരസത്തോടുകൂടി കാത്തിരുന്ന ആ വിശേഷപ്പെട്ട മഹോത്സവത്തെ ചന്ദ്രഗുപ്തന്റെ ഇഷ്ടത്തിനു് നേരെ വിപരീതമായി ആ ദുഷ്ടചാണക്യൻ നിറുത്തിക്കളഞ്ഞു. സ്തനകലശൻ ആ തരത്തിനു് ഒരു 'പൊടിക്കൈവെച്ചു' താങ്ങിക്കൊടുത്തു—

രാക്ഷസൻ:—അതൊന്നു കേൾക്കട്ടെ.

(കരഭകൻ 'അധിരാജൻ' എന്ന പാട്ടു് പാടുന്നു)

രാക്ഷസൻ:—(സന്തോഷത്തോടെ) സ്തനകലശന്റെ 'പൊടിക്കൈ' കുറിക്കുകൊണ്ടു. കാലംനോക്കി വിതച്ച വിത്തു് പാഴായിപ്പോകയില്ല. എന്തെന്നാൽ, അഭി

സ്പ്സിതമായ വിനോദത്തിന്ന് വിഘ്നം നേരിടുന്നതു് സാധാരണക്കാൎക്കു പോലും രസിക്കുന്ന കാൎയ്യമല്ല; പിന്നെയുണ്ടോ അസാധാരണനായ ഒരു രാജാവതു സഹിക്കുന്നു ?

മലയ:—അതു പരമാൎത്ഥമാണു്.

രാക്ഷസൻ:—പിന്നെ—

കര:—തന്റെ കല്പന നിരോധിക്കപ്പെട്ടുകകൊണ്ടു കുപിതനായ ചന്ദ്രഗുപ്തൻ പ്രസംഗവശാൽ അമാത്യന്റെ ഗുണഗണങ്ങളെ കുറെയേറെ വാഴ്ത്തിക്കൊണ്ടു് ദുഷ്ട ചാണക്യനെ മന്ത്രിപദത്തിൽ നിന്നകറ്റിക്കളഞ്ഞു.

മലയ:—ഭാഗുരായണാ, ഗുണങ്ങളെ പ്രത്യേകം എടുത്തു വാഴ്ത്തിയതുകൊണ്ടു് ചന്ദ്രഗുപ്തനു് അമാത്യനോടുള്ള ഭക്ത്യതിശയം പ്രസ്പഷ്ടമാകുന്നുണ്ടു്. ഇല്ലേ ?

ഭാഗുരാ:—ഗുണോത്തരനായ അമാത്യനെ സ്വീകരിപ്പാൻ തന്നെയാണു് ചാണക്യനെ നിരാകരിച്ചതു്.

രാക്ഷസൻ:—ചന്ദ്രഗുപ്തനു് ചാണക്യനോടു് വിരോധമുണ്ടാകുവാൻ ശാരദോത്സവപ്രതിഷേധം മാത്രമാണോ കാരണം ? അതോ വേറെ വല്ലതും കൂടിയുണ്ടോ ?

മലയ:—സ്നേഹിതാ, ഈ ചോദ്യത്തിന്റെ ഉദ്ദേശമെന്തായിരിക്കും ?

ഭാഗുരാ:—ബുദ്ധിമാനായ ചാണക്യൻ തക്കതായ കാരണമൊന്നും കൂടാതെ നിരൎത്ഥകമായി ചന്ദ്രഗുപ്തനെ ദ്വേഷ്യപ്പെടുത്തുകയില്ല; ഉപകാരസ്മരണ നല്ലവണ്ണമുള്ള ചന്ദ്രഗുപ്തനും അതുപോലെ തന്നെ ചാണക്യന്റെ യോഗ്യതകളെ വ്യൎത്ഥമായി അപലപിക്കുക

യുമില്ല. ഏതെങ്കിലും വലിയൊരു കാരണത്തോടു കൂടിയേ അവർ തമ്മിൽ അകലുവാൻ തരമുള്ളൂ. അതു് അത്രമാത്രം ആത്യന്തികമായിരിക്കുകയും ചെയ്യും. ഇതാണു് അമാത്യൻ ആ വിധം ചോദിച്ചതിൻെറ ഉദ്ദേശമെന്നു എനിക്കു തോന്നുന്നു.

കര:—ചന്ദ്രഗുപ്തനു് കോപമുണ്ടാകുവാൻ പിന്നെയും കാരണമുണ്ടു്. ഓടിപ്പോയ മലയകേതുരാജാവിനേയും അമാത്യരാക്ഷസനേയും പിടിച്ചുകെട്ടാതെ വിട്ടുകളഞ്ഞതു് ചാണക്യന്റെ ബുദ്ധിയില്ലായ്മകൊണ്ടാണത്രേ.

രാക്ഷസൻ:—ശകടദാസാ, ചന്ദ്രഗുപ്തൻ എൻെറ കയ്യിൽ പെട്ടുകഴിഞ്ഞു; ചന്ദനദാസനു് കാരാഗൃഹമോചനവും, നിനക്കു കുടുംബസഹവാസവും ലഭിക്കാൻ ഇനി താമസമില്ല.

മലയ:—ഭാഗുരായണാ, "കയ്യിൽപെട്ടുകഴിഞ്ഞു" എന്നു് അമാത്യൻ പറയുന്നുവല്ലോ. അതിൻെറ അൎത്ഥമെന്താണു്?

ഭാഗുരാ:—ചന്ദ്രഗുപ്തനെ ചാണക്യനിൽ നിന്നു് അകന്നു കിട്ടണമെന്നല്ലാതെ, അദ്ദേഹത്തിൻെറ ജീവാപായം വരുത്തണമെന്നു് അമാത്യനു് സ്വല്പംപോലും ആസക്തിയില്ലെന്ന സാരം ഈ വാക്കിൽനിന്നു സുവ്യക്തമാകുന്നുണ്ടു്.

രാക്ഷസൻ:—സ്ഥാനഭ്രഷ്ടനാക്കപ്പെട്ട ആ ദുഷ്ടനിപ്പോൾ എവിടെയാണു്?

കര:—കുസുമപുരത്തിൽതന്നെ ചുറ്റിപ്പറ്റിനടക്കുകയാണു്.

രാക്ഷസൻ:—(ആത്മഗതത്തിൽ) അല്ലാ, അവിടെത്തന്നെ താമസിക്കുകയാണോ? വല്ല കാട്ടിലും ചെന്നു് മുക്കു പൊത്തിപ്പിടിച്ചിരിക്കാൻ പോവുകയോ, മുമ്പിലത്തെപ്പോലെ ഒരു സത്യംചെയ്കയോ ഒന്നുമുണ്ടായിട്ടില്ലേ?

കര:—കാട്ടിലേയ്ക്കു് പോവുകയാണെന്നൊരു കേൾവിയുണ്ടു്.

രാക്ഷസൻ:—ശകടദാസാ, ഇതത്ര ചേരുന്നില്ലല്ലോ. അഗ്രാസനത്തിൽ നിന്നിറക്കിവിട്ടുവെന്ന നിസ്സാരമായ അവമാനംപോലും സഹിക്കാൻ ശക്തനാകാത്ത ഒരു ദുരഭിമാനി, തന്റെ അതിയായ പ്രയത്നത്താൽ പ്രതിഷ്ഠിതനായ ഒരു രാജാവിൽനിന്നു് ഇത്ര വലിയ അവജ്ഞ വന്നുകൂടിയിട്ടും ഒന്നുംമിണ്ടാതെ ഇരിക്കയോ? എന്തോ; കണ്ടാലറിയാം.

മലയ:—സ്നേഹിതാ, ചാണക്യൻ കാട്ടിൽ പോവുകയോ, പ്രതിജ്ഞ ചെയ്യുകയോ ചെയ്തു കൊള്ളട്ടേ; അതു രണ്ടായാലും, അമാത്യനു് എന്തൊരു സ്വാൎത്ഥമാണതുകൊണ്ടു് നേടാനുള്ളതു്?

ഭാഗുരാ:—അതു മനസ്സിലാക്കാൻ അത്ര ഞെരുക്കമൊന്നുമില്ലല്ലോ. ദുഷ്ടചാണക്യൻ ചന്ദ്രഗുപ്തനെ വിട്ടു് എത്ര ദൂരം അകലുന്നുവോ, അത്രയുംവേഗം അമാത്യന്റെ സ്വാൎത്ഥം സുഖമായി സമ്പന്നമാകും.

ശകടദാസൻ:—അമാത്യാ, മററു വിധത്തിലൊന്നും സംശയിപ്പാനില്ല. അതിനൊരു യുക്തി ഞാൻ പറയാം. സകല രാജാക്കന്മാരുടേയും മണിമകുടങ്ങളെ തന്റെ കാൽനഖേന്ദുമരീചികൊണ്ടു അലങ്കരിക്കുന്ന ചന്ദ്രഗുപ്തൻ സ്വകീയാജ്ഞാഭംഗത്തെ എങ്ങിനെയാണു്

സഹിക്കുക? ചാണക്യൻ വലിയ കോപിഷ്ഠനും മററു മാണെന്നതു് ശരിതന്നെ. എന്നാൽ അയാൽ ഒരു തവണ ചെയ്ത സത്യത്തെത്തന്നെ നിറവേററുവാനനുഭവിച്ചറിഞ്ഞ കഷ്ടപ്പാടുകളെയോർത്തു്, വീണ്ടും അതേ അബദ്ധത്തിൽ ചെന്നു ചാടുവാൻ തുനിയുകയില്ല. ഒരിക്കൽ ഏതോ ഭാഗ്യംകൊണ്ടു് കാര്യം പററിയെന്നു വിചാരിച്ചു എപ്പോഴും 'ചകടപന്ത്രണ്ടാകു'മെന്നുകരുതുകയോ?

രാക്ഷസൻ:—ശകടദാസൻ പറഞ്ഞതു കാര്യമാണു്. ഇനി കരഭകൻ സ്വസ്ഥമായിരുന്നു് കുറച്ചു വിശ്രമിക്കൂ. ശകടദാസാ, ഇവനെ കൂട്ടിക്കൊണ്ടു പോകൂ.

(ശകടദാസനും കരഭകനും പോകുന്നു)

രാക്ഷസൻ:—ഞാൻ കുമാരനെ കാണാൻ പോവുകയാണു്.

മലയകേതു:—(അടുത്തു ചെന്നു്) അങ്ങയെ കാണ്മാൻ ഞാൻ തന്നെ ഇതാ ഇവിടെ വന്നിരിക്കുന്നു.

രാക്ഷസൻ:—(കണ്ടതായി നടിച്ചു്) അല്ലാ, കുമാരൻ ഇങ്ങോട്ടെഴുന്നള്ളിയല്ലോ. (എഴുന്നേററു്) ഇതാ ഇവിടെ എഴുന്നെള്ളിയിരിക്കാമല്ലോ.

മലയ:—ഇരിക്കാം. അവിടുന്നും ഇരിക്കൂ. (യഥായോഗ്യതാനുസരണം രണ്ടുപേരും ഇരിക്കുന്നു) അമാത്യാ, തലവേദനയ്ക്കു് കുറെ ഭേദമുണ്ടോ?

രാക്ഷസൻ:—കുമാരാ, അവിടുന്നു് അധിരാജാവാകാതിരിക്കുന്നിടത്തോളം കാലം എന്റെ തലവേദനയുണ്ടോ ശമിക്കുന്നു?

മലയ:—അമാത്യൻ അതേററിരിക്കുമ്പോൾ എങ്ങനെ അസാദ്ധ്യമാകാനാണു്? നാം സകല സന്നാഹങ്ങളും

ചെയ്തുകഴിഞ്ഞിരിക്കയാണല്ലോ. ശത്രുക്കളുടെ സമൃദ്ധ്യങ്ങളേയും ധാർഷ്ട്യത്തേയും കണ്ടുംകൊണ്ടു് ഇനിയും എത്രകാലമാണിങ്ങനെ അടങ്ങിയിരിക്കേണ്ടതു്?

രാക്ഷസൻ:—ഇനിയെന്തിനാണു് മിണ്ടാതിരിക്കുന്നതു്? വിജയം നേടാനിറങ്ങാമല്ലോ.

മലയ:—ശത്രുക്കളുടെ തന്ത്രങ്ങളെല്ലാം അറിഞ്ഞുവോ?

രാക്ഷസൻ:—ഓഹോ! അറിഞ്ഞു—

മലയ:—എങ്ങനെയെല്ലാമാണു്; കേൾക്കട്ടെ?

രാക്ഷസൻ:-സചിവവ്യസനമാണതിൽ പ്രധാനം. ചാണക്യനേയും ചന്ദ്രഗുപ്തനേയും പരസ്പരവിരോധികളാക്കി അകററിക്കഴിഞ്ഞു.

മലയ:—അമാത്യാ, അതു് മാത്രമേയുള്ളോ?

രാക്ഷസൻ:—അമാത്യവ്യസനം സാധാരണ രാജാക്കന്മാൎക്കു് ഒരു വ്യസനമായി വരികയില്ല; എന്നാൽ ചന്ദ്രഗുപ്തനു സചിവപ്രയത്നമില്ലെങ്കിൽ പിന്നെ ഒന്നുമില്ല.

മലയ:—അമാത്യാ, അങ്ങനെയല്ല; പ്രജകൾക്കു ചന്ദ്രഗുപ്തനോടു് നീരസമുളവാക്കുന്നതു് ചാണക്യന്റെ 'തകരാറു്'കളാണു്. ആ ചാണക്യനെ ഇപ്പോൾ അകററിക്കളഞ്ഞുമിരിക്കുന്നു; തന്മൂലം പ്രജകൾക്കു് മുമ്പേ ചന്ദ്രഗുപ്തനെക്കുറിച്ചു് രൂഢമായിരുന്ന ഭക്തിസ്നേഹങ്ങൾ കുറെക്കൂടി പ്രവൃദ്ധമാകാതിരിക്കുകയില്ല.

രാക്ഷസൻ:—കുമാരന്റെ ആ ആലോചന ശരിയല്ല. അവിടെയുള്ള പ്രജകൾ രണ്ടുതരക്കാരാണു്. കുറെപ്പേർ ചന്ദ്രഗുപ്തനോടൊരുമിച്ചു് കളിച്ചുവളൎന്നവരും, മററുള്ളവർ നന്ദാനുരക്തന്മാരുമാകുന്നു. ചാണക്യന്റെ

ദുഷ്പ്രവൃത്തികൾ ചന്ദ്രഗുപ്തൻെറ സഹോദരന്മായി കൾക്ക് മാത്രമേ അതൃപ്തികരങ്ങളായിട്ടുള്ളു. ശേഷ മുള്ളവരെല്ലാം പിതൃവംശഘാതകനായ ചന്ദ്രഗുപ്ത നിൽ വലിയ വെറുപ്പും കോപവുമുള്ളവരാണു്. വേറെ ഒരു ഗതിയും കാണാത്തതുകൊണ്ടുമാത്രമാണു് അവർ അവനെ ആശ്രയിച്ചു വാഴുന്നതും. ശത്രുപ ക്ഷത്തെ അമൎത്തുവാൻ അങ്ങയെപ്പോലുള്ള നേതാ ക്കന്മാരെ ലഭിക്കുന്നപക്ഷം, അവർ തങ്ങളാലാവും വിധമെല്ലാം പ്രവൎത്തിക്കുമെന്നും, അവസാനം ആ നേതാവിനെത്തന്നെ ആശ്രയിച്ചുകൂട്ടുമെന്നും ഉള്ള തിലേയ്ക്കു് പ്രത്യക്ഷപ്രമാണമായി എന്നെത്തന്നെ യെടുക്കാമല്ലോ.

മലയ:—അമാത്യാ, ചന്ദ്രഗുപ്തനെ എതിൎക്കുന്നതിനു് കാര ണമായി ഈ സചിവവ്യസനം മാത്രമേയുള്ളു? അതോ ഇനി വല്ലതും കൂടിയുണ്ടോ ?

രാക്ഷസൻ:—എന്തിനാണധികം അന്വേഷിക്കുന്നതു് ? ഇതൊന്നുമാത്രം മതിയല്ലോ.

മലയ:—ഇതിനെന്താണു് അത്രവളരെ പ്രാധാന്യം? ചന്ദ്ര ഗുപ്തനു് ആ മന്ത്രിപദത്തിൽ യോഗ്യനായ വേറൊ രാളെ പ്രതിഷ്ഠിക്കുവാനോ, അതു് തനിയേ നടത്തു വാനോ സാധിക്കുകയില്ലേ ?

രാക്ഷസൻ:—ചന്ദ്രഗുപ്തൻ അക്കാൎയ്യത്തിൽ തീരെ അശക്ത നാണു്. സ്വായത്തസിദ്ധികളായ രാജാക്കന്മാൎക്കു് അങ്ങനെയൊക്കെ പ്രവൎത്തിക്കുവാൻ സാധിക്കും. യാതൊരു തൻേറടവുമില്ലാത്ത ചന്ദ്രഗുപ്തനാകട്ടെ, മന്ത്രിയുടെ പിറകേ നിന്നുകൊണ്ടു്, കുരുടനെ പ്പോലെ, ലോകസമ്പ്രദായം ഒന്നും അറിയാൻ വയ്യാ

തെയുള്ള ജീവിതസ്ഥിതിയാണുള്ളതു്. അവനു് അങ്ങു് പറഞ്ഞതുപോലുള്ള സാമത്ഥ്യം എവിടെ നിന്നാണു കിട്ടുക? രാജലക്ഷ്മി പരമയോഗ്യന്മാരായ രാജാവിലും മന്ത്രിയിലും ഒരുപോലെ പദമൂന്നി നില്ക്കുകയാണു്. അവർ തമ്മിൽ വിഭിന്നപ്രകൃതികളാകുന്ന പക്ഷം, സ്ത്രീസ്വഭാവജന്യമായ ചാപല്യം കൊണ്ടും, സ്വതവേയുള്ള ദൌർബ്ബല്യത്താലും അവരിലൊരാളെ അവൾ ഉപേക്ഷിക്കാതിരിക്കയില്ല. ലോകസാധാരണമായ സംഗതിയാണിതു്. ലോകവ്യവഹാരത്തിന്റെ 'ഗന്ധംപോലു'മില്ലാത്തവനും, കേവലം സചിവായത്തസിദ്ധിയുമായ രാജാവു് സചിവനുമായി പെട്ടെന്നു് അകലുന്നുവെങ്കിൽ, സ്തനത്തിൽനിന്നു് മാറ്റപ്പെട്ട മുലകുടിക്കുന്ന ചെറുപൈതലെന്ന പോലെ, കാണിനേരവും സോത്സാഹിയായിത്തീരുകയില്ല.

മലയ:-(വിചാരം) ഞാൻ സചിവായത്തസിദ്ധിയല്ലാത്തതു് എന്റെ ഭാഗ്യം. (സ്പഷ്ടം) അതൊക്കെ ശരിയാണു് ! എന്നാലും എതിൎത്തുകൂടെ കാരണം അനേകമുള്ളപ്പോൾ ശത്രുവിന്റെ ഉദ്യമങ്ങളെല്ലാം നല്ലവണ്ണമറിഞ്ഞു് ഇറങ്ങുന്നതു് കാൎയ്യസാദ്ധ്യത്തെപ്പററി ദൃഢനിശ്ചയം വരുത്തും.

രാക്ഷസൻ:—വിജയത്തെപ്പറ്റി അങ്ങിനി തീരെ സംശയപ്പെടേണ്ടാ. എന്തെന്നാൽ, ധീരനായ കുമാരൻ പ്രബലമായ സൈന്യത്തോടുകൂടി യുദ്ധത്തിനിറങ്ങാൻ തയാറായിരിക്കുന്നു! കുസുമപുരത്തിലുള്ളവരെല്ലാം നന്ദമഹാരാജാവിനുവേണ്ടി എന്തും ചെയ്യാൻ സന്നദ്ധന്മാരാണു്; ചാണക്യൻ അധികാരഭ്രഷ്ടനായിക്കഴിഞ്ഞു; യാതൊരു വിശേഷബുദ്ധിയു

മില്ലാത്ത ശുദ്ധപശുവായ മൌര്യൻ പുതിയ രാജാവുമാണു്; അവിടേയ്ക്കു് എല്ലാവിധത്തിലും അധീനനായ ഈ ഞാൻ (ലജ്ജ നടിച്ചു്) മാർഗ്ഗോപദേശം ചെയ്യാൻ സദാ വ്യാപൃതനായുമിരിക്കുന്നു; ആകക്കൂടി ഞാൻ നോക്കിയതിൽ അങ്ങയുടെ ആജ്ഞമാത്രമാണു് നമ്മുടെ കാര്യസാദ്ധ്യങ്ങൾക്കു് ഇനി ഒരു മറവായി നില്ക്കുന്നതു്.

മലയ:—പോക്കളത്തിലേയ്ക്കിറങ്ങേണ്ട കാലമായിയെന്നു് അങ്ങു് ദൃഢമായി വിശ്വസിക്കുന്നപക്ഷം പിന്നെയെന്തിനു താമസിക്കുന്നു? മദമത്തന്മാരായ നമ്മുടെ ഗജേന്ദ്രന്മാർ കുസുമപുരത്തെ ചെന്നു് വളയട്ടെ. ഞാനിതാ 'കടകംകെട്ടി' ക്കഴിഞ്ഞു. അമാത്യാ, എന്നാൽ പിന്നെക്കാണാം. നമസ്കാരം.

(മലയകേതുവും ഭാഗുരായണനും പോകുന്നു)

രാക്ഷസൻ:—ആരവിടേ?

(ദ്വാരപാലകൻ പ്രവേശിച്ചു്)

എന്താണാവോ?

രാക്ഷസൻ:-പ്രിയംവദകാ, ജ്യോത്സ്യന്മാരാരെങ്കിലും അവിടെയുണ്ടോ?

പ്രിയം:—ക്ഷപണകനായ—

രാക്ഷസൻ:— (ദുശ്ശകുനം നടിച്ചു വിചാരം) കണിക്കു് തന്നെ ക്ഷപണകനോ?

പ്രിയം:—ജീവസിദ്ധിയുണ്ടു്.

രാക്ഷസൻ:—രമ്യമായ വേഷത്തിൽ പ്രവേശിപ്പിക്കൂ.

(ദ്വാരപാലകൻ പോകുന്നു. ക്ഷപണകൻ പ്രവേശിക്കുന്നു)

ക്ഷപണകൻ:—(പാടുന്നു)

"ബുദ്ധം ശരണം ഗച്ഛാമി—ധർമ്മ
ബുദ്ധം ശരണം ഗച്ഛാമി."
ഉൾത്തമോരോഗം തുലയ്ക്കും—വൈദ്യ—
സന്തരാം ഞങ്ങൾ തൻ വാക്യം
മുമ്പിൽകയ്ച്ചീടാം; മധുരം—പിന്നെ—
സ്സമ്പന്നമായീടും പാരം—
മുക്തിക്കായത്തതാം കേൾപ്പിൻ—താപ
മുക്തരായ് മേലിൽവസിപ്പിൻ—
"ബുദ്ധം ശരണം ഗച്ഛാമി—ധർമ്മ
ബുദ്ധം ശരണം ഗച്ഛാമി."

സോദരന്മാക്കെല്ലാം ധമ്മസിദ്ധിയുണ്ടാവട്ടെ.

(ക്ഷപണകൻ രാക്ഷസൻെറ അടുക്കൽ ചെന്നു് ഇരിക്കുന്നു)

രാക്ഷസൻ:—ഭദന്താ, യുദ്ധയാത്രയ്ക്കു് കൊള്ളാവുന്ന ഒരു ശുഭദിവസം ചിന്തിക്കൂ.

ക്ഷപണകൻ:—(കുറെ ചിന്തിച്ചു്) നല്ലവണ്ണം നിരൂപിച്ചു നോക്കി. വെളുത്തവാവുദിവസം മദ്ധ്യാഹ്നത്തിനു മുമ്പു് യാത്രയിറങ്ങാം. പിന്നെ നിഷിദ്ധമാണു്. വടക്കുനിന്നു് തെക്കോട്ടു യാത്രയാകകൊണ്ടു് നക്ഷത്രത്തിനു് ശുദ്ധി കുറച്ചു് പോരായ്കയുണ്ടു്. അതു കൊണ്ടു് സൂയ്യാസ്തമനാൽപരം ചന്ദ്രോദയവേലയിൽ ബുധാധിപത്യത്തോടു കൂടിയ മിഥുനംലഗ്നംകൊണ്ടു് യാത്ര തിരിച്ചാൽ ശുഭം. അപ്പോൾ കേതു അസ്തമിക്കയും രാഹു ഉദിക്കയും ചെയ്യുന്നതാകകൊണ്ടു് വളരെ വിശേഷവുമാണു്.

രാക്ഷസൻ:—ഭദന്താ, തിഥിതന്നെ നന്നല്ലല്ലോ.

ക്ഷപണകൻ:—ശ്രാവകാ, അതു് സാരമില്ല. ജ്യോതിശ്ശാസ്ത്രസിദ്ധാന്തപ്രകാരം തിഥിയെക്കൊണ്ടു് ഒരു

ഗുണവും നക്ഷത്രത്തെക്കൊണ്ടു് നാലു ഗുണവും, ലഗ്നത്തെക്കൊണ്ടു് അറുപത്തുനാലു് ഗുണവുമാണു് കണക്കാക്കാറുള്ളതു്. അതുകൊണ്ടു് ലഗ്നം നന്നായാൽ അതുതന്നെയാണു് വിശേഷം. ഒരുപക്ഷെ ലഗ്നത്തിനു ദോഷമുണ്ടെങ്കിൽക്കൂടിയും, അവിടെ ബുധയോഗവും, വിശിഷ്യ ചന്ദ്രബലവും ഉള്ളതുകൊണ്ടു് യാത്രയ്ക്കു് ഇതിൽപരം ഒരു ഗുണം നോക്കുവാനില്ലതന്നെ.

രാക്ഷസൻ:—ഭദന്താ, ശരിതന്നെ. എന്നാലും മററു ജ്യോത്സ്യന്മാരെക്കൂടി വിളിച്ചു ഒരുമിച്ചിരുന്നാലോചിച്ചു പറയൂ.

ക്ഷപണകൻ:—ശ്രാവകൻ തന്നെ വിളിച്ചു് ചോദിച്ചോളു. ഞാനെന്റെ പാട്ടു നോക്കിപ്പോകയാണു്.

രാക്ഷ:—ഭദന്തൻ എന്നോടു പിണങ്ങിയില്ലല്ലോ.

ക്ഷപണ:—നിങ്ങളുടെ ഭദന്തൻ പിണങ്ങിയിട്ടില്ല. എന്നാൽ—

രാക്ഷസൻ:—"എന്നാൽ" എന്നുപറഞ്ഞു നിറുത്തിയതെന്താണു്? മുഴുവൻ പറയൂ. ആരാ എന്നോടു ദേഷ്യപ്പെട്ടിരിക്കുന്നതു്?

ക്ഷപണ:—സർവ്വശക്തനായ കൃതാന്തനാണു് അങ്ങയോടു കോപിച്ചതു്. അതിനു കാരണവുമുണ്ടു്. അങ്ങ് സ്വപക്ഷത്തെ വിട്ടു് പരപക്ഷത്തെ പ്രമാണമാക്കിയ നിലയിലല്ലേ എന്നോടു് സംസാരിച്ചതു്?

(ക്ഷപണകൻ വേഗത്തിൽ പോകുന്നു)

രാക്ഷസൻ:—പ്രിയംവദകാ, സമയമെന്തായെന്നു നോക്കിവരിക.

പ്രിയം:—സൂര്യൻ അസ്തമിക്കാറായിരിക്കുന്നു.

രാക്ഷസൻ:—(എഴുന്നേററു പുറമേ നോക്കുന്നതായി നടിച്ചു്) ഒഹോ അസ്തമനമായല്ലോ. ലോകത്തിന്റെ സ്വഭാവം എത്ര വേഗം മാറിപ്പോകുന്നു? ആശ്ചര്യം തന്നെ. രാവിലെ ഉദയോന്മുഖനായ സൂര്യനിൽ അനുരക്തഭാവത്തോടു കൂടി നിഴലാണെന്ന വ്യാജേന അദ്ദേഹത്തിൻെറ മുമ്പിൽ അകമ്പടിസേവകക്കാരെപ്പോലെ നടന്നിരുന്ന വൃക്ഷങ്ങളല്ലേ ഇക്കാണപ്പെടുന്നവയെല്ലാം. ആദിത്യൻെറ ദയനീയാവസ്ഥ കണ്ടയുടൻ ഇതാ ഇവയൊക്കെ തങ്ങളുടെ പാടും നോക്കി മടങ്ങിപ്പോന്നിരിക്കുന്നു. സമ്പത്തുണ്ടെങ്കിൽ അനവധിപേർ അടുത്തു ചുററിക്കൂടും. ഇല്ലെങ്കിൽ ആരുമില്ല. ഇതാണു് ലോകരീതി!!

(എല്ലാവരും പോയി)

# അഞ്ചാമങ്കം

(അനന്തരം മുദ്രവെച്ച ഒരു എഴുത്തും ആഭരണപ്പെട്ടിയും എടുത്തുംകൊണ്ടു് സിദ്ധാർത്ഥകൻ പ്രവേശിക്കുന്നു)

സിദ്ധാർത്ഥകൻ:—അത്ഭുതംതന്നെ. ദേശകാലങ്ങളാകുന്ന മൺകുടങ്ങളിൽ ബുദ്ധിയാകുന്ന ജലമെടുത്തു് ഒഴിച്ചു് വളർത്തപ്പെട്ട ചാണക്യന്റെ നീതിലത വിശിഷ്ടമായ ഫലത്തെ കാണിക്കുമെന്നതു് നിസ്സംശയമാകുന്നു. അതു് നല്ല വിശ്വാസം വന്നതുകൊണ്ടാണു്, ആര്യ്യ ചാണക്യൻ എഴുതിച്ചു് അമാത്യന്റെ മുദ്രവെച്ചിട്ടുള്ള ഈ എഴുത്തും അതേ മുദ്രയാൽ അങ്കിതമായ ഈ ആഭരണപ്പെട്ടിയും ഞാനെടുത്തു് പുറപ്പെട്ടതു്. എന്റെ യാത്ര ഇപ്പോൾ കുസുമപുരത്തിലേയ്ക്കാണു്. (കുറെ നടന്നു് മുമ്പോട്ടു് നോക്കിക്കൊണ്ടു്) ഛേ. ക്ഷപണകനോ നേരിട്ടു വരുന്നതു്? അസ്തു: ഇതു് ദുശ്ശകുനമാണെങ്കിൽ ആയിക്കൊള്ളട്ടെ. ഞാൻ വഴിവിട്ടു പോകാൻ വിചാരിക്കുന്നില്ല.

(അനന്തരം ക്ഷപണകൻ പ്രവേശിക്കുന്നു)

ക്ഷപണകൻ:—(പാടുന്നു)

“ബുദ്ധം ശരണം ഗച്ഛാമി—ധർമ്മ
സിദ്ധം ശരണം ഗച്ഛാമി—
ആർഹതന്മാരേ നമിപ്പിൻ—ഘോര—
ഗാർഹ്യതാപങ്ങളൊഴിപ്പിൻ—
ബുദ്ധിതന്നാഴത്തെയോരിൽ—ആര—
സ്സിദ്ധാനുതുല്യനായ് പാരിൽ—
ലോകോത്തരമാകുംമാർഗ്ഗം—നേരായ്—

ലോകനംചെയ്തുാവിശിഷ്ടൻ—
ഘോരസംസാരാബ്ധിപാരം—ചെന്നു—
പാരം സുഖിച്ചിരിക്കുന്നു—
ബുദ്ധം ശരണം ഗമിപ്പിൻ—തതാ—
ബുദ്ധം ശരണം ഭജിപ്പിൻ.

സിദ്ധാത്ഥകൻ:—ഭദന്താ, വന്ദനം—

ക്ഷപണ:—ശ്രാവകാ, ധമ്മസിദ്ധി ഭവിക്കട്ടെ. (സൂക്ഷിച്ചു നോക്കിക്കൊണ്ടു്) ശ്രാവകാ, നിങ്ങളെ ഏതോ വലിയൊരു കാൎയ്യസാദ്ധ്യത്തിനായി ഇറങ്ങിയ ആളെപ്പോലെ തോന്നുന്നല്ലോ.

സിദ്ധാ:—ഭദന്തന്നു് അങ്ങനെ തോന്നുവാനുള്ള കാരണമെന്താണു് ?

ക്ഷപണ:—അതു് അറിവാനുണ്ടോ പ്രയാസം ? നിനക്കുണ്ടായ ശുഭശകുനവും കയ്യിലിരിക്കുന്ന കത്തും അതു് വിളിച്ചു പറയുന്നുണ്ടല്ലോ.

സിദ്ധാ:—അങ്ങു് പറഞ്ഞതു ശരിയാണു്. ഞാൻ മറുനാട്ടിലേക്കു് പോകുവാനൊരുങ്ങുന്നു. ഇന്നു് അതിന്നു് കൊള്ളാവുന്ന ദിവസമാണോ എന്നു് ഭദന്തൻ ഒന്നു വിചാരിച്ചുനോക്കൂ.

ക്ഷപണ:—(ചിരിച്ചു്) ക്ഷൌരം ചെയ്യിച്ചതിന്നു് ശേഷമാണോ ദിവസത്തിന്റെ ഗുണദോഷങ്ങളെ അന്വേഷിക്കുക ?

സിദ്ധാ:—ഭദന്താ, ഇപ്പോഴും ചോദിച്ചാലെന്താ പോരായ്മ? വിചാരിച്ചു് പറയൂ; നല്ലദിവസമാണെങ്കിലേ ഇവിടെനിന്നു് ഇനി ഒരു ചുവടു് മുന്നോട്ടു വെയ്ക്കൂ. എന്നാൽ പോരേ ?

ക്ഷപണ:—ശ്രാവകാ, മലയകേതുവിൻെറ അതിത്തിസ്ഥലത്തുവെച്ചു് എന്തെങ്കിലും ഒരു കുഴപ്പം നിങ്ങൾക്കു് നേരിടും.

സിദ്ധാ:—ഭദന്താ, അതെന്താണു്? പറയൂ.

ക്ഷപണ:—അതു് പറയാം. മുമ്പൊക്കെ ആ വഴിയിൽ കൂടെ ആൎക്കും സൈ്വരമായി പോകാമായിരുന്നു; ഇപ്പോൾ അതു് സാദ്ധ്യമല്ല. കുസുമപുരത്തിലേക്കു് പോകാനോ, അവിടെനിന്നു് ഇങ്ങോട്ടു് കടക്കുവാനോ പ്രത്യേകം അധികാരപത്രം വാങ്ങാതെ ആൎക്കും പാടില്ലെന്നാണു് നിയമം. അതിത്തിയിലെ ഉദ്യോഗസ്ഥൻ ഭാഗുരായണൻ എന്നൊരാളാണു്. അദ്ദേഹത്തിന്റെ അടുക്കൽചെന്നു് സമ്മതിപത്രം വാങ്ങാമെങ്കിൽ നിർബ്ബാധമായി അതിലേപോകാം. അല്ലാത്തപക്ഷം പോകയുംവേണ്ട. അതിത്തിഗ്ഗുപ്തിപായിമാരുടെ ബന്ധനത്തില്പെട്ടു് അടിയും ഇടിയും വാങ്ങി കഷ്ടപ്പെടുവാൻ എന്തിനു വെറുതേ ഉത്സാഹിക്കുന്നു?

സിദ്ധാ:—ഭദന്തനറിഞ്ഞുകൂടേ ഞാനമാത്യരാക്ഷസൻെറ സ്വന്തം ആളാണെന്നു്? അതുകൊണ്ടു് അനുവാദപത്രം വാങ്ങിയില്ലെങ്കിലും എന്നെ തടഞ്ഞുനിറുത്തുവാൻ ആൎക്കാണു് കഴിയുക?

ക്ഷപണ:—ശ്രാവകാ, നിങ്ങൾ രാക്ഷസൻെറ ആളോ, പിശാചിൻെറ സ്വന്തമോ ആയിക്കൊള്ളട്ടെ. ആൎക്കെന്തു ചേതം? സമ്മതംവാങ്ങാതെ ഒരു ചെറുത്താനും അതിലെ പോകാൻ പറ്റില്ല. എനിക്കതു മാത്രം നല്ലവണ്ണം അറിയാം.

സിദ്ധാ:—ഭദന്തൻ കോപിക്കരുതേ. എനിക്കു് കാൎയ്യസാദ്ധ്യമുണ്ടാവണമല്ലോ.

ക്ഷപണ:—ശ്രാവകാ, പൊയ്ക്കൊള്ളൂ. അങ്ങയ്ക്കു് കാൎയ്യസിദ്ധി ലബ്ധമാകട്ടേ. ഞാൻ ഭാഗുരായണന്റെ അടുക്കൽ ചെന്നു് സമ്മതപത്രം വാങ്ങാൻ തരമുണ്ടോ എന്നു നോക്കി വരട്ടേ.

(രണ്ടുപേരും പോകുന്നു)

(അനന്തരം ഒരു ശിപായിയോടുകൂടി ഭാഗുരായണൻ ഔദ്യോഗിക വേഷത്തിൽ പ്രവേശിക്കുന്നു)

ഭാഗുരാ:—(വിചാരം) ആൎയ്യചാണക്യന്റെ തന്ത്രം എത്ര വിചിത്രമായിരിക്കുന്നു? ഒന്നിനെ ലക്ഷ്യപ്പെടുത്തുന്നു; പിന്നീടതിനെ നിഗൂഢമാക്കി വെയ്ക്കുന്നു. അടുത്തമാത്രയിൽ ഫലാങ്കുരത്തെ ഉള്ളിൽ കാണുകയായി; അനന്തരം ആ ഫലം സ്പഷ്ടമായിത്തന്നെ കാണപ്പെടുന്നു; താമസിയാതെ ബഹുമുഖങ്ങളായ ഫലങ്ങൾ സിദ്ധങ്ങളാകയും ചെയ്യുന്നു. തന്ത്രകുശലനായ ആൎയ്യചാണക്യന്റെ നീതികൾ ഈ വിധം, ദൈവവിലാസം പോലെ ബഹുതരങ്ങളും ആശ്ചൎയ്യകരങ്ങളുമാണു്. (സ്പഷ്ടം) ഭാസുരകാ, ഞാൻ അകന്നിരിക്കുന്നതു് കുമാരനു ഇഷ്ടമാകയില്ല. അതുകൊണ്ടു ഈ ആസ്ഥാനമണ്ഡപത്തിൽത്തന്നെ ഒരു പീഠം കൊണ്ടുവെയ്ക്കൂ.

(ശിപായി പീഠം കൊണ്ടുവരുന്നു; ഭാഗുരായണൻ ഇരിക്കുന്നു)

ഭാഗുരാ:—ഭാസുരകാ, മദ്രയ്ക്കായി എന്നെ കാണുന്നതിനു് പടിക്കലാരെങ്കിലും വന്നാൽ വേഗം ഇവിടെ കൂട്ടിക്കൊണ്ടുവരണം. മനസ്സിലായോ?

ഭാസുരകൻ:—ഉത്തരവു്—(തൊഴുതു പോകുന്നു)

ഭാഗുരാ:—(വിചാരം) കഷ്ടം! എന്നെ ഇത്രമേൽ വിശ്വസിച്ചു് സ്നേഹിക്കുന്ന കുമാരനെത്തന്നെയാണല്ലോ ഞാനിനി ചതിക്കുവാൻ ഭാവിക്കുന്നതു്. വലിയ കഷ്ടം തന്നെ. (ആലോചന നടിച്ചു്) അല്ലെങ്കിൽ ഞാനെന്തിനാണതൊക്കെ വിചാരിക്കുന്നതു്? തറവാട്ടു്, സല്ക്കീൎത്തി, ആത്മാഭിമാനം ഇവയെപ്പററിയാതൊരാസക്തിയുമില്ലാതെ നാണംകെട്ടു് പണക്കൊതിയുടെ ശക്തികൊണ്ടു് കേവലം ക്ഷണികമായ ശരീരത്തെ ധനികനു് പണയംവെച്ചു്, അവൻ പറയുന്നതെല്ലാം ചെയ്തു് വെറും പരാധീനനായിക്കഴിഞ്ഞുകൂടുന്ന ഒരു കാലത്താണോ ഈ വക വിചാരങ്ങൾ വേണ്ടതു്? ഇപ്പോൾ ഇതു് നല്ലതാണോ; ഇതു് ചീത്തയാണോ, എന്നൊക്കെ ആലോചിച്ചതുകൊണ്ടു് വല്ല പ്രയോജനവുമുണ്ടോ?

(അനന്തരം മലയകേതുവും പിറകേ പ്രതീഹാരിയും പ്രവേശിക്കുന്നു)

മലയ:—(വിചാരം) രാക്ഷസനെപ്പററി പലപല സംശയങ്ങളും ഉണ്ടാവുകകൊണ്ടു് എന്റെ മനസ്സിൽ ഒരു 'തീൎച്ചയും മൂൎച്ചയുമില്ല'. അയാൾക്കു് നന്ദവംശത്തെപ്പററി പ്രത്യേകം പ്രണയവും ഭക്തിയും ഉണ്ടെന്നതു് നിസ്സംശയമാണു്. ചന്ദ്രഗുപ്തൻ ആ വംശത്തിന്റെ രക്തസംബന്ധിയാകയാൽ രാക്ഷസനു് അയാളുടെപേരിൽ ഒരു കൂറു് ഉണ്ടാവുകയെന്നതു് അസംഭാവ്യമല്ല. തന്റെ ബദ്ധവൈരിയായ ചാണക്യനും ചന്ദ്രഗുപ്തനുമായി തെററിയതു് അമാത്യനു് പ്രത്യേകം ഒരു ആശയ്ക്കു് വഴിയും നൽകിയിട്ടുണ്ടു്. ഇങ്ങനെയൊക്കെ വന്നസ്ഥിതിക്കു് രാക്ഷസൻ ചന്ദ്ര

ഗുപ്തന്റെ സാചിവ്യം സ്വീകരിച്ചേക്കുമോ? ഇല്ല. രാക്ഷസൻ അങ്ങനെ ചെയ്കയില്ല. എനിക്കുള്ള സ്നേഹാദരങ്ങളെപ്പറ്റി അദ്ദേഹം തീരെ കരുതാതെ പ്രവൎത്തിക്കുമോ? എന്നല്ല, അദ്ദേഹം താൻചെയ്ത സത്യത്തേയും വിസ്മരിക്കുമോ? ഈ വക സംശയങ്ങൾകൊണ്ടു് എൻെറ ഹൃദയം കുലാലചക്രം പോലെ ഇളകിക്കറങ്ങുന്നു. (സ്പഷ്ടം) വിജയേ, ഭാഗുരായണൻ എവിടെ?

വിജയ:—തമ്പുരാനേ, കടകം കടന്നുപോകാൻ വരുന്നവൎക്കു സമ്മതപത്രം കൊടുത്തുകൊണ്ടു് അതാ അദ്ദേഹം അവിടെ ഇരിക്കുന്നു.

മലയ:—വിജയേ, മിണ്ടരുതേ. പിറകെക്കൂടെ പൂച്ചയെപ്പോലെ പതുങ്ങിപ്പതുങ്ങിച്ചെന്നു് ഭാഗുരായണന്റെ കണ്ണുപൊത്തട്ടെ. മിണ്ടരുതേ.

(വിജയ കണങ്ങിക്കുണുങ്ങിച്ചിരിക്കുന്നു)

(ഒരു ശിപായി പ്രവേശിച്ചു് ഭാഗുരായണനോടു്)

യജമാനനേ, ഒരു ബുദ്ധസന്ന്യാസി മുദ്ര ആവശ്യപ്പെട്ടുകൊണ്ടു് വന്നിരിക്കുന്നു.

ഭാഗുരാ:—വേഗം കൂട്ടിക്കൊണ്ടു വരിക.

(ശിപായി പോയി ക്ഷപണകനോടുകൂടി പ്രവേശിക്കുന്നു)

ക്ഷപണ:—ശ്രാവകന്മാൎക്കു് ധൎമ്മസിദ്ധി ഭവിക്കട്ടേ!

ഭാഗുരാ:—(സൂക്ഷിച്ചുനോക്കി വിചാരം) ഇയാൾ രാക്ഷസന്റെ സ്നേഹിതനായ ജീവസിദ്ധിയാണല്ലോ. (സ്പഷ്ടം) അമാത്യൻെറ ആവശ്യത്തിന്നായി മാത്രമല്ലല്ലോ പോകുന്നതു്?

ക്ഷപണ:-ശാന്തം പാപം. ശ്രാവകാ, ഈ രാക്ഷസന്റേയും പിശാചിൻേറയും മററും പേരുകൂടി കേൾക്കാത്തയിടം തിരക്കിയാണെൻെറ യാത്ര.

ഭാഗുരാ:-സ്നേഹിതനുമായി 'സൌന്ദൎയ്യപ്പിണക്കം' കലശലായിരിക്കുന്നതല്ലോ. ഭദന്തനു വിരോധമായി അമാത്യൻ എന്താണു പ്രവൎത്തിച്ചതു്?

ക്ഷപണ:-ശ്രാവകാ, രാക്ഷസൻ എനിക്കൊരു വിരോധവും പ്രവൎത്തിച്ചിട്ടില്ല. ഞാനെൻെറ പ്രവൃത്തികളെപ്പററി വിചാരിച്ചു നിരാശയോടുകൂടി ലജ്ജിക്കുന്നു.

ഭാഗുരാ:-ഭദന്താ, അതെന്താണു് പറയൂ. കേൾക്കാൻ രസം തോന്നുന്നു.

മലയ:-(വിചാരം) അതു കേട്ടാൽ കൊള്ളാമെന്നു എനിക്കും തോന്നുന്നു.

ക്ഷപണ:—ശ്രാവകാ, കേൾപ്പാൻ കൊള്ളരുതാത്ത ആ കഥ എന്തിനാണെന്നെക്കൊണ്ടു വെറുതെ പറയിക്കുന്നതു് ?

ഭാഗുരാ:-അതു രഹസ്യമാണെങ്കിൽ പറയണമെന്നില്ല.

ക്ഷപണ:-രഹസ്യമല്ല; എന്നാൽ വളരെ നൃശംസമാണു്.

ഭാഗുരാ:—രഹസ്യമല്ലെങ്കിൽ പറയൂ.

ക്ഷപണ:—ശ്രാവകാ. ഇതു രഹസ്യമല്ല; എന്നാലും ഞാൻ പറയില്ല.

ഭാഗുരാ:-അതുശാഠ്യം പിടിക്കയാണെങ്കിൽ ഞാൻ മുദ്രയും തരില്ല. അപ്പോൾ നിങ്ങളെന്തു ചെയ്യും ?

ക്ഷപണ:—(വിചാരം) ഇപ്പോൾ പറയാൻ നല്ല അവസരമാണു്. (സ്പഷ്ടം) എന്താ ചെയ്യുക? പറഞ്ഞില്ലെങ്കിൽ ഇവിടെ നിന്നു പോകാൻ നിവൃത്തിയില്ലല്ലോ. ഭാഗ്യം കെട്ട എനിക്കു് പാടലിപുത്രത്തിൽ നടാടെ ചെന്നപ്പോൾതന്നെ അമാത്യനുമായി വലിയ ലൌകികത്തിനിടയായി. അങ്ങനെ അവിടെ താമസി

ക്കുന്ന കാലത്തു രാക്ഷസൻ ഗ്രഢമായി വിഷ കന്യയെ ഉണ്ടാക്കി പർവ്വതേശ്വരനെ നിഗ്രഹിച്ചു.

മലയ:—(കണ്ണുനീർതൂകി വിചാരം) എന്തു്; രാക്ഷസനാണു് അച്ഛനെ വധിച്ചതു; ചാണക്യനല്ലെന്നോ ?

ഭാഗുരാ:—ഭദന്ത, മുഴുവൻ പറയൂ.

ക്ഷപണ:-പിന്നെ ചാണക്യൻ 'രാക്ഷസന്റെ മിത്രമാണെ' ന്നു് പറഞ്ഞുംകൊണ്ടു് എന്നെ പട്ടണത്തിൽനിന്നു ആട്ടിയോടിച്ചു. ഇനിയും രാക്ഷസൻ ഏതോ രാജാക്കന്മാരുടെ കൂട്ടുപിടിച്ചു് ചില ദുഷ്കർമ്മങ്ങ ളൊക്കെ ചെയ്വാൻ ഭാവിക്കയാണു്. അതുകൊണ്ടു് എനിക്കിനി ജീവിച്ചിരിക്കാൻ മോഹമില്ല.

ഭാഗുരാ:—ഭദന്താ, ഞങ്ങളങ്ങനെയല്ലല്ലോ കേട്ടിട്ടുള്ളതു്. പകുതിരാജ്യം കൊടുക്കാമെന്നു സത്യം ചെയ്തിട്ടുള്ളതു്, കൊടുക്കാതെ കഴിക്കുന്നതിനുവേണ്ടി ചാണക്യനാണു് ഈ ദുഷ്കർമ്മം ചെയ്തിരിക്കുന്നതെന്നു് എവിടെയും പരസ്യമാണു്.

ക്ഷപണകൻ:-(ചെവിപൊത്തിക്കൊണ്ടു്) ശാന്തം പാപം. ചാണക്യൻ വിഷകന്യയുടെ പേരുപോലും കേട്ടിട്ടില്ല.

ഭാഗരാ:—മുദ്ര തരാം. വരൂ. ഈ പുതിയവർത്തമാനം കുമാരനെക്കൂടി കേൾപ്പിക്കൂ.

മലയകേതു:-(അടുത്തുചെന്നു്)സ്നേഹിതാ, ഞാൻ കേട്ടു; ചെവി കുത്തിപ്പിളർക്കുന്ന കഠിനവാക്കു് ഞാൻ കേട്ടു കഴിഞ്ഞു. ബന്ധുമുഖത്തിൽനിന്നുതന്നെ ഞാൻ കേട്ടു. അച്ഛൻ മരിച്ചതിനെപ്പറ്റിയുള്ള വ്യസനം ഇപ്പോഴെനിക്കു് ഇരട്ടിയായിത്തീർന്നിരിക്കുന്നു.

ക്ഷപണ:—(വിചാരം) അല്ലാ! ഈ ദുഷ്ടൻ ഞാൻ പറഞ്ഞതു മുഴുവൻ കേട്ടല്ലോ. ആവൂ! ഞാനിപ്പോഠം കൃതാൎത്ഥനായി.

(പെട്ടെന്നു പോകുന്നു)

മലയ:-(മേല്പോട്ടുനോക്കി രാക്ഷസനെ മുമ്പിൽകണ്ടതുപോലെ നടിച്ചു്) രാക്ഷസാ, രാക്ഷസാ! വളരെ വിശേഷമായി. ഇങ്ങനെതന്നെയാണു് പ്രവർത്തിക്കേണ്ടതു്. ആത്മസ്നേഹിതനാണെന്ന ദൃഢവിശ്വാസത്തോടുകൂടി സ്വന്തം കാൎയ്യങ്ങഠംപോലും നിന്നിൽ സമർപ്പിച്ചു് നിർവൃതചിത്തനായിരുന്ന അച്ഛനെ നീ നിഗ്രഹിച്ചല്ലോ. 'രാക്ഷസൻ' എന്നുള്ള നിന്റെ പേരു് എത്ര അന്വൎത്ഥമായിരിക്കുന്നു.?

ഭാഗുരാ:—(വിചാരം) "രാക്ഷസന്റെ ജീവനെ രക്ഷിക്കണം" എന്നാണല്ലോ ആൎയ്യചാണക്യന്റെ ഉപദേശം. ആട്ടേ; അതിനുപായമുണ്ടു്. (സ്പഷ്ടം) കുമാരാ, സമാധാനമായി അവിടുന്നിവിടെ എഴുന്നെള്ളിയിരിക്കൂ. ചിലതൊക്കെ പറയുവാനുണ്ടു്.

മലയ:—(ഇരുന്നു്) സ്നേഹിതാ, എന്താണു് പറയുവാൻ വിചാരിക്കുന്നതു്?

ഭാഗുരാ:—ലോകത്തിൽ അൎത്ഥതത്വശാസ്ത്രവേദികളുടെ ശത്രുമിത്രങ്ങളുമായുള്ള സ്ഥിതിഗതികഠം മിക്കവാറും പണത്തെ ആസ്പദമാക്കിയാണു്; അല്ലാതെ സാമാന്യക്കാരെപ്പോലെ ഇച്ഛാമൂലകമായിട്ടല്ല. അന്നു് ചന്ദ്രഗുപ്തനെക്കാഠം പ്രബലനായ സൎവാൎത്ഥസിദ്ധിയെ രാജസ്ഥാനത്തിൽ പ്രതിഷ്ഠിക്കണമെന്നു് രാക്ഷസനു് മോഹമുണ്ടായിരുന്നതുകൊണ്ടു് ധനശക്തി നി

മിത്തം പ്രധാനശത്രുവായ അങ്ങയുടെ പിതാവിനെ നിഗ്രഹിക്കേണ്ടിവന്നു. ഇതൊരു സാമാന്യസ്വഭാവമാകകൊണ്ട് രാക്ഷസന്റെ പ്രത്യേകദോഷമാണെന്ന് പറഞ്ഞുകൂടാ. ശത്രുക്കളെ മിത്രമാക്കാനും മിത്രത്തെ ശത്രുവാക്കാനും ധനത്തിന്ന് പ്രയാസമില്ല. കഴിഞ്ഞ കാൎയ്യങ്ങളേയും പൂൎവ്വജന്മാദികളെത്തന്നെയും വിസ്മരിപ്പിക്കത്തക്കവണ്ണം ജീവിതത്തിൽ പലപല മാറ്റങ്ങളും ധനം നിമിത്തം സംഭവിക്കാറുണ്ട്. അതുകൊണ്ട് ഭവാൻ ഇക്കാൎയ്യത്തിൽ രാക്ഷസനെ തീരെ കുററപ്പെടുത്തരുത്. നന്ദരാജ്യം കയ്യേറുന്നതുവരെ അദ്ദേഹത്തെ അകററിക്കളകയും അരുത്. അതിനുശേഷം വിടുകയോ സ്വീകരിക്കയോ യഥേഷ്ടമാകാം.

മലയ:—സ്നേഹിതാ, നിങ്ങൾ നല്ലവണ്ണം ആലോചന ചെലുത്തിപ്പറഞ്ഞ തത്വമാണിതു്. അതിൽനിന്നു് ഞാനൊട്ടും തെററി നടക്കുകയില്ല. ഇപ്പോൾ രാക്ഷസനെ നിഗ്രഹിക്കുന്ന പക്ഷം പൌരന്മാരത്രയും ബഹളം കൂട്ടുകയും വിജയം സംശയഗ്രസ്തമാകുകയും ചെയ്യും.

(ഒരു ശിപായി പ്രവേശിക്കുന്നു)

ശിപായി:—ദീൎഗ്ഘരക്ഷൻ യജമാനൻ ഇങ്ങനെ വിടകൊള്ളുന്നു. "അനുവാദം വാങ്ങാതെ അതിൎത്തി കടന്നു് ചാടിയ ഒരുവനെ ഞങ്ങൾ ബന്ധനത്തിലാക്കിയിട്ടുണ്ട്. അവന്റെ കയ്യിൽ ഒരു കത്തും കാണുന്നു. എന്താണാവോ വേണ്ടതു്?" എന്നു്.

ഭാഗുരാ:-സംശയിപ്പാനെന്താണു്? ഇവിടെ കൊണ്ടുവരിക.

(ശിപായി പോകുന്നു)

(അനന്തരം ബന്ധനസ്ഥനായ സിദ്ധാർത്ഥകനെ
ഒരു ശിപായി കൂട്ടിക്കൊണ്ടു വരുന്നു)

സിദ്ധാ:—(വിചാരം) ഗുണങ്ങളിൽ ആവേശവും, ദോഷങ്ങളിൽ വിപ്രതിപത്തിയും ജനിപ്പിക്കുന്നതും, എന്നെപ്പോലുള്ള ദാസജനത്തിൻെറ രക്ഷാകാരിണിയുമായ സ്വാമിഭക്തിക്കായി ഞാനിതാ തലകുനിക്കുന്നു.

ശിപായി:—യജമാനനേ, അവനിവനാണു്.

ഭാഗു:—(ഗൌരവത്തിൽ നോക്കിക്കൊണ്ടു് ശിപായിയോടു്) ഇവൻ വഴിപോക്കനോ, ഇവിടെത്തന്നെയെങ്ങാനുമുള്ള വനോ ?

സിദ്ധാ:—യജമാനനേ, ഞാൻ അമാത്യരാക്ഷസന്റെ സ്വന്തം ആളാണു്.

ഭാഗുരാ:—എന്നാൽ പിന്നെയെന്താണു് നീ അനുവാദം വാങ്ങാതെ അതിൎത്തി കടന്നു് നടന്നതു് ?

സിദ്ധാ:—യജമാനനേ, ഒരു വലിയ കാൎയ്യമുദ്ദേശിച്ചു്തിടുക്കപ്പെട്ടു പോവുകയായതുകൊണ്ടു് മറന്നതാണു്.

ഭാഗുരാ:—ആങ്ഹാ! രാജകല്പനയെപ്പോലും ലംഘിക്കത്തക്ക വലിയ കാൎയ്യം നിനക്കെന്താണെടാ ?

മലയ:—സ്നേഹിതാ, ആ എഴുത്തു് വാങ്ങൂ.

ഭാഗുരാ:—(സിദ്ധാർത്ഥകൻെറ കയ്യിൽനിന്നു് എഴുത്തുവാങ്ങി മുദ്ര നോക്കിക്കൊണ്ടു്) കുമാരാ, ഇതാ എഴുത്തു്! ഇതിന്മേൽ രാക്ഷസൻെറ മുദ്ര കാണുന്നുവല്ലോ. അതെന്താണു് ?

മലയ:—മുദ്ര കേടുവരാതെ എഴുത്തു പൊട്ടിച്ചു വായിക്കൂ.

(ഭാഗുരായണൻ എഴുത്തു വായിക്കുന്നു)

"സ്വസ്തി, യോഗ്യതയുള്ള ഒരിടത്തു് നിന്നു് ഒരാൾ ഒരാളെ അറിവിക്കുന്നതു്. എന്തെന്നാൽ, നമ്മുടെ

ശത്രുവിനെ അകറ്റി സത്യസന്ധൻ തൻെറ പരമാത്ഥഹൃദയത്തെ തുറന്നു കാണിച്ചു. ഇനിയുടൻ വേണ്ടതു്, മുമ്പേതന്നെ സന്ധികാര്യത്തെപ്പറ്റി പ്രസ്താവിച്ചിട്ടുള്ള നമ്മുടെ ബന്ധുക്കൾക്കു്, സന്ധിസമയത്തിൽ കൊടുക്കുവാനായി വാഗ്ദാനം ചെയ്തതിനെ കൊടുത്തു പ്രോത്സാഹിപ്പിച്ചു് അവരെ സംതൃപ്തരാക്കുകയാണു്. ഇവരെല്ലാം ഈ വിധം അനുഗൃഹീതരായാൽ, സ്വാശ്രയനാശം നിമിത്തം ഉപകാരിയെത്തന്നെ സേവിച്ചു പാൎത്തുകൊള്ളും. സത്യസന്ധനാകകൊണ്ടു് സംശയത്തിനവകാശമില്ലെങ്കിലും ഒന്നുകൂടി ഓൎമ്മപ്പെടുത്തിക്കൊള്ളുന്നു എന്നു മാത്രം. ഇക്കൂട്ടരിൽ ചിലർ ശത്രുവിൻെറ കോശദണ്ഡങ്ങളേയും മററു ചിലർ രാജ്യത്തേയുമാണു് ആശിക്കുന്നതു്. കൊടുത്തയച്ച മൂന്നാഭരണവും ഇവിടെ കിട്ടി. എഴുത്തുമാത്രമായാൽ ഭംഗിയാവില്ലെന്നു് കരുതി ഒരു ഉപഹാരവുംകൂടി കൊടുത്തയയ്ക്കുന്നുണ്ടു്. അതു് സദയം സ്വീകരിക്കണം. മററു വൎത്തമാനങ്ങൾ വിശ്വസ്തനായ ഇവൻ പറയും."

മലയ:—ഭാഗുരായണ, ഇതെന്തൊരെഴുത്താണു് ?

ഭാഗുരാ:—എടാ, ഈ എഴുത്തു് ആരുടേതാണു് ?

സിദ്ധാ:—എജമാനനെ, എനിക്കറിയാൻ പാടില്ല.

ഭാഗുരാ:—എടാ, ശ്ഠമ്മാടി, എഴുത്തുകൊണ്ടു പോകുന്നു ; ആരുടെ എഴുത്താണെന്നു് അറിയുന്നുമില്ല, അല്ലേ? ആകട്ടേ, നീ പറഞ്ഞറിയേണ്ട ആൾ ആരാണു്?

സിദ്ധാ:—(പേടിച്ചു വിറയൽ നടിച്ചു്) യജമാനന്മാർ.

ഭാഗുരാ:—എന്തു്? ഞങ്ങളോ ?

സിദ്ധാ:—യജമാനന്മാരുടെ പിടിയിൽ പെട്ടകയാൽ ഞാനെന്താണു് പറയുന്നതു് എന്നുതന്നെ എനിക്കറിഞ്ഞുകൂടാ.

ഭാഗുരാ:–(കോപത്തോടെ) നീ അറിയും. ഭാസുരകാ, ഇവനെ പുറത്തു കൊണ്ടുപോയി കള്ളം തെളിയിക്കൂ.

ശിപായി:—ഉത്തരവു്. (സിദ്ധാത്ഥകനോടു്) എടാ നടക്കു്.

(പിടിച്ചുവലിച്ചു് കൊണ്ടുപോകുന്നു)

(ശിപായി ആഭരണപ്പെട്ടിയോടുകൂടി വീണ്ടും പ്രവേശിച്ചു്)

അങ്ങുന്നേ, അവനെ അടിച്ചപ്പോൾ മുണ്ടിന്നിടയിൽ നിന്നു് ഇതാ ഈ പെട്ടി താഴെ വീണു (പെട്ടി കൊടുക്കുന്നു.

ഭാഗുരാ:—(പെട്ടി വാങ്ങി നോക്കിക്കൊണ്ടു്) കുമാരാ, ഇതിന്മേലും അമാത്യൻെറ മുദ്രയാണല്ലോ കാണപ്പെടുന്നതു്.

മലയ:—"ഒരു ഉപഹാരവുംകൂടി കൊടുത്തയയ്ക്കുന്നു" എന്നെഴുതിയിട്ടുണ്ടല്ലോ. ഇതിനകത്തു് അതായിരിക്കണം. മുദ്രയ്ക്കു കേടുവരാതെ തുറന്നു കാണിക്കൂ.

(ഭാഗുരായണൻ പെട്ടി തുറന്നു് ആഭരണമെടുത്തു്)

മലയകേതുവിൻെറ കയ്യിൽ കൊടുക്കുന്നു

(മലയകേതു വാങ്ങി സൂക്ഷിച്ചുനോക്കിക്കൊണ്ടു്)

മലയ:—അല്ലാ! ഈ ആഭരണം ഞാനെൻ്റെ ദേഹത്തിൽ നിന്നഴിച്ചെടുത്തു് അമാത്യനായി കൊടുത്തയച്ചതാണല്ലോ. ഇപ്പോൾ തീച്ചയായി. എഴുത്തു് ചന്ദ്രഗുപ്തനു തന്നെയാണു്.

ഭാഗുരാ:—കുമാരാ, സംശയത്തിൽ വെച്ചുകൊണ്ടിരുന്നാൽ പോരാ. ഞാനിപ്പോൾ തീച്ചപ്പെടുത്താമല്ലോ. ഭാസുരകാ, അവനെക്കൊണ്ടു് സത്യം പറയിക്കൂ.

(ശിപായിപോയി കുറച്ചുകഴിഞ്ഞു് സിദ്ധാർത്ഥകനോടുകൂടി പ്രവേശിക്കുന്നു)

ശിപായി:—ഇവനെ അടിച്ചപ്പോൾ തിരുമനസ്സിലെ സമക്ഷത്തിൽ ഉള്ളതു് തുറന്നു പറയാമെന്നു് പറയുന്നു.

മലയ:—എന്നാൽ പറയുക.

സിദ്ധാ:—(കാല്ക്കൽവീണു്) അവിടുന്നു് അഭയം തന്നു് അടിയനെ അനുഗ്രഹിക്കണം.

മലയ:—പരതന്ത്രന്മാരായവൎക്കു് അഭയംതന്നെയാണല്ലോ. സത്യം പറയുക.

സിദ്ധാ:—പറയാം. ഈ എഴുത്തും തന്നു് അമാത്യൻ എന്നെ ചന്ദ്രഗുപ്തന്റെ സമീപത്തിലേയ്ക്കു് അയച്ചിരിക്കയാണു്.

മലയ:—അവിടെച്ചെന്നു് വാചാപറയുവാനുള്ള സംഗതികളെന്തൊക്കെയാണു് ? അതാദ്യം കേൾക്കട്ടെ.

സിദ്ധാ:—അമാത്യൻ എന്നോടു് ചന്ദ്രഗുപ്തനെ അറിയിക്കുവാനായി പറഞ്ഞതിങ്ങനെയാണു്. "കലൂതദേശാധിപനായ ചിത്രവൎമ്മൻ, മലയരാജാവായ സിംഹനാദൻ, കാശ്മീരനാഥനായ പുഷ്കരാക്ഷൻ, സിന്ധുദേശപാലനായ സിന്ധുരാജൻ, പാരസീകാധിനാഥനായ മേഘനാദൻ എന്നീ അഞ്ചു രാജാക്കന്മാരും എനിക്കു് അത്യന്തം വേണ്ടപ്പെട്ടവരും അങ്ങയിൽ പ്രത്യേകം പ്രതിപത്തിയുള്ളവരുമാണു്. ഇവരിലാദ്യം പറഞ്ഞ മൂന്നുപേർ മലയകേതുവിന്റെ രാജ്യത്തേയും നാലാമൻ ഗജസൈന്യത്തേയും അഞ്ചാമൻ ഭണ്ഡാരത്തേയും ആഗ്രഹിച്ചിരിക്കുന്നു. ചാണക്യനെ സ്ഥാനഭ്രഷ്ടനാക്കി അങ്ങു് എന്നിൽ സന്തോഷം വെളിപ്പെടുത്തിയതുപോലെ, ആദ്യം ചെയ്ത സത്യ

ത്തിന്നു് അനുസരണമായി ഇവൎക്കും വേണ്ടതു കൊടുത്തു് കൃതാൎത്ഥനാവാമല്ലോ."

മലയാ:—(വിചാരം) ചിത്രവൎമ്മപ്രഭൃതികളും എന്നെ ദ്രോഹിക്കുവാനൊരുങ്ങിയിരിക്കയാണോ? അതുകൊണ്ടായിരിക്കാം അവൎക്കു് രാക്ഷസനോടു് ഇത്ര വളരെ പ്രത്യേകത. (സ്പഷ്ടം) വിജയേ, രാക്ഷസനെ ചെന്നു് കൂട്ടിക്കൊണ്ടുവരൂ.

പ്രതീഹാരി:—ഉത്തരവു്—(പോകുന്നു)

(രംഗം രാക്ഷസൻെറ ഗൃഹം)

(വിചാരമഗ്നനായ രാക്ഷസൻ പീഠത്തിലിരിക്കുന്നു. അടുത്തു ഒരു ഭൃത്യൻ നില്ക്കുന്നു)

രാക്ഷസൻ:—(വിചാരം) ചന്ദ്രഗുപ്തനെ ആശ്രയിച്ചിരുന്ന പലരും എൻെറ അടുക്കൽ വന്നുകൂടിയിരിക്കുന്നു. അതുകൊണ്ടു് മനസ്സിന്നു് ഒരു സൈ്വരവുമില്ല. കാൎയ്യലാഭം സംശയരഹിതമായും, ചേരേണ്ടതൊക്കെ ചേൎന്നും, അനുകൂലസാഹായ്യം കലൎന്നും, വിപരീതഭാവത്തിൽനിന്നു് തീരെ അകന്നും വരുന്ന പക്ഷം സാധനം സിദ്ധിപരമാണെന്നു് തന്നെ കരുതാം. സാദ്ധ്യം സ്വപക്ഷത്തിലും പരപക്ഷത്തിലും സദൃശമായോ വിപരീതമായോ വന്നാൽ അതിനെ അംഗീകരിക്കുന്നതു് സ്വാമിക്കു് നാശഹേതുകമാണു്. അല്ലെങ്കിൽ, ചന്ദ്രഗുപ്തനോടു് നീരസം വരാനുള്ള കാരണങ്ങളെല്ലാം ഞാനറിഞ്ഞിരിക്കകൊണ്ടു്, മുമ്പെ നന്ദാനുഗ്രഹതന്ത്രത്തിൽപ്പെട്ടവരാണെന്നു് കരുതി ഇപ്പോളവരെപ്പറ്റി സംശയിക്കുന്നതു് എനിക്കു് യുക്തമല്ല. (സ്പഷ്ടം) പ്രിയംവദകാ, കുമാരൻെറ അനുയായികളായ രാജാക്കന്മാരോടെല്ലാം ഇങ്ങനെ പറയണം.

"ഇപ്പോ൦ കുസുമപുരം ഓരോദിവസം നീങ്ങുംതോറും പരവശമായി കാണുന്നു. അതുകൊണ്ടു് താവളം നിശ്ചയിച്ചു് നിങ്ങൾ വെന്നിക്കൊടി നാട്ടുവാൻ ഇറങ്ങിക്കൊൾവിൻ! എങ്ങനെയൊക്കെയാണു് യാത്ര പുറപ്പെടേണ്ടതെന്നു ഞാൻ പറയാം. ഖശമഗധന്മാരോടുകൂടി ഒന്നാമത്തെ അണിയിൽ ഞാനും; മദ്ധ്യത്തിൽ യവനസേനാസഹിതരായി ഗാന്ധാരന്മാരും, പിറകേ ചീനഹൂണന്മാരോടുകൂടി ശകരാജാക്കന്മാരും പ്രസ്ഥാനം ചെയ്യട്ടെ. കൌലൂതാദികൾ ഓരോ താവളങ്ങളിൽ ചെന്നു് നിന്നു് കുമാരനു് വിശ്രമിക്കുവാനുള്ള സൌകര്യങ്ങളെ സമ്പാദിച്ചാൽ മാത്രം മതി."

പ്രിയംവദ:—വേഗം പോയി പറഞ്ഞു് വരാം. (പോകുന്നു)

(അനന്തരം പ്രതീഹാരി പ്രവേശിക്കുന്നു)

പ്രതീ:—അമാത്യനു് വന്ദനം. കുമാരൻ അങ്ങയെ കൂട്ടിക്കൊണ്ടു് ചെല്ലുവാനായി എന്നെ നിയോഗിച്ചിരിക്കുന്നു.

രാക്ഷസൻ:—അല്പം വിശ്രമിക്കൂ. ആരവിടെ?

(പ്രിയംവദകൻ പ്രവേശിച്ചു്)

എന്താണാവോ?

രാക്ഷസൻ:—"ഞാൻ അണിഞ്ഞു് കാണുന്നതിനുവേണ്ടി കുമാരൻ എനിക്കു് ചില ആഭരണങ്ങൾ കൊടുത്തയച്ചിരുന്നു. അതുകൊണ്ടു് നിരാഭരണനായി കുമാരനെ പോയി കാണുന്നതു് ഭംഗിയല്ല. ഇന്നാൾ കച്ചവടക്കാരോടു് വിലയ്ക്കുവാങ്ങിയ ആഭരണങ്ങൾ വേഗം കൊടുത്തയയ്ക്കണം" എന്നു് നീ വേഗം

ചെന്ന് ശകടദാസനോട് പറഞ്ഞു് ആഭരണം വാങ്ങിക്കൊണ്ടുവരിക. ഒട്ടും താമസിക്കരുതു്.

(ഭൃത്യൻ പോയി ആഭരണത്തോടുകൂടി തിരിയെ പ്രവേശിച്ചു്)

ഇതാ ആഭരണം.

(ആഭരണം വാങ്ങി അണിഞ്ഞു് എഴുന്നേററു്)

രാക്ഷസൻ:—വിജയേ, കുമാരനിരിക്കുന്നിടത്തേയ്ക്കു് പോകാം. മുമ്പേ നടക്കൂ.

പ്രതീ:—ഞാൻ നടക്കാം.

രാക്ഷസൻ:—(വിചാരം) ഒരു അധികാരസ്ഥാനത്തിലിരിക്കുന്ന ആൾ നിർദ്ദോഷിയാണെങ്കിൽകൂടി എപ്പോഴും സംശയാധീനനായിത്തീരുന്നു. എന്തെന്നാൽ, അവനു് ഒന്നാമതായി തന്റെ സ്വാമിയെ ഭയപ്പെടേണ്ടിയിരിക്കുന്നു, പിന്നെയൊന്നുള്ളതു് അടുത്തു് ചുറ്റികുറെ ആളുകൾ കൂട്ടമെന്നതാണു്; അധികാരത്തിലിരിക്കുന്നവന്നു് ശത്രുക്കൾ വദ്ധിക്കുമെന്നതാണു് പിന്നത്തെ വിഷമം. ചുരുക്കം പറഞ്ഞാൽ വലിയ അഭ്യുന്നതിയുടെ ശരിയായ ഫലം തത്തുല്യമായ അധഃപതനം തന്നെയാണു്. (രണ്ടുപേരും ചുററിനടക്കുന്നു)

(രംഗം മലയകേതു കടകം)

പ്രതീ:—ആര്യ, തിരുമനസ്സുകൊണ്ടു് അതാ എഴുന്നെള്ളിയിരിക്കുന്നു.

രാക്ഷസൻ:—അല്ലാ കുമാരൻ നില്ക്കുകയാണല്ലോ. നിശ്ചലമായ ദൃഷ്ടിയെ കാല്വിരലിലൂന്നി, ദുഖമായ ഭാരത്താലെന്നപോലെ നമ്രമായ മുഖത്തെ കൈകൊണ്ടു് താങ്ങി അതാ അദ്ദേഹം നില്ക്കുന്നു. (അടുത്തു ചെന്നു്) കുമാരനു് വിജയം സിദ്ധമാകട്ടെ.

മലയ:—അമാത്യാ, ആ പീഠത്തിലിരിക്കു.

(രണ്ടുപേരും ഇരിക്കുന്നു)

മലയ:—അമാത്യനെ കണ്ടിട്ടു് വളരെ ദിവസമായി; അതു കൊണ്ടു് ഞാൻ അത്യധികം വ്യസനിക്കുന്നു.

രാക്ഷസൻ:—കുമാരാ, യുദ്ധയാത്രയ്ക്കുള്ള കാര്യപരിപാടി തയാറാക്കുവാനുള്ള തിരക്കിൽപെട്ടകനിമിത്തമാണു് എനിക്കിപ്പോൾ ഈ ഉപാലംഭം കേൾക്കേണ്ടി വന്നതു്.

മലയ:—അമാത്യാ, യാത്രയുടെ കാര്യപരിപാടി എങ്ങനെയൊക്കെയാണു് നിശ്ചയിച്ചിരിക്കുന്നതു് ?

രാക്ഷസൻ:—അനുയായികളായ രാജാക്കന്മാരോടൊക്കെ ഇങ്ങനെയാണു് നിർദ്ദേശിച്ചിരിക്കുന്നതു്. ("ഖശമഗധന്മാരോടു്കൂടി" എന്നാദിയായി മുമ്പേ പ്രിയംവദകനോടു് പറഞ്ഞതുപോലെ പറയുന്നു)

മലയ:—(വിചാരം) എന്നെ നിഗ്രഹിച്ചു് ചന്ദ്രഗുപ്തനെ സേവിക്കാനൊരുങ്ങിയ കൂട്ടർതന്നെ എന്നോടുകൂടി പോരുന്നുവോ? ഇതെങ്ങനെ യോജിക്കും? (സ്പഷ്ടം) അമാത്യാ, നമ്മുടെ ആവശ്യത്തിലേയ്ക്കായി കുസുമപുരത്തിലേയ്ക്കു് ആരെങ്കിലും പോവുകയോ അവിടെനിന്നിങ്ങോട്ടു വരികയോ ചെയ്യുന്നുണ്ടോ?

രാക്ഷസൻ:—ഇനി ഗതാഗതങ്ങളുടെ ആവശ്യമൊന്നുമില്ല. കുറച്ചു ദിവസത്തിനകം നമുക്കുതന്നെ അവിടെ ചെന്നു ചേരാം.

മലയ:—(വിചാരം) അതെനിക്കറിയാം. (സ്പഷ്ടം) എന്നാൽ പിന്നെന്തിനാണു് അമാത്യൻ എഴുത്തും കൊടുത്തു് ഇവനെ അയച്ചിരിക്കുന്നതു്? (സിദ്ധാർത്ഥകനെ ചൂണ്ടിക്കാട്ടുന്നു.

രാക്ഷസൻ:—(സിദ്ധാത്ഥകനെ കണ്ടു്) അല്ലാ! സിദ്ധാത്ഥകനോ? സിദ്ധാത്ഥകാ, എന്താണിതു്?

സിദ്ധാ:—(കണ്ണീർതൂകി ലജ്ജ നടിച്ചു്) അമാത്യാ, ക്ഷമിക്കണേ. അടിയുടെ ചൂടു് സഹിക്കവെയ്യാതായപ്പോൾ രഹസ്യം മറച്ചുവെയ്ക്കാൻ എന്നെക്കൊണ്ടു് തീരെ കഴിയാതായതാണേ.

രാക്ഷസൻ:—സിദ്ധാത്ഥക, എന്താണു് രഹസ്യം? ഞാനറിഞ്ഞില്ലല്ലോ.

സിദ്ധാ:—ഞാൻ പറഞ്ഞില്ലേ? അടികൊണ്ടപ്പോൾ എനി—(പേടിച്ചു മുഖം താഴ്ത്തി നില്ക്കുന്നു)

മലയ:—ഭാഗുരായണാ, യജമാനന്റെ മുമ്പിൽവെച്ചു് അവനൊന്നും തുറന്നു പറയില്ല. അതുകൊണ്ടു നിങ്ങൾ തന്നെ കാര്യമെല്ലാം സ്പഷ്ടമായി പറയൂ.

ഭാഗുരാ:—കല്പനപോലെ. അമാത്യാ, അങ്ങു് ഒരെഴുത്തു കൊടുത്തു് ചില സന്ദേശങ്ങളോടുകൂടി ചന്ദ്രഗുപ്തന്റെ സമീപത്തിലേയ്ക്കു തന്നെ അയച്ചിരിക്കയാണെന്നു് അവൻ പറയുന്നു.

രാക്ഷസൻ:—സിദ്ധാത്ഥകാ, ഇതു് പരമാത്ഥമോ?

സിദ്ധാ:—(ലജ്ജനടിച്ചു്) അടികൊണ്ടു് കൊണ്ടു് ഒരു ശരണവും ഇല്ലാതായപ്പോൾ ഞാനങ്ങിനെ പറഞ്ഞുപോയി.

രാക്ഷസൻ:—ഇതു് വെറും കള്ളമാണു്. അടികൊണ്ടു് പൊറുതിയില്ലാതാവുമ്പോൾ ആരെന്തുതന്നെ പറയില്ല?

മലയ:—സ്നേഹിതാ, ആ എഴുത്തു് തന്നെ കാണിക്കൂ. മുകതാവിയ പറവാനുള്ളതു് അവൻതന്നെ പറയും.

(ഭാഗുരായണൻ എഴുത്തു കൊടുക്കുന്നു.
അതു് വാങ്ങി വായിച്ചു് നോക്കിയിട്ടു്)

രാക്ഷസൻ:—കുമാരാ, ഇതു് ശത്രുവിന്റെ തന്ത്രമാണു്.

മലയ:—എഴുത്തു മാത്രം അയയ്ക്കുന്നതു് ഭംഗിയില്ലെന്നു കരുതി ഈ ആഭരണം കൂടി കൊടുത്തയച്ചിരിക്കുന്ന സ്ഥിതിക്കു് ഇതെങ്ങിനെ ശത്രുപ്രയോഗമാകുന്നാണു്?

രാക്ഷസൻ:—(ആഭരണംനോക്കിക്കൊണ്ടു്) ഇതു് കുമാരൻ എനിക്കായി കൊടുത്തയച്ചതാണു്; ഒരു വലിയ സന്തോഷാവസരത്തിൽ ഞാനിതു സിദ്ധാർത്ഥകനു് സമ്മാനിച്ചു

ഭാഗുരാ:—കുമാരൻ സ്വന്തം ശരീരത്തിലണിഞ്ഞിരുന്നതഴിച്ചു് അങ്ങയ്ക്കായി കൊടുത്തയച്ച അനർഘമായ ഒരാഭരണം സമ്മാനിക്കുവാനുള്ള പാത്രം ഇവനാണോ ?

മലയ:—ചില സന്ദേശങ്ങൾകൂടിയുണ്ടെന്നു് അങ്ങു് ആ കത്തിലെഴുതിയിട്ടുണ്ടല്ലോ.

രാക്ഷസൻ:—എന്തു് സന്ദേശം? ഏതു സന്ദേശം? എഴുത്തുതന്നെ എന്റേതല്ല.

മലയ:—എന്നാലീ മുദ്ര ആരുടേതാണു് ?

രാക്ഷസൻ:—ചതിയന്മാർക്കു് കപടമായി ഒരു മുദ്രയുണ്ടാക്കുവാനാണോ ഞെരുക്കം?

ഭാഗുര :—കുമാരാ, അമാത്യൻ എല്ലാം നല്ലവണ്ണം ഓർമ്മിക്കും. സിദ്ധാർത്ഥകാ, ഇതിലെ കയ്യെഴുത്താരുടേതാണു്?

(സിദ്ധാർത്ഥകൻ രാക്ഷസന്റെ മുഖത്തുനോക്കി
മൌനമായി തല താഴ്ത്തിനില്ക്കുന്നു.)

ഭാഗുരാ:—എടാ, ഇനിയും അടികൊള്ളാനുള്ള വഴിയുണ്ടാക്കേണ്ടാ. ചോദിച്ചതിനുത്തരം വേഗം പറഞ്ഞേക്കു.

സിദ്ധാ:—(ഭയംനടിച്ച്) യജമാനനെ, ശകടദാസൻെറ കൈപ്പടയാണ്.

രാക്ഷസൻ:—കുമാരാ, ശകടദാസൻെറ കൈപ്പടയാണെങ്കിൽ എഴുത്ത് എൻെറതാണെന്ന് തീർത്തുപറയാം.

മലയ:—വിജയേ, ശകടദാസനെ കൂട്ടിക്കൊണ്ടുവരൂ.

പ്രതീ:—കല്പനപോലെ (പോകാൻ തുടങ്ങുന്നു)

ഭാഗുരാ:—(വിചാരം) ആര്യചാണക്യൻെറ ചാരന്മാർ നല്ല ഉറപ്പുള്ള കാര്യമല്ലാതെ പറയില്ല (സ്പഷ്ടം) കുമാരാ, ശകടദാസൻ അമാത്യൻെറ മുമ്പിൽവെച്ച് ഈ കത്തെഴുതിയതു് താനാണെന്ന് ഒരിക്കലും പറകയില്ല. അതുകൊണ്ട് അയാളുടെ കൈപ്പടയിൽ മററാരെഴുത്ത് വാങ്ങിക്കൊണ്ടുവരികയാണ് ഭേദം. അക്ഷരങ്ങൾക്ക് സാമ്യം ഉണ്ടെങ്കിൽ കാര്യം നിർണ്ണയപ്പെട്ടുതാമല്ലോ.

മലയ:—വിജയേ, അതാണ് നല്ലതു്.

പ്രതീ:—മുദ്രയും വേണ്ടേ?

മലയ:—ശരി; രണ്ടും കൊണ്ടുവരിക.

(പോയി തിരിയെ പ്രവേശിച്ച്)

പ്രതീ: – ശകടദാസൻെറ കയ്യെഴുത്തും മുദ്രയും ഇതാ.

(മലയകേതു വാങ്ങി നോക്കുന്നു)

മലയ: —രണ്ടും ഒന്നുതന്നെ.

രാക്ഷസൻ:—(വിചാരം) അക്ഷരങ്ങൾ ഒത്തിരിക്കുന്നു. ശകടദാസനെ ഒരു ഉത്തമബന്ധുവിൻെറ നിലയിൽ വിചാരിക്കുമ്പോൾ അക്ഷരങ്ങൾക്കു സാമ്യം കാണ്മാൻ വഴിയില്ല. അഥവാ, അവൻ പുത്രദാരാദ്യനിഷ്ടങ്ങളെ ഭയന്ന്, സ്വാമിഭക്തിയെ വിസ്മരിച്ച് ക്ഷണികമായ

ഐശ്വൎയ്യത്തിൽ ദുരാശപൂണ്ടു്, അനശ്വരമായ യശസ്സിലാഗ്രഹമില്ലാതെ ഇങ്ങനെ പ്രവൎത്തിച്ചിരിക്കുമോ (ആലോചന നടിച്ചു്) അല്ലെങ്കിൽ ഞാനെന്തിനാണു് സംശയിക്കുന്നതു്? മുദ്ര ശകടദാസന്റെ കയ്യിലിരിക്കുന്നു; സിദ്ധാൎത്ഥകൻ അവന്റെ ചങ്ങാതിയുമാണു്, ഇവിടെ അക്ഷരങ്ങൾക്കു് ഐകരൂപ്യം കാണുന്നതുമുണ്ടു്. അതുകൊണ്ടു് ഇതു് ഭേദോപായപ്രവീണരായ ശത്രുക്കൾ ഒത്തുകൂടി വല്ലാതെ ദണ്ഡിപ്പിച്ചപ്പോൾ സ്വാമിഭക്തി ചഞ്ചലമായി ജീവിതാശമാത്രം ശേഷിച്ചു് ശകടദാസൻതന്നെ എഴുതിയതാണെന്നു് സുസ്പഷ്ടമാകുന്നു.

മലയ:—(രാക്ഷസൻ അണിഞ്ഞിരുന്ന ആഭരണം സൂക്ഷിച്ചുനോക്കിക്കൊണ്ടു്) "കൊടുത്തയച്ച മൂന്നലങ്കാരവും കിട്ടി." എന്നു് എഴുത്തിൽ കാണിച്ചിട്ടുണ്ടല്ലോ. അങ്ങണിഞ്ഞിരിക്കുന്ന ആഭരണം അവയിലൊന്നായിരിക്കാം; അല്ലേ? (ആഭരണം വീണ്ടുംനോക്കി വിചാരം) അച്ഛൻ അണിഞ്ഞിരുന്ന ആഭരണമാണല്ലോ ഇതു്. (സ്പഷ്ടം) അമാത്യാ; ഈ ആഭരണം എവിടെനിന്നു് കിട്ടി?

രാക്ഷസൻ:—കച്ചവടക്കാരോടു് വിലയ്ക്കുവാങ്ങിയതാണു്.

മലയ:—വിജയേ, ഈ ആഭരണം ഏതാണെന്നു് നീ ഓൎമ്മിക്കുന്നുണ്ടോ?

പ്രതീ:—(കണ്ണീർവാൎത്തു്) തമ്പുരാനേ, അടിയനെങ്ങനെയാണിതു് മറക്കുക? അവിടുത്തെ അച്ഛൻ തിരുമനസ്സിലേയ്ക്കു് പ്രിയപ്പെട്ട ഒരാഭരണമായിരുന്നല്ലോ ഇതു്. ഒരിക്കലും ഇതഴിച്ചുവെയ്ക്കുകകൂടി അദ്ദേഹം പതിവില്ല.

മലയ:—(കരഞ്ഞുകൊണ്ടു്) ഹാ കഷ്ടം! എന്റെ പ്രിയപ്പെട്ട പിതാവേ, ആഭരണങ്ങളിൽ പ്രത്യേകപ്രതിപത്തി

യുണ്ടായിരുന്ന അവിടത്തെ അംഗങ്ങൾക്കുചിതമായ അലങ്കാരമല്ലേ ഇതു്? പ്രസന്നമുഖനായ അങ്ങ് ഈ ആഭരണമണിയുമ്പോൾ പൂർണ്ണചന്ദ്രനും നക്ഷത്രങ്ങളും മിന്നുന്ന ശരൽസന്ധ്യയുടെ ഭംഗി അങ്ങയിൽ പല കുറി ഈ കണ്ണുകൊണ്ടു് ഞാൻ കണ്ടനുഭവിച്ചിട്ടുണ്ടു്.

രാക്ഷസൻ:—(വിചാരം) പർവ്വതകരാജാവു് അണിഞ്ഞിരുന്ന ആഭരണമാണോ ഇതു്? (സൂക്ഷിച്ചുനോക്കിക്കൊണ്ടു്) അതേ സംശയമില്ല; അദ്ദേഹം അണിഞ്ഞിരുന്നതു തന്നെ. (സ്പഷ്ടം) ചാണക്യനയച്ച കച്ചവടക്കാർതന്നെയാണു് ഇതും കൊണ്ടുവന്നതു്.

മലയ:—അമാത്യാ, ഒന്നാമതിതു് അച്ഛൻ ഉപയോഗിച്ചിരുന്നതാണു്. പിന്നെ ഇതു് സൂക്ഷിച്ചിരുന്നതാകട്ടെ ചന്ദ്രഗുപ്തനുമാണു്. രണ്ടുകൊണ്ടു നോക്കിയാലും ഇതു് കച്ചവടക്കാരുടെകയ്യിൽപെട്ടുവാനും, അവരിൽനിന്നു വിലയ്ക്കു വാങ്ങുവാനും അവകാശമില്ല. അല്ലെങ്കിൽ, അതും യോജിക്കുമായിരിക്കാം. അതിലാഭത്തെ ആശിക്കുന്ന വ്യാപാരിയായ ചന്ദ്രഗുപ്തനു്, ക്രൂരനായ ഭവാൻ ഈ ആഭരണത്തിന്റെ വിലയായി നമ്മെ കൊടുക്കുവാൻ തീർച്ചപ്പെടുത്തിയിരിക്കയാണല്ലോ.

രാക്ഷസൻ:—(വിചാരം) ശത്രുവിൻെറ തന്ത്രങ്ങൾ പരസ്പരസംബന്ധങ്ങളായിരിക്കുന്നല്ലോ. ആശ്ചര്യംതന്നെ. ഈ എഴുത്തു് ഞാനെഴുതിയതല്ലെന്നു് പറയുന്നപക്ഷം, അതിന്മേൽ കാണുന്നമുദ്ര അതു് സമ്മതിക്കയില്ല. ശകടദാസൻ സ്നേഹബന്ധത്തെ വെടിഞ്ഞു് ഈ കത്തെഴുതിയതാണു് എന്നു പറഞ്ഞാലും ആരും വിശ്വസിക്കുകയില്ല. സമ്രാട്ടായ ചന്ദ്രഗുപ്തൻ ഒരാ

ഭരണം വില്പാൻ കൊട്ടുത്തയച്ചുവെന്നു് ഒരാളെങ്കിലും സ്മരിക്കുകപോലും ചെയ്യുമോ? അതൊക്കെ ആലോചിച്ചുനോക്കുമ്പോൾ എല്ലാം തനിയേ ഏററു പറയാനേ ഞാൻ വഴികാണുന്നുള്ളു. അതുമിതും പുലമ്പിയതുകൊണ്ടു് പ്രയോജനമൊന്നുമില്ലല്ലോ.

മലയ:—ഞാനാര്യനോട്ടു് ഒരു കാര്യംകൂടി ചോദിക്കട്ടെ.

രാക്ഷസൻ:— (കണ്ണുനീർതൂകി) കുമാരാ, ആര്യനാരാണോ അദ്ദേഹത്തോടു ചോദിക്കുക. ഞാനിപ്പോൾ കാലക്കേടുകൊണ്ടു് കേവലം അനാര്യനായി തീൎന്നിരിക്കുന്നു.

മലയ:—മൌര്യൻ അങ്ങയുടെ യജമാനന്റെ പുത്രനാണു്; ഞാൻ അങ്ങയെ ശിശ്രൂഷിക്കുവാൻ തല്പരനും ഒരു മിത്രത്തിൻെറ പുത്രനുമാകുന്നു. അയാൾ അമാത്യനു വേണ്ടുന്നത്ര പണം തന്നുകൊണ്ടിരിക്കുന്നു; ഞാനാകട്ടെ അങ്ങു് ഇഷ്ടാനുസരണം തരുന്ന പണം പററിക്കൊള്ളുകയാണു്. അങ്ങയ്ക്കു് കിട്ടുമെന്നു വിചാരമുള്ള സചിവപദം സല്ക്കാരപൂൎവ്വകമായ ഒരുവക ദാസ്യമാണു്; എന്നാലിവിടെ അങ്ങു് സ്വാമിയാകുന്നു. അമാത്യാ, ഇതിലധികമായ ഏതൊരു സ്വാൎത്ഥത്തെ കാമിച്ചാണു് അങ്ങു് ഈവിധം അനാര്യം പ്രവൎത്തിച്ചതു്?

രാക്ഷസൻ:—കുമാരാ, അങ്ങു് ഈ വിധം സംസാരിച്ചതുകൊണ്ടു് അങ്ങയുടെ അസംബന്ധമായ വിചാരം നിശ്ചിതമാക്കിയപോലെ തോന്നുന്നു. ആകട്ടെ അങ്ങനെയാണെങ്കിൽ അങ്ങയെക്കെന്താ ദോഷം? (മലയകേതുവിൻെറ വാക്യത്തെ അനുവദിച്ചുപറയുന്നു.)

മലയ:—(അലങ്കാരപ്പെട്ടിയും എഴുത്തും ചൂണ്ടിക്കൊണ്ടു്) ഇവ ആരുടെ ദോഷങ്ങളാണു് ?

രാക്ഷസൻ:—(കണ്ണീർതൂകികൊണ്ടു്) വിധിയുടെ വിനോദം. എന്തെന്നാൽ ഒരു നിന്ദ്യമായ ദാസ്യപദംതന്നെ യായിരുന്നുവെങ്കിലും, ബുദ്ധിമാന്മാരും, വിശിഷ്ടന്മാരും, കൃതജ്ഞന്മാരുമായ ചില രാജാക്കന്മാൎക്കു് സ്നേഹശക്തിമൂലം പുത്രനിൽനിന്നു് അഭിന്നനായി ഞാനിരുന്നിരുന്നു. ലോകപരീക്ഷകന്മാരായ അവരെല്ലാം ഏതൊരു ദൌർഭാഗ്യത്താലാണോ ഹതന്മാരായതു്, മനുഷ്യപ്രയത്നത്തിന്റെ വിഘാതിയായ ആ ദുർദ്ദൈവത്തിൻെറ തന്നെ മറെറാരു കളിയാണിതെല്ലാം.

മലയ:—(കോപത്തോടു്) എന്തു്? ഇനിയും എന്നെ ചതിക്കുവാൻതന്നെ മോഹിക്കുന്നുവോ? ഇതെല്ലാം ദൈവത്തിൻെറ കളിയാണുപോലും! ലോഭത്തിന്റെ ആകൎഷണമല്ല; അല്ലേ? ദുഷ്ടാ, കൃതഘ്നനായ നീ വിശ്വസ്തനായ എൻെറ അച്ഛനെ വിഷകന്യാപ്രയോഗം കൊണ്ടു് ആദ്യമേതന്നെ നിഗ്രഹിച്ചു; അതുകൊണ്ടു് തൃപ്തനാകാതെ ശത്രുവിൻെറ മന്ത്രിപദത്തെ കൊതിച്ചു് വെറും മാംസപിണ്ഡത്തെപ്പോലെ നമ്മെ വില്ക്കാനായി തുനിഞ്ഞിരിക്കയും ചെയ്യുന്നു. ദുഷ്ടാ.

രാക്ഷസൻ:—(വിചാരം) ഇതു് ക്രൂനിൽക്കുരുവാണല്ലോ. (ചെവിപൊത്തികൊണ്ടു സ്പഷ്ടം) ശാന്തം പാപം! പൎവ്വതക രാജാവിൽ ഞാൻ വിഷകന്യാപ്രയോഗം ചെയ്തിട്ടില്ല.

മലയ:—എന്നാൽ പിന്നെ എൻെറ പിതാവിനെ നിഗ്രഹിച്ചതാരാണു്?

രാക്ഷസൻ:—അതിനുത്തരം ദൈവം പറയേണ്ടിയിരിക്കുന്നു.

മലയ:—(കോപത്തോടെ) ദൈവമോ പറയേണ്ടതു്? ക്ഷപണകനായ ജീവസിദ്ധിപറഞ്ഞാൽപോരാ: അല്ലേ?

രാക്ഷസൻ:—(വിചാരം) ജീവസിദ്ധിയും ചാണക്യന്റെ ആളാണോ? ശത്രുക്കൾ എന്റെ ഹൃദയത്തിലും കടന്നുകൂടിക്കഴിഞ്ഞല്ലോ. ആശ്ചര്യംതന്നെ.

മലയ:—(മേഷ്യത്തോടെ) ഭാസുരകാ, ശേഖരസേനനോട് വേഗം ചെന്നു് നമ്മുടെ ഈ കല്പനയെ പറയുക. "രാക്ഷസന്റെ സ്നേഹസഹായങ്ങളോടുകൂടി എന്നെ അപായപ്പെടുത്തി ചന്ദ്രഗുപ്തനെ ആശ്രയിപ്പാൻ ആഗ്രഹിക്കുന്ന ചിത്രവർമ്മൻ, സിംഹനാദൻ, പുഷ്കരാക്ഷൻ, സുഷേണൻ, മേഘനാദൻ എന്നീ അഞ്ചു രാജാക്കന്മാരിൽ ആദ്യം പറഞ്ഞ മൂന്നുപേർ എന്റെ രാജ്യത്തെ കാമിക്കുന്നവരാകകൊണ്ടു് അവരെ വലിയ ഗുഹയിലാക്കി മണ്ണിട്ടുമൂടുവാനും, മററു രണ്ടുപേർ ഗജസൈന്യലോഭികളാകയാൽ ആനയെക്കൊണ്ടുതന്നെ വധിപ്പിക്കാനും ഒട്ടും അമാന്തിക്കരുതു്."

ഭാസുര:—കല്പനപോലെ. (പോയി)

മലയ:—(കോപത്തോടെ) രാക്ഷസാ, രാക്ഷസാ, വിശ്വാസവഞ്ചകനായ രാക്ഷസനല്ല; മലയകേതുവാണു ഞാൻ; ഓർമ്മയിരിക്കട്ടെ. പോ മറയത്തു്. ചന്ദ്രഗുപ്തന്റെ കാലെടുത്തു് തലയിൽവെച്ചുകൊൾക. ദുർന്നയം ധർമ്മാർത്ഥകാമങ്ങളെയെന്നപോലെ ചാണക്യൻ, ചന്ദ്രഗുപ്തൻ, നീ, എന്നീ മൂന്നുപേരേയും ഉന്മൂലനാശം ചെയ്യുവാൻ എനിക്കിന്നു ശക്തിയുണ്ടു്. നോക്കിക്കൊൾക.

ഭാഗുരാ:—കുമാരാ, ഇനി അല്പവും വിളംബിക്കരുതു്. കുസുമപുരം പിടിച്ചടക്കുവാൻ സൈന്യത്തിന്നു് കല്പന വേഗം കൊടുക്കുക.

(മലയകേതു പരിജനത്തോടുകൂടി പോകുന്നു)

രാക്ഷസൻ:—(പരിഭ്രമത്തിൽ ദീർഘശ്വാസംവിട്ടു്) അയ്യോ! കഷ്ടം! സാധുക്കളായ ആ ചിത്രവൎമ്മപ്രഭൃതികളും വധിക്കപ്പെട്ടു. രാക്ഷസൻ സുഹൃത്തുക്കളെ ഒക്കെ നശിപ്പിക്കാനാണു് ജീവിക്കുന്നതു്; ശത്രുസംഹാരത്തിനല്ല എന്നോ വന്നുകൂടിയതു്? മന്ദഭാഗ്യനായ ഞാനിനി എന്താണു് ചെയ്യേണ്ടതു്? വല്ല കാട്ടിലും പോയി തപസ്സുചെയ്തു് ജീവിതശേഷം നയിച്ചാലോ? പക പിടിച്ച മനസ്സുണ്ടോ തപസ്സുകൊണ്ടു് ശാന്തമാകുന്നു. എന്നാൽ, ദിവംഗതന്മാരായ തമ്പുരാക്കന്മാരെ അനുഗമിക്കാം. ഛേ: അതു് പാടില്ല; ശത്രു ജീവിച്ചിരിക്കുമ്പോൾ ഞാൻ ആത്മഹത്യചെയ്യുകയോ? അതു് വെറും സ്ത്രീസ്വഭാവമാണു്. അല്ലെങ്കിൽ വാളുമായി പോൎക്കളത്തിലിറങ്ങി ശത്രുക്കളോടുകൂടി നേരിട്ടു് അടരാടിക്കളയാം. ഈശ്വരാ, ഞാനെങ്ങനെയാണു് അതിനിപ്പോൾ ശക്തനാവുക? ചന്ദനദാസനെ ബന്ധനത്തിൽനിന്നും മോചിപ്പിക്കുന്നതിനുമുമ്പായി ഞാനീപ്രവൎത്തിക്കിറങ്ങുന്നതു് കൃതഘ്നതയല്ലയോ? അതുകൊണ്ടു് ഇനിയത്തെ എന്റെ പ്രഥമസംരംഭം ചന്ദനദാസനെ ബന്ധനവിമുക്തനാക്കുവാൻ തന്നെയാണു്. സംശയമില്ല.

(രാക്ഷസൻ പോകുന്നു)

# ആറാമങ്കം

(അനന്തരം വേഷഭൂഷിതനായ സിദ്ധാൎത്ഥകൻ ഉറക്കെ ചിരിച്ചു പാടിക്കൊണ്ടു് പ്രവേശിക്കുന്നു)

ബഹുരസം! ബഹുരസം! ജയിക്കുന്നു! ജയിക്കുന്നു!
മഹാരാജചന്ദ്രഗുപ്തനെന്റെ തമ്പുരാൻ.
എന്റെ ദൈവമെന്റെ ദൈവമെന്റെ നേത്രാമൃതരസം
എന്റെ കാണപ്പെട്ട ദൈവം ജയിച്ചീടുന്നു.
ജയിക്കുന്നു മഹാത്മാവാമാൎയ്യചാണക്യന്റെ നീതി
ജയിക്കുന്നു പരപക്ഷം മുടിക്കും നീതി.
കേൾപ്പതൊന്നു കാണ്മതൊന്നു വരുവതു വേറൊന്നേവ-
മദ്ഭുതമായ് ജയിക്കുന്നു ചാണക്യതന്ത്രം.
പടകൊണ്ടു നടത്തേണ്ടും കാൎയ്യം പടുതരബുദ്ധി-
സ്ഫുടതയാൽ ചെയ്‌വിതാൎയ്യചാണക്യവീരൻ.

അമ്പമ്പ! ആൎയ്യചാണക്യന്റെ തന്ത്രം—വിചാരിപ്പാൻപോലും നമ്മെക്കൊണ്ടാവില്ല. ഇങ്ങനേയുണ്ടോ ഒരു ബുദ്ധിശക്തി! അദ്ദേഹത്തിന്നു് ശത്രുക്കളെ ജയിക്കാൻ സൈന്യവുംവേണ്ട; ഒരു മണ്ണാങ്കട്ടയുംവേണ്ടാ. അതൊക്കെ തനിയേ ബുദ്ധികൊണ്ടു് നടത്തിക്കൊള്ളും. അതല്ലേ വിശേഷം. നമുക്കു് ആ നീതിനൈപുണ്യത്തെ ദൂരെയെങ്ങാൻനിന്നു് കൂട്ടിപ്പിടിച്ചു് ഒന്നു തൊഴുവാനേ സാധിക്കൂ. (തൊഴുന്നു) ഓരോ വലിയ കാൎയ്യങ്ങളിലേൎപ്പെടുക നിമിത്തം വളരെക്കാലമായിട്ടു് ചങ്ങാതികളെ കാണുകയൊ സംസാരിക്കുകയൊ പതിവേയില്ല. ഇനി ഏതായാലും ഉറ്റ കൂറുകാരനായ സമിദ്ധാൎത്ഥകനെയെങ്കിലും ഒന്നു കണ്ടു് കുറേ കളിച്ചേ മറ്റൊരു കാൎയ്യമുള്ളൂ. (ചുററി നടന്നു മുമ്പോട്ടു നോക്കിക്കൊണ്ടു്) അല്ലാ, തേടിയവള്ളി കാലിൽത്തന്നെ ചുറ്റിയല്ലോ. അതാ എന്റെ ചങ്ങാതി വരുന്നു.

(സമിദ്ധാൎത്ഥകൻ പ്രവേശിച്ചു്)

നന്ന ചുട്ടനീറുമ്പോഠം ചന്ദ്രൻേറയും, ഗൃഹത്തിലു ണ്ടാവുന്ന അടിയന്തിരസമയങ്ങളിൽ ബന്ധുക്കളുടേയും, വിരഹം സഹ്യമല്ല. അതുപോലെ ശരീരമാത്രഭിന്നന്മാരായ സ്നേഹിതന്മാരുമായി അകന്നിരിക്കേണ്ടി വരുന്നവക്ക് ഐശ്വര്യവും സന്താപകാരണമാകുന്നു. മലയകേതുകടകത്തിൽനിന്നു് സിദ്ധാത്ഥകൻ വന്നിരിക്കുന്നതായി ഞാൻ കേട്ടു. അയാളെ അന്വേഷിച്ചു് കണ്ടുപിടിക്കാതെ ഇനി ഒരു കാര്യവും കഴികയില്ല. (പുറഠിനടന്നു് മുമ്പോട്ടുനോക്കിക്കൊണ്ടു്) അതാ സിദ്ധാത്ഥകൻ.

(രണ്ടുപേരും അടുത്തു കൂടുന്നു)

സിദ്ധാത്ഥകൻ:—അല്ലാ സമിദ്ധാത്ഥകനോ? സ്നേഹിതാ, സുഖം തന്നെയോ?

(പരസ്പരം ആലിംഗനം ചെയ്യുന്നു.)

സമിദ്ധാത്ഥകൻ:—എവിടെ സുഖം? എന്തുസുഖം? താൻ വളരെക്കാലമായിട്ടു് സഞ്ചാരിയായിരുന്നില്ലേ? എന്നാൽ പിന്നെ തിരിച്ചുവരുമ്പോഴെങ്കിലും ഈ പഴയ നാട്ടുകാരെ ഒന്നു് വിചാരിക്കപോലുമില്ലല്ലോ.

സിദ്ധാ:—ചങ്ങാതീ! ക്ഷമിക്കണം. ഞാനിവിടെ വന്നു് ആയ്യചാണക്യനെ കണ്ടുകൂടുമ്പോഠംതന്നെ അദ്ദേഹം എന്നോട്ടു് "നീ വേഗം പോയി ഈ സന്തോഷവത്തമാനം മഹാരാജാവു തിരുമനസ്സിനെ ഉണത്തുക" എന്നു് കല്പിച്ചുകഴിഞ്ഞു. കല്പനപോലെ ചെയ്തു് തൃക്കയ്യിൽ നിന്നു് ഇതാ ഈ സമ്മാനവും വാങ്ങി നേരേ തന്നെക്കാണ്മാൻതന്നെയാണു് ഞാൻ പുറപ്പെട്ടതു്.

സമിദ്ധാ:—ചങ്ങാതീ, ആ സന്തോഷവത്തമാനം എന്താണെന്നു് എനിക്കു കേഠംക്കാവുന്നതാണെങ്കിൽ പറയൂ.

സിദ്ധാ:—ചങ്ങാതീ, നിങ്ങളെ കേഠംപ്പിക്കുവാൻ വയ്യാത്തവല്ല രഹസ്യവും എനിക്കുണ്ടോ? കേഠംക്കൂ, അതു

പറയാം. ആൎയ്യചാണക്യന്റെ തന്ത്രംകൊണ്ടു മതി മറന്ന മലയകേതു രാക്ഷസനെ അകററി, തനിക്കു് എത്രയും വേണ്ടപ്പെട്ട ആ അഞ്ചു രാജാക്കന്മാരേയും വധിച്ചു. അതു് അറിഞ്ഞു് "ഇവൻ വലിയ സാഹസിയും വകതിരിവില്ലാത്തവനും ആണു്" എന്നു നിശ്ചയിച്ചു് പരിവാരങ്ങളും സൈന്യങ്ങളും എല്ലാം അവന്റെ രാജ്യംവിട്ടു പൊയ്ക്കളഞ്ഞു. ആ തക്കത്തിൽ ഭദ്രഭടൻ, ഭാഗുരായണൻ മുതലായവർ ചേൎന്നു മലയകേതുവിനെ പിടിച്ചു് കാരാഗൃഹത്തിലിട്ടടക്കയും ചെയ്തു.

സമിദ്ധാ:—ഭദ്രഭടാദികൾ ചന്ദ്രഗുപ്തനെ ഉപേക്ഷിച്ചു് മലയകേതുവിനെ ആശ്രയിച്ചിരിക്കയാണെന്നാണല്ലോ കേൾവി. പിന്നെയെന്താണു് ഇങ്ങനെ കലാശിച്ചതു്?

സിദ്ധാ:—സ്നേഹിതാ, ദൈവഗതിപോലെ കേവലം അദൃശ്യമായ ചാണക്യനീതിയെ നമസ്കരിക്കുകതന്നെ വേണം.

സമിദ്ധാ:—മുഴുവൻ പറയൂ.

സിദ്ധാ:—അതിൽപിന്നെ ആൎയ്യചാണക്യൻ വലിയ സൈന്യസന്നാഹത്തോടും സാമന്തന്മാരോടും കൂടി മ്ലേച്ഛസൈന്യത്തെ നിശ്ശേഷം സ്വാധീനപ്പെടുത്തി.

സമിദ്ധാ:—സ്നേഹിതാ, ഇതൊക്കെ എവിടെവെച്ചായിരുന്നു?

സിദ്ധാ:—എവിടെയാണോ മദമത്തന്മാരായ ആനകൾ ഗൎജ്ജിക്കുന്നതും ചമ്മട്ടികൊണ്ടുള്ള അടിയെപേടിച്ചു് കുതിരകൾ ശബ്ദിക്കുന്നതും അവിടെവെച്ചുതന്നെ.

സമിദ്ധാ:—ചങ്ങാതീ, അതു പിന്നെപ്പറയാം. അതിനു മുമ്പായി ഞാൻ മറെറാരുസംഗതി ചോദിക്കട്ടെ.

ആര്യചാണക്യനെ പരസ്യമായി മഹാരാജാവ് സ്ഥാനഭ്രഷ്ടനാക്കിയതാണല്ലോ. അദ്ദേഹം അത്ര പിന്നെയും സ്വീകരിച്ചതെന്താണ്?

സിദ്ധാ:—താനും ഇത്ര മണ്ടനായല്ലോ. ബുദ്ധിമാന്മാരിൽ വെച്ച് അഗ്രഗണ്യനായ അമാത്യരാക്ഷസനുപോലും മനസ്സിലാക്കാൻ കഴിയാത്ത ഒരു കാര്യം എന്നോട്ട് ചോദിച്ചറിയാമെന്ന് താൻ വിചാരിച്ചതാണ് വലിയ അത്ഭുതം.

സമിദ്ധാ:—സ്നേഹിതാ, അമാത്യരാക്ഷസൻ ഇപ്പോൾ എവിടെയാണ്?

സിദ്ധാ:—ആ വലിയ കുഴപ്പമെല്ലാം കഴിഞ്ഞയുടൻ ഉദുംബരനെന്ന ഒരു ഭൃത്യനോടുകൂടി മലയകേതു കടകത്തിൽനിന്നു തിരിച്ച് പാടലിപുത്രത്തിൽ വന്ന് താമസിക്കുകയാണെന്ന് ആര്യചാണക്യനോടു ഞാൻ പറഞ്ഞിരിക്കുന്നു.

സമിദ്ധാ:—അങ്ങനെയാണെങ്കിൽ അദ്ദേഹം നന്ദരാജ്യത്തെ വീണ്ടെടുക്കാൻ ശ്രമിച്ച് അതൊന്നും പറ്റാതെ ഇപ്പോൾ തിരികെ ഇവിടെത്തന്നെ വന്ന് ഒളിച്ച് പാർക്കുകയാണെന്ന് വിചാരിക്കേണ്ടിയിരിക്കുന്നുവല്ലോ.

സിദ്ധാ:—അതല്ല. ചന്ദനദാസനെപ്പററിയുള്ള സ്നേഹാതിരേകം നിമിത്തമാണിവിടെ താമസിക്കുന്നതെന്ന് ഞാൻ വിചാരിക്കുന്നു.

സമി:—എന്നാൽ ചന്ദനദാസന്ന് മോചനം കിട്ടുമെന്നു തന്നെയാണ് എൻെറ ദൃഢവിശ്വാസം.

സിദ്ധാ:—ആ നിർഭാഗ്യവാനുണ്ടോ മോക്ഷം കിട്ടുന്നു? നാം രണ്ടുപേരുംകൂടിപ്പോയി അവൻെറ കഥകഴിക്കണമെന്നാണ് ആര്യചാണക്യൻെറ കല്പന.

സമി:—(കോപം നടിച്ച്) ആൎയ്യചാണക്യൻ ഘാതകനായി വേറെ ആരെയും കണ്ടില്ലെന്നോ? നൃശംസമായ ഈ പ്രവൃത്തിചെയ്യാൻ എന്തിനാണ് നമ്മെത്തന്നെ നിയോഗിച്ചതു്?

സിദ്ധാ:—സ്നേഹിതാ, ജീവനിൽ കൊതിയുള്ള ഒരുവനെങ്കിലും ആൎയ്യചാണക്യന്റെ കല്പനയ്ക്കു് വിപരീതം പറയുമോ? അതുകൊണ്ടു് വരിക. ചണ്ഡാലന്റെ വേഷമെടുത്തു് അവനെ ഭുക്കപ്പുറമ്പിലേയ്ക്കു് കൊണ്ടുപോകാം. ഒട്ടും താമസിക്കേണ്ടാ.

(രണ്ടുപേരും പോകുന്നു)

(രംഗം ജീൎണ്ണോദ്യാനം)

(അനന്തരം ഒരു കയറുംകൊണ്ടു് ഒരുവൻ പ്രവേശിക്കുന്നു)

പുരുഷൻ:—ഗുണങ്ങളാറോടുമിണങ്ങി, നല്ലോ-
രുപായമാമഗ്രമുഖം വിളങ്ങി,
ശത്രുക്കളെക്കെട്ടിയിടാനൊരുങ്ങി-
ചാണക്യനീതിക്കയർവെന്നിടുന്നു.

(ചുററും നടന്നു് നോക്കിക്കൊണ്ടു്)ഉദുംബരകൻ ആൎയ്യചാണക്യനോടു് പറഞ്ഞ സ്ഥലം ഇതാണു്. ഇവിടെ വെച്ചു് അമാത്യരാക്ഷസനെ ഞാൻ കാണണമെന്നാണു ആൎയ്യചാണക്യന്റെകല്പനയും. (ചുററുംനോക്കുന്നു) അതാ അമാത്യരാക്ഷസൻ തലയിൽ മുണ്ടു് മടക്കിയിട്ടുംകൊണ്ടു് വരുന്നു. ഈ മരത്തിന്റെ പിറകെ മറഞ്ഞു് നിന്നു് അദ്ദേഹം എവിടെയാണു് ഇരിപ്പുറപ്പിക്കുകയെന്നു് നോക്കി അറിയാം. (ഒരു മരത്തിന്റെ പിറകെ മറഞ്ഞുനില്ക്കുന്നു.)

(അനന്തരം ആയുധധാരിയായ രാക്ഷസൻ തലയിലൊരുമുണ്ടു മടക്കിയിട്ടുംകൊണ്ടു് പ്രവേശിക്കുന്നു.)

രാക്ഷസൻ:—(കണ്ണുനീർവാൎത്തു്)ഐശ്വൎയ്യത്തിന്റെ അവസ്ഥ ഇത്ര ചഞ്ചലമാണല്ലോ. ആശ്രയനാശം വന്നതിനെ

പ്പററി ഭയപ്പെട്ടിട്ടെന്നവണ്ണം ലക്ഷ്മി വെറും ഒരു കുലടയെപ്പോലെ അതാ മറെറാരു ഗോത്രത്തിൽ ചെന്നു കൂടിയിരിക്കുന്നു; അതു് കാണേണ്ട താമസം മനുഷ്യരെല്ലാം സ്നേഹഹീനരായി ഗതാനുഗതി കരീത്യാ അവളുടെ പിറകേ പാഞ്ഞുകഴിഞ്ഞു. ആപ്തതമന്മാരായ അസ്മാദൃശന്മാരാകട്ടെ, പൌരുഷം മതിയാവായ്കയാൽ ഉദ്ദേശം സാധിക്കാതെ ഉദ്യമത്തിൽനിന്നു് പിൻമാറിയിരിക്കയാണു്. എന്തു് ചെയ്യാനാണു്? തലയില്ലാത്ത ശരീരത്തിനു് തുല്യമാണു് എൻെറ ഇപ്പോഴത്തെ സ്ഥിതി. യോഗ്യനും കുലീനനുമായ ഭർത്താവിനെ ഉപേക്ഷിച്ചു്, കേവലം ദുഷ്ടയായ ഒരു സ്ത്രീയേപ്പോലെ ലക്ഷ്മി ഹീനനായ ചന്ദ്രഗുപ്തനെ ഒളിവിൽചെന്നു് വരിച്ചിരിക്കുന്നു. അവിടെ അവളുടെ വാസം സ്ഥിരമാക്കിയെന്നും ഏതാണ്ടു് കരുതാം. എന്തുകൊണ്ടെന്നാൽ, എന്റെ പ്രയത്നം അമിതമാണെങ്കിലും, ദൈവം ശത്രുവായി നിന്നു് അതിനെ വിഫലമാക്കുകയാണല്ലോ ചെയ്യുന്നതു്. നന്ദന്മാർ ആ വിധം ഹനിക്കപ്പെട്ട കാലത്തു തന്നെ അതിന്റെ പ്രതീകാരത്തിനായി ഞാൻ പർവ്വതകരാജാവിനെ ആശ്രയിച്ചു് പ്രയത്നിച്ചു നോക്കി. അദ്ദേഹവും ഹതനായ സമയം മലയകേതുവിനെ ആരാധിച്ചുവന്നു; അപ്പോഴും എനിക്കു കിട്ടിയതു് പരാജയമാണു്. വാസ്തവത്തിൽ നന്ദവംശത്തിന്റെ പരമവിരോധി ആ കൊള്ളരുതാത്ത ചാണക്യനല്ല; ദൈവം തന്നെയാണു്. (ആലോചന നടിച്ചു്) ആ മ്ലേച്ഛന്റെ ഒരു തന്റേടമില്ലായ്മ അത്ഭുതമായി തോന്നുന്നു. എൻെറ തമ്പുരാൻ വംശത്തോടുകൂടി നശിച്ചുപോയെങ്കിലും അദ്ദേഹത്തിനുവേണ്ടി മാത്രം ഇപ്പോഴും

ജീവിക്കുന്ന ഈ ഞാൻ, അവരുടെ ബദ്ധശത്രുവോടു കൂടി സഖ്യംചെയ്യുമെന്ന് ആ കഥയില്ലാത്തവൻ വിചാരിച്ചല്ലോ. അല്ലെങ്കിൽ എന്തിനയാളെ കുറ്റപ്പെടുത്തുന്നു? കാലം പിഴയ്ക്കുമ്പോൾ എല്ലാം പിഴയ്ക്കും. ആരെന്തൊക്കെ ചെയ്താലും, പോക്കളത്തിലിറങ്ങി ജീവൻ വെടിഞ്ഞാലും, ഈ രാക്ഷസൻ ചന്ദ്രഗുപ്തനോടു സഹകരിക്കുകയില്ല. അഥവാ, സത്യസന്ധത എനിക്കില്ലാതെ വന്നാലും, ദുഷ്ടചാണക്യന്റെ കണിയിൽപെട്ടു തോററുപോയിയെന്ന പരിവാദം എന്റെ കീർത്തിയെ കളങ്കപ്പെടുത്താനിടകൊടുത്തുകൂടതന്നെ. (ചുററും നോക്കി കണ്ണുനീർവാർത്തു്) മഹാരാജാവിന്റെ കാൽപ്പൂംപൊടികളെക്കൊണ്ടു് പരിശുദ്ധവും വിഭൂഷിതവുമായ ആരാമഭൂമിയല്ലേ ഇതു്? പണ്ടിവിടെവെച്ചു് അദ്ദേഹം ചഞ്ചലങ്ങളായ ലക്ഷ്യങ്ങളിൽ അമ്പയച്ചു് പരിചയിക്കയും, രാജാക്കന്മാരോടുകൂടിയിരുന്നു് വിനോദസംഭാഷണം ചെയ്കയും പതിവായിരുന്നു. ആ സ്ഥലം ഇന്നിതാ ഏകാകിയായ എന്നെ അതിമാത്രം വ്യഥിപ്പിക്കുന്നു. ഭാഗ്യം കെട്ട ഞാനിനി എവിടെ പോകേണ്ടു? (ചുററും നോക്കിക്കൊണ്ടു്) ഈ ജീർണ്ണോദ്യാനത്തിനകത്തു പോകാം. അവിടെ ചെന്നിരുന്നു് വല്ലവിധവും ചന്ദനദാസന്റെ വത്തമാനങ്ങളറിയാൻ വഴിയുണ്ടോ എന്നു ചിന്തിക്കുകയും ചെയ്യാം. (ആലോചന നടിച്ചു്) മനുഷ്യർക്കു് സുഖദുഃഖപരിണതികൾ അവിചാരിതസംഭവങ്ങളാണു്. എന്തെന്നാൽ, പണ്ടു് പ്രതിപച്ചന്ദ്രനെപ്പോലെ പൌരന്മാരുടെ ചൂണ്ടുവിരലാൽ പ്രത്യേകം നിർദ്ദിഷ്ടനായ ഞാൻ, അനവധി രാജാക്കന്മാരുടെ അനുയാനത്തോടുകൂടി കൊട്ടാരത്തിൽ നിന്നിറങ്ങി ഒരു സാമ്രാട്ടിനെപ്പോലെ പല പ്രാവശ്യം ഈ

ഉദ്യാനത്തിൽ പ്രവേശിച്ചിരുന്നു; ആ ഞാൻ അതേ സ്ഥലത്തു് വിചാരിച്ച കാര്യങ്ങളൊന്നും സാധിക്കാതെ വിഷണ്ണനായി, കേവലം കള്ളൻെറ മട്ടിൽ ആരുടേയും ദൃഷ്ടിയിൽപെടാതെ പേടിച്ചു് പതുങ്ങിപ്പതുങ്ങി ഇതാ വന്നുചേൎന്നു. അഥവാ, ഏവരുടെ അനുഗ്രഹവിശേഷം കൊണ്ടാണോ അന്നു് ആ പദവി എനിക്കു സിദ്ധമായതു്, ആ വിശിഷ്ടപുരുഷന്മാർ തന്നെ ഇപ്പോഴില്ലല്ലോ. (ജീൎണ്ണോദ്യാനത്തിലേയ്ക്കു കയറി നോക്കുന്നതായി നടിച്ചു്) കഷ്ടം! ഇപ്പൊഴീസ്ഥലമെത്ര പ്രാകൃതമായിപ്പോയി? ആ സൌധത്തിൻെറ നില എത്ര ഭേദപ്പെട്ടു. ബന്ധുവിനാശത്താൽ സജ്ജനങ്ങളുടെ ഹൃദയമെന്നപോലെ ആ താമരപ്പൊയ്കയിതാ ഉണങ്ങി വരണ്ടുപോയി. അയോഗ്യനായ രാജാവു് അംഗീകരിച്ച നയങ്ങളെന്നപോലെ ഈ മരങ്ങളെല്ലാം ഫലഹീനങ്ങളായി കാണപ്പെടുന്നു. അജ്ഞൻെറ ഹൃദയം കപടങ്ങളെക്കൊണ്ടെന്നവണ്ണം ഈ നിലമെല്ലാം പുല്ലുകൊണ്ടു മൂടിപ്പോയല്ലോ. വലിയ മഴുകൊണ്ടു വെട്ടപ്പെട്ട മരങ്ങൾ പറവകളുടെ നാദത്താൽ കരയുന്നപോലെ തോന്നുന്നു. ആ സാധുക്കളുടെ ആപത്തുകണ്ടു മനമലിഞ്ഞ സൎപ്പങ്ങൾപോലും അവയുടെ മുറിവുകളിൽ തങ്ങളുടെ ഉറയിട്ടുകെട്ടി സമാശ്വാസമരുളുന്നല്ലോ. നോക്കുക സഹവാസമാഹാത്മ്യം. ഇതാ ഈ പാവങ്ങൾ ഉള്ളുണങ്ങി കീടക്ഷതങ്ങളിൽക്കൂടെ കണ്ണീർപൊഴിച്ചു് നിഴലില്ലാതെ മെലിഞ്ഞു് പട്ടടയിലേയ്ക്കു് പോകാനൊരുങ്ങി നില്ക്കുന്നു. ലോകവൈചിത്ര്യം ആശ്ചര്യംതന്നെ.

ഏതായാലും എൻെറ കഷ്ടകാലാവസ്ഥയ്ക്കു് അനുരൂപമായ ഈ പാറപ്പുറത്തിരുന്നു് കുറച്ചുനേരം വിശ്രമിക്കട്ടെ.

(അണിയറയിൽ കളകള ശബ്ദം കേൾക്കുന്നു)

രാക്ഷസൻ:—(കേട്ടതായി നടിച്ചു്)ഈ അസമയത്തു് പെരുമ്പറമുഴക്കവും ശംഖനാദവും കേൾപ്പാൻ കാരണമെന്തു്? (ആലോചന നടിച്ചു്) ഓഹോ മനസ്സിലായി. മലയകേതുവിനെ ബന്ധിച്ചതുമൂലം രാജകുലത്തി—(അസൂയാപൂർവം) ചന്ദ്രഗുപ്തൻെറ കൂട്ടർക്കുള്ള ആനന്ദത്തെ സൂചിപ്പിക്കുന്ന ശബ്ദമാണിതു്. (കണ്ണീർവാർത്തു്) കഷ്ടം! കഷ്ടം! ശത്രുവിൻെറ ഐശ്വര്യാഭിവൃദ്ധിയെ കേൾപ്പിക്കുകയും കാണിക്കുകയും ചെയ്തുകൊണ്ടും മതിയാവാതെ ദൈവമിതാ അനുഭവിപ്പിക്കുവാനും ഇപ്പോൾ പ്രയത്നിക്കുന്നു.

പുരുഷൻ:—അദ്ദേഹം ഇരിപ്പുറപ്പിച്ചു കഴിഞ്ഞു. ഇനി ആര്യചാണക്യൻെറ കല്പന നടത്തുവാൻ വേഗം ശ്രമിക്കതന്നെ.

(രാക്ഷസനെ കണ്ടില്ലെന്ന നാട്യത്തിൽ കുറച്ചകലെ മുൻവശത്തുചെന്നു് കഴുത്തിൽ കയറു കുരുക്കിട്ടു കെട്ടുന്നു)

രാക്ഷസൻ:—(കണ്ടു്) അയ്യോ, അതാ ഒരുവൻ കഴുത്തിൽ തന്നിയേ കയറിട്ടുകെട്ടുന്നുവല്ലോ. എന്നെപ്പോലെ അവനും ദുഃഖിതനായ ഒരു അശരണനായിരിക്കാം. ചോദിക്കതന്നെ. (ഉച്ചത്തിൽ)സ്നേഹിതാ, എന്തിനാണിങ്ങൾ ഉത്സാഹിക്കുന്നതു്.

പുരുഷൻ:—(തിരിഞ്ഞുനോക്കി രാക്ഷസനെ കണ്ടു് ലജ്ജിതനെന്ന മട്ടിൽ കണ്ണീർതൂകിക്കൊണ്ടു്) ഒരു ആത്മസ്നേഹിതൻെറ അകാലവിനാശം കേട്ടാൽ എന്നെപ്പോലെയുള്ള

പാവപ്പെട്ട ക്രൂരർ സാധാരണ ചെയ്യാറുള്ള പ്രവൃത്തിയെന്താണു്.

രാക്ഷസൻ:—(വിചാരം) എന്നെപ്പോലെതന്നെ ഇവനും വ്യസനിക്കുന്നവനാണെന്നു് ഞാനൂഹിച്ചതു് എത്ര ശരിയായിവന്നു. (സ്പഷ്ടം) വ്യസനാനുഭവത്തിൽ നാം രണ്ടാളും സതീർത്ഥ്യരായിത്തീർന്നിരിക്കുന്നു. അങ്ങയുടെ ദുഃഖത്തിൻെറ കാരണം രഹസ്യമോ പറവാൻ പ്രയാസമുള്ളതോ അല്ലാത്തപക്ഷം പറഞ്ഞാൽ വേണ്ടില്ല.

പുരുഷൻ:—രഹസ്യമോ പറവാൻ ഞെരുക്കമുള്ളതോ അല്ല. എന്നാൽ സ്നേഹിതൻെറ മരണം നിമിത്തം വ്യസനപരവശനായ എനിക്കു്, പറഞ്ഞുതീരുന്നതുവരെ ജീവിച്ചിരിപ്പാൻ ശേഷിയില്ല.

രാക്ഷസൻ:—(നെടുവീർപ്പിട്ടു് വിചാരം) സുഹൃദ്വ്യസനാവസരത്തിൽ ഉദാസീനനായ എന്നെ, ഇപ്പറഞ്ഞ വാക്കുകൾ നിന്ദിക്കുന്നതുപോലെ താന്നുന്നു. (സ്പഷ്ടം) പറയൂ; കേൾക്കട്ടെ.

പുരുഷൻ:—അയ്യയ്യോ! അവിടേയ്ക്കുതു കേൾപ്പാൻ വലിയ നിർബന്ധമുള്ളപോലെ തോന്നുന്നുവല്ലോ. എന്താനിവൃത്തി. പറയാം. ഈ നഗരത്തിൽ വിഷ്ണുദാസനെന്നൊരു രത്നവ്യാപാരിയുണ്ടു്—

രാക്ഷസൻ:—(വിചാരം) ഉണ്ടു്. അയാൾ ചന്ദനദാസന്റെ ആത്മമിത്രമാണല്ലോ. (സ്പഷ്ടം) അയാൾക്കെന്താണു്?

പുരുഷൻ:—അയാളെൻെറ പ്രാണസ്നേഹിതനാണു്—

രാക്ഷസൻ:—(വിചാരം) പ്രാണസ്നേഹിതനാണെന്നാണല്ലോ പറഞ്ഞതു്. ആ സ്ഥിതിക്കു് അടുത്ത ചാർച്ചയാണു്. ചന്ദനദാസൻെറ വർത്തമാനങ്ങൾ ഇവന്നു് നിശ്ചയമായും അറിവുണ്ടായിരിക്കും. (സ്പഷ്ടം) അയാൾക്കു് എന്താണു്?

പുരുഷൻ:—അയാൾ സ്വന്തം മുതലുകളും പണ്ടങ്ങളുമെല്ലാം പാവപ്പെട്ടവക്ക് ദാനംചെയ്തു്, അഗ്നിപ്രവേശംകൊണ്ടു് ജീവിതം നശിപ്പിക്കാൻ തീർച്ചപ്പെടുത്തി ഇവിടെനിന്നു് പൊയ്ക്കളഞ്ഞു. അയാളുടെ ആ ഘോരകർമ്മം കേൾക്കാനിടയാവുന്നതിനുമുമ്പേ തന്നെ തൂങ്ങിച്ചാകാനാണു് ഞാനിങ്ങോട്ടുപോന്നതു്.

രാക്ഷസൻ:—നിൻെറ സ്നേഹിതൻ അഗ്നിപ്രവേശം ചെയ്യാൻ കാരണമെന്താണു്? മരുന്നുകൊണ്ടൊന്നും മാറാത്ത വല്ല രോഗവും അയാളെ ബാധിച്ചിട്ടുണ്ടോ?

പുരുഷൻ:—ഇല്ല. ഇല്ല.

രാക്ഷസൻ:—കഠിനമായ വല്ല രാജകോപത്തിനും അയാളിരയായോ?

പുരുഷൻ:—ശാന്തം പാപം. ചന്ദ്രഗുപ്തമഹാരാജാവിന്റെ രാജ്യത്തിൽ നൃശംസതയ്ക്കു് ഇരിപ്പിടമില്ലേയില്ല.

രാക്ഷസൻ:—ദുർലഭമായ ഏതെങ്കിലും തരുണിയിൽ അയാളനുരക്തനായോ?

പുരുഷൻ:—(ചെവി പൊത്തിക്കൊണ്ടു്) ശാന്തം പാപം. അപമര്യാദയ്ക്കു് എന്റെ സ്നേഹിതൻ ആളേയല്ല.

രാക്ഷസൻ:—അഥവാ, ഭവാനു് വന്നപോലെ വല്ല സുഹൃദ്വ്യസനവും അയാൾക്കു് നേരിട്ടുപോയോ?

പുരുഷൻ:—അതു ശരിയാണു്.

രാക്ഷസൻ:—(പരിഭ്രമത്തോടുകൂടി വിചാരം) ചന്ദനദാസൻെറ പ്രിയസുഹൃത്താണെന്നു് കേട്ടതുകൊണ്ടു് അയാളുടെ വിനാശമായിരിക്കാം വിഷ്ണുദാസൻെറ അഗ്നിപ്രവേശത്തിനു് കാരണമെന്നു് സംശയിച്ചു് എന്റെ ഹൃദയം സ്നേഹാതിരേകംമൂലം ചഞ്ചലമായിരിക്കുന്നു. (സ്പഷ്ടം) ആ സുഹൃത്തിൻെറ വിനാശവും, മിത്രസ്നേഹാധിക്യം നിമിത്തം അഗ്നിപ്രവേശത്തിനായുദ്യ

മിച്ചുപോയ വിഷ്ണുദാസൻെറ സുചരിതവും പറയൂ. കേൾക്കട്ടെ.

പുരുഷൻ:—ആര്യ, ഇനിയും കാലദൈർഘ്യം മരണത്തിന്നു വരുത്താൻ എനിക്കു സാധിക്കയില്ല.

രാക്ഷസൻ:—അറിയേണ്ട കാര്യം പറയാതിരിക്കുന്നതു ഭംഗിയാണോ ? വേഗം പറയൂ.

പുരുഷൻ:—അയ്യോ ! ഞാൻ കഷ്ടപ്പെടുന്നു. അങ്ങെന്നെ വല്ലാതെ ബുദ്ധിമുട്ടിക്കുന്നുവല്ലോ. എന്തൊരു നിർബന്ധം. എന്താ ചെയ്യുക. വല്ലവിധവും പറയാം. കേൾക്കൂ.

രാക്ഷസൻ:—ഞാൻ ശ്രദ്ധിച്ചിരുന്നുകൊള്ളാം.

പുരുഷൻ:—ഈ നഗരത്തിൽത്തന്നെ വേറൊരു രത്നവ്യാപാരികൂടിയുണ്ടു്. ചന്ദനദാസനെന്നാണു് അദ്ദേഹത്തിൻെറ പേർ—

രാക്ഷസൻ:—(വ്യസനത്തോടുകൂടി വിചാരം) ഇതാ എൻെറ വ്യസനകവാടത്തെ ദൈവം വെട്ടിത്തുറന്നിരിക്കുന്നു. മനസ്സേ, ശാന്തമായിരിക്കുക. നിനക്കു് എന്തോ ഒരു കഠിനവാർത്തകൂടി കേൾക്കേണ്ടതായുണ്ടു്. (സ്പഷ്ടം) വിശിഷ്ടനും മിത്രസ്നേഹിയുമായ അദ്ദേഹത്തെപ്പററി ഞാൻ കേട്ടിട്ടുണ്ടു്. അയാൾക്കു് എന്താണിപ്പോൾ വന്നുകൂടിയതു്?

പുരുഷൻ:—അദ്ദേഹം എൻെറ സ്നേഹിതനായ വിഷ്ണുദാസൻെറ പരമമിത്രമാണു്—

രാക്ഷസൻ:— (വിചാരം) ഹൃദയത്തിൻെറ സമീപത്തിൽ വജ്രമുന വീഴുന്ന പ്രസ്താവമാണിതു്.

പുരുഷൻ:—പിന്നീടു് വിഷ്ണുദാസൻ ബന്ധുസ്നേഹത്തിനൊത്തവണ്ണം മഹാരാജാവു് തിരുമനസ്സിലെ സമക്ഷത്തിൽ ഉണർത്തിച്ചു—

രാക്ഷസൻ:—എന്താണതു്?

പുരുഷൻ:—"മഹാരാജാവേ, എനിക്കു് കണക്കില്ലാത്ത ധനസ്ഥിതിയുണ്ടു്. അതെല്ലാം അവിടുന്നു സ്വീകരിച്ചു് തൽഫലമായി ചന്ദനദാസനെ വെറുതേ വിടണം" എന്നു്.

രാക്ഷസൻ:—(വിചാരം) വിഷ്ണുദാസാ, അങ്ങയുടെ യാചന അത്ഭുതപൂൎവ്വമായിരിക്കുന്നു. അങ്ങു് മിത്രസ്നേഹത്തിന്റെ മാഹാത്മ്യം പ്രത്യക്ഷപ്പെടുത്തി. പണത്തിനു വേണ്ടി മക്കൾ അച്ഛനേയും, അച്ഛൻ മക്കളേയും ഹിംസിക്കുന്നു; അൎത്ഥലാഭത്തിനായി ജനങ്ങൾ സൌഹാൎദ്ദത്തിന്റെ നെറുകയിൽ കണ്ടകം നിരത്തുന്നു; എന്നാലങ്ങു് ഒരു വ്യാപാരിയായിരുന്നിട്ടുകൂടി മിത്രസ്നേഹത്തിന്നായി സകലധനത്തേയും സമൎപ്പിക്കാമെന്നു് സമ്മതിച്ചതാണു് വലിയ അദ്ഭുതം. വാസ്തവത്തിൽ അങ്ങയുടെ ധനമാണു് ധനം. (സ്പഷ്ടം) വിഷ്ണുദാസന്റെ വാക്കു് കേട്ടു് മൌൎയ്യൻ പറഞ്ഞ മറുപടിയെന്താണു്?

പുരുഷൻ:—മഹാരാജാവു് കല്പിച്ചരുളിയതിതാണു്. "പണത്തിനുവേണ്ടിയല്ല ചന്ദനദാസനെ നാം ബന്ധനസ്ഥനാക്കിയിരിക്കുന്നതു്. അമാത്യരാക്ഷസന്റെ കളത്രത്തെ അയാൾ ഒളിച്ചുതാമസിപ്പിച്ചിട്ടുണ്ടെന്നു് ഞാൻ വെളിവായി മനസ്സിലാക്കിയ സംഗതിയാണു്. അയാളോടു് പലകുറി ചോദിച്ചിട്ടും അവരെ ഇവിടെ കൊണ്ടു വിടുകയാവട്ടെ പരമാൎത്ഥം പറയുകയാവട്ടെ ചെയ്തിട്ടില്ല. അമാത്യരാക്ഷസന്റെ കളത്രത്തെ ഇവിടെ സമൎപ്പിക്കുന്നപക്ഷം അയാൾക്കു മോചനം സിദ്ധിക്കും. അല്ലെങ്കിൽ ഇനി മരണമാണു് അവനുള്ള അനുഭവം" എന്നു്. അതുമാത്രമല്ല, കല്പിച്ചപോലെ ചന്ദനദാസനെ കൊലക്കളത്തി

ലേയ്ക്ക് കൊണ്ടുപോയിക്കഴിഞ്ഞുമിരിക്കുന്നു. അയാളുടെ ആ കഠിനപരിണാമം കേൾക്കാനിടയാവുന്നതിന്ന് മുൻകൂട്ടിത്തന്നെ അഗ്നിപ്രവേശം ചെയ്യണമെന്ന് നിശ്ചയിച്ച് വിഷ്ണുദാസൻ നഗരംവിട്ടുപോയി. വിഷ്ണുദാസൻെറ മരണം കേൾക്കുന്നതിന്നു മുമ്പേ തൂങ്ങിച്ചാകണമെന്നു കരുതി ഞാനിങ്ങോട്ടു പോന്നു.

രാക്ഷസൻ:—സ്നേഹിതാ, ചന്ദനദാസൻ വധിക്കപ്പെട്ടില്ലല്ലോ?

പുരുഷൻ:—ഉടൻ അതു കഴിയും. അദ്ദേഹത്തോട് അമാത്യരാക്ഷസന്റെ കളത്രത്തെ സമർപ്പിക്കുവാൻ വീണ്ടും വീണ്ടും പറയുകയാണ്. മിത്രസ്നേഹത്തിന്റെ ദൃഢമായ ശക്തികൊണ്ട് ചന്ദനദാസൻ അങ്ങനെ ചെയ്കയില്ല. അതുകൊണ്ട് മരണത്തിന്നു കാലതാമസം ഇനി തീരെ വരികയില്ലെന്നുവേണം വിചാരിക്കാൻ.

രാക്ഷസൻ:—(സന്തോഷം നടിച്ച് വിചാരം) അല്ലയോ ചന്ദനദാസാ, ശരണാഗതന്മാരെ രക്ഷിക്കുകനിമിത്തം ശിബിചക്രവർത്തിയുടെ ഭാസുരമായ യശസ്സിനെ അങ്ങു സമ്പാദിച്ചിരിക്കുന്നു. ആശ്രിതനായ ഞാൻ അടുത്തില്ലാത്ത സമയത്തുതന്നെ അങ്ങതു ചെയ്കയാൽ ഭവാന്റെ ചരിതം ശിബിയുടേതിനേക്കാൾ മനോജ്ഞമാണ്. (സ്പഷ്ടം) സ്നേഹിതാ, താൻ വേഗം പൊയ്ക്കൊള്ളുക. വിഷ്ണുദാസനെ അഗ്നിപ്രവേശനോദ്യമത്തിൽ നിന്ന് ക്ഷണത്തിൽ പിൻതിരിപ്പിക്കുക. ഞാൻ ചന്ദനദാസനെ മരണത്തിൽനിന്നു രക്ഷിക്കാം.

പുരുഷൻ:—ഇനി അങ്ങ് എങ്ങനെയാണ് അദ്ദേഹത്തെ രക്ഷിക്കുക?

രാക്ഷസൻ:—(വാറം ഊരിപ്പിടിച്ചുകൊണ്ടു്) എൻെറ സകല കർമ്മങ്ങളിലും സഹകാരിയായ ഈ വാളുകൊണ്ടു് ഞാനദ്ദേഹത്തെ രക്ഷിക്കും. ഈ വാറം യുദ്ധമാകുന്ന നികഷോപലത്തിൽവെച്ചു് അനവധി ശത്രുക്കളാൽ പ്രശംസിക്കപ്പെട്ട മാററം മഹിമയും ചേർന്നതാണു്. ഏതു കട്ടംകൈ ചെയ്യുവാനും ബന്ധുസ്നേഹംമൂലം ഇതിപ്പോറം എന്നെ പ്രേരിപ്പിച്ചുകഴിഞ്ഞിരിക്കുന്നു.

പുരുഷൻ:—ചന്ദനദാസൻെറ ജീവിതപ്രദാനം വലിയ വിഷമത്തിൽപ്പെട്ട ഒരു സംഗതിയാണു്. ആ നിർഭാഗ്യശക്തിയെ ഭേദപ്പെടുത്താൻ അങ്ങയെക്കൊണ്ടു് സാധിക്കുമെന്നു് എനിക്കു തോന്നുന്നില്ല. പരമയോഗ്യനും വിജ്ഞാനനിധിയുമായ അമാത്യരാക്ഷസനാണോ ഭാഗ്യശക്തികൊണ്ടു് എന്നാൽ കാണപ്പെട്ടുന്ന മാന്യദേഹം? (കാല്ക്കൽ വീഴുന്നു)

രാക്ഷസൻ:-എഴുന്നേൽക്കൂ; എഴുന്നേൽക്കൂ. ഇനി തീരെ താമസിക്കരുതു്. വേഗം ചെന്നു് വിഷ്ണുദാസനോടു്, രാക്ഷസൻ ചന്ദനദാസനെ മരണവിമുക്തനാക്കുമെന്നുപറഞ്ഞു അവനെ രക്ഷിക്കുക. ("എൻെറ സകല" ഇത്യാദി വാക്യങ്ങറം വീണ്ടും പറഞ്ഞു് വാളുലയ്ക്കുന്നു)

പുരുഷൻ:—അങ്ങനെ ചെയ്യാം. അവിടുന്നു് എൻെറ സംശയം തീർത്തില്ലല്ലോ.

രാക്ഷസൻ:-സ്വാമിനാശത്തെ അനുഭവിച്ചവനും, ആത്മമിത്രത്തിൻെറ വിനാശത്തിനു് ഹേതുഭൂതനും, ദുഷ്കീർത്തികൊണ്ടു് ലോകം മൂടിയവനുമായ ആ യഥാർത്ഥ രാക്ഷസൻ തന്നെയാണു് ഞാൻ.

പുരുഷൻ:-(സന്തോഷംകൊണ്ടു് തുള്ളിച്ചാടി വീണ്ടും കാല്ക്കൽ വീണു) അവിടത്തെ കാണുവാൻ സാധിച്ച ഞാൻതന്നെ ഭാഗ്യവാൻ. ബഹുമാന്യനായ ഭവാൻ അടിയനെ അൻ

ഗ്രഹിക്കണം. ദുഷ്ടനായ ആ ചന്ദ്രഗുപ്തൻ ആദ്യം തന്നെ ശകടദാസനെന്ന കൊലക്കളത്തിലാക്കാൻ കല്പന കൊടുത്തു. അപ്പോൾ ആരോ എവിടുന്നോ വന്ന് അദ്ദേഹത്തെ രക്ഷപ്പെടുത്തി എവിടേയ്ക്കോ കൊണ്ടുപോയി. പിന്നെ ആ കൊലയാളികളെ രണ്ടുപേരേയും വധിച്ചതിനുശേഷമേ, അവരുടെ സൂക്ഷ്മക്കുറവുകൊണ്ട് വന്നുകൂടിയ ദോഷത്തെപ്പറ്റി കത്തിജ്വലിച്ച ക്രോധാഗ്നി ശാന്തമായുള്ളു. അതിൽ പിന്നെ നിയമിതന്മാരായ ഘാതകന്മാർ, വദ്ധ്യരെ കൊണ്ടുപോകുന്ന സമയം ആയുധധാരിയായി ആരെയെങ്കിലും അടുത്ത് കണ്ടാൽ സ്വകൃത്യത്തിൽ യാതൊരു വീഴ്ചയും വരാത്തവിധം നിഷ്കർഷയോടുകൂടി 'പുള്ളിക'ളെ വധിക്കുകയാണു പതിവ്. ആ സ്ഥിതിക്ക് ശസ്ത്രധാരിയായ അവിടുത്തെ കണ്ടാൽ ചന്ദനദാസപ്രഭുവിന്റെ നിഗ്രഹം പെട്ടെന്നു കഴിഞ്ഞേക്കാം.

(തൊഴുതു പോകുന്നു)

രാക്ഷസൻ:—(വിചാരം) ദുഷ്ടചാണക്യന്റെ നയരീതി ദുർഗ്ഗ്രഹം തന്നെ. ശകടൻ അയാളുടെ അറിവോടുകൂടിയാണ് എന്റെ അടുക്കലേയ്ക്ക് സിദ്ധാർത്ഥകനാൽ നയിക്കപ്പെട്ടതെങ്കിൽ പിന്നെ ഘാതകന്മാരെ വധിച്ചതിന്റെ ഉദ്ദേശമെന്താണ്? അതല്ല, സിദ്ധാർത്ഥകന്റെ ഉപദേശപ്രകാരം ഓടിപ്പോന്നതാണെങ്കിൽ കത്തെഴുതുക മുതലായ ആ നിന്ദ്യകർമ്മങ്ങളവൻ ചെയ്തതു് എന്തിനുവേണ്ടി ആയിരിക്കാം? ഈ വിധം സംശയങ്ങളാൽ എന്റെ ഹൃദയം വല്ലാതെ തരളിത

മായിരിക്കുന്നു. (നല്ലവണ്ണം ആലോചിച്ച്) ഘാതകന്മാരുടെ സ്ഥിതി ആവിധമാകകൊണ്ടു് ഇപ്പോൾ വാളെടുക്കേണ്ട കാലമല്ലതന്നെ. പെട്ടെന്നു് ഫലം കിട്ടുവാൻ തരപ്പെടാത്ത നീതിയും, ഇപ്പോഴിവിടെ ഉപയോഗപ്പെടുകയില്ല. എനിക്കുവേണ്ടി മാത്രം ആത്മസ്നേഹിതൻ മൃത്യുമുഖത്തിൽപെട്ടിരിക്കുന്ന ഈ ഘട്ടത്തിൽ ഞാൻ കേവലം ഉദാസീനനായിരിക്കുന്നതു് ഒരു ജീവിതധമ്മമേ അല്ല. (വീണ്ടും ആലോചിച്ച്) ശരി ഈ ഒരു വഴിമാത്രമേ ഇപ്പോഴുള്ളു; എന്റെ ശരീരത്തെക്കൊടുത്തു് ചന്ദനദാസന്റെ ജീവിതത്തെ രക്ഷിക്കുകതന്നെ.

(എല്ലാവരും പോയി)

---

## ഏഴാമങ്കം

### രംഗം—കൊലക്കളം

(അനന്തരം ഒരു ചണ്ഡാലൻ പ്രവേശിക്കുന്നു)

ചണ്ഡാലൻ:—ഓട്ൻ, ഓട്ൻ. ആയുത്തോ കെട്ട്യോളോ മാടോ രൂച്ചിക്കാം കൊതീണ്ടെങ്കീ നിങ്ങ ആരും പൊന്ന്മ്പ്രാക്കമ്മാക്ക് വിരോതായി കാട്ടോല്ലേട്ടോ. വല്ല വിയോം മറ്റോം കയിച്ചാലക്കൊണ്ട് തുകക്കേട് പിടിച്ച് കിടന്നാലൂ ആയി; അങ്ങ് ചത്താലൂ ആയി. അവറ്റേനേംകൊണ്ട് രണ്ട്ം ആവാം. മ്പ്രാക്കമ്മാരോട് കുരുത്തക്കേടും കാണിച്ച് നടന്നാലൂണ്ടല്ലോ അപ്പ തൂലഞ്ഞു മൂടോട്. ഏൻപറേണതീ വിച്ചാചൊല്ലെങ്കീ കണ്ണ് മിയിച്ച്ങ്ങോട്ട്ന്ന് നോക്ക്യോളീ. പെമ്പിന്നോരേം കെട്ട്യേനേംക്കെക്കൊണ്ട് താ ഇച്ചന്നനതാചനെ തൂക്കാംണ്ടെപാവാ. (മേല്പോട്ടു നോക്കിക്കൊണ്ട്) മ്പ്രാക്ക ന്തുട്ടാ കപ്പിക്കണെ. "ഓനെ രച്ചിക്കാം വല്ല തരോണ്ടോ" ന്നാ? പിന്നെ ല്ലാണ്ടാ? പറഞ്ഞാ കേക്കണ്ടെ ന്ന്. ആ രാച്ചതൻെറ പാര്യേനെംന്ന്മ്പ്രാന്ന് കൊട്ടത്താ ഓനു തൂകായി. (മേല്പോട്ടു വീണ്ടുംനോക്കിക്കൊണ്ട്) ദെ പിന്നെന്താണ്ടോ കപ്പിക്ക്ണതല്ലോ. "ഓൻ ചത്താലും ആ പിയ ചെയ്യൂല" ന്നോ. നാപ്പിന്നെ ഓന് ചുകായീലൊ. മ്പ്രാക്ക തടത്തപ്പെട്ടത്തണേന്ത്നാ?

(അനന്തരം വദ്ധ്യോചിതമായ വേഷത്തിൽ ഒരു ശൂലം തോളിൽവെച്ചുകൊണ്ടു ഒരു ചണ്ഡാലനും ചന്ദനദാസനും പിറകെ മററൊരു ചണ്ഡാലനും പിന്നീടു ചന്ദനദാസൻെറ ഭാര്യയും ഒരു പുത്രനും പ്രവേശിക്കുന്നു)

ചന്ദനദാസൻ:—(കണ്ണീർവാർത്തു്) ഹാ! കഷ്ടം ചാരിത്രരേഖയിൽ നിന്നു് അണുപോലും വ്യതിചലിക്കാതെ ജീവിതം നയിച്ചുവരുന്ന എനിക്കു് പെരുംകള്ളനെപ്പോലെ മരിക്കേണ്ടതായി വന്നല്ലോ. എന്റെ തലയിലെഴുത്തു് ഇത്രകഠിനമോ? അഥവാ, ക്രൂരന്മാക്കുണ്ടോ പാവങ്ങളെന്നും ദുഷ്ടന്മാരെന്നും ഉള്ള വ്യത്യാസം? ആത്മനാശത്തെ പേടിച്ചു് മാംസം ഭക്ഷിക്കാതെ വെറും പുൽത്തുമ്പു് കടിച്ചുതിന്നു് കാലക്ഷേപം ചെയ്യുന്ന പാവപ്പെട്ട മാനുകളെത്തന്നെ കൊല്ലണമെന്നു് വേടന്മാരോടു് ആരാനും നിർബന്ധിക്കാറുണ്ടോ? (ചുററും നോക്കി) അല്ലയോ പ്രിയസ്നേഹിതനായ വിഷ്ണുദാസാ, ഞാൻ വിളിച്ചിട്ടും അങ്ങു് വിളി കേൾക്കുന്നില്ലല്ലോ. ഈ സമയത്തിൽ ഒരു കണ്ണുകാണുവാനെങ്കിലും സൌകര്യം തരുന്നതിനും മാത്രം മഹാമനസ്കതയുള്ളവർ ലോകത്തിലെവിടേയും എന്നും വളരെ വിരളമാണു്. അതാ എന്റെ പ്രിയസ്നേഹിതന്മാർ കണ്ണീർപ്രവാഹത്താൽ ഉദകക്രിയ ചെയ്തുകൊണ്ടു്, പലതും പറഞ്ഞു് മടക്കി അയച്ചിട്ടുകൂടി നമ്രമുഖരായി എന്നെ അനുഗമിക്കുന്നു.

ചണ്ഡാലൻ:—ബ്ൻരാനെ, ബ്ൻരാൻ തൃക്കപ്പുറമ്പിലാ നിക്കണേ. ഇനീം കൂടേള്ളേററിനേം കൈ വിട്ടേക്കാപേതം.

ചന്ദന:—(ഭാര്യയോടു്) പ്രിയേ, കുഞ്ഞിനേയുംകൊണ്ടു് മടങ്ങിപ്പോക്കൂ. ഇതിലപ്പുറം വരുന്നതു് യുക്തമല്ല.

ഭാര്യ:—(കണ്ണീർവാർത്തു്) മറുനാടുകളിൽ വ്യാപാരത്തിനല്ലല്ലോ, അവിടുന്നിപ്പോൾ പോകുന്നതു്.

ചന്ദന:—പ്രിയേ, ഒരു ആത്മമിത്രത്തിനു് വേണ്ടിയുള്ള മരണമാണിതു്. എന്റെ ദോഷം ലേശംപോലും

ഇതിനു കാരണഭൂതമല്ലതന്നെ. അതുകൊണ്ടു ഭവതി ദുഃഖിക്കരുതു്.

ഭാ:—അങ്ങനെയാണെങ്കിൽ ഈ സമയത്തു് തിരിച്ചുപോകുന്നതു് ഒരു കുലസ്ത്രീക്കനുസരണമായ ധൎമ്മമല്ലല്ലോ.

ചന്ദന:--പിന്നെ ഭവതി എന്തുചെയ്യാനാണു് വിചാരിക്കുന്നതു് ?

ഭാ:—ഭൎത്താവിൻെറ കാലടിനോക്കി നടന്നാൽ ആത്മാവിനു് നിത്യശാന്തി ലഭിക്കും; അതിനുതന്നെ.

ചന്ദന:—പ്രിയേ, അതു് ശരിയല്ല: 'തെക്കും വടക്കുംകൂടി' തിരിച്ചറിവാൻ പ്രായമാകാത്ത ഈ കുഞ്ഞിനെ വളൎത്തുക അത്യാവശ്യമല്ലേ?

ഭാ:—അവനെ സന്തുഷ്ടരായ ഭരദേവതകൾ രക്ഷിക്കട്ടെ. കുഞ്ഞെ, അപ്പൻെറ കാല്ക്കൽവീണു് അന്ത്യനമസ്കാരം ചെയ്യൂ.

കുട്ടി:—(കാല്ക്കൽ വീണു) അച്ഛാ, ഞാൻ തനിച്ചു് ആയീലോ. ഇനി എന്താ വേണ്ടേ ?

ചന്ദന:-മകനേ, ചാണക്യനില്ലാത്ത രാജ്യത്തേ നീ ഇനി പാൎക്കാവൂ.

ചണ്ഡാലൻ:—ചൂലംകുയ്ച്ചിട്ടു് കയ്ഞ്ഞു. ഇനി അരമുറുക്കിക്കോ.

ഭാ: —നിങ്ങൾ ഒരു മാത്രനേരംകൂടി ക്ഷമിക്കണേ.

ചന്ദന:—പ്രിയേ, ഇനിയും എന്തിനാണു് കരയുന്നതു് ? സ്വൎഗ്ഗത്തിൽ ചെല്ലുന്ന ദുഃഖിതന്മാൎക്കു് ദേവന്മാർ സമാധാനം കൊടുക്കും. വിശിഷ്യ നിൎദ്ദോഷിയായ എന്റെ മരണം പരാൎത്ഥകവുമാണല്ലോ. അതൊക്കെ ആലോചിക്കുമ്പോൾ സന്തോഷിക്കേണ്ടസമയത്തിൽ ഭവതി കരയുന്നതു് ശരിയല്ല.

ഒന്നാമത്തെ ചണ്ഡാലൻ:—എഡേ, വില്ലപത്ത, ഓനെനീ വേംപിടിച്ചോ. അപ്പൊ പൊക്കോളും അവറ്റഒക്കെ.

രണ്ടാമൻ:—ദ പിടിക്ക്ായി വച്ചലോമ!

ചന്ദന:—കുറച്ചുനേരം ക്ഷമിക്കിൻ. ഈ കുഞ്ഞിനെ ഒന്നു സമാധാനിപ്പിക്കട്ടെ. (മാറോടു ചേർത്തു നെറുകയിൽ ചുംബിച്ച്) മകനേ മരണം എന്നായാലും ഒരിക്കൽ വേണമല്ലോ. ഒരു ഉത്തമബന്ധുവിന് വേണ്ടിയുള്ള എൻെറ നാശം ശ്രേയസ്കരംതന്നെയാണ്.

കുട്ടി:—അച്ഛൻ അതെന്തിനാ പ്രത്യേകം പറയണേ. ഇത് നമ്മുടെ കുലധർമ്മമാണല്ലോ. (കാല്ക്കൽ വീഴുന്നു)

ഒ:—ചണ്ഡാ:—എഡോ, ഓനേ പിടിക്കാം പറഞ്ഞിട്ട്—

ഭാ:—(മാറത്തടിച്ച്) രക്ഷിക്കണേ രക്ഷിക്കണേ.

(തിരശ്ശീല തട്ടിമാററി പരിഭ്രമത്തിൽ പ്രവേശിച്ച്)

രാക്ഷസൻ:—ഭവതി പേടിക്കേണ്ടാ. ഘാതകന്മാരേ, നിങ്ങൾ ചന്ദനദാസനെ വധിക്കരുത്. ചോരുതന്നു് രക്ഷിച്ചുവന്ന മഹാരാജാക്കന്മാർ വംശത്തോടുകൂടി നശിക്കുന്നതു് മിഴിച്ചു നോക്കിക്കൊണ്ടിരുന്നവനും, ഭവാദൃശന്മാരുടേയും മററു പലരുടേയും വിനാശത്തിനു ഹേതുഭൂതനും ആയ ഏതൊരുവനാണ് ഇനിയും തൻെറ ആത്മാവിനെ ഉപേക്ഷിക്കാതിരിക്കുന്നതു, അവൻെറ കഴുത്തിൽ നിങ്ങൾ ആ വധ്യമാലയിടുവിൻ. ഒട്ടും താമസിക്കേണ്ടാ.

ചന്ദന:—(കണ്ണീരോടുകൂടി നോക്കിയിട്ട്) അമാത്യാ, എന്താണിതു്?

രാക്ഷസൻ:—അങ്ങുചെയ്ത അനവധി സല്കൎമ്മങ്ങളുടെ ഒരു ലഘുവായ അനുകരണംമാത്രം.

ചന്ദന:—അങ്ങയുടെ ഈ ഒരു കൎമ്മം എൻെറ സകല പ്രവൃത്തികളേയും നിസ്സാരമാക്കുന്നല്ലോ.

രാക്ഷസൻ:—സ്നേഹിതാ, ഞാൻ വലിയൊരു സ്വാൎത്ഥിയാണെന്നു് അങ്ങയ്ക്കു് അറിയാമല്ലോ. എന്നെ കളി

യാക്കരുതേ. എടോ ചണ്ഡാലാ, ആ ദുഷ്ടചാണക്യ
നോട്ട് വേഗം ചെന്നു് പറയുക—

ഒ:—ചണ്ഡാ—എന്തു് പറേണ്ടു?

രാക്ഷസൻ:—"പണ്ടു ശിബിചക്രവർത്തി അന്യനുവേണ്ടി ആത്മത്യാഗം ചെയ്തതായി കേട്ടിട്ടുണ്ടു്. അതു് സർവ്വ ഗുണസംപൂരിതമായ കൃതയുഗത്തിലായിരുന്നു. എന്നാൽ, ദോഷബഹുളമായ ഈ കലിയുഗത്തിൽ സ്വജീവിതത്തെ ത്യാഗംചെയ്തു് മറെറാരു ആത്മാവിനെ രക്ഷിക്കുവാൻ സന്നദ്ധനായ ഏതൊരാളുടെ കീർത്തിയാണൊ അദഭ്രശുഭ്രവും പ്രഥമഗണനീയവും ആയി പ്രകാശിക്കുന്നതു്, പരിശുദ്ധാത്മാവായ ആരുടെ സൽപ്രവൃത്തികളാലാണോ ബുദ്ധാദിപുരാണപുരുഷന്മാരുടെ യശസ്സ് നിഷ്പ്രഭമായതു്, പൂജ്യതമനായ അദ്ദേഹത്തെ നിൻെറ ശത്രുവാക്കിത്തീർത്ത ആ രാക്ഷസൻ ഇതാ ഇവിടെ വന്നു നില്ക്കുന്നു" എന്നു്.

ഒ:—ചണ്ഡാ—എഡേ വില്വപത്ത, നീ ഓനേം വെച്ചോണ്ടു് ആ മരത്തിൻെറ ചോടേ മ്മിണിനേരംന്നിന്നെ. ഏൻ വോംപോയി മ്പ്രാനോട്ടു് രാച്ച്വതമ്പ്രാനേ കിട്ടീന്നും പറേട്ടേ.

ര:—ച—എഡേ, വെം പോ.

(രണ്ടാമൻ ചന്ദനദാസനേയുംകൊണ്ടു് പോകുന്നു. പിറകേ ഭാര്യയും കുട്ടിയും നടന്നു പോകുന്നു)

ഒന്നാ:—മ്പ്രാൻ എയ്ന്നെള്ളൂ.

(രണ്ടു പേരും ചുററി നടക്കുന്നു)

(രംഗം കൊട്ടാരം)

ഒന്നാമൻ:—(ഭാഷമാററി) ഇവിടെ ആരെങ്കിലുമുണ്ടെങ്കിൽ, നന്ദവംശമാകുന്ന മഹാപർവ്വതത്തിനു് വജ്രഭൃതനും, മൌര്യവംശത്തിൻെറ പ്രതിഷ്ഠാപകനുമായ ആര്യ്യചാണക്യനോട്ടു് ഇങ്ങനെ പറയുവിൻ:—

രാക്ഷസൻ:—ഇതും കേൾക്കേണ്ടിവന്നല്ലോ.

ഒന്നാം:—"ആൎയ്യന്റെ തന്ത്രത്തിൽപെട്ടു് കുണ്ഠിതനായ അമാത്യരാക്ഷസൻ വന്നിരിക്കുന്നു" എന്നു്.

(അനന്തരം തിരശ്ശീലയ്ക്കുള്ളിൽനിന്നു മുഖംമാത്രം കാണിച്ചുകൊണ്ടു് പ്രവേശിച്ചു്)

ചാണക്യൻ:—പറയൂ. പറയൂ. അത്യുന്നതങ്ങളായ ജ്വാലാവലികളോടുകൂടിയ അഗ്നിയെ മുണ്ടിലെടുത്തു് പൊതിഞ്ഞുകെട്ടിയതാരാണു്? എപ്പോഴും സഞ്ചരിക്കുന്ന വായുവിനെ കയർകൊണ്ടു് അനങ്ങാത്തവിധം ബന്ധിച്ചു് നിറുത്തുവാൻ ആൎക്കാണു് സാധിച്ചതു്? മത്തഹസ്തിയുടെ മദജലംകൊണ്ടു് മണമീടിയ കേസരങ്ങളോടുകൂടിയ ഹര്യക്ഷവീരനെ ആരാണു് പഞ്ജരബദ്ധനാക്കിയതു്? ഭയങ്കരാകൃതികളായ തിമിംഗലനക്രാദികളാൽ പരിപൂരിതമായ പാരാവാരത്തെ നീന്തിക്കടന്നതാരാണു്? പറയൂ. പറയൂ.

രാക്ഷസൻ:—ഇവനാണു ദുരാത്മാവായ—അല്ല, മഹാത്മാവായ—ചാണക്യൻ. രത്നങ്ങൾക്കു സമുദ്രമെന്നപോലെ ഇവൻ സമസ്തശാസ്ത്രങ്ങളുടേയും ആകരമാകുന്നു. എന്നാൽ മത്സരിയായ ഞാൻ ഇവന്റെ ഗുണങ്ങളെ സംസ്മരിച്ചു് സന്തോഷിക്കുന്നതേയില്ല.

ചാണക്യൻ:—(രാക്ഷസനെ കണ്ടു സന്തോഷത്തോടുകൂടി വിചാരം) അമാത്യരാക്ഷസൻ അതാ നില്ക്കുന്നു. മഹാത്മാവായ ഇദ്ദേഹം രാപ്പകൽ അസ്വാസ്ഥ്യത നല്കുന്ന മഹത്തായ സജ്ജീകരണങ്ങളെക്കൊണ്ടും, ഊഹാപോഹാദികളെക്കൊണ്ടും, വൃഷലന്റെ സൈന്യത്തിനും എന്റെ ബുദ്ധിക്കും വളരെക്കാലമായിജ്ജോലി തന്നുകൊണ്ടിരുന്നു. (തിരശ്ശീല കൈകൊണ്ടു മാററി അടുത്തുചെന്നു്) മഹാത്മൻ അമാത്യരാക്ഷസാ, വിഷ്ണുഗുപ്തൻ അഭിവാദ്യം ചെയ്യുന്നു.

രാക്ഷസൻ:—(വിചാരം) 'അമാത്യൻ' എന്ന വിശേഷണം ഇപ്പോഠം ലജ്ജാകരമായി തോന്നുന്നു. (സ്പഷ്ടം) വിഷ്ണുഗുപ്താ, ചണ്ഡാലസ്പർശത്താൽ അശുദ്ധനായ എന്നെ തൊടരുതു്.

ചാണക്യൻ:—അമാത്യാ, ഇവർ ചണ്ഡാലന്മാരല്ല. മഹാരാജാവിന്റെ ചാരപുരുഷനായ ഈ സിദ്ധാർത്ഥകനെ അങ്ങു് മുമ്പേതന്നെ കണ്ടു പരിചയപ്പെട്ടിട്ടുണ്ടല്ലോ. മറ്റവനും അതുപോലെ ചാരപുമാനായ സമിദ്ധാർത്ഥകനാണു്. ശകടദാസൻ തന്നെയാണു് കത്തെഴുതിയതെങ്കിലും ആ പാവം യാതൊന്നും അറിഞ്ഞിട്ടില്ല. നമ്മുടെ തന്ത്രംകൊണ്ടു് എഴുതിച്ചതാണു്.

രാക്ഷസൻ:—(വിചാരം) ആവൂ! ശകടദാസനെപ്പററിയുള്ള സംശയം നീങ്ങിയതു് ഒരു വലിയഭാഗ്യമായി.

ചാണക്യൻ:—അമാത്യാ, എന്തിനധികം; എല്ലാം ഒന്നു ചുരുക്കിപ്പറഞ്ഞേക്കാം. ഭദ്രഭടൻ തുടങ്ങിയ ഭൃത്യന്മാർ മലയകേതുവിനെ ആശ്രയിച്ചതു്, ആ എഴുത്തു്, സിദ്ധാർത്ഥകൻ ശകടദാസൻെറ മിത്രമായി അങ്ങയെ സേവിച്ചുകൂടിയതു്, ആ മൂന്നു് ആഭരണങ്ങഠം, അങ്ങയുടെ പ്രാണസ്നേഹിതനായി ഭദന്തൻ വന്നുചേന്നതു്, ജീർണ്ണോദ്യാനത്തിൽ അങ്ങയുടെ മുമ്പിൽവെച്ചു് ഒരുത്തൻ ആത്മഹത്യയ്ക്കൊരുങ്ങിയതു്, ചന്ദനദാസൻെറ ദുഃഖം, ഇവയെല്ലാം ഈ എൻെറ (ലജ്ജ നടിച്ചു്) ഒരേ ഒരു ആശയിൽനിന്നുണ്ടായ നയങ്ങളാണു്. ഭവാനെ വൃഷലൻെറ സചിവനാക്കണമെന്നതാണു് ആ മോഹം. അതുകൊണ്ടു് വൃഷലൻ ഇതാ അങ്ങയെ കാണ്മാൻ വന്നിരിക്കുന്നു.

രാക്ഷസൻ:—(വിചാരം) അല്ലാതെന്തു ചെയ്യും? അവനെ കാണുകതന്നെ.

(അനന്തരം പരിവാരപരിവൃതനായ രാജാവു് പ്രവേശിക്കുന്നു)

രാജാ:—(വിചാരം) യുദ്ധമൊന്നും കൂടാതെതന്നെ ആൎയ്യചാണക്യൻ ദുർജ്ജയമായ ശത്രുബലം മുഴുവൻ ജയിച്ചു തോക്കുമ്പോൾ പരമാൎത്ഥത്തിൽ എനിക്കു് ലജ്ജ തോന്നുന്നു. എന്റെ അവസ്ഥയാകട്ടെ, അമ്പു് ആവനാഴിയിൽ കിടക്കുന്ന രസകരമായ നിലയിലാണു്. അഥവാ, ഞാൻ കെട്ടിയില്ലെങ്കിലും, ഞാൻ എതിരാളിയെ ജയിക്കുവാൻ ഒരിക്കലും അസമൎത്ഥനല്ല. ഞാനുറങ്ങിയാലും എന്റെ തന്ത്രത്തിൽ ഗുരുപാദങ്ങൾ കാൎയ്യജാഗരൂകനായിരിക്കയാണല്ലോ. (ചാണക്യന്റെ സമീപം ചെന്നു സ്പഷ്ടം) ആൎയ്യ, ചന്ദ്രഗുപ്തൻ ഇതാ നമസ്കരിക്കുന്നു.

ചാണക്യൻ:—അങ്ങേയ്ക്കു് സൎവ്വാനുഗ്രഹങ്ങളും ലബ്ധമായല്ലോ. അമാത്യപ്രധാനിയായ ആ ബഹുമാന്യനെ പ്രണിപാതം ചെയ്യുക.

രാക്ഷസൻ:—(വിചാരം) ഇവൻ ഞങ്ങളെ സംബന്ധിപ്പിച്ചു കഴിഞ്ഞല്ലോ.

ചാണക്യൻ:—(രാജാവിനോടു് വീണ്ടും സപ്രകാൎയ്യമായി) അമാത്യ രാക്ഷസൻ അതാ നില്ക്കുന്നു. അദ്ദേഹത്തെ നമസ്കരിക്കുക.

രാജ:—(രാക്ഷസന്റെ സന്നിധിയിൽ ചെന്നു്) അമാത്യാ, ചന്ദ്രഗുപ്തൻ നമസ്കരിക്കുന്നു.

രാക്ഷസൻ :—(രാജാവിനെ നോക്കിക്കൊണ്ടു വിചാരം) ചന്ദ്രഗുപ്തൻ—അതേ ചന്ദ്രഗുപ്തൻ. ബാല്യത്തിൽതന്നെ ഇദ്ദേഹത്തിനു് വലിയൊരു ഭാവിയുണ്ടാകുമെന്നു് ഞാൻ സംഭാവന ചെയ്തിരുന്നു. അതുപോലെതന്നെ ഇതാ സമ്രാട്ട്പദത്തിൽ അദ്ദേഹം ക്രമേണ ആരോഹണം ചെയ്യുന്നു. (സ്പഷ്ടം) രാജാവേ, അങ്ങേയ്ക്കു് വിജയം സിദ്ധമാവട്ടേ.

രാജാ:—അമാത്യാ, ഉപദേഷ്ടാവായി ആര്യചാണക്യനും, ഷാഡ്ഗുണ്യവിചാരത്തിന്നു് അവിടുന്നും സന്നദ്ധരായിരിക്കുന്ന ഇക്കാലത്തു് ഞാനെങ്ങനെ വിജയം പ്രാപിക്കാതിരിക്കും?

രാക്ഷസൻ :—(വിചാരം) കൌടല്യശിഷ്യനായ ഇവൻ ഭൃത്യന്റെ നിലയിൽ എന്നെ കണക്കാക്കുന്നല്ലോ. അല്ലെങ്കിൽ, ചന്ദ്രഗുപ്തന്റെ സ്വഭാവജന്യമായ വിനയം തന്നെയാണിതെന്നു് എന്തുകൊണ്ടു് കരുതിക്കൂടാ? വേരൂന്നിയ മത്സരബുദ്ധിയായിരിക്കണം എനിക്കു് വിപരീത വിചാരം ഉണ്ടാക്കുന്നതു്. ഏതു വിധം നോക്കിയാലും ചാണക്യൻ കീർത്തിമാൻ തന്നെയാണു്. എന്തെന്നാൽ, സചിവൻ ബുദ്ധിക്കായം കുറഞ്ഞവനായാൽപോലും, ഉല്ക്കർഷോന്മുഖമായ യോഗ്യതയുള്ള വിജയേച്ഛുവിനെ പ്രഭുവായി ലഭിക്കുന്ന പക്ഷം കീർത്തിപ്രതിഷ്ഠ സുകരമാണു്. ഉൽകൃഷ്ടാബുദ്ധിമാന്റെ കാര്യം പിന്നെ പറയാനുമില്ലല്ലോ. മന്ത്രി വിശുദ്ധനായാലും പ്രഭു അയോഗ്യനായാൽ തീരത്തിൽ നില്ക്കുന്ന വൃക്ഷത്തിനെന്നപോലെ അവന്നു് അധഃപതനം ഉണ്ടാകാതെ തരമില്ല.

ചാണക്യൻ:—അമാത്യരാക്ഷസാ, അങ്ങയ്ക്കു് ചന്ദനദാസന്റെ ജീവിതത്തിൽ ആകാംക്ഷയുണ്ടോ?

രാക്ഷസൻ:—വിഷ്ണുഗുപ്താ, അതിലെന്തു് സംശയിക്കാനിരിക്കുന്നു?

ചാണക്യൻ:—"ഈ ആയുധം എടുക്കാതെമാത്രമേ അങ്ങു വൃഷലനെ അനുഗ്രഹിക്കുകയുള്ളൂ." ചന്ദനദാസന്റെ ജീവിതത്തിൽ അങ്ങേയ്ക്കു് ആകാംക്ഷയുണ്ടോ എന്നു ചോദിച്ചതിൽ അടങ്ങിയിരിക്കുന്ന സംശയം ഇപ്പ്ര

ഞ്ഞതാണ്. അയാൾ ജീവനോടുകൂടിയിരിക്കണമെന്ന് അങ്ങേയ്ക്ക് പരമാർത്ഥമായി ആഗ്രഹമുണ്ടെങ്കിൽ ഈ ആയുധത്തെ അങ്ങ് ഇപ്പോൾ സ്വീകരിക്കണം.

(വാൾ നീട്ടിക്കാണിക്കുന്നു)

രാക്ഷസൻ:—വിഷ്ണുഗുപ്താ, അങ്ങനെ പറയരുത്. അതെടുക്കുന്നതിന് പണ്ടേതന്നെ ഞാനർഹനല്ല. വിശിഷ്യ, മഹാനായ ഭവാൻെറ കയ്യിലിരുന്ന ശസ്ത്രം ധരിക്കുവാൻ ഞാൻ തീരെ അയോഗ്യനാണ്.

ചാണക്യൻ:—യോഗ്യതയെപ്പററി നാമെന്തിനാണ് വാഗ്വാദം ചെയ്യുന്നത്? മഹാത്മൻ, ബുദ്ധിമാനും പൌരുഷശാലിയുമായ അങ്ങയുടെ മാഹാത്മ്യാതിശയം നിമിത്തം ഈ ഗജസൈന്യത്തിനും അശ്വസൈന്യത്തിനും അനുഭവിക്കേണ്ടിവന്ന അരിഷ്ടതകൾ കുറച്ചൊന്നുമല്ല. അവയ്ക്ക് വളരെക്കാലമായിട്ട് ശരിയായ ഭക്ഷണമോ, നിദ്രയോ, ജലപാനമോ സ്വച്ഛന്ദസഞ്ചാരസുഖമോ തീരെ ലഭിച്ചിട്ടില്ല. എപ്പോഴും യുദ്ധത്തിനുവേണ്ടി സന്നദ്ധങ്ങളായിരിക്കുക മാത്രമാകുന്നു. അഥവാ, അങ്ങയുടെ പരാക്രമാതിശയങ്ങളെപ്പറ്റി എന്തിനിവിടെ വിസ്തരിക്കുന്നു? ഭവാൻ ഈ ആയുധം ധരിക്കാത്തപക്ഷം ചന്ദനദാസന്ന് ജീവിതം ലബ്ധമാകയില്ല.

രാക്ഷസൻ:—(വിചാരം) നന്ദമഹാരാജാക്കന്മാരോടുള്ള നിസ്സീമമായ സ്നേഹവും, അവരുടെ ഗുണോൽക്കർഷങ്ങളും എന്റെ ഹൃദയത്തിൽ നിറയെത്തുളുമ്പുന്നു. അതേ സമയത്ത് തന്നേ അവരുടെ ശത്രുവിനെ ആരാധിക്കേണ്ടതായും വന്നിരിക്കുന്നു. ഞാൻ സ്വയമേവ ജലമൊഴിച്ചു വളത്തിയ വൃക്ഷങ്ങൾ വേരോടു

കൂടി നശിച്ചുകഴിഞ്ഞു; എന്നിട്ട് ബന്ധുവിന്റെ ജീവരക്ഷയ്ക്കുവേണ്ടി ശത്രുവിന്റെ ആയുധം എനിക്കു ധരിക്കേണ്ടതായിത്തീന്നിരിക്കുന്നു. ആശ്ചയ്യം! മിത്രസ്നേഹം വിധിയെക്കൂടി കീഴ്പെടുത്തുന്നുവല്ലോ. (സ്പഷ്ടം) വിഷ്ണുഗുപ്താ, ഈ സംഭവങ്ങൾക്കെല്ലാം ഹേതുഭൂതമായ സുഹൃൽസ്നേഹത്തെ നമസ്കരിച്ച് ഭവാൻെറ അഭിപ്രായത്തോട് ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

(ശസ്ത്രം വാങ്ങുന്നു)

ചാണക്യൻ:—(സന്തോഷപൂവ്വം) വൃഷലാ, വൃഷലാ അമാത്യരാക്ഷസൻ ഭവാനെ ഇതാ ഇപ്പോൾ അനുഗ്രഹിച്ചു. ഇനി ഭവാന്റെ അഭിവൃദ്ധി അപ്രതിഹതമാണ്.

രാജാ:—ചന്ദ്രഗുപ്തൻ അനുഭവിക്കുന്ന അവസ്ഥകളെല്ലാം അവിടുത്തെ അനുഗ്രഹഫലങ്ങൾ മാത്രമാണ്.

(ഒരു പുരുഷൻ പ്രവേശിച്ച്)

(ചാണക്യനോട്) അവിടുത്തേയ്ക്ക് നമസ്കാരം. ഭദ്രഭടൻ, ഭാഗുരായണൻ തുടങ്ങിയവരാൽ ബന്ധനസ്ഥനാക്കപ്പെട്ട മലയകേതു ഗോപുരത്തിൽ നില്ക്കുന്നു. ഇനി കല്പനപോലെ.

ചാണക്യൻ:—എടോ, അമാത്യരാക്ഷസനോട് പറയൂ. ഇനിയെല്ലാം അദ്ദേഹത്തിന്റെ അഭിപ്രായംപോലെ.

രാക്ഷസൻ:—(വിചാരം) എന്നെ ദാസനാക്കിയതും പോരാ പ്രവൃത്തികളിലേയ്ക്ക് പ്രേരിപ്പിക്കയും ചെയ്തുതുടങ്ങിയോ? എന്താ നിവൃത്തി? (സ്പഷ്ടം) ചന്ദ്രഗുപ്തരാജാവേ, കുറച്ചുകാലം മലയകേതുവിന്റെ ചോറുതിന്നു ഞാൻ പാർത്തിട്ടുണ്ടെന്ന വസ്തുത അങ്ങേയ്ക്കും അറിയാവുന്നതാണല്ലോ. അതുകൊണ്ട് അദ്ദേഹത്തിൻെറ ജീവനെ രക്ഷിക്കേണമെന്ന് ഞാനപേക്ഷിക്കുന്നു.

(രാജാവ് ചാണക്യനെ നോക്കുന്നു)

ചാണക്യൻ:—വൃഷലാ, എന്തിന്ന് സംശയിക്കുന്നു ? അമാത്യരാക്ഷസൻെറ പ്രഥമാഭീഷ്ടത്തെ ബഹുമാനിക്കുക തന്നെ വേണം. (പുരുഷനോട്ട്) എടോ, ഭദ്രഭടാദികളോട്ട് ഇങ്ങനെ പറയുക. "അമാത്യരാക്ഷസൻെറ അപേക്ഷാനുസരണം മഹാരാജാവ് മലയകേതുവിനെ വെറുതെ വിട്ടുകയും, അദ്ദേഹത്തിൻെറ പിതൃസ്വത്തായ രാജ്യം മുഴുവൻ തിരിയെ കൊടുക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ടു് നിങ്ങൾ അദ്ദേഹത്തെ ആഘോഷപൂർവ്വം കൊണ്ടുപോയി രാജാവായി അഭിഷേകം കഴിച്ച് വേഗം തിരിച്ചുവരണം." എന്ന്.

പുരുഷൻ:—കല്പനപോലെ. (പോകാൻ തുനിയുന്നു)

ചാണക്യൻ:—പോകാൻ വരട്ടെ. "അമാത്യരാക്ഷസനെ ലഭിക്കുകകൊണ്ടു് സന്തോഷഭരിതനായ മഹാരാജാവ് ചന്ദനദാസനെ നഗരത്തിലുള്ള സകല ശ്രേഷ്ഠികളുടേയും നായകനായി നിയമിക്കുകയും വാഹനങ്ങളൊഴിച്ചുള്ള സകലജീവികളേയും ബന്ധനവിമുക്തരാക്കുകയും ചെയ്യാൻ കല്പിച്ചിരിക്കുന്നു" എന്നു ദുർഗ്ഗപാലനോട്ട് പറയുക. അഥവാ, അമാത്യരാക്ഷസൻ മന്ത്രിപദത്തെ അലങ്കരിക്കുന്ന സന്ദർഭത്തിൽ ഞാനെന്തിനാണിതിനൊക്കെ പോകുന്നതു്? സത്യം മുഴുവൻ നിറവേറ്റിയ ഞാൻ എന്റെ തലമുടി ഇനി ബന്ധിക്കട്ടെ.

(തലമുടി കെട്ടുന്നു)

പുരുഷൻ:—കല്പനപോലെ— (പോകുന്നു)

ചാണക്യൻ:—ചന്ദ്രഗുപ്തമഹാരാജാവേ, ബഹുമാന്യനായ അമാത്യരാക്ഷസാ, ഞാൻ ഇനി നിങ്ങൾക്ക് പ്രിയവും ഉപകാരവും ആയി എന്താണ് ചെയ്യേണ്ടതു് ?

രാജാ:—ഇതിലുമധികം പ്രിയമായിട്ടിനി എന്താണുള്ളതു്? അങ്ങു് നമുക്കു രാജപദവി തരികയും ലോകോത്തരനായ അമാത്യനോടുകൂടി നമ്മെ സൌഹാർദ്ദത്തിൽപെടുത്തുകയും ചെയ്തുകഴിഞ്ഞുവല്ലോ.

രാക്ഷസൻ:–എന്നാലും, ഞാൻ ഇത്രയും കൂടി പ്രാർത്ഥിക്കുന്നു:—

('മത്താഡാ' എന്നമട്ടു്)

ശ്രീരാജരാജമൌലി വാഴുക നീണാൾ
ശ്രീരാജരാജമൌലി—
ആഴിതന്നടിത്തട്ടിൽത്താഴുമൂഴിയെപ്പണ്ടു
മാഴ്കാതെയുയർത്തിനലോകപാലനെപ്പോലെ—ശ്രീരാ
ദുഷ്ടരാല്പരീതമായ് ധർമ്മമേമ്പടിഞ്ഞോരീ
വിഷ്ടപമെല്ലാം നന്നായ് കാത്തുസല്കീർത്തിചാർത്തി-ശ്രീരാ-
ബന്ധുഭൃത്യരോടൊത്തു ബന്ധുരഗുണം ചീർത്തു
ബന്ധുവായ് ജനതക്കു ചന്ദിരഗുപ്തഭൂപൻ-ശ്രീരാ-

(എല്ലാവരും പോയി)

ശുഭം

UNIVERSITY LIBRARY 03 MAR 2003 ...NAI-600 005